IslamHouse.com

مركز أصول
Osoul Center
www.osoulcenter.com



Malayalam
മലയാളം
مليالم / ماليباري

# ആരാധനകളും അബദ്ധങ്ങളും

ക്രോഡീകരണം : ശൈഖ് അബ്ദുൽ
അസീസ് ബ്ൻ മുഹമ്മദ് സദ്ഹാൻ
പരിഭാഷ : അബ്ദു റസാഖ് സ്വലാഹി

# مختصر
# مخالفات الطهارة والصلاة

جمعها
**فضيلة الشيخ عبد العزيز بن محمد السدحان**

**ترجمة**
**عبد الرزاق الصلاحي**

Malayalam
മലയാളം
**مليالم / ماليباري**

**ⓒ المكتب التعاوني للدعوة والإرشاد و توعية الجاليات بالربوة، ١٤٤١هـ**

**فهرسة مكتبة الملك فهد الوطنية أثناء النشر**

مركز أصول للمحتوى الدعوي

مختصر مخالفات الطهارة والصلاة. اللغة الميلبارية . / مركز أصول للمحتوى الدعوي. -

الرياض، ١٤٤١هـ

١٩٦ ص، ١٤ سم x ٢١ سم

ردمك : ١-٧١-٨٢٩٧-٦٠٣-٩٧٨

١- الصلاة ٢- الطهارة (فقه اسلامي) أ. العنوان

**ديوي ٢٥٢ ١٤٤١/١٢٨٢٧**

**رقم الايداع: ١٤٤١/١٢٨٢٧**

**ردمك : ١-٧١-٨٢٩٧-٦٠٣-٩٧٨**


Osoul Center
www.osoulcenter.com


This book has been conceived, prepared and designed by the Osool International Centre. All photos used in the book belong to the Osool Centre. The Centre hereby permits all Sunni Muslims to reprint and publish the book in any method and format on condition that 1) acknowledgement of the Osool Centre is clearly stated on all editions; and 2) no alteration or amendment of the text is introduced without reference to the Osool Centre. In the case of reprinting this book, the Centre strongly recommends maintaining high quality.



+966 11 445 4900

+966 11 497 0126

P.O.BOX 29465 Riyadh 11457

osoul@rabwah.sa

www.osoulcenter.com

بسم الله الرحمن الرحيم

# ഉള്ളടക്കം


1–വുളു എടുക്കുമ്പോൾ നിയ്യത്ത് പരസ്യമാക്കൽ. 19

2–വുളുവിന്റെ ഓരോ അവയവം കഴുകുമ്പോഴും പ്രാർത്ഥി ക്കൽ 19

3–വുളുവിന് വെള്ളം അമിതമായി ഉപയോഗിക്കൽ 20

4–വുളു പൂർണ്ണമാക്കാതിരിക്കൽ 21

5–മലമൂത്ര വിസർജ്ജനം ചെയ്യുമ്പോൾ ഖിബ്‌ലയെ അഭിമു ഖീകരിക്കൽ 22

6–മൂത്രമൊഴിച്ച ശേഷം പൂർണ്ണമായി വൃത്തിയാക്കാതിരി ക്കൽ 22

7–മൂത്രശങ്ക ഉണ്ടായിരിക്കെ നമസ്കരിക്കുക 23

8–മുൻകൈകൾ കഴുകുന്നതിനുമുമ്പ് വെള്ളത്തിൽ മുക്കുക. 23

9–വുളു ചെയ്യുമ്പോൾ ബിസ്മി ചൊല്ലാതിരിക്കുക 24

10–വുളുവിൽ പിരടി തടവുക 24

11–അശുദ്ധിയില്ലാതിരിക്കെ വുളു ചെയ്യുമ്പോഴൊക്കൊയും ഗുഹ്യസ്ഥാനംകഴുൽ 25

12–കൈകൾ മുട്ടുവരെ പൂർണ്ണമായും കഴുകാതിരിക്കു ക. 26

13–ജനാബത്തുണ്ടായ ശേഷം കുളിക്കുമ്പോൾ ചില ഭാഗങ്ങൾ നനയാതിരിക്കുക. 27

14–വുളുവെടുക്കുമ്പോൾ ചില ഭാഗങ്ങളിൽ(വുളൂവിന്റെ)വെള്ളമെത്താതിരിക്കുക 27

15–വുളു എടുക്കുമ്പോഴോ കുളിക്കുമ്പോഴോ ചില ഭാഗങ്ങളിൽ വെള്ളമെത്താതിരിക്കൽ 27

16–വലിയ അശുദ്ധി ഉണ്ടായാൽ മുസ്വല്ലയിൽ അടിച്ച് തയമ്മം ചെയ്യൽ 28

17– ഉറങ്ങിയാൽ വുളു ചെയ്യാതിരിക്കൽ 30

18–നമസ്കരിക്കുന്നതിന്റെ മുമ്പായി തുടരെതുടരെ വുളു എടുക്കൽ 31

| | |
|---|---|
| 19–ലൈംഗികബന്ധം നടന്ന് സ്ഖലനം ഉണ്ടായിട്ടില്ലെങ്കിൽ കുളിക്കാതിരിക്കൽ | 31 |
| 20–കുളിക്കു ശേഷം ഗുഹ്യസ്ഥാനം സ്പർശിച്ചാൽ വുളു എടുക്കാതിരിക്കുക. | 34 |
| 21–മുമ്മൂന്ന് പ്രാവശ്യം ചെയ്തില്ലെങ്കിൽ വുളു പൂർണ്ണമാകില്ല എന്ന വിശ്വാസം | 34 |
| 22–വുളുവിന്റെ അവയവങ്ങൾ മൂന്ന് പ്രാവശ്യത്തിലധികം കഴുകുക | 35 |
| 23–സംസം വെള്ളത്താൽ വുളു ചെയ്യാതെ തയമ്മം ചെയ്യൽ. | 35 |
| 24– അവസാന നേരം ആർത്തവത്തിൽ നിന്നും ശുദ്ധിയായാൽ കുളി പിന്തിക്കൽ. | 37 |
| 25–ബാത്ത് റൂമുകളുടെ ടെറസിൻ പുറത്ത് നമസ്കരിക്കാൻ പാടില്ല എന്ന് കരുതൽ | 37 |
| 26–കുളിക്കുന്നതിനിടയിൽ തല മറക്കൽ | 38 |
| 27–സ്ത്രീകൾ സമയത്തിന്റെ അവസാനം ശുദ്ധിയായാൽ നമസ്കാരം ഉപേക്ഷിക്കൽ | 38 |
| 28–സ്ത്രീകൾ ശുദ്ധിയായിരിക്കെ നമസ്കാരം സമയത്ത് ചെയ്യാതിരിക്കൽ | 39 |
| 29–സ്ത്രീകൾ ശുദ്ധിയാവാനുള്ള കുളി സൂര്യനുദിക്കുന്നതു വരെ പിന്തിക്കുക | 39 |
| 30–പാദരക്ഷകളിൽ തടവൽ തണുപ്പുകാലത്ത് മാത്ര മാണെന്ന വിശ്വാസം | 40 |
| 31–വുളുവിനു ശേഷം സംസം കൊണ്ട് എന്നു പറയൽ | 41 |
| 32–തല മുഴുവൻ തടവാതിരിക്കൽ. | 41 |
| 33–മൂത്രമൊഴിച്ചശേഷം ശുചീകരിക്കുമ്പോൾ ആവശ്യത്തിലധികംഭാഗം കഴുകൽ. | 42 |
| 34–മുഖം പൂർണ്ണമായി കഴുകാതിരിക്കൽ. | 42 |
| 35–മുടി വെട്ടുക,നഖം മുറിക്കുക എന്നിവ കൊണ്ട് വുളുമുറിയുമെന്ന വിശ്വാസം. | 43 |
| 36–വസ്ത്രങ്ങളിലോ,ശരീരത്താലോ നജസ്സായാൽ വുളുവീണ്ടും ചെയ്യണമെന്ന വിശ്വാസം. | 43 |

37–നിഫാസിൽനിന്ന് ശുദ്ധിയായാലും നാൽപത്ദിവസം നമസ്കാരം ഉപേക്ഷിക്കൽ 43
38–ജമാഅത്ത് നമസ്കാരം നഷ്ടപെടുമെന്ന ഭയത്താൽ തയമ്മം ചെയ്യൽ 44
39–ദുർഗന്ധമുള്ള വെള്ളത്താൽ നനച്ച തോട്ടങ്ങളിൽ വെച്ച് നമസ്കരിക്കൽ 45

## നമസ്കാരത്തിൽ സംഭിക്കാവുന്ന അബദ്ധങ്ങൾ

1– നമസ്കാരത്തിന്റെ തുടക്കത്തിൽ നിയ്യത്ത് ഉറക്കെ പറ യൽ. 47
2– ചിലർ തുടക്കത്തിൽ لا معبود سواك എന്നു പറയുന്നത്. 47
3– നമസ്കാരത്തിടക്ക് ഉറക്കെ ദിക്റുകളും ഖുർആൻ പാരായണവും ചെയ്യൽ 48
4– നമസ്കാരത്തിനിടക്ക് ചുമരിലേക്കോ തൂണുകളിലേക്കോ ചാരിനിൽക്കൽ. 49
5– ആയത്തുകളൾ പരസ്പരം ന ിർത്താതെ കൂട്ടി ഓതൽ 49
6– إياك نعبد وإياك نستعين എന്നു പാരായണം ചെയ്യുമ്പോൾ മഅ്മൂമികൾ إستعنا بالله എന്നു പറയൽ 50
7– ഇമാം ولا الضالين എന്നു പറയുമ്പോൾ മഅ്മൂമികൾ آمين ولوالدي والمسلمين എന്നുപറയൽ 50
8– നിർത്തത്തിലും ഇരുത്തത്തിലും ഉറച്ചു നിൽക്കാതിരിക്കുക 51
9– റുകൂഇലും ,സുജൂദിലും ഉറച്ചു നിൽക്കാതിരിക്കുക. 51
10–പള്ളിയിൽ പ്രവേശിക്കുമ്പോൾ ശബ്ദം ഉണ്ടാക്കുക. 52
11– റുകൂഇൽ നിന്നുയർന്ന് ഇഅ്തിദാലിൽ നന്ദിയുടെ പദം വർദ്ധിപ്പിക്കൽ 52
12–സുജൂദുകൾക്കിടയിൽ വിരലുകൾ ചലിപ്പിക്കൽ. 52
13–ഇമാം സുജൂദിലോ ഇരുത്തത്തിലോ ആണെങ്കിൽ പിന്തുടരാൻ കാത്തിരിക്കൽ. 53
14–സുജൂദിൽ ഏഴ് അവയവങ്ങൾ മുഴുവനും നിലത്തുപതിയാതിരിക്കൽ. 54

15– നമസ്കാരത്തിൽ നായ കിടക്കുന്ന പോലെ കിടക്കൽ 55
16– ചിലർ നിർത്തം നീട്ടുകയും റുകൂഉം സുജൂദും ചുരുക്കുകയും ചെയ്യൽ 56
17–തശഹുദ് രണ്ടാം പ്രാവശ്യം ആവർത്തിക്കുന്നത് 56
18– രണ്ടാമത്തെ റക്അത്തിൽ തവറുക്കും നാലാമത്തെ റക് അത്തിൽഇഫ്ത്തിറാശും ചെയ്യൽ 57
19– പെരുവിരൽ കൊണ്ട് അത്തഹിയ്യാത്തിൽ ആംഗ്യം കാണിക്കൽ 58
20– സലാംവീട്ടുന്നതിനുമുമ്പ് നഷ്ടപ്പെട്ടനമസ്കാരം നിർവ്വഹിക്കാൻഎഴുന്നേൽക്കൽ 59
21– റുകൂഇലേക്ക് പോകുമ്പോൾ തക്ബീറത്തുൽ ഇഹ്റാം ചൊല്ലൽ 59
22– തക്ബീറത്തുൽ ഇഹ്റാം റുകൂഅ്,എന്നിവയിൽ കൈകൾ ഉയർത്താതിരിക്കൽ 59
23– ഇമാമിനെ മുൻകടക്കൽ 60
24– പള്ളിയിലേക്ക് പോകുമ്പോൾ ധൃതികൂട്ടൽ 60
25– സ്വഫുകൾ ശരിപ്പെടുത്താതിരിക്കൽ 61
26– ഉള്ളി, മുതലായവ തിന്ന ശേഷം പള്ളിയിലേക്ക് വരൽ 61
27– നമസ്കാരത്തിൽ തിരിഞ്ഞ് നോക്കൽ 63
28– നമസ്കാരത്തിന്റെ റുകൂഉകൾ ലഘുവാക്കൽ 65
29– മുസ്ഹഫിൽ നോക്കി ഖുർആൻ ഓതൽ 65
30– സുജൂദിൽ കൈകൾ അകറ്റിവെക്കാതിരിക്കൽ 66
31– നമസ്കാരത്തിൽ (സദ്ൽ)കാണിക്കൽ 66
32– നമസ്കാരത്തിൽ കൈ താഴ്ത്തിഇടൽ 66
33– കൈ നെഞ്ചിന് താഴെയേ വെക്കൽ . 68
34– തക്ബീർ ചൊല്ലുമ്പോൾ ഇമാം ശബ്ദം മാറ്റൽ 68
35– ഇമാം നമസ്കാരത്തിലായിരിക്കെ രണ്ടാമതൊരു ജമാഅത്ത് നമസ്കാരം നടത്തൽ. 70
36– തറാവീഹ് നമസ്കാരം ധൃതിയിൽ നിർവ്വഹിക്കൽ 70
37– മൂന്നാമത്തെയും നാലാമത്തെയും റക്അത്തിൽ ഫാത്തിഹ ആവർത്തിക്കൽ. 71
38–നമസ്കാരത്തിൽ ആവശ്യമില്ലാത്ത ദിക്റുകൾ ചൊല്ലൽ 71

39–നമസ്കാരത്തിൽ ആവശ്യമില്ലാതെ കണ്ണുകൾ ചിമ്പൽ 73
40–വസ്ത്രം വലിച്ചിഴച്ചു നമസ്കരിക്കൽ 73
41–ഇഖാമത്തിനു ശേഷം സുന്നത്ത് നമസ്കരിക്കൽ 75
42–ഒന്നാമത്തെ റകഅത്തിനെക്കാൾ രണ്ടാമത്തേത് ദീർഘിപ്പിക്കൽ 77
43–നമസ്കാരത്തിലായിരിക്കെ ആംഗ്യം കാണിച്ചുകൊണ്ട് സലാം മടക്കാതിരിക്കൽ 78
44–ആവശ്യമില്ലാതെ ഇമാമിന്റെ പിന്നിൽനിന്ന് (ബലാഗ്) നടത്തൽ 79
45–തക്ബീറിന്റെ പദം നീട്ടൽ 80
46–പുരുഷൻ ചുമലിൽ മുണ്ടില്ലാതെ നമസ്കരിക്കൽ 80
47–നഗ്നത മറക്കാത്ത ,ലോലമായ വസ്ത്രം ധരിച്ച് നമസ്കരിക്കൽ. 81
48–പള്ളിയിൽ തുപ്പൽ 82
49–നമസ്കാരത്തിൽ വസ്ത്രമോ, മുടിയോ, ചുരുട്ടി വെക്കൽ 83
50–ഊരക്ക് കൈ കൊടുത്തുനമസ്കരിക്കൽ 83
51–മുന്നിൽ മറ സ്വീകരിക്കാതെ നമസ്കരിക്കൽ 83
52–നമസ്കരിക്കുന്നവന്റെ മുമ്പിലൂടെയുള്ള നടക്കൽ 88
53–നമസ്കാരത്തിലെ അനാവശ്യമായ ചലനങ്ങൾ 91
54–രോഗികൾ നിൽക്കാൻ സാധിച്ചിരിക്കെ ഇരുന്ന് നമസ്കരിക്കൽ 92
55–ചെറിയ കുട്ടിയാണന്ന കാരണത്താൽ ഇമാം ആക്കാതിരിക്കൽ 94
56–നമസ്കാരത്തിൽ ഭംഗിയുള്ള വസ്ത്രം ധരിക്കാതിരിക്കൽ 96
57–കക്കൂസിന്നും നമസ്കരിക്കുന്ന സ്ഥലത്തിനുമിടക്ക് ചുമരുണ്ടെങ്കിലും ചിലർ അവിടെ വെച്ച് നമസ്കരിക്കാതിരി ക്കൽ 97
58–ഇഖാമത്തിന്റെ സമയത്ത് أقامها الله وأدامها എന്നു പറയുന്നത് 98
59–ചിലർ ഇഖാമത്ത് കൊടുക്കുന്നയാൾ قد قامت الصلاة എന്നു പറഞ്ഞളടൻ നിൽക്കൽ 98

60–നമസ്കരിക്കുകയാണെങ്കിൽ അവൻ ലഘുവാക്കൽ എന്നതിന്റെ ആശയം 98

61–സ്ത്രീകൾ പുരുഷന്മാർ നമസ്കരിക്കുന്നതുവരെ നമസ്കാരം പിന്തിക്കൽ 102

62–നമസ്കാരത്തിൽ നിന്നും സലാം വീട്ടുമ്പോൾ കൈകൾ ചലിപ്പിക്കൽ 102

63–സലാം വീട്ടുന്നതിനിടയിൽ തല കുലുക്കൽ 102

64–ഫർള് നമസ്കാരത്തിനു ശേഷം ഇരുകൈകളുമുയർത്തൽ 103

65–സലാം വീട്ടിയാൽ തന്റെ അടുത്ത് ഇരിക്കുന്നവർക്ക് ഹസ്തദാനം ചെയ്യൽ 104

66–തസ്ബീഹ് ചൊല്ലാൻ മാല ഉപയോഗിക്കൽ 105

67–നമസ്കാരത്തിൽ അവിടെയും ഇവിടെയും നോക്കൽ 106

68–നമസ്കാരത്തിൽ കോട്ടുവായിടുമ്പോൾ നിയന്ത്രിക്കാതിരിക്കൽ 107

69–മുഖം മൂടി കൊണ്ട് നമസ്കരിക്കൽ 108

70–ബാങ്കിന് ശേഷം പള്ളിയിൽ നിന്ന് പുറത്ത് പോകൽ 108

71–വിരലുകൾ കോർത്തു പിടിക്കൽ. 109

72–ഇമാം ഫാതിഹ ഓതിയ ശേഷം ദീർഘമായി മൗനം പാലിക്കൽ 110

73–രണ്ട് തൂണുകൾക്കിടയിൽ സ്വഫ് നിൽക്കൽ 112

74– മുസ്ഹഫിനെ ചുമ്പിക്കൽ 113

75–ഖുർആൻ പാരായണത്തിൽ കൃത്രിമം കാണിക്കൽ 114

76–രണ്ട് സുജൂദുകൾക്കിടയിൽ رب اغفر لي وارحمني واهدني وارزقني എന്നുപറയൽ 115

77–നമസ്കാരത്തിൽ ആടൽ 115

78–സഹ്വിന്റെ സുജൂദിൽ പ്രത്യേക പ്രാർത്ഥന ചൊല്ലൽ 115

79–ഒരു സ്വഫു പൂർത്തിയാക്കാതെ മറ്റൊരു സ്വഫു ഉണ്ടാക്കൽ. 116

80–ചിലഇമാമുമാർ വളഞ്ഞസ്വഫുകളിലേക്ക് അല്ലാഹു നോക്കുകയില്ല എന്നുപറൽ 117

81–റുകൂഇൽ നിന്ന് ഉയരുമ്പോൾ പ്രാർത്ഥിക്കുന്ന രൂപത്തിൽ കൈകൾ ഉയർത്തൽ. 117

82–നഷ്ടപ്പെട്ട നമസ്കാരം നിർവ്വഹിക്കാൻ അടുത്ത ദിവസം വരെ കാത്തു നിൽക്കൽ 118

83–ഗ്രഹണനമസ്കാരത്തിലെ ഒരു റകഅത്ത് നഷ്ടപ്പെട്ടാൽ പൂർത്തിയാക്കാതെ സലാം വീട്ടൽ 118

84–അടുത്ത റക്അത്തിനായി ഇമാം എഴുന്നേറ്റാലും അവിടെ ഇരിക്കൽ 119

85–ആമീൻ എന്നു പറയുമ്പോൾ തല ഉയർത്തൽ 119

86–തക്ബീറത്തുൽ ഇഹ്റാമിൽ ശബ്ദം ഉയർത്തൽ. 120

87–നിസ്കാര ശേഷം ഫാതിഹ ഓതി നബി (ﷺ) ക്ക് ഹദിയ്യ ചെയ്യൽ 120

88–തനിച്ചു നമസ്കരിക്കുന്നവരെ തുടരാൻ ഉദ്ദേശിച്ചാൽ തടയൽ 121

89–ജനാസ നമസ്കാരത്തിൽ ഇമാമിന്റെ വലതു ഭാഗത്തു മാത്രമായി സ്വഫുനിൽക്കൽ 122

90–ഇമാം സൂറത്തുകളുടെ ക്രമം തെറ്റി ഓതിയാൽ അസ്വസ്ഥത കാണിക്കൽ 122

91–ഇമാമിനെ മുൻ കടന്ന് പ്രവർത്തിക്കൽ. 123

92–റുകൂഅ് കിട്ടാത്തവർ റകഅത്ത് കിട്ടി എന്നു കരുതൽ 124

93–നമസ്കാരത്തിന്റെ ഇടയിൽ വുളൂഅ് മുറിഞ്ഞാൽ സലാം വീട്ടൽ 126

94–അവസാന റകഅത്തിലെ രണ്ടാമത്തെ സുജൂദ് ദീർഘിപ്പിക്കൽ 126

95–ഇമാമിനോടൊപ്പം ലഭിക്കാത്തവർ റകഅത്ത് പൂർത്തിയാക്കാനായി എഴുന്നേറ്റവരെ മറ്റൊരാൾ തുടരുന്നത് തടയൽ 127

96–ഇമാം മറന്നു കൊണ്ട് ഒരു റകഅത്ത് കൂടുതലായി നമസ്കരിക്കുകയാണെന്ന് ഉറപ്പു ഉണ്ടായാലും അദ്ദേഹത്തെ തുടരൽ 129

97–പള്ളികളിലെ ജമാഅത്ത് നമസ്കാരം ഒഴിവാക്കി പൊതു സ്ഥലങ്ങളിൽ നമസ്കരിക്കൽ 130

98–സലാം വളരെ ദീർഘിപ്പിക്കൽ 132

99–നമസ്കാര ശേഷം കൂട്ടു പ്രാർത്ഥന നടത്തൽ 133

100–അല്ലാഹുവിന്റെ വിശേഷണങ്ങളുള്ള ആയത്തുകൾ ഓതുമ്പോൾ ആംഗ്യം കാണിക്കൽ 133

101–തക്ബീറത്തുൽ ഇഹ്റാമിന്ന് ശേഷം عزوجل എന്നു പറയൽ 134
102–പള്ളിയുടെ പിൻഭാഗത്തായി കുട്ടികൾക്ക് പ്രത്യേകം സ്വഫുണ്ടാക്കൽ 134
103–സുജൂദിൽ കൈ വിരലുകൾ കൂട്ടി പിടിക്കൽ 135
104–ഇമാമിന്റെ മുമ്പായി തക്ബീറത്തുൽ ഇഹ്റാം ചൊല്ലൽ 135
105–ഖുർആൻ പാരായണത്തിൽ തെറ്റുകൾ ആവർത്തിക്കൽ 137
106–നമസ്കാരം തീരുന്നത്‌വരെയും നാവ് ചലിപ്പിക്കാതിരിക്കൽ 137
107–നമസ്കാരത്തിൽ കൈകൾ ഹൃദയത്തിന്റെ മുകളിൽ വെക്കൽ 138
108–തനിച്ചു നമസ്കരിക്കുന്നവർ ഒരാളെ വലിച്ച് തന്റെ കൂടെ സ്വഫിൽ നിർത്തൽ 138
109–ഇമാം ഫാതിഹ ഓതിതീർന്നശേഷമല്ലാതെ ഫാതിഹ ഓതാൻ പാടില്ല എന്നു കരുതൽ 139
110–ഇമാമിനെ മുൻ കടന്ന് റുകൂഅ് ചെയ്യൽ 140
111–വിരലുകൾ കൊണ്ട് ആംഗ്യം കാണിച്ചു നമസ്കരിക്കൽ 141
112–തറാവീഅ് നമസ്കരിക്കുമ്പോൾ ഇശാ നമസ്കരിക്കാത്തവർ ആ നിയ്യത്തോടു കൂടി തുടരൽ 141
113–മരണപ്പെട്ടവർക്ക് വേണ്ടി ഐഛികമായി നമസ്കാരം നിർവ്വഹിക്കൽ 142
114–ഉറക്കെ ഓതേണ്ട നമസ്കാരങ്ങൾ സ്ത്രീകൾ പതുക്കെ ഓതുക 143
115–ഒരിക്കൽ ഇഖാമത്ത് വിളിച്ച് നമസ്കാരം നിർവ്വഹിക്കാൻ വൈകിയാൽ വീണ്ടും ഇഖാമത്ത് 144
116–മയ്യിത്ത്നമസ്കാരത്തിലെ നാലാമത്തെ തക്ബീറിന്നു ശേഷം മൗനം പാലിക്കൽ 144
117–സ്വഫുകൾ ശരിയാക്കേണ്ടത് കാൽ വിരലുകളുടെ അറ്റം കൊണ്ടാണെന്ന് വിചാരിക്കൽ 145
118–സുന്നത്തു നമസ്കാരങ്ങളിൽ ഉറക്കെ ഖുർആൻ ഓതൽ 146
119–അത്തഹിയ്യാത്തിൽ അലാ സയ്യിദിനാ എന്ന് വർദ്ധിപ്പിക്കൽ 146

120–നമസ്കാരം നിർവ്വഹിക്കാത്തവർ നോമ്പനുഷ്ഠിക്കാൻ താൽപര്യം കാണിക്കൽ 148
121–വിമാനങ്ങളിൽ വെച്ച് നമസ്കാരം ഒഴിവാക്കൽ 149
122–ഉറക്കെ ഓതേണ്ട നമസ്കാരങ്ങളിൽ പതുക്കെ ഓതാൽ 151
123–കാരണം കൂടാതെ നമസ്കാരത്തെ പിന്തിപ്പിക്കൽ 151
124–പള്ളി അടുത്തുണ്ടായിരിക്കെ ഓഫീസുകളിൽ വെച്ച് നമസ്കരിക്കൽ 152
125–യാത്രയിൽ ജമാഅത്ത്നമസ്കാരം ഇല്ലെന്ന് വിചാരിക്കൽ 153
126–ഇണകളിൽ ഒരാൾ നമസ്കാരം ഒഴിവാക്കൽ 154
127–സുബഹി ബാങ്കിൽ (സ്വദഖ്ത വബരിർത്ത) എന്നു പറ യൽ 155
128–നമസ്കരാത്തിന് നിന്നാൽ പ്രത്യേക പാർത്ഥന ചൊല്ലൽ 156
129–ബാങ്കിന്റെ തുടക്കത്തിൽ حي الله ذكر الله എന്നു പറയൽ 156
30–ബാങ്കിൽ حي على خير العمل ، حي على خير العمل എന്നു പറയൽ 156
131– ഇഖാമത്ത് കേട്ടാൽ .(അല്ലാഹുവേ നിന്റെ മുമ്പിൽ നേരെ നിൽക്കാൻ...) എന്നു പറയൽ 157
132–ബാങ്കിന്നുശേഷം സ്ഥിരപ്പെടാത്ത മറ്റു പ്രാർത്ഥനകൾ ചൊല്ലൽ 157
133–ബാങ്കിനോടൊപ്പം صلوا هداكم الله എന്നു പറയൽ 157
134–ഇഖാമത്തിന്റെ അവസാനത്തിൽ حقا لا إله إلا الله .എന്നു പറയൽ 158
135–ഖുനൂത്തിൽ ഉറക്കെ ശബ്ദം ഉണ്ടാക്കി പ്രാർത്ഥിക്കൽ 158
136–ഇമാമുമാർ നമസ്കാരത്തിന്റെ ഇടയിൽ തങ്ങൾ ക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കൽ 160
137–ദീർഘമായി ഖുനൂത്ത് ഓതൽ 160
138–ഖുനൂത്തിൽ നിന്ന് വിരമിച്ചാൽ കൈ കൊണ്ട് മുഖം തടവൽ 161

139–റുകൂഇൽ കാൽ പാദത്തിലേക്ക് നോക്കൽ 162
140–നമസ്കാരശേഷമുള്ള പ്രാർത്ഥനയിൽ (وتعاليت) വർദ്ധിപ്പിക്കൽ 162
141–നമസ്കാരശേഷം ആയത്തുകുർസിയുടെ ശേഷമുള്ള രണ്ടായത്തുകൾകൂടി ഓതൽ 162
142–നമസ്കാരശേഷം أستغفرالله العظيم الجليل التواب الرحيم എന്ന് അഞ്ച് പ്രാവശ്യം പറയൽ 163
143–നമസ്കാരശേഷമുള്ള പ്രാർത്ഥനയിൽ السلام وإليك يعود എന്ന് വർദ്ധിപ്പിക്കൽ 164
144–നമസ്കാരശേഷം സ്വലാത്ത് ചൊല്ലൽ 165
145–രോഗികൾ രോഗം സുഖമാകുന്നതുവരെ നമസ്കാരം ഉപേക്ഷിക്കൽ 166
146–നമസ്കാരത്തിൽ വസ്വാസ് പിടികൂടൽ 166

## ജുമുഅയുമായി ബന്ധപ്പെട്ടവ.

171
1–കുളിക്കാതിരിക്കൽ 172
2–ഖുതുബ നടക്കുമ്പോൾ പിരടികൾക്കുമുകളിലൂടെ കവ ച്ചുവെച്ച് മുന്നോട്ട് പോവൽ 172
3–ഖുതുബ നടക്കുമ്പോൾ കാൽ മുട്ടുകെട്ടിയിരിക്കൽ
4–വെള്ളിയാഴ്ച സുബ്ഹി നമസ്കാരത്തിൽ സൂറത്ത് സജ ദയും,ദഹ്റും ഓതൽ 173
5–ഖുതുബ നടക്കുമ്പോൾ ഉറക്കെ സ്വലാത്ത് ചൊല്ലൽ 174
6–തഹിയ്യത്ത് നമസ്കരിക്കാൻ ബാങ്ക് കഴിയുന്നതുവരെ കാത്തിരിക്കൽ 175
7–നമസ്കാരത്തിന്നു ശേഷം അവിടെ തന്നെ നിന്ന്,മറ്റൊരു നമസ്കാരം നിർവ്വഹിക്കൽ 176
8–ജുമുഅയുടെ ബാങ്കിന്റെ ശേഷം രണ്ടു റകഅത്തു നമ സ്കരിക്കൽ 177

## പള്ളികളിൽ സംഭിക്കാവുന്ന അബദ്ധങ്ങൾ

1–പള്ളികളിൽ അലങ്കരിക്കലും ചിത്രപണി നടത്തലും 179

2–ഒരു ഗ്രാമത്തിൽ തന്നെ പള്ളികൾ അധികരിക്കൽ 180

3–ചിത്ര പണി നടത്തിയ വിരിയിൽ നമസ്കരിക്കൽ 181

4–പള്ളികൾക്കുള്ളിൽ വാണിജ്യ പരസ്യങ്ങൾ പതിക്കൽ 182

5–പള്ളികൾ വഴിയായി ഉപയോഗിക്കൽ 182

6–മണിയടി ഒച്ചകളുള്ള ക്ലോക്കുകൾ ഉപയോഗിക്കൽ 182

7–നമസ്കാരത്തിനിടക്ക് ശബ്ദത്തോടെ ഖുർആൻ ഓതൽ 182

8–പള്ളിയിൽ തുപ്പൽ 183

9–തഹിയ്യത്ത് നമസ്കരിക്കാതെ പള്ളികളിൽ ഇരിക്കൽ 184

10–നഷ്ടപ്പെട്ട വസ്തുക്കൾ പള്ളികളിൽവെച്ച് അന്വോഷിക്കൽ 187

11–പള്ളികളിൽ വസ്തുക്കൾ വാങ്ങലും വിൽക്കലും 188

12–പള്ളികളിൽ ഒരു പ്രത്യേക സ്ഥലത്ത് മാത്രം ഇരിക്കൽ 188

13–പള്ളികളിൽ മുൻകൂട്ടി സ്ഥലം ഉറപ്പുവരുത്തൽ 189

14–ബാങ്കിനും ഇഖാമത്തിനു ഇടയിൽ സംസാരിക്കൽ 190

15–പള്ളിയിലെ വസ്തുക്കൾ പൊതു ആവശ്യങ്ങൾക്കായി പുറത്തുകൊണ്ടുപോകൽ 192

16–മത ആഘോഷങ്ങളോടനുബന്ധിച്ച് പള്ളികളിൽ ദീപാല ങ്കാരവും നടത്തൽ 192

# വുളൂഅ് ചെയ്യുമ്പോൾ സംഭവിക്കുന്ന പിഴവുകൾ

## 1 നിയ്യത്ത് ഉറക്കെപ്പറയുക.

വുളൂഅ് ചെയ്യാൻ ആരംഭിക്കുമ്പോൾ നിയ്യത്ത് ഉറക്കെ ചൊല്ലിപ്പറയുന്ന രീതി നബി (ﷺ) യുടെ ചര്യയിൽ പെട്ടതായിരുന്നില്ല. അതിനെ കുറിച്ചു മഹാനായ ഇബ്നുൽ ഖയ്യിം (رحمه الله) പറയുന്നതു കാണുക. നബി (ﷺ) യോ, അവിടുത്തെ സഹാബികളോ വുളൂഅ് ചെയ്യുന്നതിന്റെ തുടക്കത്തിൽ 'ചെറിയ അശുദ്ധിയെ ഞാൻ ഉയർത്തുന്നു' എന്നോ, 'നമസ്കാരത്തെ ഹലാലാക്കാൻ വുളൂഅ് എന്ന ഫർളിനെ ഞാൻ വീട്ടുന്നു' എന്നോ,നിയ്യത്ത് ചൊല്ലിപ്പറയാറുണ്ടായിരുന്നില്ല. മാത്രമല്ല ഒരു അക്ഷരം പോലും അവർ പറഞ്ഞിരുന്നു എന്ന് ദുർബലമോ, സ്ഥിരപ്പെട്ടതോ ആയ ഒരു റിപ്പോർട്ടു പോലുമില്ല.

## 2 വുളുവിലെ ഒരോ അവയവങ്ങൾ കഴുകുമ്പോഴും പ്രത്യേകം പ്രത്യേകം പ്രാർത്ഥന ചൊല്ലൽ

ഉദാഹരണമായി വലതു കൈ കഴുകുന്ന സന്ദർഭത്തിൽ അല്ലാഹുവേ, എന്റെ ഗ്രന്ഥം നീ എനിക്ക് എന്റെ വലതു കൈയ്യിൽ നൽകേണമേ എന്നും മുഖം കഴുകുന്ന സമയത്ത്(അല്ലാഹുവേ, മുഖം പ്രസന്നമാകുന്ന ദിവസത്തിൽ എന്റെ മുഖം നീ വെളുപ്പിക്കണമേ) എന്നും പ്രാർത്ഥിക്കാറുണ്ട്. എന്നാൽ ഈ പ്രാർത്ഥനകളെ കുറിച്ച് ഇമാം ഇബ്നുഖയ്യിം (رحمه الله) പറയുന്നത് കാണുക.വുളൂഅ് ചെയ്യുന്ന സമയത്ത് 'ബിസ്മി'യല്ലാതെ മറ്റൊന്നും നബി (ﷺ) യിൽ

നിന്നും സ്ഥിരപ്പെട്ടു വന്നിട്ടില്ല. മാത്രമല്ല, അത്തരം പ്രാർത്ഥനകൾ മുഴുവനും പ്രാവാചകൻ നബി(ﷺ)യുടെ പേരിൽ കളവ് കെട്ടിചമച്ചുണ്ടാക്കിയതും കൃത്രിമവുമാണ്. പ്രാവാചകൻ (ﷺ) അത് പറയുകയോ,തന്റെ സമുദായത്തെ പഠിപ്പിക്കുകയോ ചെയ്തിട്ടില്ല, അവിടുന്ന് വുളൂഅ് ചെയ്യുമ്പോൾ തുടക്കത്തിൽ ബിസ്മി ചൊല്ലുകയും വിരമിച്ച ശേഷം

أشهد أن لا إله إلا الله وحده لا شريك له و أشهد أن محمدا عبده ورسوله اللهم اجعلني من التوابين واجعلني من المتطهرين

എന്ന് പ്രാർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. (അല്ലാഹുവല്ലാതെ ആരാ ധ്യനില്ല. അവൻ ഏകനാണ്. അവന് പങ്കുകാരില്ല എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു.നിശ്ചയം മുഹമ്മദ് അല്ലാഹുവിന്റെ ദാസനും ദൂതനുമാണ് എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു, അല്ലാഹുവേ, എന്നെ നീ പശ്ചാതപിക്കുന്നവരിലും ശുദ്ധിയുള്ളവരിലും ഉൾപ്പെടുത്തേണമേ.) നസാഈ റിപ്പോർട്ടു ചെയ്യുന്ന ഒരു ഹദീസിൽ പ്രാവാചകൻ (ﷺ) വുളൂവിൽ നിന്ന് വിരമിച്ചാൽ سبحانك اللهم وبحمدك أشهد أن لا إله إلا أنت أستغفرك وأتوب إليك എന്നു കൂടി പ്രാർത്ഥിക്കുന്നതായി വന്നിട്ടുണ്ട്.

## 3 അമിതമായി വെള്ളം ഉപയോഗിക്കുക.

അനസ് (رضي الله عنه) വിൽ നിന്ന് നിവേതനം ചെയ്യുന്ന ഒരു ഹദീസിൽ കാണാം.നബി (ﷺ) ഒരു മുദ്ദ് വെള്ളം കൊണ്ട് വുളൂഅ് ചെയ്യുകയും അഞ്ച് മുദ്ദ്(ഒരു സാഅ്) കൊണ്ട് കുളിക്കുകയും ചെയ്യാറുണ്ടായിരുന്നു. സ്വഹീഹ് ബുഖാരി യുടെ വുളൂഅ് എന്ന അദ്ധ്യായത്തിന്റെ തുടക്കത്തിൽ ഇപ്രകാരം കാണാം. വുളുവിൽ വെള്ളം ദുരുപയോഗം ചെയ്യുന്നതും പ്രവാചകൻ (ﷺ) വുളു ചെയ്തിരുന്നതിനേക്കാൾ പരിധി വിടുന്നതും പണ്ഡിതന്മാർ വെറുത്തിരിക്കുന്നു.

## 4 പൂർണ്ണമായി രൂപത്തിൽ വുളൂഅ് ചെയ്യാതിരിക്കുക.

വുളൂഅ് ചെയ്യുമ്പോൾ സമ്പൂർണ്ണമായ രൂപത്തിൽ തന്നെ ചെയ്യേണ്ടതാണ് ബുഖാരിയിലുള്ള ഒരു ഹദീസ് കാണുക. മുഹമ്മദ് ബ്നു സിയാദിൽ നിന്നും നിവേദനം. അദ്ദേഹം പറഞ്ഞു. അബൂ ഹുറൈറ (ﷺ) വുളൂഅ് ചെയ്യുന്നതിനിടയിൽ ഞങ്ങളുടെ അടുത്തു കൂടി നടന്നു പോകുമ്പോൾ അദ്ദേഹം പറഞ്ഞു. നിങ്ങൾ പൂർണ്ണമായ രൂപ ത്തിൽ വുളൂഅ് ചെയ്യുക. കാരണം നബി (ﷺ) പറഞ്ഞിരിക്കുന്നു. (ويل للأعقاب من النار) 'മടമ്പു കാലുകൾക്ക് നരകത്തിൽ നിന്നുള്ള നാശമുണ്ടാവട്ടെ.' (വുളൂഅ് ചെയ്യുമ്പോൾ മടമ്പു കാലുകൾ നനയാതിരുന്നാൽ അവക്ക് ശിക്ഷയുണ്ടാവും എന്നർത്ഥം)വിവ ..

ഖാലിദ് ഇബ്നു മുഅ്ദാൻ നബി(ﷺ)യുടെ പത്നിമാരെ കൊണ്ടു ഉദ്ധരിക്കുന്ന ഒരു സംഭവം കാണുക.(കാൽ പാദത്തിൽ ഒരു നാണയത്തിന്റെ വലുപ്പത്തിൽ വെള്ളം തട്ടാതെ വുളൂഅ് ചെയ്ത് നമസ്കരിക്കുന്ന ഒരാളെ നബി (ﷺ) കാണുകയുണ്ടായി. അപ്പോൾ അദ്ദേഹത്തോട് വീണ്ടും വുളൂഅ് ചെയ്യുവാൻ അവിടുന്ന് കൽപ്പിച്ചു.) – അഹ്മദ്–

അബൂദാവൂദിന്റെ റിപ്പോർട്ടിൽ നമസ്കാരം മടക്കുക എന്നു കാണാം. അഹ്മദിനോട് അഥ്റം ഈ ഹദീസിന്റെ പരമ്പരയെ കുറിച്ച് ചോദിച്ചപ്പോൾ സ്വഹീഹ് തന്നെയാണ് എന്നാണ് അദ്ദേഹം പറഞ്ഞത്. അബൂദാവൂദും ഹാകിമും ഇത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വുളുവിന്റെ അവയവങ്ങൾ കഴുകുമ്പോൾ മുകളിൽ പറഞ്ഞ അത്രയെങ്കിലും ഭാഗം വെള്ളം തട്ടാതിരുന്നാൽ വുളൂഅ് പൂർണ്ണമായും പുതുക്കേണ്ടതാകുന്നു എന്നാണ് ഇമാം ശൗഖാനിയുടെ വീക്ഷണം.

## 5 മലമൂത്ര വിസർജ്ജന സമയത്ത് ഖിബിലയിലേക്ക് തിരിയൽ.

അബു അയ്യൂബുൽ അൻസാരിയിൽ നിന്നും ഉദ്ധരിക്കുന്ന ഒരു ഹദീസിൽ ഇപ്രകാരം കാണാം അദ്ദേഹം പറഞ്ഞു. നബി (ﷺ) പറഞ്ഞിരിക്കുന്നു. (നിങ്ങൾ വിസർജ്ജന വേളകളിൽ ഖിബ്‌ലയിലേക്ക് മുന്നിടുകയോ, പിന്നിടുകയോ ചെയ്യരുത്) എന്ന് കാണാം. ഈ ഹദീസിനെ വിശദീകരിക്കുമ്പോൾ പണ്ഡിതന്മാർ വിത്യസ്ത വീക്ഷണം അവതരിപ്പിച്ചിട്ടുണ്ട്. ഹറാമാണ് എന്ന വീക്ഷണമാണ് മഹാനായ ഇബ്‌നു തൈമിയ്യ (റ) വിനുള്ളത്. ഒഴിഞ്ഞ പ്രദേശത്തായിരുന്നാലും അല്ലെങ്കിലും വ്യത്യാസമില്ല എന്നതാണ് ഇബ്‌നു ഖയ്യിമിന്റെ വീക്ഷണം.

## 6 മൂത്രമൊഴിച്ചാൽ ശുദ്ധീകരിക്കാതിരിക്കൽ.

നബി (ﷺ) വലിയ പാപമായി കണക്കാക്കുകയും,ശക്തമായ രൂപത്തിൽ ശുദ്ധീകരിക്കുവാൻ കൽപിക്കുകയും ചെയ്‌ത കാര്യമാണിത്. അബ്ദുല്ല ഇബ്‌നു അബ്ബാസ് (റ) ൽ നിന്നും നിവേദനം ചെയ്യുന്ന ഒരു സംഭവം ബുഖാരിയിൽ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. അദ്ദേഹം പറഞ്ഞു.(മദീനയിലോ,മക്കയിലോ ഉള്ള ഒരു ചുമരിനടുത്തുകൂടി നബി (ﷺ) നടന്നുപോയി. അപ്പോൾ രണ്ടാളുകളുടെ ഖബറുകളിൽ വെച്ചു അവരെ ശിക്ഷിക്കുന്ന ശബ്‌ദം നബി (ﷺ) കേട്ടു. അപ്പോൾ അവിടുന്നു പറഞ്ഞു. മഹാപാപങ്ങളുടെ പേരിലല്ലെങ്കിലും അവർ രണ്ടു പേരും ശിക്ഷിക്കപ്പെടുന്നു.അവരിലൊരാൾ മൂത്രിച്ചാൽ ശുദ്ധീകരിച്ചിരുന്നില്ല. മറ്റെയാൾ ഏഷണിക്കാരനുമായിരുന്നു.പിന്നീട് അവിടുന്ന് ഒരു ഈത്തപ്പനയുടെ മട്ടൽ കൊണ്ടുവരാൻ ആവശ്യപ്പെട്ടു. അത് രണ്ടായി മുറിച്ച് ഓരോ കഷ്ണവും ഓരോ ഖബറിൻമേൽ വെച്ചു. അപ്പോൾ അ ദ്ദേഹത്തോട് ചോദിച്ചു.അല്ലാഹുവിന്റെ റസൂലേ, എന്തിനാണിത്.? അദ്ദേഹം പറഞ്ഞു. അത്

ഉണങ്ങുന്നതുവരെ അവർക്ക് ശിക്ഷയിൽ ഇളവു ലഭിച്ചെ ങ്കിലോ? എന്ന് ഉത്തരം പറഞ്ഞു.

## 7 മലമൂത്ര വിസർജ്ജനത്തിനുണ്ടായിരിക്കെ അത് നിർവ്വഹിക്കാതെ പ്രയാസപ്പെട്ടു കൊണ്ട് നമ സ്കാരം നിർവ്വഹിക്കൽ .

ഇങ്ങനെ നമസ്കാരം നിർവ്വഹിക്കുമ്പോൾ നബി (ﷺ) യുടെ വാക്കുകളെ ധിക്കരിക്കുകയും സ്വന്തം ശരീരത്തിന് തന്നെ പ്രയാസം ഉണ്ടാവുകയുമാണു ചെയ്യുന്നത്. കാരണം നബി (ﷺ) പറഞ്ഞിരിക്കുന്നു. (لا صلاة بحضرة طعام ولا وهو يدافعه الأخبثان) (മലമൂത്ര വിസർജ്ജനത്തിനുണ്ടായിരിക്കെ പ്രയാസപ്പെട്ടു കൊണ്ടും ഭക്ഷണത്തിന് വിശക്കുന്ന സമ യത്തും നമസ്കാരമില്ല.) മുസ്ലിം.

മഹാനായ ഇബ്നു തൈമിയ്യ (ﷺ) യോട് ഒരാൾ ചോദിച്ചു. മലമൂത്ര വിസർജ്ജനത്തിന് ഉണ്ടായിരിക്കേ വുളൂഅ് ചെയ്യുവാനുള്ള വെള്ളം ലഭിക്കുകയില്ല എന്ന കാരണത്താൽ പ്രയാസപ്പെട്ടു നമസ്കരിക്കലാണോ ഉത്തമം? അതല്ല, തയമ്മം ചെയ്യലോ?

**ഉത്തരം** – മലമൂത്ര വിസർജ്ജനത്തിന് ഉണ്ടായിരിക്കെ വെള്ളം കുറവാണെന്ന് കരുതിയോ മറ്റോ –വുളൂഅ് ചെയ്യാൻ മടിച്ചു നമസ്കാരം നിർവ്വഹിക്കുന്നതിനേക്കാൾ ശ്രേഷ്ഠമായത് പ്രാഥമിക കർമ്മങ്ങൾ നിർവ്വഹിച്ചു തയമ്മം ചെയ്താണെങ്കിലും നമസ്കരിക്കലാണ്. കാരണം വിസർ ജ്ജിക്കാനുള്ള സന്ദർഭത്തിൽ അത് ചെയ്യാതെ നമസ്ക രിക്കൽ കറാഹത്തും വിരോധിക്കപ്പെട്ടതുമാണ്. എന്നാൽ തയമ്മം ചെയ്തു നമസ്കരിക്കൽ അനുവദനീയവുമാണ്.

## 8 മുൻകൈകൾ കഴുകുന്നതിനുമുമ്പ് വെള്ളത്തിൽ മുക്കുക.

ഉറക്കമുണർന്നുവരുന്നവർ തന്റെ ഇരു കൈകളും

കഴുകുന്നതിനു മുമ്പായി വുളൂഅ് ചെയ്യുവാൻ പാത്രത്തിൽ മുക്കുന്ന സ്വഭാവം പലരിലും കാണാറുണ്ട്. എന്നാൽ ഇത് വിരോധിക്കപ്പെട്ട കാര്യമാണ്.

അബൂഹുറൈറ (ﷺ) യിൽ നിന്നും ഉദ്ധരിക്കുന്ന ഒരു ഹദീസിൽ ഇപ്രകാരം കാണാം. നബി (ﷺ) പറഞ്ഞിരിക്കുന്നു. നിങ്ങൾ ആരെങ്കിലും ഉറക്കിൽ നിന്നും ഉണർന്നാൽ അവന്റെ കൈകൾ മൂന്നു പ്രാവശ്യം കഴുകുന്നതിന് മുമ്പ് പാത്രത്തിലെ വെള്ളത്തിൽ മുക്കരുത്. കാരണം അവന്റെ കൈകൾ രാത്രിയിൽ എവിടെ ആയിരുന്നു എന്നവനറിയി ല്ല.

## 9 വുളുവിന്റെ പ്രാരംഭത്തിൽ ബിസ്മി ചൊല്ലാതിരിക്കുക.

അബുഹുറൈറ (ﷺ) ൽ നിന്നു നിവേദനം ചെയ്യുന്ന ഒരു ഹദീസിൽ ഇപ്രകരം കാണാം. നബി (ﷺ) പറഞ്ഞിരിക്കുന്നു. (لا صلاة لمن لا وضوء له ولا وضوء لمن لم يذكر اسم الله عليه) (വുളൂഅ് ഇല്ലാത്തവന് നമസ്കാരമില്ല. ബിസ്മി ചൊല്ലാത്ത വന് വുളൂഉമില്ല.) അഹ്മദ് ,അബൂദാവൂദ്, ഇബ്നു മാജ ഹാകിം.–

മനാറുസ്സബീൻ എന്ന ഗ്രന്ഥത്തിന്റെ വിവരണത്തിൽ അബ് ദുല്ലാ ഇബ്നു ജിബ്രീൻ പറയുന്നത് കാണുക.(വിസർജ്ജന സ്ഥലത്തു വെച്ചു ബിസ്മി ചൊല്ലൽ വെറുക്കപ്പെട്ടതാണ്. എന്നാൽ വുളുവിന്റെ മുമ്പു ബിസ്മി ചൊല്ലൽ നിർബന്ധവുമാണ് അതിനാൽ തന്നെ കറാഹത്തിനെക്കാൾ മുൻഗണന നൽകേണ്ടത് നിർബന്ധത്തിനായിരിക്കണം.)

## 10 വുളൂഇൽ പിരടി തടവൽ.

ഇതിനെ കുറിച്ച് ഇബ്നുൽ ഖയ്യിം (ﷺ) പറയുന്നത് (പിരടി തടവുന്ന വിഷയത്തിൽ ഒരു ഹദീസു പോലും സ്ഥിരപ്പെട്ടിട്ടില്ല എന്നാണ്.) സാദുൽ മുആദ് 1/195

## 11 വുളൂഅ് ചെയ്യുന്നവർ തുടക്കത്തിൽ വിസർജ്ജ നേന്ദ്രിയം കഴുകുന്ന പതിവ് വളരെ വ്യാപകമായി കണ്ടുവരുന്ന തെറ്റായ സമ്പ്രദായമാണ്.

എന്നാൽ ഏറ്റവും ശരിയായരീതി നമസ്കാര സമയമായാൽ ചെറിയ അശുദ്ധിയുള്ളവർ വുളൂഅ് ചെയ്താൽ മാത്രം മതി എന്നതാണ്. അപ്പോൾ വിസർജ്ജനേന്ദ്രിയം കഴുകേണ്ടതില്ല. ഇതിനെതിരിൽ വിശ്വസിക്കുന്നത് മതത്തിൽ പുതിയ സമ്പ്രദായം (ബിദ്അത്ത്) ഉണ്ടാക്കലും വസ്വാസുമാകുന്നു. എന്നാൽ ഒരാൾക്ക് വുളൂഅ് ചെയ്യുന്നതിനുമുമ്പ് മലമൂത്ര വിസർജ്ജനം ആവശ്യമാണെങ്കിൽ അതു നിർവ്വഹിക്കുകയും ഗുഹ്യഭാഗം ശുദ്ധിയാക്കുകയും ചെയ്തിരിക്കണം.

ഇബ്നു അബ്ബാസ് (ﷺ) ൽ നിന്നും ഉദ്ധരിക്കുന്ന ഒരു ഹദീസ് കാണുക. അദ്ദേഹം പറഞ്ഞു. 'ഒരു ദിവസം ഞാൻ എന്റെ അമ്മായിയായിരുന്ന മൈമൂന (ﷺ) യുടെ വീട്ടിൽ താമസിച്ചു. അന്ന് പ്രവാചകൻ (ﷺ) രാത്രിയിൽ എഴുന്നേൽക്കുകയും തൂക്കിയിട്ടിരുന്ന തോൽ പാത്രത്തിലെ വെള്ളം കൊണ്ടു വുളൂഅ് ചെയ്യുകയും ചെയ്തു''. ബുഖാരി റിപ്പോർട്ട് ചെയ്ത ഈ ഹദീസിൽ നബി (ﷺ) വുളൂവിനു മുമ്പ് ഗുഹ്യഭാഗം കഴുകി എന്നു പറഞ്ഞിട്ടില്ല. ബുഖാരിയുടെ മറ്റൊരു ഹദീസിൽ ഇപ്രകാരമാണ്.

അബ്ദുല്ലാഹിബ്നു സൈദ് (ﷺ) വിനോടു ഒരാൾ ചോദിച്ചു.നബി (ﷺ) എങ്ങിനെയായിരുന്നു വുളൂഅ് ചെയ്തിരുന്നതെന്ന് എനിക്കു കാണിച്ചു തരാൻ താങ്കൾക്ക് സാധിക്കുമോ? അബ്ദുല്ലാഹിബ്നുസൈദ് 'അതെ'എന്നു മറുപടി പറഞ്ഞു.ശേഷം കുറച്ചു വെള്ളം കൊണ്ടുവരാൻ ആവശ്യപ്പെടുകയും അതുകൊണ്ട് ആദ്യം മുൻകൈ കഴുകുകയും ചെയ്തു. ഈ ഹദീസിലും ഗുഹ്യ ഭാഗം കഴുകിയതായി പരാമർശിക്കുന്നില്ല.

ഈ വിഷയത്തെ കുറിച്ച് ഇബ്നു അബ്ബാസ് പറഞ്ഞിരിക്കുന്നതിപ്രകാരമാണ്. 'വുളൂഅ് ചെയ്യുന്നതിന്റെ മുമ്പ് വിസർജ്ജനം നടത്തിയവർക്കല്ലാതെ വിസർജ്ജനേന്ദ്രിയം കഴുകേണ്ടതില്ല'(കിതാബു അബൂദാവൂദ് ,പേജ് 39)

## 12 കൈകൾ മുട്ടുവരെ പൂർണ്ണമായി കഴുകാതിരിക്കൽ.

ഒരു മുസ്ലിം വുളു ചെയ്യുമ്പോൾ ബിസ്മി ചൊല്ലിക്കൊണ്ട് ആരംഭിക്കുകയും പിന്നീട് രണ്ടു കൈപടങ്ങൾ കഴുകുകയും ചെയ്യുന്നു. പിന്നീട് കൊപ്ലിക്കുകയും മൂക്കിൽ വെള്ളം കയറ്റി ചീറ്റുകയും മുഖവും രണ്ടു കൈകൾ മുട്ടുവരെ കഴുകയും ചെയ്യുന്നു. ഇവിടെയാണ് പലർക്കും തെറ്റു സംഭവിക്കുന്നത്. കൈ കഴുകുമ്പോൾ കൈ പടങ്ങളുടെ താഴ്ഭാഗത്തു നിന്ന് മുട്ട് വരെയുള്ള സ്ഥലമാണ് കഴുകാറുള്ളത്. യഥാർത്ഥത്തിൽ കൈവിരലുകളുടെ തുമ്പു മുതൽ മുട്ടുകൈ ഉൾപടെയാണ് കഴുകേണ്ടത്. ശൈഖ് ജിബ്രീൻ ഈ കാര്യം ഉണർത്തിയിട്ടുണ്ട്.

ഉഥൈമീൻ തന്റെ ഒരു ഖുതുബയിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. ചിലർ വുളൂഅ് ചെയ്യുന്ന സന്ദർഭങ്ങളിൽ കൈ പടത്തിന്റെ താഴ്ഭാഗത്തു നിന്നു മുട്ടു വരെ കഴുകുന്നരീതി കാണപ്പെടാറുണ്ട്. അപ്പോൾ കൈ പടങ്ങൾ കഴുകാറുമില്ല. ഇത് ശരിയല്ല,കാരണം കൈ എന്നതുകൊണ്ടുദ്ദേശിക്കുന്നത് കൈപടങ്ങൾ കൂടി ഇൾപ്പെട്ട താണല്ലോ? അതിനാൽ തന്നെ മുഖം കഴുകിയ ശേഷം കൈകൾ മുട്ടു വരെ കഴുകുന്ന സമയത്ത് കൈപടങ്ങൾ കൂടി ഇൾപ്പെടുത്തി കഴുകേണ്ടതത്രേ. അപ്രകാരം തന്നെയാണ് തണുപ്പു കാലങ്ങളിൽ ചിലർ ധരിക്കാറുള്ള വിത്യസ്ഥമായ വസ്ത്രം വുളൂഅ് ചെയ്യുന്ന സമയത്ത് കൈമുട്ടിന് മുകളിൽ വളരെ ചുരുട്ടി വെക്കാതെ കേവലം കൈ പടം മാത്രം കഴുകുന്ന സമ്പ്രദായവും. ഇതു ശരിയല്ല. ശൈഖ് മുഹമ്മദ് ഉസൈമീൻ–

13 വലിയ അശുദ്ധിയുള്ളവർ കുളിക്കുന്ന സന്ദർഭങ്ങളിൽ ശരീരത്തിന്റെ മുഴുവൻ ഭാഗങ്ങളിലും വെള്ളം സ്പർശിച്ചിട്ടുണ്ടോ എന്നു ഉറപ്പു വരുത്താതിരിക്കൽ. ചിലരുടെ ശരീരം തടിച്ചതായിരിക്കും ഇടു ങ്ങി നിൽക്കുന്ന സ്ഥലങ്ങളിൽ വെള്ളമാവാതിരിക്കാൻ ഇത് കാരണ മാവും അങ്ങിനെയാവുമ്പോൾ ആ കുളി പൂർണ്ണമാവുകയില്ല.

**14 വുളൂഅ് ചെയ്യുമ്പോൾ കഴുകുന്ന അവയവങ്ങളിൽ പൂർണ്ണമായും വെള്ളം എത്തിയിട്ടുണ്ടോ എന്ന് ഉറപ്പു വരുത്താതിരിക്കുക.**

പലപ്പോഴും ഇപ്രകാരം സംഭവിക്കാറുള്ളത് താഴെ പറയുന്ന ഭാഗങ്ങളിലാണ്. കൈകാൽ വിരലുകൾക്കിടയിൽ പ്രത്യേകിച്ചു, കാലുകൾ കഴുകുമ്പോൾ വിരലുകൾക്കിടയിൽ കയറ്റി കഴുകാതെ വെള്ളം ഒഴിക്കുന്നു. അപ്പോൾ വെള്ളം വിരലുകൾക്കിടയിൽ എത്തുന്നില്ല.അങ്ങനെയുള്ള വുളൂഅ് അപൂർണ്ണവും നമസ്കാരം വൃഥാവുമായിമാറുന്നു. കാരണം നബി (ﷺ) ഇത് പ്രത്യേകം എടുത്തു പറഞ്ഞതായി കാണാം. അവിടുന്ന് പറഞ്ഞു നീ പൂർണ്ണമായ രൂപത്തിൽ വുളൂഅ് ചെയ്യുക വിരലുകൾക്കിടയിൽ അകറ്റി കഴുകുകയും ചെയ്യുക.(ഇബ്നു ഖുസൈമ ശരിയാണ് എന്ന് സ്ഥിരീകരിച്ച ഈ ഹദീസ് അസ്ഖലാനിയുടെ ബുലൂഗുൽ മറാമിലും മറ്റ് ഗ്രന്ഥങ്ങളിലും കാണാം.)

ഇമാം സ്വൻആനി പറയുന്നു. ഈ ഹദീസിൽ വ്യക്തമാകുന്നത് കൈകാലുകളുടെ വിരലുകളാണ്. കൈകാലുകളിലെ വിരലുകളെ പ്രത്യേകം എടുത്തു പറഞ്ഞുവെങ്കിലും, മറ്റ് അംഗങ്ങൾ കഴുകുമ്പോഴും പൂർണ്ണമായി തന്നെ കഴുകിയിരിക്കണമെന്നാണിത് സൂചിപ്പിക്കുന്നത് എന്നാണ് സ്വൻആനി ഇതിനെ കുറിച്ചു പറഞ്ഞത്.

15 വുളുവിന്റെ അവയവങ്ങളിൽ വെള്ളം ചേരുന്നത് തടയുന്ന രൂപത്തിലുള്ള വാച്ച്, മോതിരം എന്നിവ ധരിച്ച് വുളു

ചെയ്യുക, അപ്പോൾ പൂർണ്ണമായി അംഗങ്ങളിൽ വെള്ളം എത്താതിരിക്കുന്നുവെങ്കിൽ ആ വുളു അപൂർണ്ണമത്രെ. അതിനാൽ തന്നെ വുളു ചെയ്യുമ്പോൾ അവ അഴിച്ചു വെക്കുകയോ ഊരുകയോ ചെയ്യേണ്ടതാണ്. ബുഖാരിയിൽ ഇപ്രകാരം കാണാം. വുളുഅ് ചെയ്യുന്ന വേളകളിൽ ഇബ്നു സീരിൻ മോതിരം ഊരി ആ സ്ഥലങ്ങളിൽ കഴുകാറുണ്ടായിരുന്നു.

പെയിന്റ് പോലുള്ളവ വുളുവിന്റെ അവയവങ്ങളിലായാൽ വെള്ളം തട്ടുന്നത് തടയുന്നു. അതിനാൽ അവ ശരീരത്തിലുണ്ടെങ്കിൽ നീക്കം ചെയ്യാതെ വുളൂഅ് പൂർണ്ണമാകി ല്ല.

സ്ത്രീകൾ, ക്യൂട്ടക്സ് പോലുള്ളവ നഖങ്ങളിലുപയോഗിക്കുന്നുവെങ്കിൽ വുളൂഅ് ശരിയാവുന്നതല്ല.

**16** മക്ക മദീന പോലുള്ള സ്ഥലങ്ങളിലും മറ്റു വലിയ പള്ളികളിലും പ്രത്യേകിച്ച് തിരക്കുള്ള സന്ദർഭങ്ങളിൽ ആർക്കെങ്കിലും നമസ്കാരത്തിനിടയാൽ വുളൂഅ് മുറിയുന്നുവെങ്കിൽ കാർപ്പെറ്റിലോ മറ്റോ അടിച്ച് തയമ്മം ചെയ്യുന്നു. പിന്നീട് അവർ നമസ്കാരം തുടങ്ങുകയും ചെയ്യുന്നു. അതുപോലെ കഠിനമായ തണുപ്പുള്ള സമയങ്ങളിലും ചിലർ ആലസ്യം കാണിച്ച് വുളൂഅ് ചെയ്യാൻ പുറത്തു പോകാതെ ഇപ്രകാരം ചെയ്യാറുണ്ട്. ചിലപ്പോൾ ഇഖാമത്ത് കൊടുത്തു കഴിഞ്ഞാൽ വുളൂഅ് ചെയ്യാൻ സമയമില്ല എന്നും ജമാഅത്ത് നഷ്ടമാകുമെന്നും ധരിച്ച് തയമ്മം ചെയ്തു നമസ്കരിക്കാറുണ്ട്. ഇതും ശരിയല്ല.

ചിലപ്പോൾ ഇങ്ങനെ സംഭവിക്കുന്നത് നല്ല വിചാരത്തോടയായേക്കാം. ചിലപ്പോൾ ശരിയായ ധാരണയില്ലാത്തതു കൊണ്ടായേക്കാം. എന്നാൽ ഇപ്രകാരം ആരെങ്കിലും നമസ്കരിക്കുന്നുവെങ്കിൽ അതു സ്വീകാര്യമല്ല. അങ്ങിനെ ചെയ്യൽ അനുവദനീയവുമല്ല എന്നാണ് അതിനെ കുറിച്ചു എനിക്ക് പറയാനുള്ളത്. കാരണം തയമ്മം

ചെയ്യുവാനുള്ള ഇളവ് അല്ലാഹു അനുവദിച്ചിരിക്കുന്നത് വെള്ളം ലഭിക്കാതിരിക്കുമ്പോഴും വെള്ളം ഉപയോഗിക്കാൻ സാധിക്കാതെ വരുമ്പോഴുമാണ് അല്ലാഹു പറഞ്ഞിരിക്കുന്നു.

﴿يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِذَا قُمۡتُمۡ إِلَى ٱلصَّلَوٰةِ فَٱغۡسِلُواْ وُجُوهَكُمۡ وَأَيۡدِيَكُمۡ إِلَى ٱلۡمَرَافِقِ وَٱمۡسَحُواْ بِرُءُوسِكُمۡ وَأَرۡجُلَكُمۡ إِلَى ٱلۡكَعۡبَيۡنِۚ وَإِن كُنتُمۡ جُنُبٗا فَٱطَّهَّرُواْۚ وَإِن كُنتُم مَّرۡضَىٰٓ أَوۡ عَلَىٰ سَفَرٍ أَوۡ جَآءَ أَحَدٞ مِّنكُم مِّنَ ٱلۡغَآئِطِ أَوۡ لَٰمَسۡتُمُ ٱلنِّسَآءَ فَلَمۡ تَجِدُواْ مَآءٗ فَتَيَمَّمُواْ صَعِيدٗا طَيِّبٗا فَٱمۡسَحُواْ بِوُجُوهِكُمۡ وَأَيۡدِيكُم مِّنۡهُۚ مَا يُرِيدُ ٱللَّهُ لِيَجۡعَلَ عَلَيۡكُم مِّنۡ حَرَجٖ وَلَٰكِن يُرِيدُ لِيُطَهِّرَكُمۡ وَلِيُتِمَّ نِعۡمَتَهُۥ عَلَيۡكُمۡ لَعَلَّكُمۡ تَشۡكُرُونَ﴾ [المائدة: ٦]

(സത്യവിശ്വാസികളേ,നിങ്ങൾ നമസ്കാരത്തിനൊരുങ്ങിയാൽ,നിങ്ങളുടെ മുഖങ്ങളും,മുട്ടുവരെ രണ്ടു കൈകളും കഴുകുകയും നിങ്ങളുടെ തല തടവുകയും നെരിയാണി വരെ രണ്ടു കാലുകൾ കഴുകുകയും ചെയ്യുക.നിങ്ങൾ ജനാബത്ത് (വലിയ അശുദ്ധി) ബാധിച്ചവരായാൽ നിങ്ങൾ (കുളിച്ച്)ശുദ്ധിയാവുക.നിങ്ങൾ രോഗികളാവുകയോ യാത്രയിലാകുകയോ ചെയ്താൽ, അല്ലെങ്കിൽ നിങ്ങളിലൊരാൾ, മല മൂത്ര വിസർജ്ജനം കഴിഞ്ഞ് വരികയോ, നിങ്ങൾ സ്ത്രീകളുമായി സംസർഗ്ഗം നത്തുകയോ ചെയ്തിട്ട് നിങ്ങൾക്ക് വെള്ളം കിട്ടിയില്ലെങ്കിൽ ശുദ്ധമായ ഭൂമുഖം തേടിക്കൊള്ളുക. എന്നിട്ട് അതു കൊണ്ട് മുഖവും കൈകളും തടവുക.നിങ്ങൾക്ക് ഒരു ബുദ്ധിമുട്ടും വരുത്തിവെക്കണമെന്ന് അല്ലാഹു ഉദ്ദേശിക്കുന്നല്ല. എന്നാൽ നിങ്ങളെ ശുദ്ധീകരിക്കണമെന്നും തന്റെ അനുഗ്രഹം നിങ്ങൾക്ക് പൂർത്തിയയാക്കിത്തരണമെന്നും അവനുദ്ദേശിക്കുനന്നു. നിങ്ങൾ നന്ദിയുള്ളവരായേക്കാം.) മാഇദ ഃ 6

വെള്ളം ഉണ്ടെങ്കിൽ തയമ്മം അനുവദനീയമല്ല എന്ന് ഈ ആയത്തിൽ നിന്നും വ്യക്തമായി മനസില്ലാക്കാവുന്നതാണ്. ഇബ്നു തൈമിയ്യ (رحمه الله) പറഞ്ഞിട്ടുണ്ട്. യാത്രക്കിടയിൽ വെള്ളം ലഭിക്കുന്നില്ലെങ്കിൽ അയാൾ തയമ്മം ചെയ്തു നമസ്കരിക്കണം. എന്നാൽ വെള്ളം ലഭിച്ചാൽ

അത് ഉപയോഗിക്കുകയും വുളൂഅ് ചെയ്ത് നമസ്കരിക്കുകയും ചെയ്യട്ടെ.) ഫതാവ 2-13500.

എന്നാൽ ഒരാൾ തൂങ്ങിയുറങ്ങി എന്നതുകൊണ്ട് മാത്രം വുളുഅ് മുറിയുകയില്ല എന്ന് നാം മനസ്സിലാക്കണം, കാരണം അതു കൊണ്ടു അയാളുടെ സ്വബോധനം നഷ്ടപ്പെടുന്നില്ലല്ലോ.

**17** പലരും സുബ്ഹ്,ജുമുഅ പോലുള്ള നമസ്കാരങ്ങൾക്ക് മുമ്പ് ഉറങ്ങുകയും ഇഖാമത്ത് കേട്ടാൽ എഴുന്നേറ്റ് വുളൂഅ് ചെയ്യാതെ തന്നെ നമസ്കാരത്തിൽ പങ്കെടുക്കുകയും ചെയ്യുന്നു. ഉറക്കം കൊണ്ട് അയാളുടെ വുളൂഅ് മുറിയുമെന്ന് അയാൾ മനസ്സിലാക്കാറില്ല. മാത്രമല്ല,അങ്ങനെയുള്ള നമസ്കാരം സ്വീകാര്യമല്ലെന്ന് മനസ്സിലാക്കുന്നുമില്ല. ഈ വിഷയത്തിൽ ശൈഖ് ഇബ്നുബാസ്(ﷺ)യുടെ ഫത്വ നമുക്ക് ശരിയായ വെളിച്ചം നൽകുന്നതാണ്.

**ചോദ്യം** -മസ്ജിദുൽ ഹറാമിൽ വെച്ച് ളുഹർ, അസർ എന്നീ നമസ്കാരങ്ങൾക്ക് മുമ്പ് പലരും ഉറങ്ങുകയും വിളിച്ചുണർത്തുമ്പോൾ വുളൂഅ് എടുക്കാതെ തന്നെ നമസ്കരിക്കുകയും ചെയ്യുന്നു. ചില സ്ത്രീകളും ഇപ്രകാരം ചെയ്യാറുണ്ട്. ഇതിന്റെ ഇസ്ലാമിക മാനം എന്താണ്.?

**ഉത്തരം** -സ്വയം ബോധം നഷ്ടപ്പെടുത്തുന്ന രൂപത്തിലുള്ള ഉറക്കം കാരണം വുളൂഅ് മുറിയുന്നതാണ്. പ്രസിദ്ധ സ്വഹാബിയായ സ്വഫ്വാൻ ഇബ്നു ഹസാൻ അൽ മുറാദി (ﷺ) യിൽ നിന്നുദ്ധരിക്കുന്ന ഹദീസിൽ അദ്ദേഹം പറഞ്ഞിരിക്കുന്നു. ഞങ്ങൾ യാത്രയിലാണങ്കിൽ മൂന്നു ദിവസമാവുന്നതിന് മുമ്പ് വലിയ അശുദ്ധിയുണ്ടായാലല്ലാതെ ഉറക്കം കൊണ്ടോ വിസർജ്ജനം കാരണമോ കാലുറ (സോക്സുകൾ) അഴിക്കേണ്ടതില്ല എന്ന് നബി (ﷺ) ഞങ്ങളോട് കൽപിച്ചിരിക്കുന്നു. (നസാഈ ,തിർമുദി, ഇബ്നു ഖുസൈമ)

മുആവിയ്യ (ﷺ) നിന്ന് ഉദ്ദരിക്കുന്ന മറ്റൊരു ഹദീസിൽ

ഇങ്ങിനെയും കാണാം.നബി (ﷺ) പറഞ്ഞിരിക്കുന്നു (العين وكاء السه فإذا نامت العين استطلق الوكاء) (കണ്ണ് ജനനേന്ദ്രിയത്തിന്റെ ഒരു കെട്ടാകുന്നു.കണ്ണുകൾ ഉറങ്ങിക്കഴിഞ്ഞാൽ ആകെട്ടഴിയുന്നതാണ്.(അഹ്മദ്,ത്വബ്റാനി)

ഇതിൽ നിന്നെല്ലാം മനസ്സിലാവുന്നത് മസ്ജിദുൽ ഹറാമിലോ, മറ്റേതെങ്കിലും പള്ളിയിലോ വെച്ച് സ്ത്രീകളോ പുരുഷൻമാരോ ഉറങ്ങിയാൽ അവരുടെ വുളൂഅ് മുറിയും എന്നാണ്. അങ്ങനെ വുളൂ ചെയ്യാതെ നമസ്കരിക്കുന്ന പക്ഷം അത് അസ്വീകാര്യവുമത്രെ. അപ്പോൾ കേവലം വുളൂഅ് ചെയ്താൽ മതിയായിരിക്കും. എന്നാൽ വുളൂഇന്റെ മുമ്പ് ഒരാൾ വിസർജ്ജിക്കുകയോ മൂത്രിക്കുകയോ ചെയ്തുട്ടുണ്ടെങ്കിൽ ഗുഹ്യായവങ്ങളും കഴുകേണ്ടതാണ്.

**18** നമസ്കരിക്കാതെ തന്നെ വീണ്ടും വുളൂഅ് പുതുക്കുന്നതും സുന്നത്തിന് എതിരാകുന്നു. ഈ വിഷയത്തെ കുറിച്ച് ഇബ്നു തൈമിയ (رحمه الله) യുടെ വാചകങ്ങൾ ഇപ്രകാരമാണ്. കർമ്മ ശാസ്ത്ര പണ്ഡിതന്മാർക്കുള്ള ചർച്ച ഒരു വുളൂഅ് കൊണ്ട് ഒരു നമസ്കാരം നിർവ്വഹിച്ചാൽ പിന്നീട് വുളൂഅ് പുതുക്കേണ്ടതുണ്ടോ എന്ന കാര്യത്തിലാണ്. എന്നാൽ വുളൂവിന്ന് ശേഷം നമസ്കരിച്ചിട്ടില്ലെങ്കിൽ അയാൾ പിന്നീട് വുളൂഅ് പുതുക്കേണ്ടതില്ല. ഇങ്ങനെയുള്ള സന്ദർഭങ്ങളിലും വുളൂഅ് പുതുക്കുന്ന രീതി ബിദ്അത്തും സുന്നത്തിനും ഇന്നോളമുള്ള മുസ്ലിംകളുടെ ചര്യക്കും എതിരുമാണ്. (ഫതാവാ 21 –376)

**19** ഭാര്യയുമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെടുകയും സ്ഖലനം ഉണ്ടാകാതിരിക്കുകയും ചെയ്താൽ കുളിക്കുകയോ ഭാര്യയോട് കുളിക്കാൻ കൽപ്പിക്കുകയോ ചെയ്യാറില്ല. പൊതുവിൽ കണ്ടുവരുന്ന ഒരു പിഴവത്രെ ഇത് . ഈ വിഷയത്തിൽ ഇസ്ലാമിന്റെ പ്രാരംഭ കാലഘട്ടങ്ങളിൽ ഉണ്ടായിരുന്ന വിധി ഇപ്രകാരമായിരുന്നു. അഥവാ സ്ഖലനം

സംഭവിച്ചിട്ടില്ലെങ്കിൽ പുരുഷനോ, സ്ത്രീയോ ലൈംഗിക ബന്ധത്തിൽ ഏർപ്പെട്ടാൽ കുളിക്കൽ നിർബന്ധമില്ല. കാരണം അബൂ സഈദിൽ ഖുദ്‌രി (ﷺ) ൽനിന്ന് നിവേദനം ചെയ്യുന്ന ഒരു ഹദീസിൽ അദ്ദേഹം പറഞ്ഞു. നബി (ﷺ) പറഞ്ഞിരിക്കുന്നു. (വെള്ളം വെള്ളത്തിൽ നിന്നാകുന്നു). ഇമാം സ്വൻഹാനി ഇതിനെ കുറിച്ച് പറഞ്ഞത്; ഇവിടെ പരാമർശിച്ചിരിക്കുന്ന ആദ്യത്തെ വെള്ളം കൊണ്ട് വിവക്ഷിക്കുന്നത് സാധാരണ ജലവും രണ്ടാമതു കൊണ്ടുള്ള പ്രയോഗം ഇന്ദ്രിയവുമാണ്. അഥവാ ഇന്ദ്രിയസ്ഖലനം ഉണ്ടായാൽ കുളിക്കുക എന്നതത്രെ. എന്നാൽ ഈ ഹദീസിന്റെ വിധി അബൂഹുറൈറ (ﷺ) ൽ നിന്നും ഉദ്ധരിക്കുന്ന മറ്റൊരു ഹദീസ് കൊണ്ടു ദുർബലമാക്കപ്പെട്ടിരിക്കുന്നു. അതിപ്രകരമാണ്.നബി (ﷺ) പറഞ്ഞിരിക്കുന്നു. (إذا جلس الرجل بين شعبها الأربع ثم جهدها فقد وجب الغسل) (ഒരാൾ ഭാര്യയുടെ നാലു അവയവങ്ങൾക്കിടയിൽ ഇരിക്കുകയും പിന്നീട് അവളെ ബുദ്ധിമുട്ടിക്കുകയും ചെയ്താൽ തന്നെ കുളി നിർബന്ധമായി) (ബുഖാരി, മുസ്‌ലിം)

മുസ്ലിമിലുള്ള മറ്റൊരു റിപ്പോർട്ടിൽ. (وإن لم ينزل) (ഇന്ദ്രിയം പുറപ്പെട്ടില്ലെങ്കിലും) എന്നുകൂടികാണാം. അബൂദാവൂദിലുള്ളത് (ومس الختان) (ജനനേന്ദ്രിയങ്ങൾ കണ്ടുമുട്ടിയാൽ) എന്നാകുന്നു. ഈ ഹദീസിലെ വിധിയാണ് അവസാനം നിയമമാക്കപ്പെട്ടതെന്നും ആദ്യത്തെ ഹദീസിലെ നിയമം ദുർബലമാക്കപ്പെട്ടിരിക്കുകയാണെന്നുമാണ് ഭൂരിപക്ഷം പണ്ഡിതന്മാരും അഭിപ്രായപ്പെട്ടിരിക്കുന്നത്. ഇമാം അഹ്മദും മറ്റുള്ള ചിലരും സുഹ്‌രി ഉബയ്യുബ്നു കഅബ് എന്നിവരിൽ നിന്നുദ്ധരിക്കുന്ന ഒരു വീക്ഷണം ഇപ്രകാരമാണ്. വെള്ളം വെള്ളത്തിൽ നിന്നാകുന്നു എന്ന ഹദീസ് ഇസ്ലാമിന്റെ പ്രാരംഭഘട്ടത്തിൽ അനുവദിച്ച ഒരു ഇളവിനെ സൂചിപ്പിക്കുന്നു. എന്നാൽ ബന്ധം നടന്നു കഴിഞ്ഞാൽ കുളിക്കണമെന്ന് നബി (ﷺ) പിന്നീട് കൽപ്പിച്ചുട്ടുണ്ട്.(ഇബ്നു

നു ഖുസൈമയും ഇബ്നു ഹിബ്ബാനും ഇത് സ്ഥിരപ്പെടുത്തിയിരിക്കുന്നു.

ഇമാം നവവിയുടെ വീക്ഷണം ബുഖാരിയുടെ ഒരു ഹദീസ് സ്ഥിരപ്പെടുത്തിയതായി കാണാം. ഏതെല്ലാം നിബന്ധനകൾ വെച്ചിരുന്നുവോ അവയെല്ലാം ഒരുമിച്ച ഹദീസുകളാണ് മുകളിൽ പരാമർശിച്ചിരിക്കുന്നത്. മാത്രമല്ല അബൂസഈദ് (ﷺ) ന്റെ ഹദീസിൽ വ്യക്തമായി ഈ കാര്യം പ്രസ്താവിച്ചതുമല്ല. മറിച്ച് അതിൽ നിന്നും നാം മനസ്സിലാക്കുന്ന നിയമമത്രെ കുളിക്കേണ്ടതില്ല എന്നത്. എന്നാൽ അബൂഹുറൈറ (ﷺ) ൽ നിന്നുള്ള ഹദീസാണെങ്കിൽ കുളിക്കേണ്ടതാണെന്ന് ഖണ്ഡിതമായി പ്രഖ്യാപിക്കുകയും ചെയ്യുന്നു. അപ്പോൾ ഖണ്ഡിതമായി പരാമർശിച്ച ഹദീസിനാണ് നാം മുൻഗണന നൽകേണ്ടതും. മാത്രമല്ല.വിശുദ്ധ ഖുർആനിലെ കൽപനയുടെ പിൻബലവും കുളി നിർബന്ധമാണെന്ന വിഷയത്തിനാണ്.

﴿وَإِن كُنتُمْ جُنُبًا فَاطَّهَّرُوا﴾ [المائدة: ٦]

(നിങ്ങൾ വലിയ അശുദ്ധിയുള്ളവരായാൽ കുളിച്ചു ശുദ്ധി വരുത്തുക.)

ഇമാം ശാഫി (ﷺ) യുടെ വിശദീകരണം ഇപ്രകാരമാണ് ലൈംഗിക ബന്ധം നടന്നാൽ സ്ഖലനം ഉണ്ടായാലും ഇല്ലെങ്കിലും വലിയ അശുദ്ധിയുള്ളതായിട്ടായിരുന്നു അറബികൾ മനസ്സിലാക്കിയിരുന്നത്. ഒരാൾ ലൈംഗിക ബന്ധ ത്തിലേർപ്പെട്ടു എന്നു പറഞ്ഞാൽ പിന്നീട് സ്ഖലനം നടന്നുവോ എന്ന് ആരും ചോദിക്കാറുമില്ല. വ്യഭിചാര കുറ്റത്തിന് ശിക്ഷ നടപ്പാക്കുവാൻ സ്ഖലനം നടന്നുവോ എന്നതും പരിഗണിക്കാറില്ല. ഈ കാരണങ്ങൾ കൊണ്ടെല്ലാം തന്നെ ബന്ധം നടന്നു കഴിഞ്ഞാൽ കുളി നിർബന്ധമാണെന്നു വരുന്നു. അതിനാൽ തന്നെ ലൈംഗിക ബന്ധം നടന്ന ശേഷം കുളിക്കാതെ നമസ്കാരം നിർവ്വഹിച്ചാൽ അയാളുടെ നമസ്കാരം നിഷ്ഫലമാണ്.

**20** ചിലർ വലിയ അശുദ്ധിയിൽ നിന്ന് കുളിച്ചു ശുദ്ധിവരുത്തിയാൽ വസ്ത്രം ധരിക്കുന്നതിന് മുമ്പ് ഗുഹ്യാവയവങ്ങൾ സ്പർശിക്കുവാൻ ഇടവരികയും ശേഷം വുളൂഅ് ചെയ്യാതെ നമസ്കരിക്കുകയും ചെയ്യാറുണ്ട്. ഇതും ശരിയല്ല. കാരണം ജനനേന്ദ്രിയം സ്പർശിക്കുന്നതോടു കൂടി അയാളുടെ വുളൂഅ് മുറിയുന്നതാണ്. ജസ് ബിൻത് സ്വഫ്വാനിൽ (ﷺ) നിന്നു ഉദ്ധരിക്കുന്ന ഹദീസിൽ അവർ പറഞ്ഞു. നബി (ﷺ) പറഞ്ഞിരിക്കുന്നു. ജനനേന്ദ്രിയം സ്വപർശിച്ചാൽ വുളൂഅ് ചെയ്യട്ടെ. (മാലിക്, അഹ്മദ്, അഹ്ലുസുനനൻ,ഹാകിം)

അതിനാൽ വലിയ അശുദ്ധിയിൽ നിന്നും കുളിച്ച് ശുദ്ധി വരുത്തിയവൻ പിന്നീടു ഗുഹ്യഭാഗം സ്പർശിക്കുന്നത് സൂക്ഷിക്കട്ടെ. അങ്ങനെ സംഭവിച്ചാൽ വുളൂഅ് പുതുക്കൽ നിർബന്ധമാണ്.

**21** വുളൂഅ് ചെയ്യുമ്പോൾ എല്ലാ അംഗങ്ങളും മൂന്ന് പ്രാവശ്യം കഴുകൽ നിർബന്ധമാണെന്ന വിശ്വാസവും അടിസ്ഥാനരഹിതമാണ്. കാരണം ബുഖാരിയിൽ വുളുവിന്റെ അദ്ധ്യായത്തിൽ ഓരോ പ്രാവശ്യം വുളുവിൽ അംഗങ്ങൾ കഴുകൽ, ഈ രണ്ടു പ്രാവശ്യം കഴുകൽ, മൂന്നു പ്രാവശ്യം വീതം കഴുകൽ എന്നിങ്ങിനെ പ്രത്യേകം ബാബുകൾ തന്നെ കാണാവുന്നാണ്.

ആദ്യത്തെ അദ്ധ്യായത്തിൽ ഇബ്നു അബ്ബാസിൽ നിന്നു ഉദ്ധരിക്കുന്ന ഹദീസിൽ അദ്ദേഹം പറഞ്ഞു. (നബി (ﷺ) ഓരോ വട്ടം കഴുകി വുളു ചെയ്യാറുണ്ടായിരുന്നു.)

രണ്ടാമത്തെ അദ്ധ്യായത്തിൽ അബ്ദുല്ല ഇബ്നു സൈദിൻ നിന്നുദ്ധരിക്കുന്ന ഹദീസിൽ രണ്ടു പ്രാവശ്യം വീതം നബി (ﷺ) കഴുകി എന്നും. അടുത്ത അദ്ധ്യായത്തിൽ ഉസ്മാൻ ഇബ്നു അഫാനി (رضي الله عنه) ൽ നിന്നുദ്ധരിക്കുന്ന ഹദീസിൽ മൂന്നു പ്രാവശ്യം വീതം കഴുകി എന്നും കാണാ

വുന്നതാണ്. അതിനാൽ തന്നെ അപ്രകാരമെല്ലാം വുളു വിൽ കഴുകാവുന്നതാണ്.

## 22 മൂന്നു പ്രാവശ്യത്തേക്കാൾ കൂടുതൽ വർദ്ധിപ്പിക്കൽ.

ചിലരുടെ വിശ്വാസം മൂന്നു പ്രാവശ്യത്തേക്കാൾ വർദ്ധിപ്പിക്കുന്നതിനനുസരിച്ച് കൂടുതൽ പ്രതിഫലം ലഭിക്കുമെന്നാണ്. ഈ വിശ്വാസം പൈശാചികമാണ്.കാരണം നമ്മുടെ കർമ്മങ്ങൾ മത നിർദ്ദേശങ്ങൾക്കനുസരിച്ചായിരിക്കൽ നിർബന്ധമാണ്. അല്ലാത്തവ തിരസ്കരിക്കുമെന്ന് നബി (ﷺ) പറഞ്ഞിരിക്കുന്നു. (من أحدث في أمرنا هذا ما ليس فيه فهو رد) (നമ്മുടെ കൽപനയില്ലാത്ത കാര്യം ഈ കാര്യത്തിൽ ആരെങ്കിലും പുതുതായി കൊണ്ടുവന്നാൽ അവ തിരസ്കരിക്കുക.) (ബുഖാരി, മുസ്ലിം)

മുസ്ലിമിന്റെ ഒരു റിപ്പോർട്ടിൽ (من عمل عملا ليس عليه أمرنا فهو رد) (നമ്മുടെ കൽപനയില്ലാത്ത ഒരു കാര്യം ആരെ ങ്കിലും ചെയ്താൽ അത് തള്ളപ്പെടേണ്ടതാണ് എന്നാണു ള്ളത്.)

## 23 സംസം വെള്ളം കൊണ്ടു വുളൂഅ് ചെയ്യാൻ മടിക്കുകയും പകരം തയമ്മം ചെയ്യുകയും ചെയ്യൽ.

സംസം വെള്ളത്തിനുള്ള ശ്രേഷ്ഠത കാരണം പലരും ആ വെള്ളം കൊണ്ടു വുളൂഅ് ചെയ്യാൻ മടിക്കുന്നു. പകരം തന്റെ അടുത്ത് വെള്ളം ഉണ്ടായിരിക്കെ തന്നെ തയമ്മം ചെയ്തു നമസ്കരിക്കുന്നു ഇത് ഖണ്ഡിതമായ തെളിവുകൾക്ക് എതിരാകുന്നു. അല്ലാഹു പറഞ്ഞിരിക്കു ന്നു ﴿فَلَمْ تَجِدُوا۟ مَآءً فَتَيَمَّمُوا۟ صَعِيدًا طَيِّبًا﴾ (നിങ്ങൾക്ക് വെള്ളം കിട്ടിയില്ലെങ്കിൽ ശുദ്ധമായ ഭൂമുഖം തേടികൊള്ളുക.) മാഇദ-6

ഇവിടെ വെള്ളം ലഭിക്കാതിരിക്കുകയോ വെള്ളം ഉപയോഗിക്കുവാൻ സാധിക്കാതിരിക്കുകയോ ചെയ്താൽ തയമ്മം ചെയ്യുവാൻ അല്ലാഹു ഇളവ് അനുവദിച്ചിരിക്കു

ന്നു. എന്നാൽ ഇവിടെ സംസംവെള്ളമെന്നോ മറ്റോ അതിൽ നിന്ന് ഒഴിവാക്കിയിട്ടില്ല. മാത്രമല്ല സംസംവെള്ളം കൊണ്ട് വുളൂഅ് അനുവദനീയമാണെന്നതിന് മറ്റ് ഹദീസു കളുടെ പിൻബലവും കാണാവുന്നതാണ്. ഇമാം അഹ്മദ് തന്റെ മുസ്നദിൽ അലി (ﷺ) യിൽ നിന്ന് ഉദ്ധരിക്കുന്ന ഒരു ഹദീസിൽ നബി (ﷺ) യുടെ ഹജ്ജിന്റെ രൂപം വിവരിക്കുന്ന തിപ്രകാരമാണ്.പിന്നീട് അവിടുന്ന് ത്വവാഫുൽ ഇഫാള നിർവ്വഹിച്ചു ഒരു പാത്രം വെള്ളം ആവശ്യപ്പെടുകയും അതു കുടിക്കുകയും അതുകൊണ്ട് വുളൂഅ് ചെയ്യുകയും ചെയ്തു. സൻഹാനിയുടെ വീക്ഷണം കാണുക,ഈ ഹദീസിൽ നിന്ന് സംസം വെള്ളം കുടിക്കലും അതു കൊണ്ട് വുളൂഅ് ചെയ്യലും സുന്നത്താണെന്ന് മനസ്സിലാ ക്കാം. ഫതാഅൽ ഫത്ഹുറബ്ബാനി 11/86

**ശൈഖ് ഇബ്നു ബാസ് സംസം വെള്ളത്തിന്റെ ശ്രേഷ്ഠതയെ കുറിച്ച് പറഞ്ഞത് കാണുക.**

(സംസം വെള്ളത്തിന്റെ സവിശേഷതകളെ കുറിച്ചു ഇബ്നു ബാസ് (رحمه الله) നോട് ചോദിച്ചപ്പോൾ അദ്ദേഹം മറുപടി നൽകിയതിന്റെ ചുരുക്കം ഇപ്രകാരമാണ്. സംസം വെള്ളം കൊണ്ട് വുളൂഅ് ചെയ്യുന്നതിനും വിസർജ്ജന ശേഷം ശുദ്ധിയാക്കുന്നതിനും വലിയ അശുദ്ധിയിൽ നിന്ന് ശുദ്ധി യാക്കുന്നതിനും അനുവദിച്ചിരിക്കുന്നു. നബി (ﷺ) യിൽ നിന്നു സ്ഥിരപ്പെട്ടുവന്ന ഹദീസിൽ ഇപ്രകാരം കാണാം. അവിടുത്തെ വിരലുകൾക്കിടയിൽ നിന്നും വെള്ളം ഉറവെ ടുക്കുകയും ആ വെള്ളം കൊണ്ട് ജനങ്ങൾ അവരുടെ ആവശ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്തു. അവർ കുടി ക്കുകയും, കുളിക്കുകയും വസ്ത്രം ശുദ്ധിയാക്കുകയും, വുളു എടുക്കുകയുമുണ്ടായി. സംസം വെള്ളത്തെ പോലെ വിശുദ്ധമായിരിക്കുമല്ലോ വിരൽ തുമ്പുകളിൽ കൂടി പ്രവ ഹിച്ച ഈ വെള്ളത്തിന്റെ സവിശേഷതയും. ആ വെള്ളം കൊണ്ടു പോലും വുളൂഅ് എടുക്കുകയും വസ്ത്രം അല

ക്കുകയും ശുദ്ധീകരിക്കുകയും ചെയ്തുവെങ്കിൽ സംസം വെള്ളം കൊണ്ടും അങ്ങനെ ചെയ്യുന്നതിന് വിരോധമില്ല. (ഹജ്ജ് ഉംറ സിയാറയുമായി ബന്ധപ്പെട്ട ഫത്‌വകൾ പേജ് 123,122)

24 സ്ത്രീകൾ അവരുടെ മാസ കുളികളിൽ നിന്ന് ശുദ്ധിയാവുന്നത് ഏതെങ്കിലും ഒരു നമസ്കാരത്തിന്റെ സമയം കഴിയുന്നതിന് തൊട്ടു മുമ്പ് അഥവാ സമയത്തിന്റെ അവസാനത്തിൽ - ആണങ്കിലും കുളിച്ചു ശുദ്ധിവരുത്താൻ താമസിക്കുന്നു.

ശൈഖ് മുഹമ്മദ് ഉഥൈമീൻ ഈ വിഷയത്തിൽ നൽകിയ ഫത്‌വാ ഇപ്രകാരമാണ്.

(ചില സ്ത്രീകൾ നമസ്കാരസമയത്തിന്റെ ഇടയിൽ ശുദ്ധീയായാലും കുളിക്കാതെ പിന്തിപ്പിക്കുകയും വേണ്ടപോലെ കുളിച്ചു ശുദ്ധിവരുത്തുവാൻ മാത്രമുള്ള സമയം ലഭിക്കുകയില്ലെന്ന് പറയുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ ഇത് ഒഴികിഴിവോ ശരിയായ രീതിയോ അല്ല. മറിച്ച്, അവർ ചെയ്യേണ്ടത് പരിമിതമായ സമയമുള്ളു എങ്കിലും കുളിയുടെ നിർബന്ധം നിർവ്വഹിച്ച ശേഷം നമസ്കരിക്കലാണ്. പിന്നീട് സമയം ലഭിക്കുമ്പോൾ അവൾ വേണമെങ്കിൽ നന്നായി കുളിക്കുകയും ചെയ്യട്ടെ.)

## 25 ബാത്ത് റൂമുകളുടെ ടെറസിനു പുറത്ത് നമസ്കരിക്കുവാൻ ചിലർ പ്രയാസപ്പെടുന്നു. ഇത് ശരിയല്ല.

ഇതിനെ കുറിച്ച് ഇബ്നു ബാസ് (ﷺ) യോടു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞതിന്റെ ചുരുക്കമിതമാണ്. (നബി (ﷺ) പറഞ്ഞ ഒരു ഹദീസിൽ (جعلت لي الأرض مسجدا وطهورا) (ഭൂമി മുഴുവനും എനിക്ക് പള്ളിയും ശുദ്ധീകരിക്കാൻ പര്യാപ്തവും ആക്കിയിരിക്കുന്നു.) എന്നു കാണാം. ഇതിൽ

നിന്നും പ്രത്യക്ഷത്തിൽ മനസ്സിലാവുന്നതും പണ്ഡിത മതവും ബാത്ത് റൂമുകളുടെ ടെറസിൻ പുറങ്ങളിൽ നമസ്കരിക്കുന്നത് ശരിയാവും എന്നത്രെ. (അദ്ദഅവ മാഗസിൻ 1662–7–3–1409)

## 26 ചിലർ കുളിക്കുമ്പോൾ തലയിൽ വെള്ളം തടയുന്ന രൂപത്തിലുള്ള തൊപ്പി – ടോപ്പ് ധരിക്കുന്നു.

ഇപ്രകാരം ചെയ്യാൻ കാരണം തങ്ങളുടെ മുടിയുടെ ഭംഗി നഷ്ടപ്പെടുമെന്നോ തിങ്ങിയ മുടി കാരണം വെള്ളം ഉണങ്ങില്ലെന്നോ മറ്റോ വിചാരിച്ചുകൊണ്ടാണ്. എന്നാൽ ഇപ്രകാരം കുളിക്കുന്നത് കൊണ്ട് കുളി പൂർണ്ണമാകില്ല. കാരണം വെള്ളം ചേരുന്നതിനെ ആ തൊപ്പി മറക്കുകയാണ്. അതിനാൽ തന്നെ കുളി ശരിയാവുകയില്ല.

## സ്ത്രീകളുമായി ബന്ധപ്പെടുന്ന കാര്യങ്ങൾ

**27** ചില സ്ത്രീകൾ നമസ്കാരസമയം കഴിയുന്നതിനു മുമ്പായി ശുദ്ധിയായാലും ആ നമസ്കാരം നിർവ്വഹിക്കാതെ അടുത്ത നമസ്കാരം വരെ കാത്തിരിക്കുന്നു. ഇത് അജ്ഞതയാണ്. മറിച്ച് അവൾ ശുദ്ധിയായ സമയത്തുള്ള നമസ്കാരം നിർവ്വഹിക്കൽ അവൾക്ക് നിർബന്ധമാണ്.

ശൈഖ് ഉസൈമീൻ (ﷺ) ഇതിനെ കുറിച്ചു നൽകിയ ഫത്‌വയിൽ അദ്ദേഹം പറഞ്ഞത് ഇപ്രകാരമാണ്. ഒരു റക്അത്തോ കൂടുതലോ നമസ്കരിക്കാനുള്ള സമയം അവശേഷിക്കുമ്പോഴാണ് ഒരു സ്ത്രീ ശുദ്ധിയാവുന്നതെങ്കിൽ ആ നമസ്കാരം നിർവ്വഹിക്കൽ അവൾക്ക് നിർബന്ധമാണ്. കാരണം നബി(ﷺ)പറഞ്ഞിരിക്കുന്നു. സൂര്യൻ അസ്തമിക്കുന്നതിന് മുമ്പായി അസർ നമസ്കാരത്തിലെ ഒരു റകഅത്തെങ്കിലും ഒരാൾക്ക് നിർവ്വഹിക്കാൻ കഴിഞ്ഞാൽ അയാൾക്ക് അസർ നമസ്കാരം ലഭിച്ചിരിക്കുന്നു.(ബുഖാരി മുസ്ലിം)

ഒരാൾ ശുദ്ധിയാവുന്നത് അസർ നമസ്കാര സമ

യത്തോ സൂര്യൻ ഉദിക്കുന്നതിനുമുമ്പോ ആണെന്ന് കരുതുക. ആ സൂര്യാസ്തമയത്തിന് മുമ്പോ, സൂര്യൻ ഉദിക്കുന്നതിന് മുമ്പോ ആയി ഒരു റകഅത്തെങ്കിലും നമസ്കരിക്കുവാനുള്ള സമയം അവശേഷിക്കുക കൂടി ചെയ്യുന്നുണ്ടെങ്കിൽ അസറും, സുബഹിയും അവർ നമസ്കരിക്കൽ നിർബന്ധമാണ്. (സ്ത്രീകൾക്കുള്ള ഫത്‌വകൾ പേജ് 25-)

**28** ചില സഹോദരിമാർക്ക് മാസമുറയുടെ തുടക്കം നമസ്കാരത്തിന്റെ സമയം ആയി കുറച്ച് കഴിഞ്ഞശേഷമായേക്കാം, പക്ഷെ അവൾ നമസ്കാരം നിർവ്വഹിച്ചിട്ടുണ്ടായിരിക്കില്ല. എന്നാൽ മാസമുറയിൽ നിന്ന് ശുദ്ധിയായ ശേഷം അവൾക്ക് നിർബന്ധമുണ്ടായിരുന്ന ആ നമസ്കാരം അവൾ ഖളാഅ് ചെയ്തിരിക്കൽ നിർബന്ധമാണ്.

ഉസൈമീൻ (ﷺ) ഈ വിഷയത്തെ കുറിച്ചു പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്.സൂര്യൻ മധ്യത്തിൽ നിന്നും തെറ്റി കുറച്ചുകഴിഞ്ഞ ശേഷമാണ് ഒരു സ്ത്രീക്ക് മാസമുറയുണ്ടായത് എങ്കിൽ അവൾ ശുദ്ധിയായ ശേഷം ആ നമസ്കാരം (ളുഹർ) നിർവ്വഹിക്കൽ അവൾക്ക് നിർബന്ധമത്രെ. കാരണം അവൾ ശുദ്ധിയുണ്ടായിരിക്കെ നമസ്കാരത്തിന്റെ സമയം ആവുകയും അതിൽ അവൾ പിന്തിപ്പിച്ചതിനാൽ അ ശുദ്ധിയുണ്ടാവുകയും ചെയ്തതാണ്. അതിനാൽ തന്നെ ആ നമസ്കാരം അവൾക്ക് നിർബന്ധമായിരുന്നതാണല്ലോ? നമസ്കാരം അതിന്റെ സമയത്തുതന്നെ ചെയ്യൽ നിർബന്ധവുമാണ്.അല്ലാഹു പറഞ്ഞിരിക്കുന്നു.

﴿إِنَّ ٱلصَّلَوٰةَ كَانَتۡ عَلَى ٱلۡمُؤۡمِنِينَ كِتَٰبٗا مَّوۡقُوتٗا﴾ [النساء: ١٠٣]

(നിശ്ചയം നമസ്കാരം വിശ്വാസികൾക്ക് സമയം നിശ്ചയിക്കപ്പെട്ട ഫർളാകുന്നു.) നിസാഅ് 103

**29** ചില സ്ത്രീകൾ ലൈംഗികബന്ധം നടന്നു കഴിഞ്ഞാലും മാസമുറയിൽ നിന്ന് രാത്രി ശുദ്ധിയായാലും കുളിക്കുവാൻ വേണ്ടി പുലരുന്നതു വരെയും കാത്തിരിക്കു

ന്നു. പിന്നീട് സൂര്യോദയത്തിന് ശേഷം അവർ കുളിച്ചു നമസ്കാരം നിർവ്വഹിക്കുന്നു. ഇത് നിഷിദ്ധമത്രെ.

യഥാർത്ഥത്തിൽ അവൾ കുളിക്കുവാൻ ധൃതികാണിക്കുകയും സൂര്യോദയത്തിന് മുമ്പായിതന്നെ നമസ്കരിക്കുകയും ചെയ്യേണ്ടതാണ്. കാരണം ബോധപൂർവ്വം നമസ്കാരത്തെ അതിന്റെ സമയത്തെ തൊട്ടു പിന്തിപ്പിക്കൽ അനുവദനീയമല്ല. അത് മഹാപാപങ്ങളിൽ പെട്ടതുമാണ്. ഭർത്താവ് അറിഞ്ഞു കൊണ്ടാണ് ഇങ്ങിനെ ചെയ്യുന്നതെങ്കിൽ കുറ്റത്തിൽ അവനും പങ്കുകാരനാണ്. എന്നാൽ അവൾ ഇതിനെ കുറിച്ച് അറിയാത്തവളാണെങ്കിൽ ഈ പാപത്തിനും (അറിവ് നേടാത്തതിന്) അവൾ അർഹയാണ്.

## 30 ശൈത്യകാലത്ത് മാത്രമേ ഖുഫയിൽ തടയാൻ പാടുള്ളു എന്ന ധാരണ.

ഇത് ശരിയല്ല ഖുഫയിൽ തടവുക എന്നത് ഇളവു ഏതെങ്കിലും ഒരു പ്രത്യേക കാലാവസ്ഥയുമായി ബന്ധപ്പെട്ടു കൊണ്ടുള്ളതല്ല. പൊതുവിൽ ഈ വിഷയത്തിൽ വന്ന ഹദീസുൽ കാണുന്നത് യാത്രക്കാർക്ക് മൂന്നു ദിവസവും, നാട്ടിൽ തന്നെ താമസിക്കുന്നവർക്ക് ഒരു ദിവസവും തടവാം. എന്നാകുന്നു.) മുസ്ലിം.

ഈ വിഷയത്തിൽ ഇബ്നു അബ്ബാസിന്റെ വീക്ഷണം ഇങ്ങനെയാണ്. ഖുഫയിലും സോക്സുകളിലും തടവുന്ന ഇളവുമായി ബന്ധപ്പെട്ട ഹദീസുകളിൽ നിന്ന് പൊതുവെ നമുക്ക് മനസ്സിലാവുന്നത് അത് ഏതെങ്കിലും ഒരു കാലവസ്ഥയുമായി ബന്ധിക്കാവുന്ന യാതൊരു തെളിവും ഞാൻ കണ്ടിട്ടില്ല. എന്നാൽ ഖുഫയിലും സോക്സുകളിലും തടവണമെങ്കിൽ അതിന് ഉണ്ടായിരിക്കേണ്ട നിബന്ധനകൾ പൂർണ്ണമായും പാലിക്കൽ നിർബന്ധമാണ്. ശുദ്ധിയോടുകൂടി ധരിക്കുക, നിർബന്ധമായും കഴുകേണ്ട ഭാഗങ്ങൾ മറയുന്നതായിരിക്കുക എന്നിവ അതിന്റെ നിബന്ധനകളിൽ പെട്ടതത്രെ. നിശ്ചയിക്കപ്പെട്ട പരിധിയിൽ കൂടുതൽ

ആകാതിരിക്കുകയും വേണം.അഥവാ യാത്രക്കാർക്ക് മൂന്നു ദിവസവും നാട്ടിൽ താമസിക്കുന്നവനാണെങ്കിൽ ഒരു ദിവസവുമാണ് പരിധി. (അദ്ദഅവ 951)

**31** ചിലർ വുളുവിൽ നിന്നും വിരമിച്ചാൽ (മിൻ സംസം) എന്ന് പറഞ്ഞു പ്രാർത്ഥിക്കുന്നു. ഇങ്ങനെ ഒരു പ്രാർത്ഥന നബി(ﷺ) യിൽ നിന്നും സ്ഥിരപ്പെട്ട് വന്നിട്ടില്ല. അതിനാൽ തന്നെ അത് ദുരാചാരമാണ്.

എന്നാൽ വുളൂവിൽ നിന്ന് വിരമിച്ചാൽ നബി(ﷺ) യിൽ നിന്ന് സ്ഥിരപ്പെട്ടു വന്ന പ്രാർത്ഥനകൾ ചൊല്ലൽ സുന്നത്താണ്. അതിൽ പെട്ടതാണ്.

«ما منكم من أحد يتوضأ فيسبغ الوضوء ثم يقول أشهد أن لا إله إلا الله وحده لا شريك له وأشهد أن محمدا عبده ورسوله إلا فتحت له أبواب الجنة الثمانية يدخل من أيها شاء». رواه احمد ومسلم وأبو داود

(അല്ലാഹുവല്ലാതെ ആരാധ്യനില്ല. അവൻ ഏകനാണ്. അവന് പങ്കുകാരില്ല എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. നിശ്ചയം മുഹമ്മദ് അല്ലാഹുവിന്റെ ദാസനും ദൂതനുമാണ് എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു) പൂർണ്ണമായ രീതി യിൽ വുളൂഅ് ചെയ്ത് ഇപ്രകാരം ആരെങ്കിലും പ്രാർത്ഥി ക്കുന്നുവെങ്കിൽ സ്വർഗ്ഗത്തിന്റെ എട്ടുവാതിലുകളും അയാ ൾക്കു വേണ്ടി തുറക്കപ്പെടും അതിൽ നിന്ന് ഇഷ്ടമുള്ള തിൽ കൂടി അയാൾക്ക് പ്രവേശിക്കുന്നതാണ്.എന്ന പ്രാർ ത്ഥന (മുസ്ലിം,അബൂദാവൂദ്)തിർമുദിയുടെ റിപ്പോർട്ടിൽ (اللهم اجعلني من التوابين واجعلني من المتطهرين) (അല്ലാഹുവെ എന്നെ നീ പശ്ചാതപിക്കവരുടെയും ശുദ്ധിയുള്ളവരു ടെയും കൂട്ടത്തിൽ ഉൾപ്പെടുത്തേണമേ.) എന്നു കൂടിയു ണ്ട്.

**32** ചിലർ വുളൂവിൽ തല തടവുന്ന സമയത്ത് തലയുടെ മുൻഭാഗം മാത്രം തടവുകയോ,തലയുടെ പകുതിവരെ തടവി അവസാനിപ്പിക്കുകയോ ചെയ്യുന്നു.അതുകൊണ്ട് തലതടവൽ സമ്പൂർണ്ണമാണെന്ന് വിശ്വസിക്കുകയും ചെയ്യു

ന്നു. ഇത് ശരിയായ രീതിയല്ല. അത് അപൂർണ്ണവുമാണ്. തലമുഴുവനും തടവണം എന്നാണ് ഖുർആൻ കൽപിക്കുന്നത്. ﴿وَامْسَحُوا بِرُءُوسِكُمْ﴾ (നിങ്ങൾ തല തടവുകയും ചെയ്യുക) മാഇദ 6

ഇതിന്നർത്ഥം തല മുഴുവൻ തടവണമെന്നും സ്വൽപം തടവിയാൽ പോരാ എന്നുമത്രെ. മുഹമ്മദ് ബ്നു ഇബ്റാഹീം, പറഞ്ഞിരിക്കുന്നു. ഏറ്റവും ശരിയായിരിക്കുന്നത് തല മുഴുവനും തടവുക എന്നതത്രെ. പ്രസ്തുത സൂക്തത്തിലെ (ബി) എന്ന അക്ഷരം അൽപം എന്ന അർത്ഥത്തിനുള്ളതല്ല. അങ്ങിനെ അറബികൾ അത് മനസിലാക്കിയിട്ടുമില്ല. മാത്രമല്ല, നബി(ﷺ)യുടെ സുന്നത്താവട്ടെ തലമുഴുവനായി തടവലുമായിരുന്നു.(ഫതാവാ ശൈഖ് മുഹമ്മദ് ബ്നു ഇബ്റാഹീം 2-62)

**33** ശുദ്ധീകരണത്തിന്റെ കാര്യത്തിൽ പിശാചിന്റെ ചതിയിൽ അകപ്പെടുകയും വസ്വാസുകളാൽ ബുദ്ധിമുട്ടുകയും ചെയ്യുന്ന ചിലർ കാണപ്പെടാറുണ്ട്. ഇതിൽ പെട്ടതാണ് മൂത്രിച്ചശേഷം ശുദ്ധി വരുത്തു വാനായി പ്രായാസപ്പെടുക എന്നത്. മൂത്രത്തിന്റെ തുള്ളികൾ ഉണ്ടാവാൻ സാധ്യതയുണ്ട് എന്ന വസ്വാസുകാരണം ഇത്തരം ആളുകൾ വളരെയധികം ഞെരുങ്ങുകയും വളെരെ ബുദ്ധിമുട്ടുകയും ചെയ്യും അവസാനം ശുദ്ധീകരിക്കുന്നു.

**34** ചിലർ മുഖം കഴുകുമ്പോൾ പൂർണ്ണമായും കഴുകാറില്ല. ഇങ്ങിനെ അപൂർണ്ണമായ രൂപത്തിൽ വുളൂഅ് ചെയ്താൽ അത് ശരിയാവുകയില്ല.

മുഖം എന്നു പറയുന്നത് നെറ്റിയുടെ മുകൾഭാഗം തലയിൽ മുടിമുളക്കുന്ന മുതൽ താടിയെല്ലിന്റെ അറ്റംവരെ നീളത്തിലും ഒരു ചെവിക്കുറ്റി മുതൽ മറ്റേ ചെവിക്കുറ്റി വരെ വീതിയിലുമുള്ള ഭാഗങ്ങളാണ്. നബി(ﷺ)യുടെ വുളു

വിന്റെ രൂപം വിവരിക്കുന്ന ഹദീസിൽ മുഖം പൂർണ്ണാർ ത്ഥത്തിൽ കഴുകി എന്നാണുള്ളത് മുഖത്തിന്റെ മുൻഭാഗം മാത്രം കഴുകി അവസാനിപ്പിക്കാറില്ലായിരുന്നു.

**35** ചിലർ വുളു ചെയ്തശേഷം നഖം മുറിക്കുകയോ, മുടി മുറിക്കുകയോ ചെയ്താൽ വുളു നഷ്ടപ്പെടുമോ എന്ന് സംശയിക്കാറുണ്ട്. ഇത് ശരിയല്ല.

ഉസൈമീൻ (ﷺ) ഈ വിഷയത്തിൽ നൽകിയ ഫത്വ ഇപ്രകാരമായിരുന്നു.(മുടി നീക്കുന്നതുകൊണ്ടോ നഖമോ ചർമ്മവോ നീക്കുന്നതു കൊണ്ടോ വുളൂവിനെ ബാധിക്കുകയില്ല) ഹറം ശരീഫിലെ ഫത്വ

**36** ചിലർ വുളൂഅ് ചെയ്ത ശേഷം അവരുടെ വസ്ത്ര ത്തിലോ ശരീരത്തിലോ വല്ല മാലിന്യങ്ങളുമായാൽ അതു കഴുകി ശുദ്ധിയാക്കുന്നതോടൊപം വുളു വീണ്ടും പുതുക്ക ണമെന്നും വിശ്വസിക്കുന്നു. ഇത് തെറ്റായ ധാരണയാണ്. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ വുളൂഅ് പുതുക്കേണ്ട ആവ ശ്യമില്ല. മറിച്ചു മാലിന്യങ്ങൾ നീക്കിയാൽ മാത്രം മതിയാ വുന്നതാണ്.

സ്വാലിഹ് ഫൗസാ(ﷺ)ന്റെ ഫത്വ ഈ കാര്യത്തി ലേക്ക് കൂടുതൽ വെളിച്ചം വീശുന്നതാണ്. അദ്ദേഹം പറ ഞ്ഞു. (ഒരാൾ വുളൂഅ് ചെയ്ത ശേഷം വസ്ത്രത്തിലോ, ശരീരത്തിലോ വല്ല മാലിന്യവും ആയാൽ അതു കൊണ്ട് അയാളുടെ വുളുഇനെ ബാധിക്കുകയില്ല. കാരണം വുളു മുറിയുന്ന കാര്യങ്ങളൊന്നും അതുകൊണ്ട് ഉണ്ടാവുന്നില്ല. അതിനാൽ തന്റെ പ്രസ്തുത മാലിന്യം അയാൾ കഴുകി ശുദ്ധിയാക്കിയാൽ മതിയായിരിക്കും. (ഫതാവാ നൂറുൻ അലദ്ദർബ് 107)

**37** ചില സ്ത്രീകൾ പ്രസവത്തോടനുബന്ധിച്ച് ശുദ്ധിയാ യാലും നാൽപതു ദിവസം വരെ നോമ്പും നമസ്കാരവും

ഉപേക്ഷിക്കുന്നു, ഇത് ശരിയായ പ്രവണതയല്ല. യഥാർത്ഥ ത്തിൽ നാൽപതു ദിവസം പൂർത്തിയായാലും ഇല്ലെങ്കിലും എപ്പോഴാണോ അവൾ ശുദ്ധിയാവുന്നത് അപ്പോൾ മുതൽ തന്നെ അവൾ നമസ്കാരവും നോമ്പും അനുഷ്ഠിക്കേണ്ട താണ്. ഇബ്നു ബാസിനോട് ഈ വിഷയത്തെ കുറിച്ചു ചോദിച്ചപ്പോൾ അദ്ദേഹം നൽകിയ മറുപടി ഇപ്രകാരമായി രുന്നു.

**ചോദ്യം?** പ്രസവിച്ച സ്ത്രീ നാൽപതു ദിവസം പൂർത്തി യാവുന്നതിനു മുമ്പു തന്നെ ശുദ്ധിയാവുന്ന പക്ഷം നമ സ്കാരം,നോമ്പു പോലുള്ള ആരാധന ചെയ്യുന്നതിന് അനു വദനീയമുണ്ടോ?

**ഉത്തരം:** അതെ, അവൾ നമസ്കരിക്കുകയും നോമ്പനു ഷ്ഠിക്കുകയും ചെയ്യണം. ഹജ്ജും ഉംറയും അവൾക്ക് അനുവദനീയമാണ്. ഭർത്താവിന് അവളുമായി സംസർഗ്ഗം നടത്താവുന്നതുമാണ്. അവൾ ഇരുപത് ദിവസം കഴി ഞ്ഞാണ് ശുദ്ധിയാവുന്നതെങ്കിലും കുളിച്ച് ശുദ്ധിയായി ആരാധനകൾ അനുഷ്ഠിക്കേണ്ടതാണ്. എന്നാൽ ഈ വിഷ യത്തിൽ ഉസ്മാൻ ഇബ്നു അബുൽ ആസ്വിൽനിന്നും ഉദ്ധ രിക്കുന്ന ഒരു റിപ്പോർട്ടിൽ അദ്ദേഹം സ്ത്രീ പുരുഷബന്ധം വെറുത്തിരുന്നു. എന്നു കാണുന്നു. പക്ഷെ അത് അദ്ദേഹ ത്തിന്റെ സ്വാഭിപ്രായവും പരിശുദ്ധി ഉദ്ദേശിച്ചും ചെയ്യുന്ന തായിരിക്കണം. അതിന് തെളിവുകളുടെ പിമ്പലമുള്ളതായി അറിയില്ല. അങ്ങിനെ ശുദ്ധിയായശേഷം വീണ്ടും രക്ത സ്രാവം കാണപ്പെട്ടു എന്നു സങ്കൽപിക്കുക. എന്നാലും ശുദ്ധികാലങ്ങളിൽ അനുഷ്ഠിച്ച പുണ്യകർമ്മങ്ങൾ സ്വീകാ ര്യമാണ്.) കിതാബുദ്ദഅവ 43,44.

**38** ചിലർ ജമാഅത്തായുള്ള നമസ്കാരം നഷ്ടപ്പെടും എന്നു കണ്ടാൽ വലിയതും ചെറിയതുമായ അശുദ്ധി കൾക്ക് പകരമായി പെട്ടെന്ന് തയമ്മം ചെയ്തു ജമാഅത്ത് നമസ്കാരത്തിൽ പങ്കെടുക്കുന്നു.കുളിക്കുവാനോ,വുളൂഅ്

ചെയ്യുവാനോ തുടങ്ങിയാൽ ജമാഅത്ത് നഷ്ടപ്പെടുമെന്ന് അയാൾ ഭയപ്പെടുകയും ചെയ്യുന്നു. എങ്കിലും കുളിക്കാതെയും വുളൂഅ് ചെയ്യാതെയും അയാൾ നമസ്കരിക്കാൻ പാടില്ല. കാരണം ജമാഅത്ത് നഷ്ടപ്പെടുക എന്നത് തയമ്മം ചെയ്യാനുള്ള കാരണമല്ല. മറിച്ച് ഖുർആൻ പറയുന്നത് നിങ്ങൾക്ക് വെള്ളം കിട്ടിയിട്ടില്ലെങ്കിൽ ശുദ്ധമായ ഉപരിതലം തേടുക. എന്നാണ്-മാഇദ 43

ഈ വിഷയത്തിൽ ഫത്‌വാബോർഡ് നൽകിയ വിശദീകണത്തിന്റെ സംക്ഷിപ്തം ഇപ്രകാരമാണ്. (വലിയ അശുദ്ധിയുള്ളവർ കുളിക്കുകയും വുളൂ ഇല്ലാത്തവർ അത് ചെയ്യുകയും പിന്നീടു നമസ്കരിക്കുകയുമാണ് വേണ്ടത്. ജമാഅത്ത് നഷ്ടപ്പെടുമെന്ന് ഭയപ്പെട്ടാലും തയമ്മം ചെയ്തു നമസ്കരിക്കാൻ പാടില്ല.)

**39** ദുർഗന്ധം വമിക്കുന്ന വെള്ളം ഉപയോഗിച്ച് നനച്ചുണ്ടാക്കുന്ന തോട്ടങ്ങളിൽ ആയിരിക്കെ നമസ്കാരസമയമായാൽ അവിടെ നമസ്കരിക്കൽ.

ഇതിനെ കുറിച്ചു ഇബ്നുബാസ് (ﷺ) ഫത്‌വ ദുർഗന്ധം വമിക്കുന്ന വെള്ളമുള്ള സ്ഥലത്തു നമസ്കാരം നിർവ്വഹിക്കുന്നത് ശരിയല്ല. കാരണം നമസ്കാരം നിർവ്വഹിക്കുന്ന സ്ഥലം ശുദ്ധിയുള്ളതായിരിക്കണം. എന്നാൽ അത്തരം പ്രദേരങ്ങളിൽ അതു മാച്ചുകളയുന്ന രൂപത്തിലുള്ള വല്ല മറ (സജാദ,മുസ്വല്ലപോലുള്ളത്) ഇട്ടാൽ നമസ്കാരം സ്വീകാര്യമത്രെ. (മജല്ലത്തു ദഅ്‌വ 1270-36-5 -1411-6-13)

# നമസ്കാരത്തിൽ സംഭവിക്കാവുന്ന അബദ്ധങ്ങൾ

## 1 നിയ്യത്ത് ഉറക്കെ പറയൽ

നമസ്കാരത്തിന്റെ തുടക്കത്തിൽ നിയ്യത്ത് ഉറക്കെ പറയുന്ന രീതി ശരിയല്ല.ഇതിനെ സംബന്ധിച്ച് വുളുവിനെ കുറിച്ച് പറഞ്ഞപ്പോൾ വിവരിച്ച കാര്യങ്ങൾ ഇവിടെ സ്മരിക്കുക.

## 2 പ്രാരംഭ പ്രാർത്ഥനയിൽ നീയല്ലാതെ ആരാധ്യനില്ല (لا معبود سواك) എന്നുകൂടി വർദ്ധിപ്പിക്കൽ.

ഇത് സുന്നത്തിൽ സ്ഥിരപ്പെട്ടുവന്നതിനെക്കാൾ വർദ്ധിപ്പിക്കലാണ്. ഹദീസിൽ സ്ഥിരപ്പെട്ടു വന്നതിപ്രകാരമാണ് .. (سبحانك اللهم وبحمدك وتبارك اسمك وتعالى جدك ولا إله غيرك) എന്നതിൽ (لا معبود سواك) എന്ന് ഹദീസിൽ പരാമർശിക്കാത്തതാണ്. മാത്രമല്ല അതിന്റെ ആശയത്തിലും പിഴവു കാണാവുന്നത്.കാരണം അല്ലാഹുവിനെ കൂടാതെയുള്ള ധാരാളം ആരാധ്യൻമാർ ഇവിടെയുണ്ടല്ലോ, അല്ലാഹു പറഞ്ഞിരിക്കുന്നതു പോലെ

﴿إِنَّكُمْ وَمَا تَعْبُدُونَ مِن دُونِ ٱللَّهِ حَصَبُ جَهَنَّمَ أَنتُمْ لَهَا وَٰرِدُونَ﴾ [الأنبياء: ٩٨]

(തീർച്ചയായും നിങ്ങളും അല്ലാഹുവിനു പുറമെ നിങ്ങൾ ആരാധിക്കുന്നവയും നരകത്തിലെ ഇന്ധനമാകുന്നു. നിങ്ങൾ അതിലേക്ക് വന്നുചേരുക തന്നെ ചെയ്യുന്നതാണ്)അമ്പിയാഅ്-98-

﴿وَجَعَلَ مِنْهُمُ ٱلْقِرَدَةَ وَٱلْخَنَازِيرَ وَعَبَدَ ٱلطَّٰغُوتَ﴾ [المائدة: ٦٠]

(ഏതുവിഭാഗത്തിൽ പെട്ടവരെ അല്ലാഹു കുരങ്ങുകളും പന്നികളുമാക്കിത്തീർത്തുവോ, ഏതൊരു വിഭാഗം ദുർമൂത്തികളെ ആരാധിച്ചുവോ) മാഇദ 60

﴿مَا تَعْبُدُونَ مِن دُونِهِۦٓ إِلَّآ أَسْمَآءً سَمَّيْتُمُوهَآ أَنتُمْ وَءَابَآؤُكُم﴾ [المائدة: ٦٠]

(അവന്നു പുറമെ നിങ്ങൾ ആരാധിക്കുന്നവ നിങ്ങളും നിങ്ങളുടെ പിതാക്കളും നാമകരണം ചെയ്തിട്ടുള്ള ചില നാമങ്ങളല്ലാതെ മറ്റൊന്നുമല്ല) യൂസുഫ്-40-

അതിനാൽ തന്നെ അപ്രകാരം പറയുന്നവർ ഏറ്റവും നല്ലത് നീയല്ലാതെ സാക്ഷാൽ ആരാധ്യൻമാരില്ല എന്നായിരുന്നു പറയേണ്ടത്.

## 3 നമസ്കാരത്തിനിടയിൽ പ്രാർത്ഥനകളും, ദിക്റുകളും ഖുർആൻ പാരായണവും ഉച്ചത്തിൽ ആക്കൽ.

നബി(ﷺ) പറഞ്ഞിരിക്കുന്നു.

«إن أحدكم إذا كان في الصلاة فإنما يناجي ربه فلا ترفعوا أصواتكم بالقرآن فتؤذوا المؤمنين»

(നിങ്ങളിൽ ഒരാൾ നമസ്കാരത്തിലായാൽ അയാളുടെ രക്ഷിതാവുമായി സ്വകാര്യ സംസാരത്തിലാണ്. അപ്പോൾ നിങ്ങൾ ഖുർആൻ ഓതുന്നതു ഉച്ചത്തിലാക്കരുത്. അതു കൊണ്ട് വിശ്വാസികൾക്ക് ബുദ്ധിമുട്ടുണ്ടാകും.)

അബൂസഈദിൽ ഖുദ്രിൽ നിന്നുദ്ധരിക്കുന്ന ഈ ഹദീസ് ഇമാം ബഗവിയും മറ്റും പലരും റിപ്പോർട്ടു ചെയ്തിരിക്കുന്നു. ഇമാമിനെ പിന്നിൽ നിൽക്കുന്നവർ നമസ്കാരത്തിൽ ഉറക്കെ ഖുർആൻ ഓതുന്നതിനെ കുറിച്ചു ഇബ്നുബാസ്(رحمه الله)വിനോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു. ദിക്റുകളും പ്രാർത്ഥനകളും ഖുർആൻ പാരായ

ണവും ഉച്ചത്തിൽ നിർവ്വഹിക്കുന്നതിന് തെളിവുകളില്ലാത്ത തിനാൽ നമസ്കാരങ്ങളിൽ പിന്തുടരുന്ന മഅ്മൂമുകാർ പതുക്കെയാണവ നിർവ്വഹിക്കേണ്ടത്. കാരണം ഉറക്കെയാ ക്കിയാൽ തന്റെ അടുത്തുള്ള മറ്റു നമസ്കാരക്കാർക്ക് അതു കൊണ്ടു ബുദ്ധിമുട്ടുണ്ടാവുകയും ചെയ്യുന്നു.

## 4 ചുമരുകളില്യും, തൂണുകളില്യും ചാരിനിന്നു നമ സ്കരിക്കൽ.

ഇപ്രകാരം ചാരി നിന്നു നമസ്കരിക്കുന്നതിനെ കുറി ച്ചു ഇബ്നു ബാസി(ﷺ)നോടു ചോദിച്ചപ്പോൾ അദ്ദേഹം നൽകിയ മറുപടി ഇപ്രകാരമായിരുന്നു.

**ഉത്തരം–**ഫറള് നമസ്കാരങ്ങളിൽ കഴിവുള്ളവൻ നിന്നു തന്നെ നിർവ്വഹിക്കൽ നിർബന്ധമാണ്. അതിനാൽ ചാരി നിന്നു നമസ്കരിക്കൽ അനുവദനീയമല്ല. എന്നാൽ സുന്നത്തു നമസ്കാരങ്ങളാണെങ്കിൽ അതിനു വിരോധ മില്ല. കാരണം സുന്നത്തു നമസ്കാരം ഇരുന്നു നിർവ്വ ഹിക്കുകയും അനുവദിച്ചതാണ്. എന്നിരിക്കെ ചാരിയിട്ടാ ണെങ്കിലും നിന്നു തന്നെ ചെയ്യൽ അതിനേക്കാൾ ഉത്തമമാ ണല്ലോ.

## 5 ആയത്തുകൾ പരസ്പരം ചേർത്തു, ചേർത്തു തുടർച്ചയായും, നിർത്താതെയും പാരായണം ചെയ്യ ൽ. യഥാർത്ഥത്തിൽ സുന്നത്ത് ഓരോ ആയത്തു കളും നിർത്തി നിർത്തി ഓതുന്നതാണ്.

ഉമ്മുസലമ(ﷺ)വിനോടു നബി(ﷺ)യുടെ ഖുർആൻ പാരായണത്തെ കുറിച്ചു ചോദിച്ചപ്പോൾ അവർ പറഞ്ഞു. ഓരോ ആയത്തുകളും നിർത്തി നിർത്തി പാരായണം ചെയ്യലായിരുന്നു നബി(ﷺ)യുടെ രീതി. ശേഷം ഫാതിഹ യിലെ മാലികിയൗമിദ്ദീൻ എന്നതുവരെ ഓരോ ആയത്തു കൾ ഓതി കേൾപ്പിക്കുകയും ചെയ്തു.) അബൂദാവൂദ്, തിർമുദി, ദാറുഖുത്വനി

ഇതിന്റെ പരമ്പര സ്വീകാര്യയോഗ്യമത്രെ. ഇബ്നു ഖുസൈമയും നവവിയും ഇത് സ്വഹീഹ് ആണെന്ന് പറഞ്ഞിട്ടുണ്ട്. ബുഖാരിയും, മുസ്ലിമും ഒരു ഹദീസു സ്വഹീഹ് ആകുവാൻ വേണ്ടി പരിഗണിച്ച എല്ലാ നിബന്ധനകളും ഒത്തു വന്ന ഹദീസുമാണിത്.

ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ (ﷺ) ഇതിനെ കുറിച്ച് പറഞ്ഞിരിക്കുന്നത് തൊട്ടടുത്ത ആയത്തുകൾ പരസ്പരം ബന്ധപ്പെട്ടതാണെങ്കിലും ഓരോ ആയത്തുകളും നിർത്തി തന്നെ പാരായണം ചെയ്യുന്നതാണ് സുന്നത്തെന്നാകുന്നു.

**6** ഇമാമിനെ പിന്തുടരുന്ന ചിലർ ഇമാം ﴿إِيَّاكَ نَعۡبُدُ وَإِيَّاكَ نَسۡتَعِينُ﴾ എന്നു പറഞ്ഞാൽ (استعنا بالله) (ഞങ്ങൾ അല്ലാഹുവിനെ കൊണ്ട് സഹായം തേടുന്നു) എന്നു പറയാറുണ്ട്.ഇമാം നവവി തന്റെ ഫതാവാസമാഹരത്തിൽ ഇതിനെ കുറിച്ചു പറഞ്ഞിരിക്കുന്നത് പൊതുവെ ജനങ്ങൾ ഇപ്രകാരം ചെയ്യുന്നുവെങ്കിലും അത് ബിദ്അത്താകുന്നു എന്നാണ്.

**7 ഇമാം ﴿وَلَا ٱلضَّآلِّينَ﴾ എന്നു പറയുമ്പോൾ പിന്നിലുള്ളവർ ആമീൻ എന്നു പറയുന്നതോടൊപ്പം എന്റെ മാതാപിതാക്കൾക്കും എല്ലാ മുസ്ലിംകൾക്കും എന്നു കൂടി വർദ്ധിപ്പിക്കൽ.**

ഈ വർദ്ധനവും നബി (ﷺ) യുടെ സുന്നത്തിന് എതിരാകുന്നു അബൂ ഹുറൈറ (ﷺ) ൽ നിന്നു ഉദ്ദരിക്കുന്ന ഒരു ഹദീസിൽ അദ്ദേഹം പറഞ്ഞു. നബി (ﷺ) പറഞ്ഞിരിക്കുന്നു.

«إذا أمن الإمام فأمنوا فإنه من وافق تأمينه تأمين الملائكة غفر له ما تقدم من ذنبه».

(ഇമാം ആമീൻ പറഞ്ഞാൽ നിങ്ങളും ആമീൻ പറയുക.നിശ്ചയം മലക്കുകളുടെ ആമീൻ നിന്റെ കൂടെ ആരുടെയെങ്കിലും ആമീൻ ഒത്തു വന്നാൽ മുൻ കഴിഞ്ഞപാപങ്ങൾ അയാൾക്ക് പൊറുക്കപ്പെടുന്നതാണ്.)

## 8 നമസ്കാരം നിർവ്വഹിക്കുമ്പോൾ നേർക്കു നേരെ നിൽക്കാതിരിക്കലും ഇരിക്കാതിരിക്കലും.

ചിലർ നമസ്കരിക്കുമ്പോൾ ചെരിഞ്ഞിരിക്കുകയും ചെരിഞ്ഞു നിൽക്കുകയും ചെയ്യാറുണ്ട്. ഇത് വിലക്കപ്പെട്ടതാണ്. നബി (ﷺ) പറഞ്ഞിരിക്കുന്നു. (നമസ്കാരത്തിൽ സുജൂദിലും റകൂഇലും തന്റെ മുതുക് നേരെയാക്കാത്തവരിലേക്ക് അല്ലാഹു നോക്കുകയില്ല.)

കൃത്യമായി നമസ്കരിക്കാത്ത ഒരാളോട് അവിടുന്ന് പറഞ്ഞു. (നീ നമസ്കരിക്കുമ്പോൾ തല ഉയർത്തി എല്ലാ അവയവങ്ങളും പൂർവ്വ സ്ഥിതിയിൽ ആകുന്ന വിധത്തിൽ നേർക്കുനേരെ ശരിയാം വണ്ണം നിൽക്കുകയും ചെയ്യുക)

മറ്റൊരു റിപ്പോർട്ടിലുള്ളത് (നീ മുതുക് ചൊവ്വാക്കുകയും തല നേരെയാക്കുകയും എല്ലാ സന്ദികളും പൂർവ്വസ്ഥിതിയിൽ ആകുന്ന വിധത്തിൽ നേർക്കുനേരെ ശരിയാംവണ്ണം നിൽക്കുകയും ചെയ്യുക. അപ്രകാരം ചെയ്യാത്തവരുടെ നമസ്കാരം പൂർണ്ണമാവുകയില്ല എന്നും കാണാവുന്നതാണ്.)

## 9 നമസ്കാരം നിർവ്വഹിക്കുമ്പോൾ സുജൂദിലും റുകൂഇലും മുതുക് ചൊവ്വാക്കാതിരിക്കുക,

ഇപ്രകാരം നമസ്കരിച്ച ഒരാളെ നബി (ﷺ) കണ്ടപ്പോൾ ഇപ്രകാരം പറഞ്ഞു. ജനങ്ങളേ, നമസ്കാരം നിർവ്വഹിക്കുമ്പോൾ സുജൂദിലും റുകൂഇലും മുതുക് ചൊവ്വാക്കാതിരിക്കുന്നുവെങ്കിൽ അത് പൂർണ്ണമല്ല. (അബൂദാവൂദ്, തിർമുദി)

മുതുക് എങ്ങിനെയാണ് നേരെയാക്കേണ്ടതെന്ന് ചോദിച്ചാൽ വളയാത്ത രൂപത്തിൽ നീട്ടിവെക്കലാണ് എന്നാണ് പറയാനുള്ളത്. റുകൂഇന്റെ വേളകളിൽ അദ്ദേഹത്തിന്റെ മുതുകിൽ വെള്ളം ഒഴിക്കുകയാണെങ്കിൽ അത്

ഒലിച്ച് പോവാത്ത രൂപത്തിൽ ചൊവ്വായി നിൽക്കാറുണ്ടായിരുന്നു എന്ന് ഹദീസുകളിൽ സ്ഥിരപ്പെട്ടിട്ടുണ്ട്. നബി (ﷺ) പറഞ്ഞിരിക്കുന്നു. (നീ റുകൂഅ് ചെയ്യുമ്പോൾ രണ്ട് കൈകളും മുട്ടിൻ കാലുകളിൽ വെച്ച് മുതുക് നിവർത്തി വെച്ചിരിക്കണം. അഹ്മദ്, അബൂദാവൂദ്)

**10** ഇമാം റുകൂഇൽ ആയിരിക്കെ ചിലർ പള്ളിയിൽ പ്രവേശിച്ചാൽ തനിക്കു കൂടി തുടരാനായി ഇമാം കുറച്ച് കാത്തിരിക്കണമെന്ന വിചാരത്തോടുകൂടി ഉറക്കെ ഇമാം കേൾക്കുന്ന രൂപത്തിൽ ശബ്ദമുണ്ടാക്കി കുരക്കുന്നു. ചിലർ (إن الله مع الصابرين) എന്നു പറയുന്നു. ഇതെല്ലാം തന്നെ പള്ളിയിൽ പാലിക്കേണ്ട മര്യാദകൾക്ക് എതിരാവുന്നു. യഥാർത്ഥത്തിൽ നമസ്കാരത്തിന് പള്ളിയിൽ വരേണ്ടത് വളരെ ഗാംഭീര്യത്തോടു കൂടിയും ശാന്തമായ രൂപത്തിലുമാണ്. ശേഷം അയാൾക്ക് ഇമാമിന്നു കൂടെ ലഭിക്കുന്നത് നമസ്കരിക്കുകയും ബാക്കി പൂർത്തീകരിക്കുകയും ചെയ്യണം. അതിന്ന് പകരമായി തെളിവുകളില്ലാത്ത പുതിയ ആചാരങ്ങൾ ഉണ്ടാക്കുവാൻ പാടില്ല. മാത്രമല്ല. അത് നല്ല കാര്യമായിരുന്നുവെങ്കിൽ നമ്മെക്കാൾ മഹാൻമാരായിരുന്നു പൂർവ്വീകർ അതു പ്രാവർത്തികമാക്കേണ്ടതുമായിരുന്നു. അതോടൊപ്പം മറ്റു നമസ്കാരക്കാർക്ക് വസ്വാസുണ്ടാക്കുവാനും ഇങ്ങനെയുള്ള പ്രവർത്തനം കാരണമാകുന്നു.

**11** ചിലർ റുകൂഇൽ നിന്നും ഇഅ്തിദാലിലേക്ക് ഉയരുമ്പോൾ (والشكر) എന്നു പറയുന്നു. എന്നാൽ ആസന്ദർഭത്തിൽ നബി (ﷺ) യിൽ നിന്നും സ്ഥിരപ്പെട്ടുവന്ന ദിക്റുകൾ താഴെ പറയുന്നവയാകുന്നു.

اللهم ربنا ولك الحمد / اللهم ربنا لك الحمد

**12 രണ്ടു സുജൂദുകൾക്കിടയിൽ വിരലുകൾ അനക്കൽ.**

നബി (ﷺ) യിൽ നിന്ന് സ്ഥിരപ്പെട്ടുവന്നത് തന്റെ

ചൂണ്ടുവിരൽ അത്തഹിയ്യാത്തിന്റെ ഇരുത്തത്തിൽ അവിടുന്ന് ചൂണ്ടാറുണ്ടായിരുന്നു എന്നാണ്.

അബ്ദുല്ലാഇബ്നു സുബൈർ (﵁) വിൽ നിന്നു നിവേദനം. അദ്ദേഹം പറഞ്ഞു.നബി (ﷺ) നമസ്കാരത്തിൽ തന്റെ വലതുകാൽ നാട്ടി വെച്ച് ഇടതു കാൽ പാദം അതിനിടയിലൂടെ വെച്ചും നിലത്ത് പതിഞ്ഞ് തവർറുകിന്റെ ഇരുത്തം ഇരിക്കുകയും ചെയ്തിരുന്നു. ഇടത് കൈ ഇടതുമുട്ടിൻ കാലിലും വലതു കൈ വലതു മുട്ടിൻ കാലിലും വെക്കും. തന്റെ വിരൽ ചൂണ്ടുകയും ചെയ്തിരുന്നു. (മുസ്ലിം)

അബ്ദുല്ല ഇബ്നു ഉമർ (﵁) വിൽ നിന്ന് നിവേദനം നബി (ﷺ) തന്റെ അത്തഹിയ്യാത്തിന് ഇരിക്കുന്ന സമയങ്ങളിൽ ഇടതുകൈ ഇടത്തേ മുട്ടിൻകാലിലും വലതുകൈ വലത്തെ മുട്ടിൻ കാലിലും വെക്കും. വലതു കൈയിലെ ചൂണ്ടുവിരലൊഴികെ മറ്റു വിരലുകൾ കൂട്ടിപ്പിടിച്ചു കൊണ്ടു അതു കൊണ്ട് ചൂണ്ടുകയും ചെയ്തിരുന്നു.

**13** ഇമാം സുജൂദിലോ ഇരുത്തത്തിലോ ആകുന്ന സന്ദർഭങ്ങളിൽ എത്തുന്നവർ ഇമാമിനെ ആ അവസ്ഥയിൽ പിന്തുടരാതെ ഇമാം എഴുന്നേൽക്കുന്നവരെ കാത്തിരിക്കൽ യഥാർത്ഥത്തിൽ ഇതു ശരിയല്ല. മറിച്ച് ഇമാം ഏതു അവസ്ഥയിൽ ആയിരുന്നാലും വരുന്നവർ അദ്ദേഹത്തെ പിന്തുടരുകയാണ് ചെയ്യേണ്ടത്. അത് നിൽക്കുകയോ റുകൂഇലായിരിക്കുകയോ, സുജൂദിലോ, ഇരുത്തത്തിലോ ആയിരുന്നാലും ശരി. അബൂ ഖതാദയിൽ നിന്നുദ്ധരിക്കുന്ന ഒരു ഹദീസിൽ ഇങ്ങനെ കാണാം. അദ്ദേഹം പറഞ്ഞു. നബി (ﷺ) പറഞ്ഞിരിക്കുന്നു.

«إذا أتيتم الصلاة فعليكم بالسكينة فما أدركتم فصلوا وما فاتكم فأتموا».

(നിങ്ങൾ നമസ്കാരത്തിലേക്ക് വരുമ്പോൾ സാവകാശവും, ഗാംഭീര്യവും കാണിക്കുക. ശേഷം നിങ്ങൾക്ക് ഇമാമിനോടൊപ്പം ലഭിക്കുന്നത് നമസ്കരിക്കുകയും നഷ്ടപ്പെടുന്നത് പൂർത്തീകരിക്കുകയും ചെയ്യുക.) (ബുഖാരി.)

ഇബ്നു ഹജർ ഈ ഹദീസിൽ നിന്നും നിർദ്ധാരണം ചെയ്തടുത്ത കൂട്ടത്തിൽ ഇപ്രകാരം കാണാം. നമസ്കാര ത്തിന് പിന്തിവരുന്നവർ ഇമാമിനെ ഏതൊരവസ്ഥയിലാ ണോ കാണുന്നത് ആ അവസ്ഥയിൽ തന്നെ പിന്തുടരുന്ന താണ് സുന്നത്ത് എന്നു ഈ ഹദീസിൽ നിന്നും മനസ്സിലാ ക്കാം.

ഇബ്നു അബീ ശൈബയിൽ നിന്നുദ്ധരിക്കുന്ന മറ്റൊരു ഹദീസിൽ ഇത് കൂടുതൽ വ്യക്തവുമാണ് നബി (ﷺ) പറഞ്ഞിരിക്കുന്നു. (ഞാൻ നമസ്കരിക്കുമ്പോൾ എന്നെ റുകൂഇലോ, സുജൂദിലോ, നിർത്തത്തിലോ,മറ്റ് ഏതൊരവസ്ഥയിലാണോ നിങ്ങൾ കാണുന്നുന്നതെങ്കിലും ആ അവസ്ഥയിൽ തന്നെ നിങ്ങൾ എന്നെ പിന്തുടരുക.)

തിർമുദി ഉദ്ധരിക്കുന്ന മറ്റൊരു ഹദീസ് മുആദിൽ (رضي الله عنه) നിന്നും നിവേദനം ചെയ്യുന്നു. അതിപ്രകാരമാണ്. നബി (ﷺ) പറഞ്ഞിരിക്കുന്നു.

إذا أتى أحدكم الصلاة والإمام على حال فليصنع كما يصنع الإمام .

(നിങ്ങളിൽ ഒരാൾ നമസ്കരിക്കാൻ വന്നാൽ ഇമാം ഏതൊ രവസ്ഥയിലാണോ അതേ പോലെ തന്നെ നിങ്ങളും ചെയ്യുക.)

## 14 സുജൂദ് ചെയ്യുമ്പോൾ ഏഴ് അവയവങ്ങൾ നിലത്തു പതിച്ചു വെക്കാതിരിക്കൽ.

അബ്ദുല്ല ഇബ്നു അബ്ബാസി (رضي الله عنه) ൽ നിന്നുദ്ധരി ക്കുന്ന ഒരു ഹദീസിൽ അദ്ദേഹം പറഞ്ഞു. നബി (ﷺ) പറ ഞ്ഞിരിക്കുന്നു. (أمرالنبي صلى الله عليه وسلم أن يسجد على سبعة أعضاء) നെറ്റിത്തടം രണ്ട് കൈകൾ, മുട്ടിൻ കാലുകൾ, രണ്ടു കാൽ പാദങ്ങൾ എന്നിങ്ങിനെ ഏഴു അവയവങ്ങളിൽ സുജൂദ് ചെയ്യുവാൻ നബി (ﷺ) കൽപിച്ചിരിക്കുന്നു.

അദ്ദേഹത്തിൽ നിന്നും നിവേദനം. (വസ്ത്രം കൊണ്ടോ, മുടി കൊണ്ടോ തടയാതെ ഏഴ് അവയവങ്ങ

ളിൽ സുജൂദ് ചെയ്യണമെന്ന് നബി (ﷺ) ഞങ്ങളോട് കൽപി ച്ചിരിക്കുന്നു.)

ബുഖാരി (റ) റിപ്പോർട്ട് ചെയ്ത മറ്റൊരു ഹദീസിൽ അദ്ദേഹം പറഞ്ഞു. നബി (ﷺ) പറഞ്ഞിരിക്കുന്നു. (രണ്ടു കാൽ പാദങ്ങളുടെ വിരൽ തുമ്പുകൾ, കാൽ മുട്ടുകൾ, കൈ പടങ്ങൾ,നെറ്റിത്തടം എന്നിങ്ങനെ ഏഴ് അംഗങ്ങളിൽ സുജൂദ് ചെയ്യണമെന്നെന്നോടു കൽപിക്കപ്പെട്ടിരിക്കുന്നു. അപ്പോൾ അവിടുന്നു മൂക്കിലേക്കു ചൂണ്ടുകയും ചെയ്തി രുന്നു.)

ഈ ഹദീസുകൾക്ക് വിരുദ്ധമായി പലരൂപങ്ങളിൽ സുജൂദ് ചെയ്യുന്ന രീതി കാണപ്പെടാറുണ്ട്.

ചിലർ കാൽ പാദങ്ങൾ നിലത്തു നിന്ന് ഉയർത്തിപ്പി ടിക്കുകയോ പരസ്പരം കോർത്തും പരസ്പരം പിണച്ചും വെക്കുന്നതു കാണാം.അപ്പോൾ ഏഴ് അംഗങ്ങൾ നിലത്തു സ്പർശിക്കാതെ വരുന്നു. ചിലർ സുജൂദിൽ നെറ്റി നിലത്തു തട്ടാതെ മൂക്കും മാത്രം പതിച്ചു വെക്കുന്നു. ഇതും ശരിയ ല്ല.

## 15 കാൽ പാദങ്ങൾ നാട്ടിവെച്ച് അതിൻമേൽ ഇരി ക്കൽ.

ഇമാം അഹ്മദും അബൂഹുറൈറയും ഉദ്ധരിക്കുന്ന റിപ്പോർട്ടു ചെയ്യുകയും അബൂഹുറൈറ (റ) വിവേദനം ചെയ്യുകയും ചെയ്യുന്ന ഒരു ഹദീസിൽ ഇപ്രകാരം കാണാം.

نهاني خليلي صلى الله عليه وسلم بثلاث عن نقرة كنقرة الديك وإقعاء كإقعاء الكلب والتفات كالتفات الثعلب

(എന്റെ ആത്മ സുഹൃത്ത് എന്നോടു മൂന്നു കാര്യങ്ങൾ വിലക്കിയിരിക്കുന്നു. നമസ്കരിക്കുമ്പോൾ കോഴി കൊ ത്തുന്ന പോലെ നമസ്കരിക്കൽ, നായ ഇരിക്കുന്ന പോലെ ഇരിക്കൽ, കുറുക്കനെ പോലെ തിരിഞ്ഞുനോക്കൽ.)

ഗരീബുൽ ഹദീസ് എന്ന ഗ്രന്ഥത്തിൽ അബൂഉബൈ

ദുൽ ഖാസിം ഇബ്നു സലാം പറയുന്നു. ഇരു കാൽ പാദങ്ങളും നിവർത്തി നാട്ടിവെച്ച് അതിൽ ചന്തിവെച്ച് ഇരിക്കുന്നതിനാണ് (ഇഖ്ആഅ്) നായ ഇരുത്തം എന്നുപറയുന്നത്.

**16** ചിലരുടെ നമസ്കാരങ്ങളിലെ നിർത്തവും, സുജൂദ്, റുകൂഅ് പോലുള്ള മറ്റു ഘടകങ്ങളുമായി താരതമ്യം ചെയ്യുകയാണെങ്കിൽ നിർത്തം വളരെയധികം ദീർഘിപ്പിക്കുന്നതായി കാണാം.മറ്റു ഘടകങ്ങൾ വളരെയധികം ലഘുവാക്കുകയും ചെയ്യുന്നു.

**17** നമസ്കാരത്തിൽ ഇമാമിനെ പിന്തുടരുന്ന ചിലർ തങ്ങൾ അത്തഹിയ്യാത്ത് ചൊല്ലിത്തീരുകയും ഇമാം അത് കഴിഞ്ഞിട്ടില്ല എന്നു മനസ്സിലാക്കുകയും ചെയ്താൽ മിണ്ടാതിരിക്കുന്നതിനു പകരം വീണ്ടും വീണ്ടും അത്തഹിയ്യാത്ത് ചൊല്ലി കൊണ്ടിരിക്കാറുണ്ട്. മറ്റുചിലർ അത്തരം സന്ദർഭങ്ങളിൽ അസ്വസ്ഥത കാണിച്ചു കൊണ്ടിരിക്കുന്നു. ഇത് രണ്ടും ശരിയായ രീതിയല്ല. വീണ്ടും വീണ്ടും അത് ചൊല്ലുന്നവർ ഒരു പുതിയ ആചാരം ഉണ്ടാക്കുകയാണ് ചെയ്യുന്നത്. കാരണം നബി (ﷺ) പറഞ്ഞിരിക്കുന്നു. (من أحدث في أمرنا هذا ما ليس منه فهو رد) (നമ്മുടെ ഈ കാര്യത്തിൽ അതിലില്ലാത്ത വല്ലതും ആരെങ്കിലും പുതുതായി ഉണ്ടാക്കിയാൽ അതു തിരസ്കരിക്കേണ്ടതാണ്.)

എന്നാൽ അസ്വസ്ഥത കാണിക്കുന്നവരോട് എനിക്കു പറയുവാനുള്ളത് താങ്കൾ പൊറുതികേടു കാണിക്കേണ്ടതില്ല എന്നും അത്തഹിയ്യാത്തിന് ശേഷം മറ്റു പ്രാർത്ഥനകൾ വർദ്ധിപ്പിക്കുക എന്നുമാണ്.

ഇബ്നു മസ്ഊദി(رضي الله عنه)ൽ നിന്ന് ഉദ്ധരിക്കുന്ന ഒരു ഹദീസിൽ ഇപ്രകാരം കാണാം. അദ്ദേഹം പറഞ്ഞു നബി (ﷺ) പറഞ്ഞിരിക്കുന്നു.നിങ്ങൾ ഓരോ ഈരണ്ടു റക്അത്തുകൾക്കിടയിലും ഇരിക്കുകയും ഇപ്രകാരം പറയുകയും ചെയ്യുക.

التَّحيَّاتُ للَّه، وَالصَّلوَاتُ، وَالطَّيِّبَاتُ، السَّلامُ عَلَيْكَ أَيُّهَا النَّبِيُّ وَرَحْمَةُ الله وَبَرَكَاتُهُ، السَّلامُ عَلَيْنَا وَعَلى عِبادِ اللَّهِ الصَّالِحِينَ، أَشْهَدُ أَنْ لا إِلَهَ إِلاَّ اللَّهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

എല്ലാ തിരുമുൽ കാഴ്ചകളും അല്ലാഹുവിനാണ്, നല്ലതും വിശിഷ്ഠമായതും അല്ലാഹുവിനാണ്. നബിയെ,അങ്ങേക്ക് അല്ലാഹുവിന്റെ സമാധാനവും കാരുണ്യവും അവന്റ അനുഗ്രഹങ്ങളും ഉണ്ടാവട്ടെ. ഞങ്ങൾക്കും അല്ലാഹുവിന്റെ സദ്വൃത്തരായ ദാസൻമാർക്കും സമാധാനം ഉണ്ടാവട്ടെ. അല്ലാഹു അല്ലാതെ മറ്റ് ആരാധ്യനില്ലെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അവന് പങ്കുകാരില്ല. അവൻ ഏകനാകുന്നു. നിശ്ചയം മുഹമ്മദ് അല്ലാഹുവിന്റെ ദൂതനും ദാസനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.) പിന്നീടു തനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട മറ്റു പ്രാർത്ഥനകളും അവൻ തെരെഞ്ഞടുക്കട്ടെ. (നസാഈ, അഹ്മദ്, ത്വബ്റാനി.)

## 18 രണ്ടാമത്തെ റക്ത്തുകളിൽ തവറുക്കിന്റെയും നാലാമത്തെ റക്ത്തിൽ ഇഫ്തിറാഷിന്റെയും ഇരുത്തം ഇരിക്കൽ.

എന്നാൽ ശരിയായ രീതി നാലാമത്തെയും, മഗ്‌രിബ് നമസ്കാരത്തിൽ മൂന്നാമത്തെയും റക്അത്തുകളിൽ തവറുകിന്റെ ഇരുത്തവും രണ്ടാമത്തെ റക്അത്തുകളിൽ ഇഫ്തിറാഷിന്റെ ഇരുത്തവുമാകുന്നു. അബൂ ഹുമൈദ് അഹ്മദിൽ നിന്നുദ്ധരിക്കുന്ന ഒരു ഹദീസിൽ അദ്ദേഹം നബി (ﷺ) യുടെ നമസ്കാരത്തിന്റെ രൂപം വിവരിക്കുന്നുണ്ട്. അതിൽ ഇപ്രകാരം കാണാം. അദ്ദേഹം രണ്ടാമത്തെ റകഅത്തിൽ ഇരിക്കുമ്പോൾ വലതു കാൽ നാട്ടിവെച്ചും ഇടതു കാൽ പരത്തിവെച്ചും അതിൻമേലായിരുന്നു ഇരുന്നിരുന്നത്, എന്നാൽ അവസാനത്തെ റക്അത്തുകളിലാണ് ഇരിക്കുന്നതെങ്കിൽ നാട്ടിവെച്ച വലതുകാലിനടിയിലൂടെ ഇടതു കാൽ പാദം പുറത്തേക്ക് പുറപ്പെടുവിക്കുകയും ശേഷം ചന്തി നിലത്തു വെച്ചുമായിരുന്നു ഇരുന്നിരുന്നത്.

ഹംബലി മദ്ഹബിലെ പ്രസിദ്ധ ഗ്രന്ഥമായ ഉംദയിൽ ഇപ്രകാരം കാണാം. (രണ്ട് അത്തഹിയ്യാത്തുകളുള്ള നമസ് കാരങ്ങളിലെ അവസാനത്തെ ഇരുത്തത്തിൽ മാത്രമേ തവ റുകിന്റെ ഇരുത്തം ഇരിക്കൽ പാടുള്ളൂ.)

## 19 അത്തഹിയ്യാത്തിന്റെ സമയത്ത് നടുവിരലും, ചൂണ്ടുവിരലും ചേർത്തു പിടിച്ചുകൊണ്ടു ചൂണ്ടൽ.

ഹദീസുകളിൽ വിലക്കിയ രീതിയാണിത്.അബീ ശൈബയും നസാഇൗയും റിപ്പോർട്ടു ചെയ്തതും ഹാകി മും, ദഹബിയും സ്ഥിരപ്പെടുത്തിയതുമായ ഒരു ഹദീസിൽ ഇങ്ങനെ കാണാം. ഒരാൾ തന്റെ രണ്ടു വിരലുകൾ കൊണ്ടും ചൂണ്ടുന്നതായി നബി (ﷺ) കാണുകയുണ്ടായി. അപ്പോൾ അവിടുന്നു വിലക്കികൊണ്ടു പറഞ്ഞു.ഒരു വിരൽ കൊണ്ടു ചെയ്യുക ഒരു വിരൽ കൊണ്ടു ചെയ്യുക പിന്നീട് അവിടുന്ന് ചൂണ്ടു വിരൽകൊണ്ടു ആഗ്യം കാണി ക്കുകയും ചെയ്തിരുന്നു. വലതു കൈയ്യിലെ ചൂണ്ടുവിരൽ കൊണ്ടായിരുന്നു നബി ചൂണ്ടിയിരുന്നത്. അതിനാൽ അതാണ് സുന്നത്തും. അദ്ദേഹം തന്റെ ഇടതു കാൽ മുട്ടിൽ ഇടതു കൈപത്തിയിലെ വിരലുകൾ പരത്തിവെക്കുകയും, വലതു കൈവിരൽ മടക്കി പിടിച്ച് അതിലെ ചൂണ്ടുവിരൽ ഖിബ്‌ലയുടെ നേരെ ചൂണ്ടുകയും ചെയ്യും. അപ്പോൾ അതി ലേക്കായിരുന്നു അവിടുന്നു നോക്കിയിരുന്നത്.) മുസ്ലിം, ഇബ്നു ഖുസൈമ, അബൂ യഅ്ല അബൂഉവാന–

അബൂദാവൂദും നസാഇയും കുബ്നു ജാറംദും റിപ്പോർട്ടു ചെയ്തതനുസരിച്ച് തന്റെ പെരുവിരലിന്റെ അറ്റം നടുവിരലിന്റെ തുമ്പിലായി ഒരു വൃത്താകൃതിയുടെ രൂപ ത്തിൽ വെച്ചിരുന്നു എന്നും ചിലപ്പോൾ നടുവിരലിന്റെ അടിയിൽ (കുറ്റിയിൽ) വരുന്നരൂപത്തിലായിരുന്നു വെച്ചിരു ന്നതെന്നും കാണാവുന്നത്.

**20** **ഇമാം പൂർണ്ണമായി സലാം വീട്ടുന്നതിനുമുമ്പ് തനിക്ക് നഷ്ടപ്പെട്ട റക്അത്ത് വീണ്ടെടുക്കുവാനായി പൊടുന്നനെ എഴുന്നേൽക്കൽ.**

ഇമാം പൂർണ്ണമായി സലാം വീട്ടുന്നതിന് മുമ്പ് തന്നെ ഇപ്രകാരം എഴുന്നേൽക്കൽ സുന്നത്തിന് വിരുദ്ധമാണ്. കാരണം നബി (ﷺ) പറഞ്ഞിരിക്കുന്നു.

«إنما جعل الإمام ليؤتم به فإذا كبر فكبروا وإذا ركع فاركعوا». البخاري والمسلم

നമസ്കാരത്തിൽ ഇമാമിനെ തുടരാൻ പിന്തി എത്തുന്നവർ അവർക്ക് നഷ്ടപ്പെട്ട കാര്യങ്ങൾ വീണ്ടെടുക്കാനായി ഇമാം രണ്ടു സലാമും വീട്ടിയ ശേഷമല്ലാതെ എഴുന്നേൽക്കാൻ പാടില്ല.

**21** **ചിലർ നമസ്കരിക്കാനായി എത്തുമ്പോൾ ഇമാം റുകൂഅ് ചെയ്യുന്നതായി കണ്ടാൽ നേരെ നിന്ന് തക്ബീറത്തുൽ ഇഹ്റാമിൽ പ്രവേശിക്കാതെ നേരെ റുകൂഅ് ചെയ്യാറുണ്ട്. ഇത് ശരിയല്ല.**

തക്ബീറത്തുൽ ഇഹ്റാമിൽ പ്രവേശിച്ച ശേഷമായിരിക്കണം അങ്ങനെ ചെയ്യേണ്ടത്. അങ്ങനെ റുകൂഇന്നായി പിന്നീടയാൾ പ്രത്യേകം തക്ബീർ ചൊല്ലിയിട്ടില്ലെങ്കിൽ അത് മതിയാകും.) ശൈഖ് ജിബ്രീൻ

**22** **തക്ബീറത്തുൽ ഇഹ്റാം ചൊല്ലുമ്പോൾ കൈകൾ രണ്ടും ഉയർത്താതിരിക്കുക.**

അപ്രകാരം തന്നെ റുകൂഇലേക്ക് പോകുമ്പോഴും അതിൽ നിന്ന് ഉയരുമ്പോഴും ആദ്യത്തെ അത്തഹിയ്യാത്തിൽ നിന്ന് എഴുന്നേൽക്കുമ്പോഴും കൈകൾ ഉയർത്തൽ സുന്നത്താണ്. അതുപോലെ തന്നെ മയ്യത്തു നമസ്കാരത്തിൽ തക്ബീറുകൾ ചൊല്ലുമ്പോഴും പെരുന്നാൾ നമസ്കാരം, മഴയെ തേടുന്ന നമസ്കാരം എന്നിവയിലും തക്ബീറുകൾ ചൊല്ലുമ്പോൾ കൈകൾ ഉയർത്തൽ സുന്നത്താണ്.) ശൈഖ് ജിബ്രീൻ

## 23 ഇമാമിനെക്കാൾ മുൻകടന്നു പ്രവർത്തിക്കൽ.

ഇപ്രകാരം ചെയ്യുന്നതിനെ കുറിച്ച് സൂക്ഷിക്കണമെന്ന് നബി (ﷺ) യിൽ നിന്നും കഠിനമായ താക്കീതുകളുണ്ട്. ബുഖാരിയിലെ ഒരു അദ്ധ്യായത്തിന് പേര് തന്നെ, ഇമാം തല ഉയർത്തുന്നതിന് മുമ്പ് തല ഉയർത്തുന്നവർക്കുള്ള പാപം എന്നാകുന്നു. അബൂഹുറൈറ (رضي الله عنه) യിൽ നിന്നുദ്ധരിക്കുന്നു. അദ്ദേഹം പറഞ്ഞു.നബി (ﷺ) പറഞ്ഞിരിക്കുന്നു.(നമസ്കാരത്തിൽ നിങ്ങളിൽ ആരെങ്കിലും തന്റെ തല ഇമാം ഉയർത്തുന്നതിന്ന് മുമ്പ് ഉയർത്തുന്നുവെങ്കിൽ അവന്റെ തല കഴുതയുടെ തലയായി മാറ്റുന്നതും, രൂപം കഴുതയുടെ രൂപമാക്കിമാറ്റുന്നതും ഭയപ്പെടുന്നില്ലേ.) ?

## 24 നമസ്കാരത്തിലേക്ക് ധൃതി കാണിച്ചു നടക്കൽ.

ചിലർ പള്ളികളിലേക്ക് നമസ്കരിക്കുവാനായി ധൃതി കാണിച്ചു നടന്നുപോകുന്നു. പ്രത്യേകിച്ച് ഇമാം റുകൂഅ് ചെയ്യുന്ന സ്ഥിതിയിലാണ് കാണുന്നതെങ്കിൽ പ്രത്യേകിച്ചും ഇങ്ങനെ കാണപ്പെടാറുണ്ട്. ഇത് വിരോധിക്കപ്പെട്ടകാര്യമാണ്.അബൂഹുറൈറ (رضي الله عنه) യിൽ നിന്നു നിവേദനം ചെയ്യുന്ന ഹദീസിൽ ഇപ്രകാരം കാണാം. അദ്ദേഹം പറഞ്ഞു.നബി (ﷺ) പറഞ്ഞിരിക്കുന്നു

«إذا أقيمت الصلاة فلا تأتوها وأنتم تسعون وأتوها وأنتم تمشون وعليكم السكينة فما أدركتم فصلوا وما فاتكم فأتموا».

(നമസ്കാരത്തിന് ഇഖാമത്ത് വിളിക്കപ്പെട്ടാൽ നിങ്ങൾ ധൃതിയിൽ നടക്കാൻ പാടില്ല. എന്നാൽ നിങ്ങൾ നമസ്കാരത്തിനായി സാവകാശം നടക്കുക. ശാന്തമായിട്ടായിരിക്കണം.(അങ്ങനെ) നിങ്ങൾക്ക് ലഭിച്ചത് നിങ്ങൾ നമസ്കരിക്കുക. നഷ്ടമായിട്ടുണ്ടെങ്കിൽ അത് പൂർത്തീകരിക്കുകയും ചെയ്യുക. (ബുഖാരി, മുസ്ലിം, അഹ്മദ്, അഹ്ലുസുനനൻ)25,26

## 25 അണി (സ്വഫുകൾ) വേണ്ട പോലെ ശരിയാക്കാതിരിക്കുക.

നുഅ്മാൻ ബ്നു ബഷീർ (ﷺ) വിൽ നിന്ന് നിവേദനം, നബി (ﷺ) പറഞ്ഞു. നിങ്ങൾ അണി (സ്വഫുകൾ) വേണ്ട പോലെ ശരിയാക്കുക തന്നെ ചെയ്യണം. അതില്ലെങ്കിൽ നിങ്ങളുടെ മനസ്സുകൾ ഛിന്നഭിന്നമായിപ്പോകുന്നതാണ്. വീണ്ടും അവിടുന്ന് പറഞ്ഞു. നിങ്ങൾ സ്വഫുകൾ കൃത്യമായി ശരിപ്പെടുത്തുക, അവിടുന്ന് പറഞ്ഞു. നിങ്ങൾ സ്വഫുകൾ ശരിയാക്കുക, നിശ്ചയം നമസ്കാരം നല്ല പോലെ അനുഷ്ഠിക്കുന്നതിന്റെ ഭാഗമാണ് സ്വഫുകൾ കൃത്യമായി ശരിപ്പെടുത്തുക എന്നത്. വീണ്ടും അവിടുന്ന് ഇപ്രകാരം പറഞ്ഞു. നിങ്ങൾ സ്വഫുകൾ കൃത്യമായി ശരിപ്പെടുത്തുക, നിശ്ചയം അത് നമസ്കാരം നല്ലപോലെ അനുഷ്ഠിക്കുന്നതിന്റെ ഭാഗമാണ്. (എല്ലാറിപ്പോർട്ടുകളും ബുഖാരി ഉദ്ധരിച്ചതാണ്)

ബുശൈറ് ബ്നു യസാർ, അനസ് (ﷺ) വിൽ നിന്ന് നിവേദനം ചെയ്യുന്നു, മദീനയിൽ വന്നപ്പോൾ അദ്ദേഹത്തോട് ഇപ്രകാരം ചോദിക്കപ്പെട്ടു, നബി (ﷺ) യുമായി ഉടമ്പടി ചെയ്ത ശേഷം താങ്കൾക്ക് വല്ലതും ശരിയല്ലാത്തതായി അനുഭവപ്പെട്ടിട്ടുണ്ടോ. അപ്പോൾ അദ്ദേഹം പറഞ്ഞു. സ്വഫുകൾ കൃത്യമായി ശരിപ്പെടുത്തുന്നില്ല എന്നതല്ലാത്തതൊന്നും എനിക്കങ്ങിനെ അനുഭവപ്പെടുന്നില്ല.

## 26 ഉള്ളി പോലുള്ളത് തിന്നുകൊണ്ട് പള്ളിയിലേക്ക് വരൽ.

അബ്ദുല്ല ഇബ്നു ഉമർ (ﷺ) വിൽ നിന്ന് നിവേദനം, നബി (ﷺ) പറഞ്ഞിരിക്കുന്നു. ഉള്ളിയെ ഉദ്ദേശിച്ചു കൊണ്ട് അദ്ദേഹം പറഞ്ഞു. ഈ മരത്തിൽ നിന്ന് തിന്നവൻ നമ്മുടെ നമസ്കാരസ്ഥലത്തേക്ക് സമീപിക്കാൻ പാടില്ല.അബ്ദുല്ല ഇബ്നു ഉമർ (ﷺ) വിൽ നിന്ന് നിവേദനം, നബി (ﷺ)

പറഞ്ഞിരിക്കുന്നു. ഉള്ളിയെ ഉദ്ദേശിച്ചു കൊണ്ട് അദ്ദേഹം പറഞ്ഞു. ഈ മരത്തിൽ നിന്ന് തിന്നവൻ നമ്മുടെ പള്ളിയിലേക്ക് സമീപിക്കാൻപാടില്ല.

മറ്റൊരു റിപ്പോർട്ടിലുള്ളത് ഉള്ളിയോ വെള്ളു ള്ളിയോ തിന്നവൻ നമ്മിൽ നിന്ന് അകന്നിരിക്കട്ടെ.മറ്റൊരു റിപ്പോർട്ടിലുള്ളത് പള്ളിയിൽ നിന്ന് അകന്നിരിക്കുകയും വീട്ടിലിരിക്കുകയും ചെയ്യട്ടെ എന്നാണുള്ളത്.

അനസ് (ﷺ) വിൽ നിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു. നബി (ﷺ) പറഞ്ഞിരിക്കുന്നു, അവൻ നമ്മെ സമീപിക്കാതിരിക്കുകയും നമ്മുടെ കൂടെ നമസ്കരി ക്കാതിരിക്കുകയും ചെയ്യട്ടെ. (ബുഖാരി)

ഉമർ(ﷺ)വിൽ നിന്ന് മുസ്‌ലിം ഉദ്ധരിച്ച ഒരു ഹദീസിൽ അദ്ദേഹം പറഞ്ഞു. ആരിൽ നിന്നെങ്കിലും അതിന്റെ വാസനയടിക്കുന്നതായി അനുഭവപ്പെട്ടാൽ അയാളെ പള്ളിയിൽ നിന്ന് പുറത്താക്കുകയും ബഖീഇ ലേക്ക് പോകാൻ ആവശ്യപ്പെടുകയും ചെയ്യാറുള്ളതായി ഞാൻ കണ്ടിട്ടുണ്ട്. അത് തിന്നുന്നവൻ പാചകം ചെയ്തു ഭക്ഷിക്കട്ടെ എന്ന് അദ്ദേഹം കൽപിക്കാറുണ്ടായിരുന്നു.

അനസ്(ﷺ)വിൽ നിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു. നബി (ﷺ) പറഞ്ഞിരിക്കുന്നു, ദുർഗന്ധമുള്ള ഈ രണ്ടു വൃക്ഷങ്ങളിൽ നിന്ന് ഭക്ഷിച്ച ശേഷം പള്ളിയിൽ വരുന്നത് നിങ്ങൾ സൂക്ഷിക്കണം, എന്നാൽ അത് തിന്നുന്നവർ വേവിച്ച ശേഷം അത് കഴിക്കുകയുമാവാം. (തബ്‌റാനി)

പുകവലിക്കുന്നവരേയും ചില പണ്ഢിതൻമാർ ഈ ഗണത്തിലാണ് ഉൾപെടുത്തിയിരിക്കുന്നത്. കാരണം അതേ ദുർഗുണത്തിൽ രണ്ടും തുല്ല്യമാണല്ലോ. മാത്രമല്ല പുക വലിയുടെ ശല്യം ചിലർക്ക് ഉള്ളിയുടെ ദുർഗന്ധത്തേക്കാൾ ശക്തവുമാണ്. മുസ്‌ലിംകൾക്ക് ശല്യം ചെയ്യുന്ന കാരണ

ത്താൽ പുകവലിക്കുന്നവർ ഗുരുതരമായ പാപമാണ് ചെയ്യുന്നത്.

ഹുദൈഫ ബ്ൻ ഉസൈദ് (ﷺ) വിൽ നിന്ന് നിവേദനം ചെയ്യുന്ന ഹദീസിൽ കാണാം,മുസ്‌ലിംകൾക്ക് അവരുടെ വഴികളിൽ ശല്യം ചെയ്യുന്നവർ ശപിക്കപ്പെട്ടവരാണ്, ഇപ്രകാരമാണെങ്കിൽ അവരെ പള്ളികളിൽ വെച്ച് ശല്യം ചെയ്യുന്നവരുടെ അവസ്ഥ എന്തായിരിക്കുമെന്ന് ചിന്തിക്കാവുന്നതാണ്. അവിടെ വെച്ചു പാപത്തിന്റെ കാഠിന്യം വർദ്ധിക്കുമെന്നതിൽ സംശയമില്ല.

## 27 നമസ്കാരത്തിൽ തിരിഞ്ഞു നോക്കൽ.

ആയിശ(ﷺ)വിൽ നിന്നും നിവേദനം അവർ പറഞ്ഞു.

سألت رسول الله صلى الله عليه وسلم عن التفات في الصلاة فقال هو اختلاس يختلسه الشيطان من صلاة العبد

(നമസ്കാരത്തിൽ തിരിഞ്ഞുനോക്കുന്നതിനെ സംബന്ധിച്ചു ഞാൻ നബി(ﷺ)യോടു ചോദിച്ചു.അപ്പോൾ അദ്ദേഹം പറഞ്ഞു.(അത് അവന്റെ നമസ്കാരത്തിൽ നിന്നും പിശാചു തട്ടിയെടുക്കുന്നതാകുന്നു) (ബുഖാരി)

തിർമുദിയും, ഹാകിമും റിപ്പോർട്ടു ചെയ്ത മറ്റൊരു നബി വചനത്തിൽ ഇപ്രകാരം കാണാം.

فإذا صليتم فلا تلتفتوا فإن الله ينصب وجهه لوجه عبده في صلاته ما لم يلتفت

(നിങ്ങൾ നമസ്കാരത്തിനിടയിൽ തിരിഞ്ഞു നോക്കാൻ പാടില്ല. കാരണം നമസ്കാരത്തിൽ തന്റെ ദാസൻ തിരിഞ്ഞു നോക്കാത്തിടത്തോളം സമയം അല്ലാഹു അവനെ അഭിമുഖീകരിച്ചുകൊണ്ടിരിക്കും.)

നമസ്കാരത്തിൽ മൂന്നുകാര്യങ്ങൾ ഉണ്ടായികൂടാ എന്ന് നബി (ﷺ) വിലക്കിയിട്ടുണ്ട്

عن نقرة كنقرة الديك وإقعاء كإقعاء الكلب والتفات كالتفات الثعلب

കോഴികൊത്തുന്ന പോലെയുള്ള (വേഗത്തിലുള്ള) നമസ്കാരം, നായ കിടക്കുന്ന പോലെ കിടക്കുയും (സുജൂദിൽ) കുറുക്കൻ തിരിഞ്ഞു നോക്കുന്നതു പോലെ തിരിഞ്ഞു നോക്കലും.) അബൂഹുറൈറ (ﷺ) ,അഹ്മദ്,അബൂയഹ്ല.

ഇത്രയും പരാമർശിച്ചിട്ടുള്ളത് അനാവശ്യമായും വൃഥാവിലും ചെയ്യുന്ന തിരിഞ്ഞു നോട്ടത്തെ കുറിച്ചാണ്.എന്നാൽ തക്കതായ കാരണം ഉണ്ടായിരുന്നാൽ തിരിഞ്ഞു നോക്കുന്നതിന് വിരോധമില്ല. ഖണ്ഡിതമായ ധാരാളം തെളിവുകൾ ഈ വിഷയത്തിൽ റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

സഹ്‌ലു ബ്നു സഅ്ദ് അസ്സാഇദീ (ﷺ) വിൽ നിന്നും ഉദ്ധരിക്കുന്ന ഒരു സംഭവം ബുഖാരിയിൽ ഇപ്രകാരം റിപ്പോർട്ടുചെയ്തിരിക്കുന്നു. (ഒരു ദിവസം ബനൂ അംറ്നു ഔഫി ഗോത്രങ്ങൾക്കിടയിൽ സന്ധിയുണ്ടാക്കുവാനായി നബി(ﷺ) പുറപ്പെട്ടു. അങ്ങനെ നമസ്കാര സമയമായപ്പോൾ ഒരാൾ വന്ന് അബൂബക്കർ (ﷺ) നോടു പറഞ്ഞു. ഞാൻ ഇഖാമത്ത് കൊടുത്താൽ താങ്കൾ ജനങ്ങൾക്ക് നമസ്കാരത്തിനായി നേതൃത്വം നൽകുമോ? അദ്ദേഹം സമ്മതിക്കുകയും നമസ്കാരം ആരംഭിക്കുകയും ചെയ്തു. ആ സന്ദർഭത്തിൽ നബി (ﷺ) തിരിച്ചെത്തുകയും നമസ്കരിക്കുന്ന അണിയിൽ ചേരുകയും ചെയ്തു. ഇത് കണ്ട ജനങ്ങൾ കൈ അടിക്കാൻ തുടങ്ങി. എന്നാൽ അബൂബക്കർ (ﷺ) തിരിഞ്ഞു നോക്കിയില്ല. അപ്പോൾ ജനങ്ങൾ കയ്യടി വർദ്ധിപ്പിച്ചു കൊണ്ടിരിന്നു. അങ്ങിനെ അദ്ദേഹം തിരിഞ്ഞു നോക്കുകയും നബി (ﷺ) യെ കാണുകയും ചെയ്തു. ഉടനെ നബി (ﷺ) അദ്ദേഹത്തോടു തന്നെ നമസ്കാരം തുടരാൻ ആവശ്യപ്പെട്ടു കൊണ്ട് ആംഗ്യം കാണിച്ചു. ഈ ഹദീസിന്റെ അവസാനത്തിൽ അവിടുന്ന് ഇപ്രകാരം പറയുകയും ചെയ്തു. എന്തുകൊണ്ടാണ് നിങ്ങൾ ധാരാളമായി കയ്യടിക്കുന്നത്. നമസ്കാരത്തിൽ വല്ലതും സംശയമുണ്ടാ

യാൽ അവർ തസ്ബീഹ് ചൊല്ലട്ടെ. അത് കേട്ടാൽ (ഇമാമിന്) തിരിഞ്ഞു നോക്കാം. കൈയ്യടിക്കേണ്ടത് സ്ത്രീകളാണ്.

ഈ സംഭവത്തിന് വിശദീകരണം നൽകിയ ഇബ്നു ഹജർ പറഞ്ഞത്. ആവശ്യമുള്ള സന്ദർഭങ്ങളിൽ നമസ്കാരത്തിൽ തിരിഞ്ഞുനോക്കാമെന്നും, നമസ്കാരസമയത്ത് വല്ലതും പറയേണ്ടതുണ്ടെങ്കിൽ അത് ആംഗ്യം കാണിക്കുന്നതാണ്. സംസാരത്തേക്കാൾ ഉത്തമമെന്നും ഇത് പഠിപ്പിക്കുന്നു.

**28 നമസ്കാരത്തിലെ ഓരോ റുകുനുകളിലും ചൊല്ലേണ്ട ദിക്റുകളും പ്രാർത്ഥനകളും ചൊല്ലാൻ വേണ്ടത്ര സാവാകാശം കൊടുക്കാതെയും ഇമാമിനെ പിന്തുടരാൻ കഴിയാതിരിക്കുന്ന രൂപത്തിലും നമസ്കാരം ലഘൂകരിക്കൽ.**

ഇപ്രകാരം ചെയ്യുക എന്നത് ത്വുമഅ്നീന:(ഒതുക്കവും അടക്കവും) എന്നതിന്ന് എതിരാകുന്നു.റുകൂഉകളിലും,സുജൂദുകളിലും ഒതുങ്ങി താമസിക്കുകയും അവയിൽ ചൊല്ലേണ്ട ദിക്റുകൾ മൂന്നുപ്രാവശ്യം ആവർത്തിക്കുവാനുള്ള സാവകാശം ലഭിക്കുക തന്നെ വേണമെന്നാണ് ഹദീസുകൾ പഠിപ്പിക്കുന്നത്. ധൃതികാണിച്ചുകൂടാ. ഇതാണ് നമ്മുടെ ശൈഖ് അബ്ദുല്ല ഇബ്നുജിബ്രീന്റെ അഭിപ്രായം.

**29** മുസ്ഹഫ് നോക്കി കൊണ്ട് ഖുർആൻ പാരായണം ചെയ്യുകയോ, ഇമാം ഖുർആൻ ഓതുന്നത് മുസ്ഹഫിൽ നോക്കി പിന്തുടരുകയോ ചെയ്യൽ ഇത് യാതൊരു ആവശ്യവുമില്ലാതെയാണെങ്കിൽ വർജ്ജിക്കലാണുത്തമം,എന്നാൽ പിഴവു തിരുത്തികൊടുക്കുക എന്ന ഉദ്ദേശ്യമാണെങ്കിൽ അതു കൊണ്ട് കുഴപ്പമില്ല.

**30** സുജൂദു ചെയ്യുമ്പോൾ വയർ കാൽതുടകളിൽ തട്ടിച്ചും, കൈ തണ്ടങ്ങൾ ശരീരത്തോടു ഒട്ടിയും വരുന്ന രൂപത്തിൽ സുജൂദ് ചെയ്യൽ. യദാർത്ഥത്തിൽ ഇവ അകറ്റി വെച്ചു കൊണ്ടാണ് സുജൂദ് ചെയ്യേണ്ടത്.എന്നാൽ തൊട്ടടുത്ത് നിൽക്കുന്നവർക്ക് ശല്ല്യമാകുവാനോ, മുഴം കൈകൾ നിലത്ത് പതിച്ചുവെക്കുവാനോ പാടുള്ളതുമല്ല. ഇരു കൈപത്തികളും മുട്ടിൻകാലിനോട് ചേർത്തിയല്ല വെക്കേണ്ടത്. മറിച്ചു തന്റെ ചുമലുകൾക്ക് നേരെയാവുന്ന രൂപത്തിലായിരിക്കണം. അമിതമായി അകറ്റി വെച്ച് കിടക്കുന്ന രൂപത്തിലും പ്രയാസപ്പെട്ടുകൂടാ. (ഇതാണ് ശൈഖ് അബ്ദുല്ല ജിബ്രീൻ അഭിപ്രായപ്പെട്ടിട്ടുള്ളത്.)

## 31 വസ്ത്രം വലിച്ചിഴക്കൽ.

അബൂഹുറൈറ (ﷺ) യിൽ നിന്നും നിവേദനം ചെയ്യുന്ന ഒരു ഹദീസിൽ നബി (ﷺ) പറഞ്ഞു. (نهى عن السدل في الصلاة) (നമസ്കാരത്തിൽ വസ്ത്രം നിലത്ത് വലിച്ചിഴക്കുന്നത് നബി (ﷺ) വിരോധിച്ചിരിക്കുന്നു.) എന്നുകാണാം. ഔനുൽ മഅ്ബൂദ് എന്ന ഗ്രന്ഥത്തിന്റെ കർത്താവായ ഖത്ത്വാബി പറയുന്നത് കാണുക.(സദ്ല്) എന്നാൽ ധരിക്കുന്ന വസ്ത്രം നിലത്ത് ഇഴയുന്ന രൂപത്തിൽ താഴ്ത്തി ഇടുക എന്നതാണ് ഉദ്ദേശിക്കുന്നത്.

അബൂ ഉബൈദ (ﷺ) പറയുന്നത് കാണാം.വസ്ത്രത്തിന്റെ രണ്ടറ്റങ്ങളും പരസ്പരം കൂട്ടി തുന്നാതെ അവ നിലത്തു ഇഴയുന്നത് ഇതി ന്റെ പരിധിയിൽ വിലക്കപ്പെട്ടതാണ്. അപ്രകാരം തന്നെ വസ്ത്രത്തിന്റെ (മുണ്ട്) മധ്യഭാഗം തലയിലിടുകയും രണ്ടറ്റങ്ങളും നിലത്ത് ഇഴയുമാറ് താഴ്ത്തി ഇടലും വിലക്കപ്പെട്ടത്രെ.

## 32 നമസ്കാരത്തിൽ കൈകൾ താഴ്ത്തിയിടൽ.

നമസ്കാരത്തിൽ കൈകൾ താഴ്ത്തി ഇടുന്നത്

പൊതുവെ വിലക്കിയ ഹദീസ് നാം മുകളിൽ കാണുകയുണ്ടായി.നമസ്കാരത്തിൽ കൈകൾ താഴ്ത്തിയിടുന്ന രീതി പൊതുവെ ജനങ്ങൾക്കിടയിൽ പല രൂപത്തിലും കാണപ്പെടുന്നു. ചിലർ ഇരുകൈകളും പൂർണ്ണമായും താഴ്ത്തിയിടുന്നതായി കാണാറുണ്ട്. മറ്റു ചിലരാവട്ടെ ഇടതു കൈയ്യിൻമേൽ വലതുകൈ വെച്ചുകൊണ്ട് പൊക്കിളിനു താഴെയോ, പൊക്കിളിന്മേലോ വെക്കാറുണ്ട്. ചിലരാവട്ടെ അത് കഴുത്തിലാണ് വെക്കാറുള്ളത്. എന്നാൽ നബി(ﷺ) നിന്നും സ്ഥിരപ്പെട്ട സുന്നത്തായ രീതി വലതുകൈ ഇടതു കൈയ്യിന്മേലായി നെഞ്ചിൽ വെക്കുക എന്നതാണ്. മുസ്ലിമിന്റെ സ്വഹീഹിൽ ഇപ്രകാരം കാണാം. (നബി (ﷺ) തന്റെ വലതുകൈ ഇടതു കൈയ്യിൽ വെക്കാറുണ്ടായിരുന്നു.)

സഅദ്ബ്നു സഊദ് (رضي الله عنه) ൽ നിന്നും നിവേദനം ചെയ്തതും ബുഖാരി റിപ്പോർട്ടു ചെയ്തതുമായ ഹദീസിൽ അദ്ദേഹം പറഞ്ഞു.

**وعن سهل بن سعد قال كان الناس يؤمرون أن يضع الرجل اليد اليمنى على ذراعه اليسرى في الصلاة .**

(നമസ്കാരത്തിൽ വലതുകൈ ഇടതു കൈ തണ്ഡത്തിൽ വെക്കണമെന്ന് ആളുകളോടു കൽപിക്കാറുണ്ടായിരുന്നു.)

അതിനാൽ തന്നെ സുന്നത്തിൽ സ്ഥിരപ്പെട്ടകാര്യം വലതു കൈ ഇടതു കൈയ്യിൻമേൽ വെക്കുക എന്നതാണ്. മറിച്ചാവുന്നത് സുന്നത്തിന് വിരുദ്ധവും.ഒരിക്കൽ നബി(ﷺ) നടന്നു പോകുന്നതിനിടയിൽ ഒരാൾ നമസ്കരിക്കുന്നത് കാണുകയുണ്ടായി. അയാൾ കൈ വെച്ചിരിക്കുന്നത് ഇടതു കൈ വലതുകൈയ്യിൻമേൽ ആയിരുന്നു. അതു പ്രവാചകൻ (ﷺ) തിരിച്ചു വെക്കുകയുണ്ടായി എന്ന് അബൂദാവൂദും, അഹ്മദും റിപ്പോർട്ടു ചെയ്ത ഹദീസിൽ കാണാവുന്നതാണ്. ഇബ്നു ഖുസൈമയുടെ മറ്റൊരു റിപ്പോർട്ടിൽ അത് നെഞ്ചിലായിരുന്നു എന്നു കാണാം.

## 33 കൈകൾ പൊക്കിളിൻ മേലോ, അതിന് താഴെയോ വെക്കുക.

ഇതിന് ഉപോൽബലമായതെന്ന് വിശദീകരിക്കുന്ന ഒരു ഹദീസ് അലി(ﷺ)ൽ നിന്നും ഇമാം അഹ്മദ് ഉദ്ധരിക്കുന്നതായി കാണാം. എന്നാൽ ഈ ഹദീസ് റിപ്പോർട്ടു ചെയ്ത പരമ്പര വളരെയധികം ദുർബലമാണെന്നാണ് ഹദീസ് പണ്ഡിതന്മാർ പറയുന്നത്.

**34** ചില ഇമാമുമാർ നമസ്കാരത്തിലെ ഉയർച്ചയുടെയും ഇരുത്തത്തിന്റെയും തക്ബീറുകൾ ചൊല്ലുന്നിടത്ത് വ്യത്യാസം കാണിക്കുകയും ചിലതിന് വളരെ സുദീർഘമായും മറ്റു ചിലത് ചുരുക്കിയും തക്ബീർ ചൊല്ലാറുണ്ട്, ഇത് ശരിയല്ല. ശൈഖ് ഉസൈമിനോട് ഇതിനെ കുറിച്ചു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞ മറുപടി ഇവിടെ പകർത്താം.

**ചോദ്യം–** നമസ്കാരത്തിലെ അത്തഹിയ്യാത്തുകൾക്ക് ഇരിക്കുന്ന സന്ദർഭങ്ങളിൽ ഇമാമുമാർ തക്ബീർ നീട്ടി ചൊല്ലേണ്ടതുണ്ടോ?

**ഉത്തരം:** നമസ്കാരത്തിലെ ഓരോ കർമ്മങ്ങൾക്കുമുള്ള തക്ബീറുകളിൽ പ്രത്യേകം പ്രത്യേകം രീതി സ്വീകരിക്കുന്ന പതിവ് ഒരിക്കലും ശരിയായ രീതിയല്ല. റുകൂഅ്,സുജൂദ്,നിർത്തം,എന്നിവക്ക് ഇപ്രകാരം പ്രത്യേക സ്വഭാവത്തിൽ തക്ബീർ ചൊല്ലുന്നത് ഇമാമുകൾക്ക് നിർബന്ധവുമല്ല. കാരണം അപ്രകാരം ഏതെങ്കിലും ഒരു പണ്ഡിതൻ പറഞ്ഞതായി നമുക്ക് മനസ്സിലാക്കാനും കഴിഞ്ഞിട്ടില്ല. അങ്ങിനെ പറയാമോ എന്നാണ് നിങ്ങൾ എന്നോട് ചോദിക്കുന്നതെങ്കിൽ എനിക്ക് പറയാനുള്ളത് അത് ശരിയല്ല എന്നാണ്. കാരണം നബി (ﷺ) അപ്രകാരം തക്ബീറുകളിൽ വ്യത്യാസം കൽപ്പിച്ചിരുന്നതായി ഞാൻ കണ്ടിട്ടില്ല. അപ്രകാരം തന്നെ പൂർവ്വീകരായ പണ്ഡിതന്മാരും ചെയ്തിരുന്നതായി ഞാൻ കണ്ടിട്ടില്ല. എന്നാൽ ഈ വിഷയത്തിൽ ചില

പണ്ഡിതന്മാർക്കുള്ള മറ്റൊരഭിപ്രായം, നിർത്തത്തിൽ നിന്നും സുജൂദിലേക്ക് പോകുമ്പോഴും സുജൂദിൽ നിന്നും നിർത്തത്തിലേക്ക് വരുമ്പോഴും സ്വൽപം ദീർഘി പ്പിച്ചുകൊണ്ട് തക്ബീർ ചൊല്ലാമെന്നാണ്.

എന്നാൽ അത്തഹിയ്യാത്തിന്റെ ഇരുത്തത്തിനു വേണ്ടി പ്രത്യേകം സുദീർഘമായി തക്ബീർ ചൊല്ലുന്ന സമ്പ്രദായം പൂർവ്വീകരായ പണ്ഡിതന്മാരിൽ നിന്നു റിപ്പോർട്ടു ചെയ്യപ്പെട്ടതായി എനിക്ക് കാണാൻ സാധിച്ചിട്ടി ല്ല. അതിനാൽ തന്നെ ഈ വിഷയത്തിൽ എന്റെ അഭി പ്രായം തക്ബീറുകൾക്കിടയിൽ വ്യത്യാസം കൽപിക്കുന്ന പതിവ് കാര്യമല്ല എന്നും എല്ലാ തക്ബീറുകളും ഒരേ പോലെ തന്നെ നിർവ്വഹിക്കേണ്ടതാണെന്നുമാണ്. മറിച്ചാ കുമ്പോൾ അതിനു തെളിവുകളുടെ പിൻബലം ആവശ്യമാ കുന്നു.

നബി (ﷺ) തനിക്കൊരു മിമ്പറുണ്ടാക്കിയപ്പോൾ അതിൽ കയറിയ ശേഷം പറഞ്ഞത് ഇതു ഞാനുണ്ടാക്കി യത് ഞാൻ എങ്ങനെ നമസ്കരിക്കുന്നു എന്ന് നിങ്ങളെ പഠിപ്പിക്കുന്നതിനും നിങ്ങൾ എന്നെ പിന്തുടരുന്നതിനും വേണ്ടിയാണ്. തക്ബീറുകൾക്കിടയിൽ എന്തെങ്കിലും വ്യത്യാസം കാണിച്ചു കൊണ്ട് നബി(ﷺ) യെ പിന്തുടരാൻ സാധിച്ചിരുന്നുവെങ്കിൽ നബി (ﷺ) മിമ്പറിൽ കയറി അത് പഠിപ്പിക്കേണ്ടതില്ലായിരുന്നുവല്ലോ? അതിൽ ഉപരിയായി ഇമാമുമാർ നമസ്കാരത്തിൽ ചിട്ടയും ശ്രദ്ധയും പാലിക്കു ന്നതായിരിക്കും ഉത്തമം. റക്ത്തു കളുടെ എണ്ണത്തെ കുറിച്ചു കൃത്യമായി ബോധവാനാവുകയും ചെയ്തിരിക്ക ണം. അതല്ലാതെ ഇമാമുമാർ തക്ബീർ നീട്ടി ചൊല്ലുന്നു വോ, ചുരുക്കി ചൊല്ലുന്നുവോ എന്ന് ശ്രദ്ധിച്ച് കൊണ്ട് അതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് നമസ്കാരത്തെ തൊട്ടു അശ്രദ്ധകാണിക്കലാവുകയും ചെയ്യുന്നതായിരിക്കും. അതി ല്ലാതിരിക്കാൻ റക്അത്തുകളുടെ എണ്ണത്തെ കുറിച്ചു കൃത്യ

മായി ബോധവാൻമാരായി നമസ്കരിക്കുന്നതാണ് അനു പേക്ഷണീയം.

## 35 പള്ളിയിൽ ഒരു ജമാഅത്ത് നടന്നു കൊണ്ടി രിക്കെ തന്നെ മറ്റൊരു ജമാഅത്ത് സംഘടിപ്പിക്കൽ.

അപ്രകാരം തന്നെയാണ് ഇമാം അവസാനത്തെ അത്തഹിയ്യാത്തിന്റെ ഇരുത്തത്തിൽ ആയിക്കൊണ്ടിരിക്കെ പള്ളിയിൽ പ്രവേശിക്കുന്ന ചിലർ ഇഖാമത്ത് കൊടുക്കു കയും നമസ്കാരം ആരംഭിക്കുകയും ചെയ്യാറുണ്ട്. ഇതും ശരിയായ രീതിയല്ല.

## 36 വിശുദ്ധ ഖുർആൻ ഓതിത്തീർക്കുക എന്ന ഉദ്ദേ ശത്തോടെ തറാവീഹ് നമസ്കാരങ്ങൾ ധൃതിപി ടിച്ചും വേഗത്തിലും ചെയ്യൽ.

ശൈഖ് ഉസൈമിൻ (رحمه الله) നബി (ﷺ) യുടെയും സഹാ ബികളുടെയും തറാവീഹ് നമസ്കാരത്തെ കുറിച്ചു സംസാ രിക്കുന്നതിന്നിടയിൽ ഇപ്രകാരം പറയുകയുണ്ടായി.(ഇന്ന് ധാരാളം ആളുകൾ നബി (ﷺ) യുടെയും സഹാബത്തി ന്റെയും നമസ്കാരത്തിന് വിരുദ്ധമായ രൂപത്തിലാണ് നമ സ്കരിക്കുന്നത്. കാരണം നമസ്കാരം സ്വീകാര്യയോഗ്യമാ യിരിക്കണമെങ്കിൽ ഉണ്ടായിരിക്കേണ്ട അനിവാര്യ ഘടകങ്ങ ളാണല്ലോ ശാന്തതയും അടക്കവും ഒതുക്കവും ഉണ്ടായിരി ക്കുക എന്നത്. എന്നാൽ ഇതിന് വിപരീതമാവുന്ന രൂപത്തി ൽ അത്ഭുതകരമായ ധൃതിയിലാണ് ചിലർ നമസ്കരിക്കാറു ള്ളത്.ഇങ്ങനെയുള്ള നമസ്കാരം കൊണ്ടു അവർക്കും അവരുടെ പിന്നിലുള്ളവർക്കും ഭാരം മാത്രമാണുണ്ടാവുന്ന തും. മാത്രമല്ല, പിന്നിൽ നിന്നു നമസ്കരിക്കുന്ന ദുർബ ലരും,രോഗികളും,പ്രായം ചെന്നവരും അതുകൊണ്ട് ബുദ്ധി മുട്ടുകയും ചെയ്യുന്നു.

പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ പിന്നിൽ നിന്നു നമസ്കരിക്കുന്നവർക്കു സുന്നത്തുകൾ കൂടി കൊണ്ടുവ

രാൻ സൗകര്യപ്പെടുന്നതിന് കഴിവില്ലാത്ത രൂപത്തിൽ ധൃതി കാണിക്കൽ വെറുക്കപ്പെട്ട കാര്യമാണെന്നാണ്. എങ്കിൽ നിർബന്ധമായ ഘടകങ്ങൾ കൊണ്ടുവരാൻ കഴിയാത്ത രൂപത്തിൽ അപ്രകാരം ധൃതികാണിക്കുന്നുവെങ്കിൽ അവരുടെ അവസ്ഥ എന്തായിരിക്കും എന്നാലോചിക്കുക. (അല്ലാഹു രക്ഷ നൽകട്ടെ). റമളാനിലെ സദസ്സുകൾ പേജ് 19

37 പിന്നിൽ നമസ്കരിക്കുന്ന ചിലർ ളുഹർ, അസർ, എന്നീ നമസ്കാരങ്ങളിലെ അവസാനത്തെ രണ്ടു റക്ത്തുകളിൽ ഫാതിഹ ഒരു പ്രാവശ്യം ഓതി തീർന്നാൽ വീണ്ടും പാരായണം ചെയ്യുന്നു. സൂറത്തു ഓതുന്നത് ശരിയല്ല എന്ന ധാരണ കൊണ്ടാണ് അപ്രകാരം ചെയ്യുന്നത്.

38 നമസ്കാരത്തിലെ ചില ദിക്റുകളും പ്രാർത്ഥനകളുമെല്ലാം അതിന്റേതല്ലാത്ത സ്ഥലങ്ങളിൽ ചൊല്ലൽ. ചില ഉദാഹരണങ്ങൾ താഴെ ചേർക്കാം.

ചിലർ നമസ്കരിക്കാനായി ഇമാമിന്റെ കൂടെ എത്തുകയും എന്നാൽ ഫാതിഹ ഓതുമ്പോൾ വളരെ പിന്തിപ്പിച്ചു തുടങ്ങുകയും ചെയ്യും. മറ്റു ചിലർ റുകൂഇന്റെ തൊട്ടുമുമ്പിലായി നമസ്കാരത്തിനെത്തുന്നു ഇവർ ഇമാം റുകൂഇലേക്ക് പോയ ശേഷം ഫാതിഹ മുഴുവനായി ഓതിത്തീർക്കുവാനായി ഇമാമിനെ തുടരുന്നതിൽ താമസം കാണിക്കുന്നു.

മറ്റു ചിലർ സുജൂദിൽ നിന്ന് പൂർണ്ണമായി എഴുന്നേൽക്കുന്നതിന്ന് മുമ്പായി തന്നെ സൂറ ഫാതിഹ ഓതാൻ ആരംഭിക്കുന്നു. ചിലരാവട്ടെ സുജൂദിലേക്കു കുനിഞ്ഞു പോകുന്ന വേളയിലായിരിക്കും ഇഅ്തിദാലിലെ പ്രാർത്ഥനകൾ പൂർണ്ണമാക്കുന്നത്, ഇതെല്ലാം സുന്നത്തിന് എതിരായതാകുന്നു. ഈ വിഷയത്തെ കുറിച്ച് ഇബ്നു ബാസ് (رحمه الله) നോട് ചോദിച്ചു. അദ്ദേഹം നൽകിയ മറുപടി താഴെ ചേർക്കുന്നു.

**ചോദ്യം-** ചിലർ നമസ്കാരത്തിൽ സുജൂദിൽ നിന്നും എഴുന്നേൽ ക്കുമ്പോൾ സ്വൽപം അവിടെ ഇരിക്കുകയും ആ ഇരുത്തത്തിനിടയിലും അടുത്ത റക്അത്തിലേക്കു ഉയരുന്നതിന്നിടയിലായി കൊണ്ടും സൂറത്തുൽ ഫാത്തിഹ ഓതാൻ തുടങ്ങുകയും ചെയ്യുന്ന പ്രവണ കാണപ്പെടുന്നു. ഇപ്രകാരം നമസ്കരിക്കുന്നവരുടെ നമസ്കാരത്തിന്റെ വിധി എന്താണ്.?

**ഉത്തരം-**മഅ്മൂമിനെ സംബന്ധിച്ചിടത്തോളം നിർബന്ധമുള്ള കാര്യം എല്ലാ സന്ദർഭത്തിലും ഇമാമിനെ പിന്തുടരലാണ്. അത് നിർത്തമായിരുന്നാലും, റുകൂഅ് ആയാലും മറ്റേതു കർമമാണെങ്കിലും ശരി. ഇമാം രണ്ടാമത്തേയോ, നാലാമത്തേയോ റക്ത്തിലേക്ക് എഴുന്നേറ്റാൽ മഅ്മൂമിന് അവിടെ സ്വൽപം ഇരിക്കാൻ പാടില്ല. നബി(ﷺ)യുടെ വചനം അനുസരിച്ചു കൊണ്ട് ഇമാമിനെ പിന്തുടരേണ്ടതാണ്.അവിടുന്നു പറഞ്ഞു. (إنما جعل الإمام ليؤتم به فلا تختلفوا عليه) (നിശ്ചയം ഇമാമിനെ സ്വീകരിച്ചിരിക്കുന്നത് അദ്ദേഹത്തെ പിന്തുടരുന്നതിനാകുന്നു. അതിനാൽ അദ്ദേഹത്തിന്ന് നിങ്ങൾ എതിരായി ഒന്നും ചെയ്തു കൂടാ) എന്നാൽ ഇസ്തിറാഹ(ആശ്വാസം)യുടെ ഉദ്ദേശ്യത്തോടെ സ്വൽപം ഒന്നിരിക്കുന്നതു കൊണ്ടു വിരോധമില്ല. മാത്രമല്ല അത് സുന്നത്തു കൂടിയാണ്. പണ്ഡിതന്മാരുടെ അഭിപ്രായങ്ങളിൽ ഏറ്റവും സ്വീകാര്യവും ഈ ഇരുത്തം ഇമാം, മഅ്മൂമ്, തനിച്ചുനമസ്കരിക്കുന്നവൻ എന്നീ വിത്യാസവും പരിഗണിക്കപ്പെടുകയില്ല എന്നാണ്. എന്നാൽ ഈ ഇരുത്തത്തിൽ വെച്ച് വല്ല പ്രാർത്ഥനയോ, ദിക്റുകളോ ചൊല്ലേണ്ടതില്ല. ഖുർആൻ പാരായണം ചെയ്യേണ്ടതുമില്ല.അത് അതിനുള്ള സന്ദർഭവുമല്ല. ഖുർആൻ പാരായണം ചെയ്യുന്നത് നിർത്തത്തിലാണ്.

## 39 അനാവശ്യമായി രണ്ടു കണ്ണുകളും ചിമ്മുക.

ഇബ്നു ഖയ്യിം (ﷺ) പറഞ്ഞു (നമസ്കാരത്തിൽ കണ്ണുചിമ്മുക എന്നത് നബി(ﷺ)യുടെ മാർഗ്ഗമായിരുന്നില്ല.അവസാനത്തെ അത്തഹിയ്യാത്തിൽ പ്രാർത്ഥിക്കുമ്പോൾ അദ്ദേഹം തന്റെ ചൂണ്ടു വിരലിലേക്കായിരുന്നു നോക്കിയിരുന്നത്.)

കർമ്മ ശാസ്ത്ര പണ്ഡിതന്മാർ അത് കറാഹത്താണ് എന്നു പറയുന്നു.ഇമാം അഹ്മദിന്റെ വീക്ഷണവും ഇതാണ്.അത് ജൂതൻമാരുടെ ചര്യയാണെന്നാണ് അവർ പറഞ്ഞത്. ചിലർ അതിനു വിരോധമില്ല എന്നും ഏകാഗ്രതക്കും കൂടുതൽ സൂക്ഷമതക്കും അതാണ് നല്ലത് എന്നും അഭിപ്രായപ്പെടുന്നു.

എന്നാൽ ഏറ്റവും ശരിയായ രീതി നമസ്കാരത്തിൽ ശ്രദ്ധ തിരിക്കുന്ന അലങ്കാര വസ്തുക്കൾ പോലുള്ളുവ അവരുടെ മുമ്പിലുണ്ടെങ്കിൽ അതിനു വിരോധമില്ല എന്നും (അല്ലാത്തപക്ഷം) കണ്ണുകൾ തുറക്കുന്നതു കൊണ്ട് ഭക്തിക്ക് കോട്ടം തട്ടാത്ത അവസ്ഥയുമാണു ള്ളതെങ്കിൽ കണ്ണു ചിമ്മാതിരിക്കുന്നത് തന്നെയാണ് ഏറ്റവും ശരിയെന്നുമാണ്.അതിനാൽ തന്നെ ഒരു നിയമങ്ങളുടെ തെളിവുകളുടെ പിൻബലമുള്ളതും സുന്നത്തിനോട് ഏറ്റവും അടുത്തതും ഈ രീതിയാകുന്നു എന്നു മനസ്സിലാക്കാവുന്നതാണ്.(സാദുൽഅയദ്–293–294)

## 40 വസ്ത്രം നിലത്തു വലിച്ചിഴക്കൽ.

ഇത് പൊതുവെ വിരോധിക്കപ്പെട്ടതത്രെ. എങ്കിലും നമസ്കാരത്തിൽ ഇത് ചെയ്യുന്നതുമായി ബന്ധപ്പെട്ട ചില ഹദീസുകൾ വന്നതിലാണ് ഇവിടെ ഇത് ചർച്ച ചെയ്യുന്നത്. അബ്ദുല്ല ഇബ്നു മസ്ഊദ്(ﷺ)ൽ നിന്നു നിവേദനം അദ്ദേഹം പറഞ്ഞു.നബി (ﷺ) പറഞ്ഞിരിക്കുന്നു. (من أسبل إزاره في صلاته خيلاء فليس من الله في حل ولا حرام) (നമസ്കാരത്തിൽ

അഹങ്കാരത്തോടെ തന്റെ വസ്ത്രം നിലത്ത് വലിച്ചിഴച്ച വൻ...)

അബൂഹുറൈറ (﵁) വിൽ നിന്നു നിവേദനം അദ്ദേഹം പറഞ്ഞു.വസ്ത്രം നിലത്ത് വലിച്ചിഴച്ചു നമസ്കരിച്ചുകൊണ്ടിരിക്കുന്ന ഒരാളോട് നബി (ﷺ) ഇപ്രകാരം പറഞ്ഞു.

«بينما رجل يصلي مسبلا إزاره إذ قال له رسول الله صلى الله عليه وسلم اذهب فتوضأ فذهب فتوضأ ثم جاء ثم قال اذهب فتوضأ فذهب فتوضأ ثم جاء فقال له رجل يا رسول الله ما لك أمرته أن يتوضأ فقال إنه كان يصلي وهو مسبل إزاره وإن الله تعالى لا يقبل صلاة رجل مسبل إزاره».

(നീ പോയി വുളുഅ് ചെയ്യുക. അദ്ദേഹം പോയി വുളൂഅ് ചെയ്തു വന്നു. അപ്പോൾ നബി(ﷺ) വീണ്ടും അപ്രകാരം കൽപിച്ചു.അദ്ദേഹം പോയി വുളൂഅ് എടുത്തു വന്നു. ഇതു കണ്ട മറ്റൊരാൾ നബി(ﷺ) യോട് ചോദിച്ചു. അല്ലാഹുവിന്റെ റസൂലേ, താങ്കൾ എന്തിനാണ് അപ്രകാരം കൽപിച്ചത്.? അപ്പോൾ അവിടുന്നു മറുപടി പറഞ്ഞു. അയാൾ വസ്ത്രം വലിച്ചിഴച്ചുകൊണ്ടായിരുന്നു നമസ്കരിച്ചിരുന്നത്. നിശ്ചയം അല്ലാഹു വസ്ത്രം വലിച്ചിഴക്കുന്ന രീതിയിൽ നമസ്കരിച്ചാൽ അത് സ്വീകരിക്കുകയില്ല). (അബൂദാവൂദ്, മുസ്ലിമിന്റെ നിബന്ധനയനുസരിച്ച് ഇത് സഹീയായ ഹദീസ് തന്നെയാണെന്നാണ് ഇമാം നവവിയും പറഞ്ഞത്.)

ഈ ഹദീസ് ദുർബലമാണെന്ന് ചിലർ അഭിപ്രായപ്പെടുന്നുവെങ്കിലും അത് പരിഹരിക്കാവുന്നതും പിൻബലം നൽകുന്നതുമാണ് മറ്റു ഹദീസുകൾ.

വസ്ത്രം നിലത്തു വലിച്ചിഴക്കുന്ന വിഷയത്തിൽ ധാരാളം ആളുകളും ആലസ്യം കാണിക്കുന്നുണ്ട് എന്നാണ് എന്റെ അഭിപ്രായം.

അബൂഹുറൈറ(﵁) നിവേദനം ചെയ്യുന്നതും മുസ്ലിം റിപ്പോർട്ടു ചെയ്തതുമായ മറ്റൊരു ഹദീസ് ഈ വിഷയ

ത്തിൽ കഠിനമായി താക്കീതു നൽകുന്നതായി നമുക്കു കാണാം. അതിപ്രകാരമാണ്

«ثلاثة لا يكلمهم الله يوم القيامة ولا ينظر إليهم ولا يزكيهم ولهم عذاب أليم المسبل إزاره والمنان الذي لا يعطي شيئا إلا منه والمنفق سلعته بالحلف الفاجر- بالحلف الكاذب».

(മൂന്നുവിഭാഗം ആളുകളിലേക്ക് അന്ത്യനാളിൽ അല്ലാഹു നോക്കുകയോ, അവരെ സംസ്കരിക്കുകയോ ഇല്ല. മാത്രമല്ല, അവർക്ക് വേദനയേറിയ ശിക്ഷയുമുണ്ട്. വസ്ത്രം നിലത്ത് വലിച്ചിഴക്കുന്നവൻ, ചെയ്ത ഉപകാരം എടുത്തു പറയുന്നവരും തെറ്റായതോ കളവായതോ ആയ സത്യത്തിലൂടെ തന്റെ ചരക്കുകൾ വിൽപന നടത്തുന്നവനുമത്രെ അവർ.) അബ്ദില്ല ഇബ്നു ഉമർ(رضي الله عنه)ൽ നിന്ന് നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു. നബി (ﷺ) പറഞ്ഞിരിക്കുന്നു.

«من جر إزاره لا يريد بذلك إلا المخيلة فإن الله لا ينظر إليه يوم القيامة».

(അഹങ്കാരത്തോടെ വസ്ത്രം നിലത്ത് വലിച്ചിഴക്കുന്നവരുടെ മുഖത്തേക്ക് അല്ലാഹു അന്ത്യനാളിൽ നോക്കുകയില്ല.) (മുസ്ലിം)

## 41 ഇഖാമത്തു കേട്ട ശേഷം സുന്നത്തു നമസ്കരിക്കൽ.

അബൂഹുറൈറ (رضي الله عنه) ൽ നിന്ന് നിവേദനം അദ്ദേഹം പറഞ്ഞു. നബി (ﷺ) പറഞ്ഞിരിക്കുന്നു.

إذا أقيمت الصلاة فلا صلاة إلا المكتوبة.

(ഇഖാമത്ത് കൊടുത്താൽ പിന്നീട് ഫറള് നമസ്കാരമല്ലാത്ത നമസ്കാരമില്ല) (ബുഖാരി ഒഴികെ മറ്റെല്ലാവരും റിപ്പോർട്ടു ചെയ്തു.)

അബ്ദുല്ല ഇബ്നു ബുഹൈന(رضي الله عنه)വിൽ നിന്നു നിവേദനം അദ്ദേഹം പറഞ്ഞു. ഇഖാമത്ത് വിളിച്ച ശേഷം

രണ്ടു റക്അത്ത് സുന്നത്ത് നമസ്കരിക്കുന്ന ഒരാളെ നബി (ﷺ) കാണുകയുണ്ടായി. നമസ്കാരത്തിൽ നിന്ന് വിരമിച്ചപ്പോൾ അവിടുന്ന് ജനങ്ങളുടെ നേർക്ക് തിരിഞ്ഞു നിന്നു കൊണ്ടു ചോദിച്ചു. സുബഹ് നമസ്കാരം നാല് റക്അത്താണോ? സുബഹ് നമസ്കാരം നാല് റകഅത്താണോ ? (ബുഖാരി, മുസ്ലിം)

മുസ്ലിമിന്റെ മറ്റൊരു റിപ്പോർട്ടിൽ ഇപ്രകാരം കാണാം. (സുബഹ് നമസ്കാരത്തിനുള്ള ഇഖാമത്ത് വിളിച്ച ശേഷം (സുന്നത്ത്) നമസ്കരിക്കുന്ന ഒരാളുടെ അടുക്കൽ കൂടി നബി (ﷺ) ഒരിക്കൽ നടന്നുപോയി. അപ്പോൾ അയാളോട് എന്തോ പറയുകയുണ്ടായി.എന്താണ് പറഞ്ഞതെന്ന് നമുക്കറിയില്ല. എന്നാൽ പരസ്പരം പിരിഞ്ഞു പോകുന്നതിനിടയിൽ ഒത്തുകൂടി എന്താണ് താങ്കളോട് നബി (ﷺ) പറഞ്ഞത് എന്ന് ചോദിച്ചു. അയാൾ പറഞ്ഞു. നിങ്ങൾ സുബഹ് നാലു റകഅത്ത് നമസ്കരിക്കുന്ന അവസ്ഥ വന്നുകൂടായ്കയില്ല എന്ന് പറഞ്ഞു.) ഇബ്നു ഹസം പറയുന്നു. സുബ്ഹ് നമസ്കാരത്തിനുള്ള ഇഖാമത്ത് വിളിച്ച ശേഷം സുന്നത്ത് നമസ്കാരം നിർവ്വഹിച്ചാൽ സബഹ് പൂർണ്ണമായോ, തക്ബീറത്തുൽ ഇഹ്റാമോ നഷ്ടപ്പെടുമെന്നു തോന്നുന്നുവെങ്കിൽ അപ്രകാരം സുന്നത്തു നമസ്കരിക്കൽ അനുവദനീയമല്ല. അത് അല്ലാഹുവിനെ ധിക്കരിക്കലെത്രെ. ഈ വിഷയത്തിൽ സൗദി അറേബ്യയിലെ പണ്ഡിത സഭയിലേക്ക് വന്ന ചോദ്യത്തിന്റെ ചുരുക്കം ഇപ്രകാരമാണ്.

**ചോദ്യം–** ഫറള് നമസ്കാരത്തിനുള്ള ഇഖാമത്ത് വിളിക്കപ്പെട്ടാൽ ചിലർ സുന്നത്ത് നമസ്കാരത്തിൽ നിന്നും വിരമിച്ച് ഫറളിൽ തുടരുന്നു. ഇത് അനുവദനീയമാണോ?

**ഉത്തരം–** നമസ്കാരത്തിനുള്ള ഇഖാമത്ത് വിളിക്കപ്പെട്ടാൽ പിന്നീട് ഫറള് നമസ്കാരമല്ലാതെ മറ്റ് നമസ്കാരമില്ല എന്ന

നബി(ﷺ)യുടെ വചനത്തിന്റെ അടിസ്ഥാനത്തിൽ ഇഖാമത്തിന് ശേഷം സുന്നത്തു നമസ്കാരം ആരംഭിക്കാതിരിക്കലാണ് ഉത്തമം. എന്ന് വരുന്നു.എന്നാൽ സുന്നത്ത് നമസ്കാരം ആരംഭിച്ച ശേഷമാണ് ഇഖാമത്ത് കൊടുക്കു ന്നതെങ്കിൽ അത് കേട്ടാൽ സുന്നത്ത് നമസ്കാരം മുറിച്ച് ഫറളു നമസ്കാരത്തിൽ തുടരേണ്ടതാണ്. (മജല്ലത്തു ബജ്യദ്–18–1)

എന്നാൽ ഫറളു നമസ്കാരമല്ലെങ്കിൽ ഇരുന്നുകൊണ്ട് അത് ചെയ്യാവുന്നതാണ്. അപ്പോൾ ഇരുന്നുകൊണ്ടു ഖുർആൻ ഓതുന്നതിനും വിരോധമില്ല. സുന്നത്തു നമസ്കാരം കാരണമില്ലെങ്കിൽ തന്നെയും ഇരുന്നു നിർവ്വഹിക്കാമെന്ന് നബി(ﷺ) യുടെ ചര്യ സൂചിപ്പിക്കുന്നു. അപ്പോൾ നിന്നു നമസ്കരിക്കുന്നതിന്റെ പകുതി പ്രതിഫലമേ അയാൾക്ക് ഉണ്ടായിരിക്കുകയുള്ളൂ.

### 42 രണ്ടാമത്തെ റക്അത്തുകൾ ആദ്യ റക്അത്തിനേക്കാളും ദീർഘിപ്പിക്കൽ, അതുപോലെ അവസാനത്തെ രണ്ടു റക്അത്തുകൾ ആദ്യത്തെ രണ്ടു റക് അത്തുകളേക്കാൾ വർദ്ധിപ്പിക്കൽ.

ഇത് നബി(ﷺ)യുടെ ചര്യക്ക് എതിരാകുന്നു. അബൂ ഖതാദ (رضي الله عنه)യിൽ നിന്നും നിവേദനം ചെയ്യുന്നതും ബുഖാരി റിപ്പോർട്ടു ചെയ്തതുമായ ഒരു ഹദീസ് കാണുക. നബി (ﷺ) ളുഹർ നമസ്കാരത്തിലെ ആദ്യ റക്ത്തുകൾ രണ്ടാം റക്അത്തിനേക്കാൾ ദീർഘിപ്പിക്കാറുണ്ടായിരുന്നു.അപ്രകാരം തന്നെ സുബഹ് നമസ്കാരത്തിലും രണ്ടാം റക് അത്ത് ചുരുക്കാറുണ്ടായിരുന്നു. ബുഖാരിയുടെ മറ്റൊരു റിപ്പോർട്ടനുസരിച്ച് അസർ നമസ്കാരത്തിലും അങ്ങനെ ചെയ്തിരുന്നു എന്നു കാണാം.

ജാബിർ ഇബ്നു സമുറ(رضي الله عنه)വിൽ നിന്നും നിവേദനം. സഅദ് ബ്നു അബീ വഖാസ്(رضي الله عنه) തന്റെ കൂഫക്കാരുമായു

ണ്ടായ അനുഭവം പങ്കു വെച്ചു കൊണ്ടു പറഞ്ഞു.(അല്ലാഹുവാണെ,ഞാൻ അവരെയും കൊണ്ട് നബി(ﷺ)യുടെ നമസ്കാരം നമസ്കരിച്ചു. ഇഷാ നമസ്കരിക്കുമ്പോൾ ആദ്യ രണ്ടു റക്ത്തുകൾ രണ്ടാമത്തേതിനെ അപേക്ഷിച്ചു ദീർഘിപ്പിച്ചിരുന്നു.)-ഹദീസ്

## 43 നമസ്കാരത്തിനിടയിൽ ആംഗ്യത്തിലൂടെ സലാം മടക്കാതിരിക്കുക.

പള്ളിയിലേക്ക് പ്രവേശിക്കുന്ന ചിലർ നമസ്കരിക്കുന്നവരോടായി സലാം പറയാറുണ്ട്. നമസ്കാര സമയത്ത് സംസാരത്തിലൂടെ സലാം മടക്കാൻ പാടില്ല എന്നത് വളരെ സ്പഷ്ഠവുമാണ്. എന്നിരുന്നാലും അത്തരം സന്ദർഭങ്ങളിൽ ആംഗ്യത്തിലൂടെ സലാം മടക്കാവുന്നതാണ്. അബ്ദുല്ല ഇബ്നു ഉമർ(رضي الله عنه)വിൽ നിന്നും നിവേദനം ചെയ്യുന്ന ഒരു സംഭവം കാണുക. നബി (ﷺ) നമസ്കാരത്തിലായിരിക്കേ അൻസാറുകൾ സലാം പറഞ്ഞാൽ എങ്ങനെ ആയിരുന്നു അവിടുന്നു സലാം മടക്കിയിരുന്നത് എന്ന് ബിലാൽ (رضي الله عنه) വിനോട് ചോദിച്ചു.അപ്പോൾ അദ്ദേഹം തന്റെ കൈപത്തി നീട്ടിപ്പിടിച്ചുകൊണ്ടു പറഞ്ഞു. ഇപ്രകാരമായിരുന്നു.) (ബൂദാവൂദ്, തിർമുദി)

ഇമാം സ്വൻആനി പറയുന്നു. ഈ ഹദീസിൽ നിന്നും നബി (ﷺ) നമസ്കാരത്തിലായിരിക്കെ സലാം പറഞ്ഞാൽ സംസാരിക്കാതെ ആംഗ്യത്തിലായി അത് മടക്കിയിരുന്നു എന്നത് വ്യക്തമാണ്. എപ്രകാരമായിരുന്നു ആംഗ്യം കാണിച്ചിരുന്നതെന്നും സുഹൈബ് (رضي الله عنه) വിൽ നിന്നും നിവേദനം ചെയ്യുന്ന ഹദീസിൽ നിന്നും മനസ്സിലാക്കാം. അദ്ദേഹം പറഞ്ഞു.

(നബി (ﷺ) നമസ്കാരത്തിലായിരിക്കെ ഞാൻ അദ്ദേഹത്തിന്റെ അരികിലൂടെ നടന്നു പോവുകയും അദ്ദേഹ

ത്തിന് സലാം പറയുകയും ചെയ്തു.അപ്പോൾ ആംഗ്യത്തിലൂടെ സലാം മടക്കി.പിന്നീട് റിപ്പോർട്ടർ പറഞ്ഞത് (വിരൽ കൊണ്ട് ആംഗ്യം കാണിച്ചതല്ലാതെ എനിക്കൊന്നും അറിയാൻ കഴിഞ്ഞില്ല) എന്നാണ്. എന്നാൽ ഇബ്നു ഉമർ (﵁) വിന്റെ മുകളിൽ പറഞ്ഞ ഹദീസിൽ ആംഗ്യത്തിന്റെ രൂപം വിവരിക്കുന്നത് ഇപ്രകാരമാണ്. കൈപ്പത്തിയുടെ പള്ള ഭാഗം താഴേക്കും, പുറം ഭാഗം മുകളിലേക്കും വരുന്ന രൂപത്തിൽ കൈ ആംഗ്യം കാണിച്ചു.) ബൈഹഖിയുടെ റിപ്പോർട്ടിൽ അബ്ദുല്ല ഇബ്നു മസ്ഊദ് നബി(ﷺ)ക്ക് സലാം പറഞ്ഞപ്പോൾ(അവിടുന്ന് തല കൊണ്ട് ആംഗ്യം കാണിച്ചു) എന്നുകാണാം.(സുനനുൽ ബൈഹഖി 2–260)

## 44 ആവശ്യമില്ലാതെ തന്നെ ഇമാമിനു പിന്നിൽ നിന്ന് ഏറ്റുപറയൽ.

(ഇമാമിനു പിന്നിൽ വെച്ച് മറ്റൊരാൾ(മുബല്ലിഗ്) ഉറക്കെ പറയുന്ന രീതി സുന്നത്താണോ, അതല്ലാ ബിദ്അത്താണോ എന്ന് ഇബ്നു തൈമിയ്യ(﵀)യോട് ചോദിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ മറുപടി ഇപ്രകാരമായിരുന്നു.

(ആവശ്യമില്ലാതെ ഇമാമിന്റെ പിന്നിൽ നിന്ന് (മുബല്ലിഗ്)ഏറ്റു പറയുന്ന രീതി സുന്നത്തിന് എതിരും ബിദ്അത്തുമാകുന്നു. ഇതിൽ പൂർവ്വ കാലപണ്ഡിതൻമാർ ഏകോപിച്ചിരിക്കുന്നു. നബി(ﷺ)യും ഖുലഫാഉ റാഷിദുകളും ചെയ്യാറുണ്ടായിരുന്നപോലെ ഇമാം തക്ബീറുകൾ ഉറക്കെ പറയുകയാണു ചെയ്യേണ്ടത്. നബി(ﷺ)യുടെ പിന്നിൽ നിന്നു കൊണ്ട് മറ്റൊരാൾ ഏറ്റുപറയാറുണ്ടായിരുന്നില്ല. എന്നാൽ നബി(ﷺ)ക്ക് രോഗം പിടികൂടുകയും ശബ്ദം ദുർബലമാവുകയും ചെയ്തപ്പോൾ മാത്രം അബൂബക്കർ (﵁) ഏറ്റു പറയാറുണ്ടായിരുന്നു.

മറ്റൊരിക്കൽ ഈ കാര്യം ചർച്ച ചെയ്യുമ്പോൾ

അദ്ദേഹം തന്നെ പറഞ്ഞതിന്റെ സാരം ഇപ്രകാരമാണ്. (ആവശ്യമില്ലാതെ ഇമാമിന്റെ പിന്നിൽ നിന്ന് മറ്റൊരാൾ തക്ബീറുകൾ ഉറക്കെ പറയുന്ന രീതി മതത്തിന്റെ പിൻബലമില്ലാത്ത കാര്യമാണ് എന്നതിൽ ഇമാമുകൾ ഏകാഭിപ്രായക്കാരാണ്. കാരണം, ബിലാൽ (ﷺ) നബി (ﷺ) യുടെ പിന്നിൽ നിന്ന് അപ്രകാരം ചെയ്തിരുന്നില്ല. ഖുലഫാഉ റാഷിദുകളുടെ പിന്നിലും ആരും അപ്രകാരം ചെയ്യാറുണ്ടായിരു ന്നില്ല.

## 45 തക്ബീറുകളിലെ (ബാ) എന്ന അക്ഷരം കൂടുതൽ നീട്ടി (الله أكبار) (അല്ലാഹു അക്ബാർ) എന്നു പറയൽ.

നമസ്കാരത്തിലോ, ബാങ്കിലോ,മറ്റോ ഇപ്രകാരം പറയുന്നത് പാടില്ലാത്തതാകുന്നു.കാരണം ഇപ്രകാരം ഉച്ചരിക്കുന്നത് പദത്തിന്റെ ആശയത്തിൽ തന്നെ മാറ്റമുണ്ടാകുന്നു. കബർ–അക്ബാർ എന്നാൽ ഒരു തരം ചെണ്ട എന്നർത്ഥം വരുന്നു. ഒരു തരം ചെടി എന്നർത്ഥത്തിലും അപ്രകാരം ഉപയോഗിക്കുന്നു. അതു പോലെ ചിലപ്പോൾ അപ്രകാരം പറയുന്നതിലൂടെ നമസ്കാരം തന്നെ പാഴായിപ്പോകാനും കാരണമായേക്കാം. കാരണം ഇമാം അപ്രകാരം നീട്ടി ഉച്ചരിക്കുമ്പോൾ അത് ശ്രദ്ധിക്കാതെ പിന്തുടരുന്ന മഅ്മൂമുകൾ ഇമാമിനെക്കാൾ മുൻ കടന്നു കർമ്മങ്ങൾ ചെയ്തേക്കാം. അപ്രകാരം പിഴവുകൾ വരാതിരിക്കുവാനും അത് ഒഴിവാക്കലാണുത്തമം.

## 46 ചുമലിൽ ഒന്നുമില്ലാതെ പുരുഷന്മാർ നമസ്കരിക്കൽ.

ഇഹ്റാമുകളിൽ പ്രവേശിച്ച പലരും ഇപ്രകാരം ചെയ്യുന്നതായി കാണപ്പെടാറുണ്ട്. ചിലർ തോൾ മുണ്ടു നമസ്കരിക്കുമ്പോൾ മുമ്പിൽ വെച്ചു കൊണ്ടും, മറ്റുചിലർ വലതു കക്ഷത്തിലൂടെ ചുറ്റി തോൾ ഒഴിവാക്കി (ഇള്തിബാഅ്) രീതിയിലും നമസ്കരിക്കാറുണ്ട്. അബൂ ഹുറൈറ (ﷺ)

ൽ നിന്നും നിവേദനം ചെയ്യുന്ന ഒരു ഹദീസിൽ ഇപ്രകാരം കാണാം. നബി (ﷺ) പറഞ്ഞിരിക്കുന്നു. (لا يصلي أحدكم في الثوب الواحد ليس على عاتقه منه شيء) (നിങ്ങൾ ആരും തന്നെ തന്റെ ചുമലുകളിൽ ഒന്നുമില്ലാതെ ഒരു വസ്ത്രം ധരിച്ചു നമസ്കരിക്കരുത്.) (ബുഖാരി)

ഹാഫിളു ഇബ്നു ഹജർ (رحمه الله) പറയുന്നു. തങ്ങളുടെ തുണി എടുക്കുകയും ചുമലുകളിൽ ഒന്നും ധരിക്കാതെ അവ വെളിവാക്കിയും കൊണ്ട് നമസ്കരിക്കുകയും ചെയ്യുന്നതിനെ കുറിച്ചാണ് ഈ ഹദീസിൽ പരാമർശിക്കുന്നത്. ശരീരത്തിന്റെ മുകൾ ഭാഗം അത് ഔറത്തല്ല എങ്കിലും മറച്ചിരിക്കലാണ് ഉത്തമം.

## 47 നിർമ്മലമായ വസ്ത്രം ധരിച്ച് നമസ്കരിക്കൽ.

ഇതിനെ കുറിച്ച് ഇബ്നു ബാസ് (رحمه الله) യോട് ചോദിച്ചപ്പോൾ അദ്ദേഹം നൽകിയ മറുപടി ഇപ്രകാരമായിരുന്നു.

ശരീരത്തിന്റെ ചർമ്മങ്ങൾ നിഴലടിച്ചു കാണുന്ന വിധമുള്ള നിർമ്മലമായ വസ്ത്രം ധരിച്ചു കൊണ്ട് നമസ്കാരം നിർവ്വഹിച്ചാൽ അത് ശരിയാവുകയില്ല. പുരുഷനാണെങ്കിൽ മുട്ടു പൊക്കിളിന്റെ ഇടയിലുള്ള നഗ്നത മറക്കുന്നതും ചർമ്മം കാണാത്തതുമായ പൈജാമ, തുണി പോലുള്ളവ അതിനു തഴെ ധരിച്ചിട്ടുണ്ടെങ്കിൽ അതു മതിയാവുന്നതാണ്. എന്നാൽ സ്ത്രീകളാണെങ്കിൽ താഴെ ധരിക്കുന്ന വസ്ത്രം ശരീരം പൂർണ്ണമായി മറയുന്ന രൂപത്തിലുള്ളതായിരിക്കണം. ഹാഫ് പേന്റ്സ് പോലുള്ളവ മതിയാകില്ല, അപ്രകാരം തന്നെ പുരുഷൻമാർ അവരുടെ ചുമൽ വെളിവാക്കിക്കൊണ്ട് നമസ്കരിക്കാനും പാടില്ല. അത് നബി (ﷺ) വിലക്കിയിട്ടുണ്ട്. അവിടുന്ന് പറഞ്ഞു. ചുമലിൽ ഒന്നുമില്ലാതെ ഒറ്റ വസ്ത്രത്തിലായി നിങ്ങളാരും നമസ്കരിക്കരുത്. (ബുഖാരി,മുസ്ലിം)

ഇതിനെ കുറിച്ച് ശൈഖ് ജിബ്രീൻ (رحمه الله)

നോട് ചോദിച്ച പ്പോൾ അദ്ദേഹം നൽകിയ മറുപടി ഇപ്രകാരമായിരുന്നു.

ധാരാളം ആളുകൾ പാന്റ്സും ടീഷർട്ടും ധരിച്ചു കൊണ്ട് നമസ്കരിക്കും. റുകൂഇലും സുജൂദിലുമെല്ലാം കുനിയുന്ന സന്ദർഭങ്ങളിൽ ചന്തിക്കെട്ടും പുറവും പ്രകട മാകും, അത് ഔറത്താണെങ്കിലും ആളുകൾ അശ്രദ്ധമായി അവഗണിക്കുന്നു. അതിനാൽ നമസ്കാരം നിഷ്ഫലമാ കുമെന്ന് അവർ മനസ്സിലാക്കുന്നില്ല.

## 48 നമസ്കരിക്കുന്നവർ വലത്തോട്ടോ, ഖിബ്‌ലയി ലേക്കു നേരയോ തുപ്പുക.

(ബുഖാരിയിൽ കാണാം.) ഇടത്തേക്കോ, തന്റെ കാൽപാദത്തിന് ചുവട്ടിലേക്കോ തുപ്പുക എന്ന അദ്ധ്യായം. അനസ്ബ്നു മാലിക് (ﷺ) നിന്നു നിവേദനം. അദ്ദേഹം പറഞ്ഞു. നബി (ﷺ) പറഞ്ഞിരിക്കുന്നു.

«إن أحدكم إذا كان في صلاته فإنه يناجي ربه فلا يبزقن بين يديه، ولا عن يمينه، ولكن عن يساره، وتحت قدمه».

(ഒരു വിശ്വാസി നമസ്കാരത്തിൽ തന്റെ രക്ഷിതാവുമായി രഹസ്യ സംഭാഷണത്തിലാകുന്നു. അപ്പോൾ അവർ മുൻഭാ ഗത്തേക്കോ, വലതു ഭാഗത്തേക്കോ തുപ്പുവാൻ പാടില്ല. അവൻ ഇടത്തോട്ടോ, കാലിൻ കീഴിലേക്കോ ആകുന്നു തുപ്പേണ്ടത്.)

അബൂഹുറൈറ (ﷺ) വിൽ നിന്നും നിവേദനം. നബി (ﷺ) പറ ഞ്ഞു.

إذا قام أحدكم إلى الصلاة فلا يبصق أمامه فإنما يناجي الله ما دام في مصلاه ولا عن يمينه فإن عن يمينه ملكا وليبصق عن يساره أو تحت قدمه فيدفنها .

(നിങ്ങൾ നമസ്കരിക്കാൻ നിന്നാൽ മുൻഭാഗത്തേക്ക് തുപ്പ രുത്. നിശ്ചയം അവൻ നമസ്കാരത്തിലായിരിക്കുമ്പോ ഴെല്ലാം അല്ലാഹുവുമായി സംഭാഷണത്തിലാണ്. വലതു ഭാഗത്തേക്കും തുപ്പരുത്. കാരണം അവന്റെ വലതു

ഭാഗത്ത് മലക്കുണ്ടായിരിക്കും. അവൻ ഇടതു ഭാഗത്തേക്കോ കാലിനു താഴോട്ടോ തുപ്പട്ടെ.)

## 49 മുടി, വസ്ത്രം പോലുള്ളവ ചുരുട്ടി പിടിക്കൽ.

ഇബ്നു അബ്ബാസ് (ﷺ) വിൽ നിന്നും നിവേദനം നബി (ﷺ) പറഞ്ഞിരിക്കുന്നു.

«أمرت أن أسجد على سبع، ولا أكف شعرا ولا ثوبا».

(ഏഴ് അംഗങ്ങളിൽ സുജൂദു ചെയ്യാൻ എന്നോട് കൽപിക്കപ്പെട്ടിരിക്കുന്നു. മുടിയോ, വസ്ത്രമോ ചുരുട്ടി പിടിക്കരുത് എന്ന് എന്നോട് വിലക്കുകയും ചെയ്തിരിക്കുന്നു.)

റുകൂഇലേക്കോ, സുജൂദിലേക്കോ പോകുമ്പോൾ വസ്ത്രമോ മുടിയോ ചിതറി പോവാതിരിക്കാനായി അവ ചുരുട്ടിപ്പിടിക്കുന്നതാണ് ഇവിടെ ഉദ്ദേശ്യമെന്ന് ഇബ്നു അസീർ (ﷺ) തന്റെ നിഹായയിൽ പറയുന്നുണ്ട്.

## 50 ഊരക്ക് കൈ കുത്തി നമസ്കരിക്കൽ.

അബൂഹുറൈറ (ﷺ) യിൽ നിന്നു നിവേദനം, അദ്ദേഹം പറഞ്ഞു. (ഊരക്ക് കൈ കൊടുത്ത് നമസ്കരിക്കുന്നത് വിരോധിക്കപ്പെട്ടിരിക്കുന്നു.) (ബുഖാരി)

മുസ്ലിമിലുള്ളത് (ഊരക്ക് കൈ കൊടുത്തു കൊണ്ട് നമസ്കരിക്കുന്നത് നബി (ﷺ) വിരോധിച്ചിരിക്കുന്നു.) എന്നാകുന്നു.

ഈ കാര്യം തന്നെ ഇബ്നു ഹജറും, ഇബ്നു അബീ ശൈബയിൽ നിന്നും ഉദ്ധരിക്കുന്നുണ്ട്.

## 51 നമസ്കരിക്കുന്നതിന്റെ മുന്നിൽ മറ സ്വീകരിക്കാതിരിക്കൽ.

ഈ വിഷയത്തിൽ ധാരാളം ഹദീസുകൾ റിപ്പോർട്ടു

ചെയ്യപ്പെട്ടിട്ടുണ്ട്. ചിലതു മാത്രം ഇവിടെ ഉദ്ദരിക്കാം. അബ്ദുല്ല ഇബ്നു ഉമർ (ﷺ) ൽ നിന്നും നിവേദനം അദ്ദേഹം പറഞ്ഞു.നബി ( ﷺ ) പറഞ്ഞിരിക്കുന്നു.

«لا تصلوا إلا إلى سترة ولا تدع أحدا يمر بين يديك فإن أبى فليقاتله فإن معه القرين».

(നിങ്ങൾ നമസ്കരിക്കുമ്പോൾ മുന്നിൽ മറയില്ലാതെ നമസ്കരിക്കരുത്. മുന്നിലൂടെ ആരെയും നടക്കാൻ അനുവദിക്കുകയും ചെയ്യരുത്. അതിന് ആരെങ്കിലും വിസമ്മതിക്കുന്നുവോ അവനോട് നിങ്ങൾ പോരടിക്കണം. (തടയണം). നിശ്ചയം അവനോടൊപ്പം രണ്ട് കൂട്ടുകാരുണ്ട്. (ഇബുനു ഖുസൈമ, ഹാകിം, ബൈഹഖി)

ഈ ഹദീസ് മുസ്ലിമിന്റെ നിബന്ധനകൾക്ക് വിധേയമായി സ്വീകാര്യയോഗ്യകുന്നു എന്നാണ് ഹാകിമും, ദഹബിയും അഭിപ്രായപ്പെടുന്നത്. സഹ്ലുബ്നു അബീഹുഥ്മ (ﷺ)ൽ നിന്ന് നിവേദനം അദ്ദേഹം പറഞ്ഞു. നബി (ﷺ) പറഞ്ഞിരിക്കുന്നു.

«إذا صلى أحدكم فليصل إلى سترة وليدن منها لا يقطع الشيطان صلاته».

(നിങ്ങൾ ആരെങ്കിലും നമസ്കരിക്കുകയാണെങ്കിൽ അവൻ (മുന്നിൽ) ഒരു മറ സ്വീകരിക്കുകയും അതിനോടു അടുത്തായി നിൽക്കുകയും ചെയ്യട്ടെ. അവന്റെ നമസ്കാരം പിശാച് പാഴാക്കുന്നത് അവൻ സൂക്ഷിക്കുകയും ചെയ്യട്ടെ.)

ഇബ്നു ഖുസൈമ, ഇബ്നു ഹിബ്ബാൻ, ഹാകിം എന്നിവർ റിപ്പോർട്ടു ചെയ്തിരിക്കുന്നു. ബുഖാരിയും മുസ്ലിമും റിപ്പോർട്ടു ചെയ്തിട്ടില്ലെങ്കിലും അവരുടെ നിബന്ധനകൾക്കു വിധേയമായി സ്വഹീയായ ഹദീസാകുന്നു ഇത് എന്നാണ് ഇമാം ദഹാബിയുടെ വീക്ഷണം. ഇതിനു സമാനമായ ഒരു ഹദീസ് ഇമാം ബഗവി തന്റെ ശറഹു സുന്ന എന്ന ഗ്രന്ഥത്തിൽ ഉദ്ധരിക്കുകയും ചെയ്തിരിക്കു

ന്നു. ഈ വിഷയത്തിൽ ചില ഹദീസുകൾ കൂടി താഴെ വിവരിക്കാം.

അബ്ദുല്ല ഇബ്നു ഉമർ (ﷺ) ൽ നിന്നു നിവേദനം.

«أن رسول الله صلى الله عليه وسلم كان إذا خرج يوم العيد أمر بالحربة فتوضع بين يديه فيصلي إليها والناس وراءه وكان يفعل ذلك في السفر فمن ثم اتخذها الأمراء».

(നബി (ﷺ) പെരുന്നാൾ നമസ്കാരത്തിനു പുറപ്പെടുമ്പോൾ ഒരു അമ്പ് കൂടെ കൊണ്ടു പോകാറുണ്ടായിരുന്നു. പിന്നീട് അത് നമസ്കരിക്കുന്നതിന്നു മുന്നിലായി അത് മറയായി വെക്കുകയും അതിലേക്ക് നമസ്കരിക്കുകയും ചെയ്യാറുണ്ടായിരുന്നു. ജനങ്ങൾ അദ്ദേഹത്തിന്റെ പിന്നിലും നമസ്കരിക്കും. യാത്രാ വേളകളിലും അവിടുന്ന് അപ്ര കാരം ചെയ്യാറുണ്ടായിരുന്നു. പിന്നീട് അതേ മാതൃക തന്നെ ഭരണ കർത്താക്കൾ അനുധാവനം ചെയ്തു.) (ബുഖാരി, മു സ്ലിം, അബൂദാവൂദ്)

അബ്ദുല്ല ഇബ്നു ഉമർ (ﷺ) ൽ നിന്നു നിവേദനം.

«أن النبي صلى الله عليه وسلم كان يعرض راحلته فيصلي إليها».

(ചിലപ്പോൾ നബി (ﷺ) തന്റെ വാഹനത്തെ മറയായി സ്വീക രിക്കുകയും അപ്രകാരം നമസ്കരിക്കുകയും ചെയ്യാറുണ്ടാ യിരുന്നു എന്ന് കാണാം.) (ബുഖാരി,മുസ്ലിം, അബൂദാവൂദ്)

നമസ്കാര സമയങ്ങളിൽ മറയായി സ്വീകരിക്കുന്നതുമായി ബന്ധപ്പെടുന്ന മറ്റു ചില പ്രശ്നങ്ങൾ നമുക്ക് ചർച്ച ചെയ്യാം.

**ചോദ്യം–** നമസ്കരിക്കുന്നവർക്ക് മുന്നിൽ സ്വീകരിക്കുന്ന മറ എത്ര ഉയരമുണ്ടായിരിക്കണം.?

ആയിശ(ﷺ) ൽ നിന്ന് ഉദ്ധരിച്ചതും മുസ്ലിം റിപ്പോർട്ടു ചെയ്തതുമായ ഒരു ഹദീസിൽ ഇപ്രകാരം കാണാം. (ത ബൂക്ക് യുദ്ധ സന്ദർഭത്തിൽ ഒരാൾ നബി (ﷺ) നമസ്കാര ത്തിലെ മറയെ സംബന്ധിച്ചു ചോദിക്കുകയുണ്ടായി.

അപ്പോൾ അദ്ദേഹം പറഞ്ഞു. (അത് ഒരു മുഴം നീളമുണ്ടായിരിക്കണം.)

ത്വൽഹ ഇബ്നു ഉബൈദില്ല (ﷺ) വിൽ നിന്നു ഉദ്ധരിക്കുന്ന മറ്റൊരു ഹദീസിൽ അദ്ദേഹം പറഞ്ഞു. നബി (ﷺ) പറഞ്ഞി രിക്കുന്നു.

«إذا وضع أحدكم بين يديه مثل مؤخرة الرحل فليصل ولا يبال من مر وراء ذلك».

(ഒരു മുഴം കൈയ്യിന്റെ വലിപ്പമുള്ള എന്തെങ്കിലും നമസ്കരിക്കുന്നവർ തന്റെ മുമ്പിൽ മറയായി സ്വീകരിച്ചാൽ പിന്നെ അവനു നമസ്കരിക്കാവുന്നതാണ്. അതിനപ്പുറത്തു കൂടി നടക്കുന്നത് കൊണ്ട് നമസ്കാരത്തെ ബാധിക്കുകയില്ല.) (മുസ്ലിം)

**ചോദ്യം–** മറയുടെയും നമസ്കരിക്കുന്നവരുടെയും ഇടയിൽ എത്ര ദൂര വ്യത്യാസം ഉണ്ടായിരിക്കണം.?

അബ്ദുല്ല, ഇബ്നു ഉമർ (ﷺ) വിൽ നിന്ന് നിവേദനം. (അദ്ദേഹം കഅബാലയത്തിനടുത്തേക്ക് പുറപ്പെട്ടാൽ കഅബക്ക് അഭിമുഖമായി പള്ളിയുടെ വാതിലുകൾ പിൻഭാഗത്തായി കൊണ്ട് നടക്കും. അദ്ദേഹത്തിനും കഅബാലയത്തിന്റെ ചുമരുകൾക്കും ഇടയിൽ ഏകദേശം മൂന്നു മുഴത്തോളം മാത്രമുണ്ടാകുമ്പോൾ ബിലാൽ (ﷺ) പറയും അവിടെയായിരുന്നു നബി (ﷺ) നമസ്കരിച്ചിരുന്നത്.

ഈ സംഭവത്തിൽ നിന്നും മനസ്സിലാവുന്നത് മറക്കും നമസ്കരിക്കുന്നവർക്കും ഇടയിൽ ഏകദേശം മൂന്നു മുഴത്തോളം ദൂരമുണ്ടായിരിക്കണം എന്നാകുന്നു.

സഹ്ലുബ്നു സഅദിൽ നിന്നുദ്ധരിക്കുന്ന മറ്റൊരു ഹദീസിൽ ഇത് (ഒരാടിനു നടന്നു പോകാവുന്നത്ര ദൂരം എന്നു പ്രസ്താവിച്ചതായി കാണാം.)

**ചോദ്യം–**നമസ്കരിക്കുന്നവന്റെ മുമ്പിൽ മറക്കു പകരം ഒരു വര വരച്ചാൽ അത് മതിയാകുമോ?

**ഉത്തരം–** അതു മതിയാവുകയില്ല, കാരണം സ്വല്‍പം ഉയര്‍ന്ന രീതിയിലുള്ള മറയാവണമെന്നാണ് മനസ്സിലാവുന്നത്. മാത്രമല്ല വരയിട്ടാല്‍ മതിയെന്നു പറയാവുന്ന തെളിവുകളുടെ പിമ്പലവും വളരെ കുറവാണ്.

**ചോദ്യം–** മറ സ്വീകരിക്കണമെന്ന കല്‍പനയുടെ പരിധിയില്‍ നിന്ന് രണ്ടു ഹറമുകളില്‍ വെച്ചും നമസ്കരിക്കുന്നവരെ ഒഴിവാക്കാമോ?

**ഉത്തരം–** നമസ്കരിക്കുന്നവര്‍ മുമ്പില്‍ മറ സ്വീകരിക്കണമെന്നു പറയുമ്പോള്‍ പ്രത്യേക പള്ളികള്‍ എന്ന് വേര്‍തിരിച്ചതായി കാണാന്‍ സാധ്യമല്ല. അതിനാല്‍ തന്നെ രണ്ടു ഹറമുകളിലും ഈ മറ സ്വീകരിക്കണം എന്നാണ് പൊതുവെ മനസ്സിലാവുന്നത്. എന്നാല്‍ വിശദീകരിക്കുകയാണെങ്കില്‍ മൂന്നു വസ്തുതകള്‍ കൂടി നമുക്ക് മനസ്സിലാക്കാം.

1–ഈ വിഷയത്തില്‍ വന്ന ഹദീസുകളുടെ എല്ലാം പരാമര്‍ശം മുഴുവന്‍ പള്ളികള്‍ക്കും ബാധകമാണ്. ഏതെങ്കിലും പള്ളികളെ ഒഴിവാക്കിയിട്ടില്ല.

2–ഈ കല്‍പനയുണ്ടായിട്ടുള്ളത് തന്നെ നബി (ﷺ) യുടെ മദീനാ കാലഘട്ടത്തിലാണ്.

3–നബി (ﷺ) രണ്ടു ഹറമുകളിലും ഇപ്രകാരം മറസ്വീകരിക്കാറുണ്ടായിരുന്നു. അബൂ ജുഹൈഫ (رضي الله عنه) ല്‍ നിന്നുദ്ദരിക്കുന്ന വചനം കാണുക. അദ്ദേഹം പറഞ്ഞു.

(നബി (ﷺ) പാലായനം ചെയ്ത സന്ദര്‍ഭത്തില്‍ ബത്ഹ്ഹായിലേക്ക് പുറപ്പെടുകയും ളുഹറും, അസറും രണ്ടു റക്അത്ത് വീതമായി നമസ്കരിക്കുകയും ചെയ്തു. അപ്പോള്‍ ഒരു വടി അവിടുന്ന് മറയായി സ്വീകരിച്ചിരുന്നു.)

ബുഖാരി റിപ്പോര്‍ട്ടു ചെയ്ത ഈ ഹദീസിന്റെ അദ്ധ്യായത്തിന്റെ പേരു തന്നെ മക്കയില്‍ നമസ്കരിക്കുമ്പോള്‍ മറ സ്വീകരിക്കല്‍ എന്നാകുന്നു. അബ്ദുല്ല ഇബ്നു അബീ ഔഫ് (رضي الله عنه) വില്‍ നിന്ന് അദ്ദേ ഹം പറഞ്ഞു.

«أن رسول الله صلى الله عليه وسلم اعتمر فطاف بالبيت وصلى خلف المقام ركعتين ومعه من يستره من الناس».

(നബി (ﷺ) ഉംറ നിർവ്വഹിച്ചപ്പോൾ കഅ്ബ ത്വവാഫ് ചെയ്യുകയും മഖാമു ഇബ്റാഹിമിന് പിന്നിൽ നിന്ന് രണ്ടു റക്അത്ത് നമസ്കരിക്കുകയും ചെയ്തു. അദ്ദേഹത്തിനോടൊപ്പം ജനങ്ങളിൽ നിന്ന് മറയിട്ടുകൊടുത്തിരുന്നവർ ഉണ്ടായിരുന്നു.) (ബുഖാരി)

## 52 നമസ്കരിക്കുന്നവരുടെ മുന്നിലൂടെയുള്ള നടത്തം.

ഇമാം മുന്ദിരി അദ്ദേഹത്തിന്റെ **തർഗീബ് വത്തർഹീബ്** എന്ന ഗ്രന്ഥത്തിൽ പറഞ്ഞതിന്റെ സംക്ഷിപ്തം ഇപ്രകാരമാണ്.

നമസ്കരിക്കുന്നവരുടെ മുമ്പിലൂടെ നടന്നുപോകുന്നവർ ജാഗ്രത പുലർത്തട്ടെ എന്ന തലക്കെട്ടിന് കീഴിലായി ഈ വിഷയവുമായി ബന്ധപ്പെട്ടു പ്രവാചകൻ (ﷺ) മുന്നറിയിപ്പു കൊടുത്ത ധാരാളം ഹദീസുകൾ ഉദ്ധരിക്കുന്നു. ചിലത് താഴെ കൊടുക്കാം.

അബൂ ജുഹൈം (رضي الله عنه) വിൽ നിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു. നബി (ﷺ) പറഞ്ഞിരിക്കുന്നു.

«لو يعلم المار بين يدي المصلي ماذا عليه لكان أن يقف أربعين خير له من أن يمر بين يديه قال أبو النضر لا أدري قال أربعين يوما أو شهرا أو سنة».

(നമസ്കരിക്കുന്നവരുടെ മുമ്പിലൂടെ നടന്നു പോകുന്നവർ അതിനുള്ള ശിക്ഷയെ കുറിച്ച് അിറഞ്ഞിരുന്നുവെങ്കിൽ നാല്പതോളം-റാവി പറയുന്നു. (നാല്പത് ദിവസമാണോ, മാസമാണോ, വർഷമാണോ ഉദ്ദേശമെന്ന് എനിക്കറിയില്ല)അവിടെ തന്നെ നിൽക്കുന്നുവെങ്കിൽ അതായിരിക്കും അയാൾക്ക് നല്ലത്.)

അബൂസ്വാലിഹ് സമ്മാനിൽ നിന്നും നിവേദനം

ചെയ്യുന്നതും ബുഖാരി റിപ്പോർട്ടു ചെയ്തതുമായ മറ്റൊരു ഹദീസ്. അദ്ദേഹം പറഞ്ഞു. (വെള്ളിയാഴ്ച ദിവസം ജന ങ്ങളിൽ നിന്നും ഏതോ ഒരു മറസ്വീകരിച്ചു കൊണ്ട് അബൂ സഈദുൽ ഖുദ്‌രിയ്യി (رضي الله عنه) നമസ്കരിക്കുന്നതായി ഞാൻ കണ്ടു. അതിനിടയിൽ ബനൂ അബീ മുഐത്വിന്റെ കൂട്ടത്തി ലുള്ള ഒരു യുവാവ് ആ മറ പരിഗണിക്കാതെ നമസ്കരിച്ചു കൊണ്ടിരിക്കുന്ന അബൂസഈദിൽ ഖുദ്‌രിയുടെ മുമ്പിലൂടെ മുറിച്ചു കടക്കാനായി ശ്രമിച്ചു. എന്നാൽ അബൂ സഈ ദിന്റെ ആ ശ്രമം തടഞ്ഞ് അയാൾ അബൂസഈദിന്റെ മുഖ ത്തേക്കാണ് നോക്കി വീണ്ടും മുറിച്ചു കടക്കാൻ ശ്രമിച്ചു നോക്കി. എന്നാൽ അബൂസഈദ് ശക്തമായി തന്നെ അദ്ദേ ഹത്തെ തടഞ്ഞു. പിന്നീടയാൾ ഖലീഫ മർവാനെ സമീ പിച്ച് അബൂസഈദ്നോട് വിശദീകരണം ആവശ്യപ്പെട്ട പ്പോൾ അദ്ദേഹം പറഞ്ഞു. നബി (ﷺ) ഇപ്രകാരം പറയുന്ന തായി ഞാൻ കേട്ടിട്ടുണ്ട്.

«إذا صلى أحدكم إلى شيء يستره من الناس فأراد أحد أن يجتاز بين يديه فليدفعه فإن أبى فليقاتله فإنما هو شيطان».

(നിങ്ങൾ മുമ്പിൽ ഒരു മറ സ്വീകരിച്ചു കൊണ്ട് നമസ്കരി ക്കുമ്പോൾ അവന്റെ മുമ്പിലൂടെ അത് മുറിച്ചു കടക്കാ നായി ആരെങ്കിലും ശ്രമിക്കുന്നുവെങ്കിൽ നിങ്ങൾ അയാളെ തടയട്ടെ. അയാൾ വിസമ്മതിക്കുകയാണെങ്കിൽ അയാ ളോട് യുദ്ധം ചെയ്യണം. കാരണം അത് പിശാചാണ്).

ആദ്യം പറഞ്ഞ ഹദീസിനെ സംബന്ധിച്ച് ഇമാം നവ വിയുടെ വീക്ഷണം നമസ്കരിക്കുന്നവരുടെ മുമ്പിലൂടെ മുറിച്ചു നടക്കൽ ഹ റാമാകുന്നു എന്നാണ്. കാരണം ഹദീ സിൽ ആ പ്രവണതയെ കഠിനമായ സ്വരത്തിൽ മുന്ന റിയിപ്പു നൽകുകയും ശക്തമായി വിലക്കുകയും ചെയ്യുന്നതായി കാണാം. ഇബ്നു ഹജറിന്റെ വീക്ഷണ ത്തിൽ അത് മഹാ പാപത്തിന്റെ ഗണത്തിൽ ഉൾപ്പെടുമെ ന്നാണ്.

വീണ്ടും അദ്ദേഹം പറയുന്നു. ഹദീസിന്റെ പൊരുൾ തന്നെ അത് പാടില്ല എന്നാണ് പഠിപ്പിക്കുന്നത്. മാത്രമല്ല, മറ്റു മാർഗ്ഗങ്ങളൊന്നും കണ്ടില്ലെങ്കിൽ പോലും നമസ്കരിക്കുന്നവന്റെ മുമ്പിലൂടെ മുറിച്ചു കടക്കാൻ പാടില്ലെന്നും അത് കഴിയുന്നതുവരെ കാത്തുനിൽക്കമെന്നും പഠിപ്പിക്കുന്നതാണ്. ഇബ്നു ബാസിന്റെ വീക്ഷണം കാണുക. (നമസ്കരിക്കുന്നവരുടെ മുമ്പിലൂടെ മുറിച്ചുകടന്നു പോകുന്നത് ഹറാമാണ് എന്ന് തന്നെയാണ് ഹദീസിൽ നിന്നും വ്യക്തമാവുന്നത്. എന്നാൽ അപ്രകാരം ചെയ്യലല്ലാതെ മാർഗ്ഗമില്ലാതിരിക്കുകയും മുറിച്ചു കടക്കാൻ നിർബന്ധമായി വരികയും ചെയ്യുന്നുവെങ്കിൽ പരമാവധി അകന്നു കൊണ്ട് മുറിച്ചുകടക്കുന്നതിന് വിരോധമില്ല. എന്നാൽ നമസ്കരിക്കുന്ന വ്യക്തി മുമ്പിൽ മറയായി വല്ലതും സ്വീകരിച്ചിട്ടില്ലെങ്കിൽ നടന്നുപോകുന്നവർ കുറ്റക്കാരുമല്ല. അത്തരം സന്ദർഭങ്ങളിൽ നിശ്ചിത പരിധിക്കു അപ്പുറത്തു കൂടി നടക്കുന്ന പോലെ തന്നെ പരിഗണിക്കുകയുള്ളൂ.)

മറകൂടാതെ നമസ്കരിക്കുന്നവരെ സംബന്ധിച്ചിടത്തോളം ഏകദേശം മൂന്ന് മുഴത്തിനപ്പുറത്തു കൂടി ഒരാൾ നടന്നു പോകുന്നുവെങ്കിൽ അതുകൊണ്ട് പ്രശ്നമില്ല എന്നാണ് ഭൂരിപക്ഷം പണ്ഡിതന്മാരുടെ അഭിപ്രായവും. എന്നാൽ മൂന്ന് മുഴത്തേക്കാൾ കുറഞ്ഞ രൂപത്തിൽ നമസ്കരിക്കുന്നവരുടെ മുന്നിലൂടെ നടന്നു പോകുന്നതിനെ സംബന്ധിച്ചു ഏകോപിച്ച അഭിപ്രായം കണ്ടിട്ടില്ല.

ഇനി മറ്റൊരു പ്രശ്നമുള്ളത് ഇമാമും മഅ്മൂമായി നമസ്കരിക്കുന്ന സന്ദർഭങ്ങളിൽ ഒരാൾ മഅ്മൂകളുടെ മുന്നിലൂടെ നടന്നു പോകുന്നുവെങ്കിലോ എന്നതാണ്. അതിൽ കുഴപ്പമില്ല എന്നാണ് പൊതുവെ അഭിപ്രായം. കാരണം ഇമാം മറയായി സ്വീകരിച്ചത് മഅ്മൂമുകളുടെയും മറയാണ് എന്നതാണ് സുന്നത്ത് പഠിപ്പിക്കുന്നത്. ഇമാം ബുഖാരി റിപ്പോർട്ടു ചെയ്ത ഒരു വചനം കാണുക. ഹദീ

സിന്റെ അദ്ധ്യായം തന്നെ ഇമാമിന്റെ മറ പിന്നിൽ നമസ്ക രിക്കുന്നവരുടെയും മറ തന്നെ എന്നതാകുന്നു.

## 53 നമസ്കാരത്തിൽ അംഗങ്ങൾ ചലിപ്പിക്കുക.

നമസ്കരിക്കുന്നവർ കാണിച്ചു കൊണ്ടിരിക്കുന്ന അനാവശ്യ പ്രവർത്തങ്ങളെ നമുക്ക് കൃത്യമായി പറഞ്ഞു തീർക്കാനാവില്ല.

1–ചിലർ തങ്ങളുടെ നാസാരന്ദ്രത്തിൽ വിരൽ കൊണ്ട് കളിച്ചു കൊണ്ടിരിക്കും ഇത് നമസ്കാരത്തിലല്ലെങ്കിൽ തന്നെ വൃത്തി കെട്ട സ്വഭാവമാണല്ലോ, എന്നാൽ നമസ് കാരത്തിൽ അപ്രകാരം ചെയ്യലാവട്ടെ എത്ര മോശം.

2–ചിലർ തല ചൊറിഞ്ഞു കൊണ്ടിരിക്കുന്നു.

3–മറ്റു ചിലർ തലയിടുന്ന വസ്ത്രത്തിലും, അവ ശരിപ്പെടു ത്തലുമായിരിക്കും. ഇത്തരം പ്രവർത്തനങ്ങളെ കുറിച്ച് ഇബ്നുബ്ബാസിനോട് ചോദിക്കുകയുണ്ടായി.

**ചോദ്യം–** ഞാൻ നമസ്കാരത്തിൽ ധാരാളമായി അംഗങ്ങൾ അനക്കുന്ന സ്വഭാവക്കാരനാണ്.നബി (ﷺ) ഒരു ഹദീസിന്റെ ആശയം ഞാൻ മനസ്സിലാക്കിയത് അനുസരിച്ച് മൂന്ന് പ്രാവശ്യം തുടർച്ചയായി അനങ്ങിയാൽ നമസ്കാരം നിഷ് ഫലമാകും എന്നാണ്. ഈ ഹദീസിന്റെ പ്രമാണികത എത്ര ത്തോളം ശരിയാണ്. എന്റെ ഈ അമിതമായി ചലിപ്പി ക്കുന്ന സ്വഭാവം അവസാനിപ്പിക്കാൻ ഞാൻ എന്താണ് ചെയ്യേണ്ടത്.?

**ഉത്തരം–** മാനസികമായും, ശാരീരികമായും പൂർണ്ണ ഭക്തി യോടു കൂടിയായിരിക്കണം സത്യവിശ്വാസികൾ നമസ്കരി ക്കാനായി സമാഗതമാകേണ്ടത്. ആ നമസ്കാരം ഫറളായ തോ, സുന്നത്തായതോ എന്ന വ്യത്യാസം കാണിച്ചു കൂടാ. അല്ലാഹു പറയുന്നത് കാണുക

﴿قَدْ أَفْلَحَ ٱلْمُؤْمِنُونَ ① ٱلَّذِينَ هُمْ فِى صَلَاتِهِمْ خَٰشِعُونَ﴾ [المؤمنون: ١-٢]

(തങ്ങളുടെ നമസ്കാരത്തിൽ ഭക്തിയുള്ളവരായ സത്യവി ശ്വാസികൾ വിജയിച്ചിരിക്കുന്നു.) (മുഅ്മിനൂൻ:1–2)

അപ്രകാരം തന്നെ നമസ്കാരങ്ങളുടെ നിർബന്ധ വും, അനിവാര്യവും വളരെ സുപ്രധാനവുമായ ഘടകമാ ണ് നമസ്കാരങ്ങളിൽ ശാന്തതയും അടക്കവും ഒതുക്ക വും ഉണ്ടായിരിക്കണമെന്നത്. ഈ ശാന്തതക്ക് വിഘാധമാ യേക്കാവുന്നതിന്റെ മാനദണ്ഡം മൂന്ന് അനക്കം തുടർച്ചയാ യുള്ളതാണെന്ന് പരിഗണിക്കുന്നതിന് വിരോധമില്ല. എന്നാ ൽ അപ്രകാരത്തിൽ പരാമർശമുള്ള ഹദീസുകളൊന്നും സ്ഥിരപ്പെട്ടു വന്നിട്ടില്ല. ചില പണ്ഡിതന്മാർ അപ്രകാരം പറ ഞ്ഞതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. എന്നാൽ അത് തെളിവു പിടിക്കാൻ മാത്രം പ്രബലമായി തോന്നുന്നില്ല. എന്നിരുന്നാ ലും, അമിതമായ അനക്കം നമസ്കാരത്തിൽ ഒരിക്കലും ഭൂക്ഷണമല്ല. മൂക്കോ, താടിയോ, വസ്ത്രത്തിന്റെ അറ്റങ്ങ ളോ, മറ്റെന്തെങ്കിലുമോ തുടർച്ചയായ രൂപത്തിൽ ചലിപ്പിച്ചു കൊണ്ടിരിക്കുന്നുവെങ്കിൽ അത് തീർച്ചയായും നമസ്കാ രത്തെ ദുർബലമാക്കുകതന്നെ ചെയ്യും.

എന്നാൽ വളരെ കുറഞ്ഞ രൂപത്തിലുള്ളതോ,തുടരെ ആവർത്തിക്കാത്ത ചലനങ്ങളോ നമസ്കാരത്തെ ബാധിക്കു കയില്ല. എന്നിരിന്നാലും ഒരു വിശ്വാസിയെ സംബന്ധിച്ചിട ത്തോളം നമസ്കാരത്തിന്റെ പൂർണതക്ക് വേണ്ടി ചെറുതും വലുതുമായ സർവ്വ ചലനങ്ങളും ഉപേക്ഷിക്കുകയും ഭക്ത മായ മനസ്സോടെ നമസ്കാരത്തിൽ ഏകാഗ്രഥ സ്വീകരിക്കു കയും ചെയ്യുന്നതാണുത്തമം.

## രോഗികൾക്ക് സംഭവിക്കാവുന്ന പിഴവുകൾ.

### 54 നിന്നു നമസ്കരിക്കാൻ സാധിക്കുന്നതോടൊപ്പം തന്നെ ഇരുന്നു നമസ്കരിക്കൽ.

രോഗികൾ ഇത് പല രൂപത്തിലും ചെയ്യാറുണ്ട്. ചില ർക്ക് തലവേദനയുണ്ടായാൽ തന്നെ നിന്നു നമസ്കരി

ക്കാൻ സാധിക്കുമെങ്കിലും അവർ നമസ്കാരം പൂർണ്ണ മായും ഇരുന്നു നിർവ്വഹിക്കാറുണ്ട്. മറ്റു ചിലരാവട്ടെ കണ്ണി നെന്തെങ്കിലും രോഗമുണ്ടാവുകയും അക്കാരണത്താൽ സുജൂദ് ചെയ്യരുത് എന്ന് ഡോക്ടർ നിർദ്ദേശിക്കുകയും ചെയ്തിരിക്കും. അവർക്ക് സുജൂദല്ലാത്തതെല്ലാം നിന്നു തന്നെ നിർവ്വഹിക്കുന്നതിന്ന് തടസവുമില്ല. എങ്കിലും ഡോക്ടറുടെ നിർദ്ദേശത്തിന്റെ പേരിൽ പൂർണ്ണമായും ഇരുന്ന് തന്നെ നമസ്കരിക്കാറുണ്ട്. ചുരുക്കത്തിൽ ഒരാൾ ക്ക് സുജൂദ്, റുകൂഅ് പോലുള്ള ചില കർമ്മങ്ങൾ മാത്രം നമസ്കാരത്തിൽ ചെയ്യാൻ സാധിക്കില്ല എന്ന കാരണം കൊണ്ട് നിർത്തം എന്ന ഫർളിൽ നിന്ന് അയാൾക്ക് ഇളവ് അനുവദിക്കപ്പെട്ടില്ല എന്നാണ് മൂന്ന് ഇമാമുമാരുടെയും അഭിപ്രായം. അത്തരം സന്ദർഭങ്ങളിൽ അയാൾ നിന്നു തന്നെ നമസ്കരിക്കുകയും റുകൂഅ്, സുജൂദ് പോലുള്ള സ്ഥലങ്ങളിൽ ആംഗ്യം കാണിക്കുകയുമാണ് ചെയ്യേണ്ടത്. കാരണം നിർത്തം എന്നത് നമസ്കാരത്തിന്റെ അവിഭാജ്യ ഘടകമാണ്. അതിന് സാധിക്കുന്നവർ മറ്റു റുകുനുകൾക്ക് കഴിയുന്നില്ല എന്ന കാരണത്താൽ ആ നിർത്തം പാടെ ഉപേക്ഷിക്കുവാൻ പാടില്ല. നമസ്കാരത്തിന് നിൽക്കുവാൻ കഴിവുള്ളവർ അത് നിന്ന് നിർവ്വഹിക്കണമെന്നാണ് ഖുർ ആനും, ഹദീസും പഠിപ്പിക്കുന്നതും അല്ലാഹു പറയുന്നു.

﴿وَقُومُواْ لِلَّهِ قَـٰنِتِينَ﴾ [المؤمنون: ١-٢]

(അല്ലാഹുവിന്ന് വേണ്ടി ഭക്തിയോടുകൂടി നിന്നുകൊണ്ട് നിങ്ങൾ പ്രാർത്ഥിക്കുവീൻ) ബഖറ-238

ഇംറാൻ ഇബ്നു ഹുസൈൻ (ﷺ) ൽ നിന്ന് നിവേദനം അദ്ദേഹം പറഞ്ഞു. എനിക്ക് മൂലക്കുരുവിന്റെ അസുഖം ബാധിച്ചപ്പോൾ (നമസ്കരിക്കാൻ ബുദ്ധിമുട്ടായി) അപ്പോൾ നമസ്കരിക്കേണ്ടതെങ്ങിനെ എന്ന് ഞാൻ നബി (ﷺ) യോട് ചോദിച്ചു. അദ്ദേഹം പറഞ്ഞു

قال صلى الله عليه وسلم لعمران بن حصين: «**صل قائما فإن لم تستطع فقاعدا فإن لم تستطع فعلى جنب**». رواه البخاري

(കഴിയുമെങ്കിൽ നിന്ന് നമസ്കരിക്കൂ, അതിന് കഴിയി ല്ലെങ്കിൽ ഇരുന്നും, അതിനും സാധ്യമല്ലെങ്കിൽ കിടന്നും നമസ്കരിക്കാം) (ബുഖാരി)

## 55 കൂടുതൽ നന്നായ രൂപത്തിൽ ഖുർആൻ ഓതാൻ അറിയുന്നവർ ഉണ്ടായിരിക്കെ (അതു കുട്ടി കളാണെങ്കിലും) അവരെ ഇമാമായി നിൽക്കാൻ അനുവദിക്കാതിരിക്കുക.

ചിലപ്പോൾ നമസ്കാര സമയമാവുകയും നിശ്ച യിക്കപ്പെട്ട ഇമാം എത്താതിരിക്കുകയും ചെയ്താൽ കൂട്ട ത്തിൽ ഏറ്റവും മുതിർന്നവരെ ഇമാമായി മുന്നോട്ടു നിർ ത്തുകയും നമസ്കരിക്കുവാൻ കൽപ്പിക്കുകയും ചെയ്യാ റുണ്ട്. ചിലപ്പോൾ അയാൾക്ക് ശരിയായ രൂപത്തിൽ ഫാതിഹ പോലും ഓതുവാൻ സാധിക്കില്ല. എന്നാൽ അതേ സന്ദർഭത്തിൽ തന്നെ ഭംഗിയായി ഖുർആൻ ഓതുവാൻ അറിയുന്ന ചെറിയവർ അവിടെ ഉണ്ടായേക്കാം. എന്നാൽ അവരെ രംഗത്തു നിന്ന് തഴയുകയും ചെയ്യുന്നു. കാരണം, ചിലരുടെ ധാരണ കുട്ടികളെ ഇമാമായി നിർത്തുന്നത് ശരി യല്ല എന്നാണ്. ചില യാത്ര വേളകളിലും ഇങ്ങനെ കാണ പ്പെടാറുണ്ട്. എന്നാൽ ഇത് വ്യക്തമായ ഹദീസിന്റെ കൽപ നകൾക്കുള്ള എതിരാണെന്ന് നാം മനസിലാക്കണം. നബി (ﷺ) പറഞ്ഞു.

عن أبي سعيد عن النبي صلى الله عليه وسلم قال: «**إذا كانوا ثلاثة فليؤمهم أحدهم وأحقهم بالإمامة أقرؤهم**».

(നിങ്ങൾ മൂന്ന് ആളുകളുണ്ടെങ്കിൽ അവരിൽ ഒരാൾ ഇമാ മായി നിൽക്കണം. ഇമാമത്തിന് ഏറ്റവും അർഹതയുള്ളത് ഏറ്റവും നല്ല രൂപത്തിൽ ഓതുവാൻ അിറയുന്നവനാണ്.) അബൂസഈദിൽ ഖുദ്‌രി (رضي الله عنه) ൽ നിന്നുദ്ധരിക്കുന്ന ഈ

ഹദീസ് മുസ്ലിം, അഹ്മദ്, നസാഈ, തുടങ്ങിയവർ റിപ്പോർട്ടു ചെയ്തിരിക്കുന്നു.

ഉഖ്ബത്തുബ്നു അമീർ (ﷺ) ൽ നിന്നും ഉദ്ധരിക്കുന്ന മറ്റൊരു ഹദീസ് കാണുക. അദ്ദേഹം പറഞ്ഞു. നബി (ﷺ) പറഞ്ഞിരിക്കുന്നു.

«يؤم القوم أقرؤهم لكتاب الله فإن كانوا في القراءة سواء فأعلمهم بالسنة فإن كانوا في السنة سواء فأقدمهم هجرة». الحديث.

(ഏറ്റവും നന്നായി ഖുർആൻ ഓതാൻ അറിയുന്നവർ അവരുടെ ജനതക്ക് ഇമാമായി നൽക്കട്ടെ. ആ വിഷയത്തിൽ എല്ലാവരും തുല്ല്യരാണെങ്കിൽ ഏറ്റവും കൂടുതൽ സുന്നത്ത് അിറയുന്നവർ ഇമാമായി നിൽക്കണം. അതിലും അവർ തുല്ല്യമാണെങ്കിൽ ആദ്യമായി പാലായനം ചെയ്തവർ ആരെന്ന് നോക്കണം) മുസ്ലിം, അഹ്മദ്

ഈ വിഷയത്തിൽ ഫത്വാ ബോഡിന്റെ പ്രസ്താവന കൂടി കാണുക. ബുദ്ധിയുണ്ടെങ്കിൽ കുട്ടികളാണെങ്കിലും അവർക്ക് ഇമാമത്ത് നിൽക്കുന്നതിന് വിരോധമില്ല എന്നാണ് നബി (ﷺ) യുടെ വചനം സൂചിപ്പിക്കുന്നത്. നബി (ﷺ) പറയുകയുണ്ടായി (يؤم القوم أقرؤهم لكتاب الله) (അവരിൽ ഏറ്റവും കൂടുതൽ ഖുർആൻ അറിയുന്നവർ ഇമാമായി നിൽക്കട്ടെ.)

ബുഖാരി റിപ്പോർട്ടു ചെയ്ത മറ്റൊരു ഹദീസു കാണുക. അംറ്ബ്നു സലമ അൽ ജുറമി പറയുന്നു.(എന്റെ പിതാവ് നബി (ﷺ) യുടെ അടുക്കൽ നിന്ന് വന്നപ്പോൾ നമസ്കാരത്തിനുള്ള സമയമായാൽ നിങ്ങളിൽ ഏറ്റവും കൂടുതൽ ഖുർആൻ അറിയുന്നവർ ഇമാമായി നിൽക്കണം എന്നു പറഞ്ഞു. അപ്പോൾ അവർ പരസ്പരം നോക്കി. എന്നാൽ എന്നേക്കാൾ ഖുർആൻ അറിഞ്ഞിരുന്ന ഒരാളും അവിടെ ഉണ്ടായിരുന്നില്ല. അപ്പോൾ അവർ എന്നെ ഇമാമായി നിർത്തുകയുണ്ടായി. അന്നെനിക്ക് ആറോ, ഏഴോ വയസ് പ്രായമേ ഉണ്ടായിരുന്നുള്ളൂ.) മജല്ലത്തുൽ ബുഹൂസ്– അൽ ഇസ്ലാമിയ്യ–21–74

ഈ രണ്ട് ഹദീസുകളിൽ നിന്നു തന്നെ വളരെ വ്യക്തമായും മനസിലാവുന്ന കാര്യം ഇമാമത്തിന് ഏറ്റവും കൂടുതൽ അർഹതയുള്ളത് നന്നായി ഖുർആൻ അറിയുന്ന വർ തന്നെയാകുന്നു എന്നതാണ്. പ്രായത്തേക്കാൾ പരിഗ ണന അർഹിക്കുന്നത് അതിനാണെന്ന് ഊന്നൽ നൽകുന്ന മറ്റൊരു ഹദീസുകൂടി കാണുക. അവിടുന്ന് പറഞ്ഞു.

«فإن كانوا في الهجرة سواء فأقدمهم سنا».

(ഹിജ്റയുടെ കാര്യത്തിലും പരസ്പരം തുല്ല്യരാണെങ്കിൽ നിങ്ങൾ ഏറ്റവും കൂടുതൽ പ്രായം ഉള്ളവരെ പരിഗണിക്ക ണം.) ഇവിടെ പ്രായത്തെ പരിഗണിച്ചത് നാലാമത്തെ പടി യിലാണ്. അഥവാ ഖുർആൻ, സുന്നത്ത്, ഹിജ്റ എന്നി വക്ക് ശേഷമേ പ്രായത്തിന് പരിഗണനയു ള്ളൂ.

## 56 നല്ല രീതിയിലുള്ള വസ്ത്രം ധരിക്കാതിരിക്കുക.

ധാരാളം മുസ്ലിംകൾ ഈ വിഷയത്തിൽ തികഞ്ഞ അശ്രദ്ധ കാണിക്കുന്നതായി കാണാം. ചിലർ മുഷിഞ്ഞതും, ഉറങ്ങുമ്പോൾ ധരിച്ചിരുന്നതുമായ വസ്ത്രമെടുത്ത് പ്രത്യേ കിച്ചും സുബഹി നമസ്കാരത്തിനും മറ്റും പുറപ്പെടാറുണ്ട്. അതേ മുഷിഞ്ഞ വേഷത്തിൽ ഒരു ഗ്രാം സ്വർണ്ണം വാങ്ങു വാനോ, ഒരു സദ്യക്കോ അയാളോട് പുറപ്പെടാൻ ആവശ്യ പ്പെടുന്നു എന്നു സങ്കൽപ്പിക്കുക. എന്നാൽ അയാൾ അതിൽ സന്നദ്ധനാവുകയില്ല. അയാൾ ശക്തിയായി വിസ മ്മതിക്കുക കൂടി ചെയ്യുന്നു. സത്യത്തിൽ അല്ലാഹു ഭംഗിയു ള്ളവനും അലങ്കാരത്തെ ഇഷ്ടപ്പെടുന്നവനുമാണ്. മാത്രമ ല്ല, നമസ്കരിക്കാൻ പള്ളിയിലേക്ക് പോകുമ്പോൾ നന്നാ യി വസ്ത്രം ധരിക്കണമെന്ന കൽപനയും കാണാം. അ ല്ലാഹു പറയുന്നു

﴿يَٰبَنِيٓ ءَادَمَ خُذُواْ زِينَتَكُمۡ عِندَ كُلِّ مَسۡجِدٖ﴾ [الأعراف: ٣١]

(ആദം സന്തതികളേ, നിങ്ങൾ എല്ലാ പള്ളികളുടെ അടു

ക്കലും അലങ്കാരം സ്വീകരിക്കുകയും ചെയ്യുക.) (അഅ്റാഫ് : 31)

ഇമാം ത്വഹാവിദീ, ബഹഖി, ത്വബ്റാനി എന്നിവർ ഉദ്ധരിച്ചതും അബ്ദുല്ല ഇബ്നുഉമർ (ﷺ) ൽ നിന്ന് നിവേദനം ചെയ്യുന്നതുമായ ഒരു ഹദീസുകാണുക. അദ്ദേഹം പറഞ്ഞു. നബി (ﷺ) പറഞ്ഞിരിക്കുന്നു.

«إذا صلى أحدكم فليلبس ثوبيه فإن الله تعالى أحق من تزين له».

(നിങ്ങൾ നമസ്കരിക്കുകയാണെങ്കിൽ അവൻ രണ്ടു വസ്ത്രം എങ്കിലും ധരിച്ചാവണം നമസ്കരിക്കുന്നത്. നിശ്ചയം അലങ്കാരം പ്രകടിപ്പിക്കുവാൻ ഏറ്റവും അർഹൻ അല്ലാഹുവാകുന്നു.)

## 57 നമസ്കരിക്കുന്ന റൂമിനോടനുബന്ധിച്ച് ബാത്ത് റൂമുകൾ ഉണ്ടായിരിക്കുകയും, അവക്കിടയിൽ ചുമ രു കൊണ്ടു തന്നെയുള്ള മറ ഉണ്ടായിരിക്കുകയും ചെയ്താലും ചിലർ നമസ്കരിക്കാൻ മന:പ്രയാസം കാണിക്കുന്നു.

ഈ വിഷയവുമായി ഇബ്നുബാസ് (ﷺ) നൽകിയ ഫത്വ ഇവിടെ കൊടുക്കാം.

**ചോദ്യം-** നമസ്കരിക്കുന്ന സ്ഥലത്ത് മുമ്പിലായി ബാത്ത്റൂം ഉണ്ടാവുകയും അവക്കിടയിൽ ചുമർ വേർതിരിക്കുകയും ചെയ്യുന്നുവെങ്കിൽ അവിടെ നമസ്കരിക്കാമോ? അതല്ല, മറ്റെവിടെയെങ്കിലും വെച്ചു നമസ്കരിക്കുന്നതാണോ ഏറ്റവും നല്ലത്?

**ഉത്തരം**-മുകളിൽ പറഞ്ഞപോലുള്ള സ്ഥലങ്ങളിൽ വെച്ചും ആ സ്ഥലം ശുദ്ധമെങ്കിൽ നമസ്കരിക്കുന്നതിന് വിരോധമില്ല. ബാത്ത് റൂമുകളുടെ ടെറസിലും- അവ ശുദ്ധിയുണ്ട് എങ്കിൽ നമസ്കരിക്കുന്നതിന് വിരോധമില്ലെന്നാണ് പണ്ഡിതന്മാരുടെ വീക്ഷണം. (അദ്ദഅവ-മാഗസിൻ എണ്ണം 11-13 -10-1409)

**58** **(قد قامت الصلاة) എന്ന് കേൾക്കുമ്പോൾ (أقامها الله وأدامها) (അത് അല്ലാഹു പതിവായി നില നിർത്തട്ടെ.) എന്ന് ചിലർ പറയാറുണ്ട്.**

ഇതിന് ഉപോൽബലമായി പറയാനുള്ള തെളിവ് അബൂ ഉമാമകിൽ നിന്ന് നിവേദനം ചെയ്യുന്നതും അബൂ ദാവൂദ് റിപ്പോർട്ടു ചെയ്തതുമായ ഒരു ഹദീസാണ് ബിലാൽ (ﷺ) ഇഖാമത്ത് കൊടുക്കാൻ തുടങ്ങി. അങ്ങനെ (قد قامت الصلاة) എന്നത് പറയാൻ തുടങ്ങിയപ്പോൾ നബി (ﷺ) (أقامها الله وأدامها) എന്നു പറഞ്ഞു. ഇത് ദുർബലമായ ഹദീസ് ആയതിനാൽ തന്നെ ഈ ഹദീസ് തെളിവിനായി പറ്റില്ലെന്നാണ് ഹദീസ് പണ്ഡിതന്മാർ പറയുന്നത്.

**59** **(قد قامت الصلاة) എന്ന ഇഖാമത്തിലെ പദം കേൾക്കുമ്പോൾ മാത്രം നമസ്കരിക്കാനായി എഴു ന്നേൽക്കുകയും അതാണ് സുന്നത്ത് എന്ന് ധരിക്കു കയും ചെയ്യുക. ഇത് ശരിയല്ല.**

ഇമാം മാലിക് (رحمه الله) പറഞ്ഞത് കാണുക. ഇഖാമത്തി ന്റെ പദങ്ങൾ കേൾക്കുമ്പോൾ മാത്രം നമസ്കാരത്തിനായ് ജനങ്ങൾ എഴുന്നേൽക്കുന്നു. എന്നാൽ ഇതിന്നായി പ്രത്യേ കം തെളിവുകൾ എനിക്ക് കാണാൻ സാധിച്ചില്ല. ഈ വിഷ യത്തിന് ഓരോരുത്തരും അവരുടെ കഴിവനുസരിച്ചു ചെയ്യുന്നതിന് വിരോധമില്ല. എല്ലാവർക്കും ഒരേ പോ ലെ തന്നെ എഴുന്നേൽക്കുവാൻ സാധിച്ചു കൊള്ളണമെന്നില്ല. കാരണം, അവരിൽ തടി കൂടിയയവരും കുറഞ്ഞവരും, ആ രോഗ്യമുള്ളവരും ഇല്ലാത്തവരുമെല്ലാം ഉണ്ടായിരിക്കുമെ ല്ലോ. (അൽ മുവത്വ 67)

**60** **നബി (ﷺ) പറഞ്ഞിരിക്കുന്നു.**

«إذا صلى أحدكم للناس فليخفف فإن فيهم الضعيف والسقيم».

(നിങ്ങളിൽ ആരെങ്കിലും ജനങ്ങൾക്ക് ഇമാമായി നമസ്കരി

ക്കുകയാണെങ്കിൽ അവൻ ലഘുവാക്കട്ടെ.കാരണം, അവരിൽ രോഗികളും ദുർബലൻമാരും,വാർദ്ധക്യം ചെന്നവരും ഉണ്ടായേക്കാം)ബുഖാരിയും, മുസ്ലിമും റിപ്പോർട്ടു ചെയ്ത ഈ ഹദീസ് നിവേദനം ചെയ്തത് അബൂ ഹുറൈറ (ﷺ) ആകുന്നു. എന്നാൽ ഈ കൽപന പ്രാവർത്തികമാക്കുന്നിടത്ത് ചിലർ സമീപനം കാണിക്കുന്നില്ല.

മറ്റൊരു ഹദീസിൽ മുആദുബ്നു ജബൽ(ﷺ)വിനെ നബി (ﷺ) ആക്ഷേപിക്കുന്നതായി കാണാം. അദ്ദേഹം സുദീർഘമായി നമസ്കരിക്കുന്നു എന്നറിഞ്ഞപ്പോൾ നബി (ﷺ) അദ്ദേഹത്തോട് ചോദിക്കുകയുണ്ടായി. (നീ കുഴപ്പ മുണ്ടാക്കുകയാണോ? നീ കുഴപ്പമുണ്ടാക്കുകയാണോ? നീ കുഴപ്പമുണ്ടാക്കുകയാണോ? മൂന്നു പ്രാവശ്യം അദ്ദേഹം ഈ ചോദ്യം ആവർത്തിച്ചു.)

ഈ രണ്ടു ഹദീസുകൾ തന്നെയാണ് പലരും ദീർഘമായി നമസ്കരിക്കുവാൻ തെളിവായി പറയാറുള്ളതും അതിന്റെ ന്യായ ന്യൂനതകളെ കുറിച്ചു പറയുന്നതിനുമുമ്പായി ചുരുക്കി(ലഘുവാക്കി) നമസ്കരിക്കുക എന്നു പറഞ്ഞാൽ അതിന്റെ മാനദണ്ഡം എന്താണെന്ന് പരിശോധിക്കാം.

ഇബ്നു ഖയ്യിം (ﷺ) പറഞ്ഞിരിക്കുന്നു. നബി (ﷺ) യുടെ നമസ്കാരം എപ്രകാരമായിരുന്ന എന്നു വിശദീകരിച്ചു കൊണ്ട് ഇപ്രകാരം പറഞ്ഞിരിക്കുന്നു. (നബി (ﷺ) വളരെ ലഘുവായ രൂപത്തിലും എന്നാൽ പരിപൂർണ്ണമായ രീതിയിലുമായിരുന്നു നമസ്കരിക്കാറുണ്ടായിരുന്നത്. ബുഖാരിയിലും മുസ്ലിമിലും ഇപ്രകാരം കാണാം. അനസ് (ﷺ) ൽ നിന്ന് നിവേദനം അദ്ദേഹം പറഞ്ഞു. (ഏറ്റവും പൂർണ്ണതയോടുകൂടിയും, ലഘുവായതുമായ രീതിയിൽ നബി (ﷺ) യുടെ പിന്നിൽ ഞാൻ നമസ്കരിച്ച പോലെ മറ്റൊരു ഇമാമിനു പിന്നിലും ഞാൻ നമസ്കരിച്ചിട്ടില്ല.) ബുഖാരിയിൽ തന്നെ ഇപ്രകാരവും കൂടി കാണാവുന്നതാണ്.

**عن أنس قال: ما صليت وراء إمام قط أخف صلاة ولا أتم صلاة من النبي صلى الله عليه وسلم وإن كان ليسمع بكاء الصبي فيخفف مخافة أن تفتن أمه.**

കുട്ടികളുടെ കരച്ചിലിന്റെ ശബ്ദം നബി (ﷺ) കേൾക്കുകയാണെങ്കിൽ മാതാക്കൾക്ക് ബുദ്ധിമുട്ടാവും എന്നു വിചാരിച്ചു കൊണ്ട് അവിടുന്ന് നമസ്കാരത്തെ ലഘുവാക്കാറുണ്ടായിരുന്നു. നമസ്കാരം ലഘുവാക്കുക എന്നത് ആപേക്ഷികമാകുന്നു. അത് നബി (ﷺ) മാതൃക അനുസരിച്ചു കൊണ്ടുമായിരിക്കണം. ഇമാമിന്റെ താൽപര്യമല്ല നാം പരിഗണിക്കേണ്ടത്. പിന്നീട് അദ്ദേഹം അനസ് (رضي الله عنه) വിന്റെ മറ്റൊരു ഹദീസു കൂടി ഉദ്ധരിക്കുന്നു.

സമ്പൂർണമായും, എന്നാൽ ലഘുവായതുമായ രീതിയിൽ നബി (ﷺ) യുടെ പിന്നിൽ ഞാൻ നമസ്കരിച്ചപോലെ മറ്റൊരുടേയും പിന്നിൽ നിന്നും ഞാൻ നമസ്കരിച്ചിട്ടില്ല. നബി (ﷺ) (سمع الله لمن حمده) എന്ന് പറഞ്ഞാൽ അദ്ദേഹത്തിന് പിഴവ് സംഭവിച്ചുവോ എന്ന് ഞങ്ങൾക്ക് തോന്നാൻ മാത്രം സമയം എഴുന്നേറ്റു നിൽക്കാറുണ്ടായിരുന്നു. പിന്നീട് തക്ബീർ ചൊല്ലി സുജൂദ് ചെയ്യും. ശേഷം അദ്ദേഹത്തിന് വല്ല പിഴവും സംഭവിച്ചുവോ എന്ന് സംശയിക്കാൻ മാത്രം സമയം അവിടുന്ന് രണ്ടു സുജൂദുകൾക്കും ഇടയിലായി ഇരിക്കും.)

ഇബ്നു ഖയ്യിം (رحمه الله) പറയുന്നു. ഈ രണ്ടു ഹദീസുകളിലുമായി അനസ് (رضي الله عنه) നബി (ﷺ) യുടെ നമസ്കാരം പൂർണ്ണതയിലും ലഘുത്വത്തിലുമെല്ലാം എപ്രകാരമായിരുന്നു എന്ന് പഠിപ്പിക്കുകയും ചെയ്യുന്നു. മാത്രമല്ല, അപ്പോൾ വല്ലതും മറന്നുവോ എന്ന് സംശയിക്കാൻ മാത്രം സമയം നിർത്തം അദ്ദേഹം ദീർഘിപ്പിച്ചിരുന്നു എന്നു പഠിപ്പിക്കുകയും ചെയ്യുന്നു. അതോടൊപ്പം തന്നെ റിപ്പോർട്ടറായ അനസ് (رضي الله عنه) പറയുന്നത്. ഏറ്റവും ലഘുവായ നമസ്കാരമായിരുന്നു എന്നാകുന്നു. റുകൂഅ്, സുജൂദ്, ഖിയാമ്, ഇഅ്

തിദാല്, എന്നിവയെല്ലാം പൂർണ്ണമായ രൂപത്തിൽ ആയിരുന്നു അദ്ദേഹം നിർവ്വഹിച്ചിരുന്നത്. ഇതിൽ നിന്ന് നമുക്ക് മനസ്സിലാക്കാവുന്ന വസ്തുത നബി(ﷺ)യുടെ നമസ്കാരത്തിൽ ഖിയാം(നിർത്തം)മിന് തുല്ല്യമായ അത്ര തന്നെ സമയം അവിടുന്ന് റുകൂഅ്, സുജൂദ്, ഇടയിലിലെ ഇരുത്തം എന്നിവയും ദീർഘിപ്പിച്ചിരുന്നു എന്നാകുന്നു. പൂർണ്ണരൂപത്തിലുള്ള നമസ്കാരം എന്ന് വിശേഷിപ്പിച്ചതും ആ നമസ്കാരത്തെ പറ്റിയത്രെ. ഈ വിവരണത്തിന് എതിരായി വരുന്ന രീതിയിലാണ് ഇപ്പോൾ പലരുടെയും നമസ്കാരം. ചിലർ (ഖിയാം) നിർത്തം കൃത്യമായ രുപത്തിൽ തന്നെ പാലിച്ചു കൊണ്ടും എന്നാൽ സുജൂദ്, റുകൂഅ് എന്നീ കർമ്മങ്ങളെല്ലാം ഒരു കോഴി കൊത്തുന്ന പോലെയും (കടമയായി മാത്രം)നിർവ്വഹിക്കുന്നു. മറ്റു ചിലരാവട്ടെ അവരുടെ നിർത്തവും, സുജൂദും, ഖിയാമും എല്ലാം കേവലം കടമയായി മാത്രം മാറുകയും ചെയ്യുന്നു.

ചുരുക്കത്തിൽ ഇന്ന് പലരും ചെയ്യുന്ന രൂപത്തിലുള്ള ലഘുവാക്കൽ രീതിയിലായിരുന്നില്ല. നബി(ﷺ)യുടെ നമസ്കാരം എന്ന് നാം മനസ്സിലാക്കേണ്ടതാണ്. അനസ് (رضي الله عنه) നിവേദനം ചെയ്യുന്ന ഒരു ഹദീസുകൂടി കാണുക. നബി (ﷺ) നമസ്കാരം ലഘുവാക്കണമെന്ന് ഞങ്ങളോട് കൽപിക്കാറുണ്ടായിരുന്നു. അതോടൊപ്പം തന്നെ നബി (ﷺ) സൂറ: സ്വാഫാത്ത് പാരായണം ചെയ്ത് നമസ്കരിച്ചി രുന്നു.

നബി(ﷺ)ക്ക് സത്യവിശ്വാസികളോട് കാരുണ്യവും കനിവും ഉണ്ടായിരുന്നു എന്നു ഖുർആൻ പറയുന്നുണ്ട്.

﴿لَقَدْ جَاءَكُمْ رَسُولٌ مِّنْ أَنفُسِكُمْ عَزِيزٌ عَلَيْهِ مَا عَنِتُّمْ حَرِيصٌ عَلَيْكُم بِالْمُؤْمِنِينَ رَءُوفٌ رَّحِيمٌ﴾ [التوبة: ١٢٨]

എങ്കിലും അതോടൊപ്പം നബി(ﷺ)യുടെ നമസ്കാര രീതി എങ്ങനെയായിരുന്നു എന്നും നാം മനസ്സിലാക്കുകയുണ്ടായി.

## സ്ത്രീകളുമായി ബന്ധപ്പെട്ടവ.

61 പുരുഷൻമാർ നമസ്കരിച്ചു കഴിയുന്നത് വരെ, സ്ത്രീകൾ നമസ്കാരത്തെ പിന്തിപ്പിക്കുന്ന പതിവ് ചിലപ്പോൾ കാണപ്പെടുന്നു. പുരുഷന്മാരേക്കാൾ മുമ്പിലായി സ്ത്രീകൾ നമസ്കരിക്കുന്നത് ശരിയല്ല എന്ന് വിചാരിക്കുകയും ചെയ്യുന്നു. ഇത് ശരിയായ രീതിയല്ല.

### 62 വലത്തോട്ടും, ഇടത്തോട്ടും സലാം വീട്ടുമ്പോൾ അതിനനുസരിച്ച് തന്റെ വലതും, ഇടതും മുൻ കൈകൾ ആ ഭാഗത്തേക്കായി ചലിപ്പിക്കുന്നു.

ഇത് ഹദീസുകളിൽ വ്യക്തമായും വിലക്കിയ കാര്യമാകുന്നു. നബി(ﷺ)യുടെ ചില അനുചരന്മാർ ഇപ്രകാരം ചെയ്യാറുണ്ടായിരുന്നു. നബി (ﷺ) അത് കണ്ടപ്പോൾ പറഞ്ഞു.

«ما شأنكم تشيرون بأيديكم كأنها أذناب خيل شمس إذا سلم أحدكم فليلتفت إلى أصحابه ولا يومئ بيده». صحيح الجامع.

കുതിരകൾ വാലാട്ടുന്ന പോലെ നിങ്ങളെന്തിനാണ് കൈകൾ ചലിപ്പിക്കുന്നത്, സലാം വീട്ടിയാൽ നിങ്ങളുടെ സുഹൃത്തിലേക്ക് വേണമെങ്കിൽ തിരിഞ്ഞു നോക്കാം. കൈകൾ കൊണ്ട് മാത്രം ആംഗ്യം കാണിക്കരുത്. (മുസ്ലിം)

### 63 സലാം വീട്ടുമ്പോൾ തല താഴ്ത്തുകയും ഉയർത്തുകയും ചെയ്യൽ.

ചിലർ നമസ്കാരത്തിൽ നിന്ന് സലാം വീട്ടുമ്പോൾ തല ഒന്നുയർത്തുകയും, പിന്നീട് താഴ്ത്തുകയും ചെയ്യുന്നു. ശേഷം വലത്തോട്ടും ഇടത്തോട്ടും മുഖം തിരിക്കും. ഇത് നബി (ﷺ) യുടെ പ്രവർത്തനത്തിനു വിരുദ്ധമാണ്.

അബൂദാവൂദ്, നസാഈ, തിർമുദി, എന്നിവർ റിപ്പോ

ര്‍ട്ടു ചെയ്ത ഹദീസില്‍ നബി (ﷺ) സലാം വീട്ടിയിരുന്നതെ ങ്ങനെയായിരുന്നു എന്ന് വിവരിക്കുന്നു അതിപ്രകാരമാണ്. നബി (ﷺ) (السلام عليكم ورحمة الله) എന്ന് പറഞ്ഞ് വല ത്തോട്ട് തിരിയും അത് തന്റെ കവിളിലെ വെള്ള നിറം കാണാവുന്നത്ര തിരിയും, പിന്നീട് ഇടത്തെ കവിളിന്റെ വെള്ള കാണാവുന്നത്രതന്നെ ഇടത്തോട്ടു തിരിഞ്ഞ് (السلام عليكم ورحمة الله) എന്ന് പറയും ചെയ്യും. അതിനിടയില്‍ നബി (ﷺ) തല ആട്ടിയിരുന്നതായി പറയപ്പെടുന്ന ഹദീസു കളില്ല.

## 64 ഫറള് നമസ്കാരശേഷം കൈകള്‍ ഉയര്‍ത്തി പ്രാര്‍ത്ഥിക്കുക.

ഇബ്നു ബാസ്(ﷺ)യോട് ഇതിനെ കുറിച്ചു ചോദിച്ച പ്പോള്‍ അദ്ദേഹം നല്‍കിയ മറുപടി ഇപ്രകാരമായിരുന്നു.

(ഫറള് നമസ്കാര ശേഷം കൈകള്‍ ഉയര്‍ത്തി പ്രാര്‍ ത്ഥിച്ചതായി നബി(ﷺ)യില്‍ നിന്നോ, സഹാബികളില്‍ നിന്നോ, ശരിയായ രൂപത്തില്‍ റിപ്പോര്‍ട്ടു ചെയ്യപ്പെട്ട ഒന്നും തന്നെ കാണാന്‍ സാധ്യമല്ല. അതിനാല്‍ തന്നെ ചിലര്‍ ഫറള് നമസ്കാരങ്ങള്‍ക്ക് ശേഷം കൈ ഉയര്‍ത്തി പ്രാര്‍ത്ഥി ക്കുന്നത് അടിസ്ഥാനമില്ലാത്ത പുതിയ ആചാരം (ബിദ്അ ത്ത്) ആണെന്നതില്‍ സംശയമില്ല. കാരണം നബി (ﷺ) പറ ഞ്ഞിരിക്കുന്നു. (من عمل عملا ليس عليه أمرنا فهو رد) (നമ്മുടെ ഈ കാര്യത്തില്‍ നമ്മുടെ കല്‍പന ഇല്ലാത്ത വല്ല കാര്യവും ആരെങ്കിലും ചെയ്താല്‍ അത് തള്ളപ്പെ ടേണ്ടതാണ്.) മുസ്ലിം.

അവിടുന്ന് പറഞ്ഞു. (من أحدث في أمرنا هذا ما ليس منه فهو رد) (ഈ മതത്തില്‍ അതിലില്ലാത്ത വല്ല കാര്യവും ആരെങ്കിലും പുതുതായി ഉണ്ടാക്കിയാല്‍ അത് തള്ളപ്പെടേണ്ടതാണ്.) ബുഖാരി, മുസ്ലിം.

## 65 നമസ്കാരം കഴിഞ്ഞ ഉടനെ പരസ്പരം ഹസ്ത ദാനം ചെയ്യൽ.

ഈ കാര്യത്തെ കുറിച്ച് ഇബ്നുതൈമിയ്യ(ﷺ)യോട് അത് സുന്നത്താണോ അല്ലയോ എന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് ഇപ്രകാരമായിരുന്നു.

(അല്ലാഹുവിന് സ്തുതി. നമസ്കാരം കഴിഞ്ഞ ഉടനെ ഹസ്തദാനം ചെയ്യുന്ന സമ്പ്രദായം സുന്നത്തല്ലെന്നും മാത്രമല്ല, അത് ബിദ്അത്ത് (അനാചാരം) കൂടിയാകുന്നു.) മജ്മൂഅത്ത് ഫതാവാ –23 –239

സൗദ്യറേബ്യയിലെ ഫത്വാ ബോർഡിന് ലഭിച്ച ചോദ്യം ഇപ്രകാരമായിരുന്നു. സലാം വീട്ടിയ ഉടനെ ചിലർ ഇമാമിനും തന്റെ ഇടതും വലതും വശത്തിരിക്കുന്ന വർക്കും ഹസ്തദാനം ചെയ്യൽ സുന്നത്തുണ്ടോ?

**ഉത്തരം**– ഫറള് നമസ്കാരശേഷം ഇമാമിനോ,തന്റെ ഇടതു ഭാഗത്തിരിക്കുന്നവർക്കോ സലാം പറയലും ഹസ്തദാനം ചെയ്യലും പതിവായി ചെയ്യുന്നതിന്ന് നബി(ﷺ)യിൽ നിന്നോ, ഖുലഫാഉ റാഷിദുകളിൽ നിന്നോ, മറ്റു സഹാബി കളിൽ നിന്നോ സ്ഥിരപ്പെട്ടു വന്നിട്ടില്ല. ദിനം പ്രതി അഞ്ചു തവണ ആവർത്തിക്കപ്പെടുന്ന നമസ്കാരശേഷം അങ്ങനെ ഒന്നുണ്ടായിരുന്നുവെങ്കിൽ തീർച്ചയായും അത് റിപ്പോർട്ടു ചെയ്യപ്പെടുമായിരുന്നു. കാരണം, നബി(ﷺ)യിൽ നിന്നും ഒരു കൂട്ടം ആളുകൾക്ക് അത് കാണാമായിരുന്നുവല്ലോ. പക്ഷെ അത് ഉണ്ടായിരുന്നില്ല. അതിനാൽ തന്നെ അത് ബിദ്അത്തുമാകുന്നു. കാരണം നബി (ﷺ) പറഞ്ഞു. (من أحدث في أمرنا هذا ما ليس منه فهو رد) (നമ്മുടെ ഈ കാര്യത്തിൽ അതിലില്ലാത്ത കാര്യം ആരെങ്കിലും ചെയ്താൽ അത് തള്ളപ്പെടേണ്ടതാകുന്നു) (മജ്മത്തുൽ ബഊഥുൽ ഇസ്ലാമിയ്യ) 19–150)

മഹാനായ ശൈഖ് ജിബ്രീൻ (ﷺ) ഇതിനെ കുറിച്ചു

പറഞ്ഞത് കാണുക. (ഫറള് നമസ്കാരശേഷം സലാം പറയാനും, ഹസ്താദാനം ചെയ്യുവാനുമായി തന്റെ ഇരുഭാഗത്തിരിക്കുന്നവരിലേക്കും കൈ നീട്ടുന്ന പതിവ് കാണപ്പെടുന്നു. ചിലർ(തഖ്ബ്ബലല്ലാഹ്)എന്നും മറ്റു ചിലർ(ഹറമൻ) എന്നും പറയാറുണ്ട്. എന്നാൽ ഇതിന് പൂർവ്വീകരുടെ മാതൃകയില്ല. അതിനാൽ തന്നെ ബിദ്അത്താകുന്നു.)

## 66 തസ്ബീഹ് മാലകളുപയോഗിക്കലും, ചിലർ തസ്ബീഹുകൾ തന്നെ ചൊല്ലാതിരിക്കലും.

ഇബ്നുബാസ്(ﷺ)വിനോട് ഇതിനെ കുറിച്ചു ചോദിക്കുകയുണ്ടായി അപ്പോൾ അദ്ദേഹം നൽകിയ മറുപടി ഇപ്രകാരമായിരുന്നു. അത് (തസ്ബീഹു മാല) ഉപയോഗിക്കാതിരിക്കലാണ് ഏറ്റവും നല്ലത്. കാരണം ചില പണ്ഡിതന്മാർ അത് കറാഹത്താണ് എന്ന് പറഞ്ഞിരിക്കുന്നു. മാത്രമല്ല നബി (ﷺ) ചെയ്തിരുന്ന പോലെ തന്റെ കൈവിരലുകളെ കൊണ്ട് എണ്ണം പിടിക്കുന്ന രീതിയാണ് ഏറ്റവും ശ്രേഷ്ഠവും. തിരുമേനി (ﷺ) കൈവിരൽ കൊണ്ടായിരുന്നു തഹ്ലീലുകളും തസ്ബീഹുകളും ചെയ്യാറുണ്ടായിരുന്നത്. ശേഷം അതിനെ കുറിച്ചു അവിടുന്ന് പറയാറുണ്ടായിരുന്നു.

(فإنهن مسئولات مستنطقات) (നിശ്ചയം അവ(വിരലുകൾ)അതിനെ കുറിച്ചു ചോദിക്കപ്പെടുകയും അവ സംസാരിക്കുകയും ചെയ്യും) അബൂദാവൂദ്

ചുരുക്കത്തിൽ രണ്ടു ഹദീസുകളിൽ പരാമർശിച്ചതനുസരിച്ച് തസ്ബീഹ് ചൊല്ലുമ്പോൾ തന്റെ വലതു കൈവിരലുകൊണ്ട് എണ്ണം കണക്കാക്കലാണ് ഉത്തമം എന്നു മനസിലാക്കാം. നബി (ﷺ) ശുദ്ധീകരണം, മുടിചീകൽ, പാദരക്ഷ ധരിക്കൽ തുടങ്ങിയവ വിഷയങ്ങളിലെ ല്ലാം വലത്തേതിനെ മുന്തിക്കാറുണ്ടായിരുന്നു) എന്നതിനാൽ ഇത് വലതു കൈ കൊണ്ട് ചെയ്യുന്നതാണ് ഉത്തമം എന്നും മനസ്സിലാക്കാം.

തസ്ബീഹ് ചൊല്ലി വലതുകൈ കൊണ്ട് എണ്ണം പിടിച്ച ഒരു ഇമാമിനെ കണ്ട് ജനങ്ങൾ അസ്വസ്ഥത കാണിക്കുന്നതിനെ കുറിച്ച് ഇബ്നു ബാസി(ﷺ)നോട് ചോദിക്കുകയുണ്ടായി (അവരുടെ ധാരണ ഇടതു കൈയ്യാണ് ഉത്തമം എന്നായിരുന്നു.) അതിനു ഇബ്നുബാസ് പറഞ്ഞത്, നബി (ﷺ) യുടെ സുന്നത്തിനോട് യോജിക്കുന്നത് ഇമാമിന്റെ പ്രവർത്തിയാണ് എന്നായിരുന്നു. നബി (ﷺ) വലതുകൈ കൊണ്ടായിരുന്നു എണ്ണം പിടിക്കാറുണ്ടായിരുന്നത്. എന്നാൽ ഒരാൾ തന്റെ ഇരു കൈകളും ഉപയോഗിക്കുന്നുവെങ്കിൽ അതിന് വിരോധമില്ല.

## 67 അങ്ങോട്ടുമിങ്ങോട്ടും ശ്രദ്ധിക്കുക.

നബി (ﷺ) പറഞ്ഞിട്ടുണ്ട്.

«لينتهين أقوام يرفعون أبصارهم إلى السماء في الصلاة أو لا ترجع إليهم أبصارهم».

(നമസ്കാരത്തിൽ തങ്ങളുടെ കണ്ണുകൾ ആകാശത്തിലേക്ക് ഉയർത്തുന്നവർ അതിൽ നിന്നു വിരമിക്കുക തന്നെ ചെയ്യണം.അല്ലെങ്കിൽ അവർക്ക് അത് മടങ്ങിക്കിട്ടാതിരിക്കട്ടെ.) മുസ്ലിം,അഹ്മദ്.

അബൂദാവൂദ്, ഇബ്നു മാജ, ഇബ്നു ഖുസൈമ എന്നിവർ ഈ ഹദീസ് അനസിൽ നിന്നാണ് നിവേദനം ചെയ്തിട്ടുള്ളത്. ഇബ്നു ഖുസൈമ ഇതിന് നമസ്കാരത്തിൽ കണ്ണുകൾ ആകാശത്തേക്ക് ഉയർത്തുന്നവർ സൂക്ഷിക്കട്ടെ എന്ന അദ്ധ്യായത്തിലാണ് കൊടുത്തി രിക്കുന്നത്. അതിനാൽ തന്നെ നമസ്കരിക്കുന്നവർ അവരുടെ സുജൂദിന്റെ സ്ഥാനത്തേക്കാണ് നോക്കേണ്ടത് എന്നാണ് മനസ്സിലാവുന്നത്. ഹാകിം റിപ്പോർട്ടു ചെയ്യുന്നു.ആയിശ (رضي الله عنها) യിൽ നിന്ന് നിവേദനം. അവർ പറഞ്ഞു.നബി (ﷺ) നമസ്കാരം നിർവ്വഹിക്കുവാനായി കഅ്ബയിൽ പ്രവേശിച്ചാൽ നമസ്കാരത്തിൽ നിന്നു വിരമിക്കുന്നതു വരെയും സുജൂദിന്റെ സ്ഥാനത്തേക്കായിരുന്നു നോക്കിയിരുന്നത്.) ഹാകിം

അബ്ദുല്ല ഇബ്നു സുബൈർ(ﷺ)വിൽ നിന്നു നിവേദനം ചെയ്യുന്ന ഒരു ഹദീസ് ഇമാം അഹ്മദ്, ഇബ്നു ഖുസൈമ, ബൈഹഖി എന്നിവർ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. അതിപ്രകാരമാണ്. നബി (ﷺ) അത്തഹിയ്യാത്തിനു വേണ്ടി ഇരുന്നാൽ തന്റെ ഇടതു കൈ ഇടതു തുടയിലും വലതു കൈ വലതു തുടയിലും വെക്കും. വലതുകൈയ്യിലെ ചൂണ്ടു വിരൽ കൊണ്ട് അദ്ദേഹം ചൂണ്ടിപ്പിടിക്കും അതേ വിരലിലേക്ക് തന്നെ ആയിരുന്നു അദ്ദേഹം നോക്കാറുണ്ടായിരുന്നത്.

ഈ രണ്ടു ഹദീസുകളും സൂചിപ്പിക്കുന്നത് നമസ്കരിക്കുമ്പോൾ തങ്ങളുടെ ദൃഷ്ടികൾ സുജൂദിന്റെ സ്ഥാനത്തേക്കാണ് നോക്കേണ്ടത് എന്നും ഉദ്ദേശിക്കുന്നുവെങ്കിൽ (തശഹുദിൽ) ചൂണ്ടു വിരലിലേക്കും നോക്കാം എന്നുമാകുന്നു.

## 68 നമസ്കാരത്തിനിടയിൽ കോട്ടുവാ വരുന്നുവെങ്കിൽ അത് കടിച്ചു (അടക്കി) പിടിക്കാതിരിക്കുക.

അബൂ സഈദിൽ ഖുദ്രി(ﷺ)ൽ നിന്നു ഉദ്ധരിക്കുന്ന ഒരു ഹദീസിൽ ഇപ്രകാരം കാണാം (إذا تثاءب أحدكم في الصلاة فليكظم ما ستطاع فإن الشيطان يدخل) (നിങ്ങൾ നമസ്കാരത്തിലായിരിക്കേ കോട്ടുവായ വന്നാൽ(പരമാവധി) കഴിയുന്നത്ര കടിച്ചു പിടിക്കുക, നിശ്ചയം പിശാച് പ്രവേശിക്കും.) ഒതുക്കുക, കടിച്ചു പിടിക്കുക എന്നൊക്കെ പറഞ്ഞാൽ മറ്റൊരു ഹദീസിലെ പരാമർശം അനുസരിച്ചു വായ കൈകൊണ്ട് പൊത്തിപ്പിടിക്കുകയും കോട്ടുവായ അടക്കിനിർത്തുവാൻ ശ്രമിക്കുകയും ചെയ്യുക എന്നാണ് ഉദ്ദേശിക്കുന്നത്.മുസ്ലിം റിപ്പോർട്ടു ചെയ്ത ഹദീസിൽ കാണാം. (إذا تثاءب أحدكم فليمسك بيده على فمه) (നിങ്ങൾ കോട്ടുവായ ഇടുന്നുവെങ്കിൽ കൈ കൊണ്ടു മുഖം പൊത്തിപ്പിടിക്കുക.) മുസ്ലിം

## 69 വായ മൂടികെട്ടി കൊണ്ട് നമസ്കരിക്കൽ.

ഇത് നബി (ﷺ) വിരോധിച്ചിട്ടുണ്ട്. അവിടുന്നു പറഞ്ഞു.

«نهي أن يغطي الرجل فاه».

ഒരാൾ അവന്റെ വായ മൂടി വെക്കുന്നത് വിരോധിക്കപ്പെട്ടിരിക്കുന്നു.

അബൂഹുറൈറ (رضي الله عنه) യിൽ നിന്നു നിവേദനം ചെയ്യുന്ന ഈ ഹദീസ് അബൂ ദാവൂദ്, ഇബ്നുമാജ, ബഗവീ എന്നിവർ റിപ്പോർട്ടു ചെയ്തിരിക്കുന്നു.

പ്രത്യേക കാരണങ്ങളൊന്നും കൂടാതെ വായ മൂടി ക്കെട്ടി നമസ്കരിക്കുന്നത് കറാഹത്താണെന്നാണ് ഇബ്നു ബാസ് (رحمه الله) യുടെ വീക്ഷണം. (മജല്ലത്തു ദ്ദഅവ, ഫത്വ, പേജ് :83)

## 70 ബാങ്കിന് ശേഷം പള്ളിയിൽ നിന്നു പുറത്തു പോകൽ.

ഇമാം മുന്തിരിയുടെ വീക്ഷണം, കാരണം കൂടാതെ ബാങ്കിന് ശേഷം പള്ളിയിൽ നിന്നു പുറത്തു പോകുന്നവർ ജാഗ്രതൈ എന്ന് പറഞ്ഞ ശേഷം അബൂഹുറൈറ(رضي الله عنه)യിൽ നിന്നുദ്ധരിക്കുന്ന ഒരു ഹദീസ് അദ്ദേഹം റിപ്പോർട്ടു ചെയ്തു.അബൂഹുറൈറ(رضي الله عنه)യിൽ നിന്ന് നിവേദനം (ഒരാൾ ബാങ്ക് മുഴങ്ങിയ ശേഷം പള്ളിയിൽ നിന്ന് പുറത്ത് പോയി. അപ്പോൾ അബൂഹുറൈറ (رضي الله عنه) പറഞ്ഞു. അയാൾ അബൂ ഖാസിം (നബി (ﷺ) ക്ക് എതിര് പ്രവർത്തിച്ചിരിക്കുന്നു.) മുസ്ലിം.

മറ്റൊരു വചനത്തിൽ ഇപ്രകാരമാണ് (إذا كنتم في المسجد فنودي بالصلاة فلا يخرج أحدكم حتى يصلي) (നിങ്ങൾ പള്ളിയിൽ ആയിരിക്കെ, നമസ്കാരത്തിനായി ബാങ്ക് മുഴങ്ങിയാൽ നമസ്കാരം നിർവ്വഹിക്കപ്പെടുന്നതിന് മുമ്പ് പള്ളിയിൽ നിന്നു പോകരുത്.)

പൂർവ്വീകരായ മഹത്തുക്കളും സഹാബികളും വുളൂ അ് നഷ്ടപ്പെടുക പോലുള്ള കാരണങ്ങൾ ഉണ്ടായലല്ലാതെ ബാങ്കിനു ശേഷം പള്ളിയിൽ നിന്നു പുറത്തു പോകാറുണ്ടായിരുന്നില്ല എന്നാണ് തിർമുദി ഇതിനെ കുറിച്ചു പറഞ്ഞിട്ടുള്ളത്.

## 71 നമസ്കാരത്തിനു പുറപ്പെട്ടു കഴിഞ്ഞാൽ അതിൽ നിന്നു വിരമി ക്കുന്നതിനിടയിലായി കൈ വിരലുകൾ പരസ്പരം കോർത്തുപിണക്കൽ.

ഇത് വിരോധിക്കപ്പെട്ട കാര്യമാണ്. കഅബ് ബ്നു ഉജ്റ(ﷺ)ൽ നിന്ന് നിവേദനം അദ്ദേഹം പറഞ്ഞു.നബി(ﷺ) പറഞ്ഞിരിക്കുന്നു.

«إذا توضأ أحدكم فأحسن وضوءه ثم خرج عامدا إلى المسجد فلا يشبكن بين يديه فإنه في صلاة».

(നിങ്ങൾ ഏറ്റവും നല്ലതായ രൂപത്തിൽ വുളൂഅ് ചെയ്യുകയും പിന്നീട് ബോധപൂർവ്വം പള്ളിയിലേക്ക് പുറപ്പെടുകയും ചെയ്താൽ അവൻ നമസ്കാരത്തിലാകുന്നു. അതിനാൽ അവൻ കൈ വിരലുകൾ പരസ്പരം കോർത്തു പിണച്ചു പിടിക്കാതിരിക്കട്ടെ. (അഹ്മദ്, അബൂദാവൂദ്, തിർമുദി)

അബൂ ഹുറൈറ(رضي الله عنه) യിൽ നിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു. നബി (ﷺ) പറഞ്ഞിരിക്കുന്നു. (إذا توضأ أحدكم في بيته ثم أتى المسجد كان في صلاة حتى يرجع فلا يقل هكذا وشبك بين أصابعه)

(നിങ്ങൾ വീട്ടിൽനിന്ന് വുളൂഅ് എടുക്കയും, പി ന്നീട് നമസ്കാരത്തിനായി പള്ളിയിലേക്ക് പുറപ്പെടുകയും ചെയ്യുന്നുവെങ്കിൽ തിരിച്ചു വരുന്നവരേയും അവൻ നമസ്കാരത്തിലാണ്. അതിനാൽ കൈവിരലുകൾ നിങ്ങൾ പരസ്പരം കോർത്തു പിണച്ചു പിടിക്കരുത്.) ഹാകിം.

അബൂഹുറൈറ (رضي الله عنه) യിൽ നിന്ന് നിവേദനം.

«إذا توضأ أحدكم للصلاة فلا يشبك بين أصابعه».

(നിങ്ങൾ നമസ്കാരത്തിനായി വുളൂ എടുത്താൽ കൈ വിരലുകൾ പരസ്പരം കോർത്തു പിടിക്കരുത്.) ത്വബ്റാനി

ഈ ഹദീസുകളിലെല്ലാം വിലക്കിയ കാര്യമാണ് വുളൂഅ് എടുത്ത് നമസ്കാരത്തിനായി പള്ളിയിലേക്ക് പുറപ്പെട്ടവർ പിന്നീട് നമസ്കാരം കഴിയുന്നതിന്റെ മുമ്പായി) കൈ വിരലുകൾ പരസ്പരം കോർത്തു പിടിക്കാൻ പാടില്ല എന്നത്.

## 72 ഫാതിഹ ഓതിയ ശേഷം സുദീർഘമായി മൗനം പാലിക്കുക.

നബി(ﷺ)യുടെ സ്ഥിരപ്പെട്ട ഹദീസുകളിലൊന്നും ഇതിന്ന് തെളിവു കാണുകയില്ല. ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ(رحمه الله) ഒരു ഫത്‌വയിൽ ഇപ്രകാരം പ്രസ്താവിച്ചതായി കാണാം.(ഇമാം അഹ്മദിന്റെ വീക്ഷണത്തിൽ തുടർന്ന് നസ്കരക്കുന്നവർക്ക് ഫാതിഹ ഓതുവാനായി ഇമാം കുറച്ചു മൗനം പാലിക്കുന്ന രീതി സുന്നത്തല്ല എന്നതാണ്. എന്നാൽ അദ്ദേഹത്തിന്റെ ചില ശിഷ്യന്മാർ അപ്രകാരം അഭിപ്രായപ്പെടുന്നു. മഅ്മൂമുകൾക്ക് ഫാതിഹ ഓതുവാൻ അവസരം ഒരുക്കുക എന്ന ഉദ്ദേശത്തോടെ നബി(ﷺ) കുറച്ചു മൗനം പാലിച്ചിരുന്നുവെങ്കിൽ അത് റിപ്പോർട്ടു ചെയ്യുമായിരുന്നു. ഇങ്ങനെ ഒരു സഹാബിയും റിപ്പോർട്ടു ചെയ്യാത്തതിനാൽ തന്നെ അതുണ്ടായിരുന്നില്ല എന്ന് നമുക്ക് മനസ്സിലാക്കാവുന്നതാണ്. അപ്രകാരം തന്നെ മൗനം പാലിക്കുമ്പോഴായിരുന്ന സഹാബികൾ എല്ലാവരും നബി(ﷺ)യുടെ പിന്നിൽ നിന്നു ഖുർആൻ ഓതാറുള്ളത് എങ്കിൽ ആ കാര്യവും റിപ്പോർട്ടു ചെയ്യപ്പെടേണ്ടതായിരുന്നുവല്ലോ? പക്ഷെ അതും ഉണ്ടായിട്ടില്ല. അപ്രകാരം ചെയ്യൽ മതപരമായ ഒരു കാര്യമായിരുന്നുവെങ്കിൽ അതു സഹാബികൾ മനസിലാക്കാതിരിക്കുകയുമില്ല. അതിനാൽ തന്നെ പ്രസ്തുത മൗനം ദീക്ഷിക്കുന്നത് ബിദ്അത്താണെന്നേ പറ

യാൻ പറ്റുകയുള്ളൂ. മഹാനായ ശൈഖ് ഇബ്നു ബാസ്(ﷺ) ഈ വിഷയത്തിൽ നൽകിയ ഫത്‌വ കൂടി ശ്രദ്ധിക്കുക.

**ചോദ്യം–** മഅ്മൂമിന് ഫാതിഹ ഓതാൻ സൗകര്യം ചെയ്യുവാനായി ഇമാം തന്റെ ഫാതിഹക്ക് ശേഷം സ്വൽപം മൗനം പാലിക്കുന്നതിന്റെ ഇസ്ലാമിക വിധി എന്താണ്.? അപ്രകാരം ഇമാം മൗനം പാലിക്കാത്തപക്ഷം പിന്നീട് എപ്പോഴാണ് മഅ്മൂമിന് ഫാതിഹ ഓതാൻ സമയം ലഭിക്കുക?

**ഉത്തരം.–** ഉറക്കെ ഓതുന്ന നമസ്കാരങ്ങളിൽ പിന്നിലുള്ളവർ ഫാതിഹ ഓതുന്നതിനു വേണ്ടി ഇമാം മൗനം പാലിക്കുന്ന പതിവിന് ഹദീസുകളിൽ സ്ഥിരപ്പെട്ട തെളിവ് ഞാൻ കണ്ടിട്ടില്ല. ഇമാം ഫാതിഹ ഓതുമ്പോൾ വഖ്ഫ് ചെയ്യുന്നതിനിടയിലായി സാവകാശം അതു പാരായണം ചെയ്യുന്നതാണ് ഏറ്റവും നല്ലതായി തോന്നുന്നത്. അതിന് സാധ്യമല്ലെങ്കിൽ ഇമാമിന്റെ കൂടെ തന്നെ പതുക്കെയായി ഓതുന്നതായിരിക്കും ഉത്തമം. ഓതി തീർന്നശേഷം പിന്നീടയാൾ മൗനം പാലിക്കുകയും ചെയ്തിരിക്കണം. ഇമാം ഓതുമ്പോൾ തന്നെയാണ് അയാൾ പാരായണം ചെയ്യുന്നതെങ്കിലും കുഴപ്പമില്ല. കാരണം നബി (ﷺ) യുടെ ഹദീസിന്റെ പൊതു നിർദ്ദേശവും അതാകുന്നു.അവിടുന്നു പറഞ്ഞു. (لا صلاة لمن لم يقرأ بفاتحة الكتاب) (ഫാതിഹത്തുൽ കിതാബ് ഓതാത്തവന് നമസ്കാരമില്ല.) ബുഖാരി, മുസ്ലിം, മറ്റൊരു വചനത്തിൽ അവിടുന്നു ചോദിച്ചു (لعلكم تقرءون خلف إمامكم؟ قالوا: نعم. قال: لا تفعلوا إلا بفاتحة الكتاب فإنه لا صلاة لمن لم يقرأ بها) (എന്താണ്, നിങ്ങൾ ഇമാമിന്റെ പിന്നിലായിരിക്കെ ഖുർ ആൻ ഓതുന്നുവോ? അവർ (അതെ) എന്നു പറഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞു. ഫാതിഹത്തുൽ കിതാ ബ് (സൂറ ഫാതിഹ) ഒഴികെ മറ്റൊന്നും നിങ്ങൾ അപ്രകാരം ചെയ്യരുത്. കാരണം അത് ഓതാത്തവർക്ക് നമസ്കാരമില്ല.) (അബൂദാവൂദ്, ഇബ്നു ഹിബ്ബാൻ)

ആയത്തിൽ പൊതുവിൽ പറഞ്ഞ കാര്യം ഈഹദീസുകളിൽ പ്രത്യേകം ഊന്നി പഠിക്കുക കൂടി ചെയ്യുന്നതാകുന്നു. അല്ലാഹു പറഞ്ഞിരിക്കുന്നു.

﴿وَإِذَا قُرِئَ ٱلْقُرْءَانُ فَٱسْتَمِعُوا۟ لَهُۥ وَأَنصِتُوا۟ لَعَلَّكُمْ تُرْحَمُونَ﴾ [الأعراف: ٢٠٤]

(ഖുർആൻ പാരായണം ചെയ്യപ്പെട്ടാൽ നിങ്ങളത് ശ്രദ്ധിച്ചു കേൾക്കു കയും, നിശബ്ദത പാലിക്കുകയും ചെയ്യുക. നിങ്ങൾക്ക് കാരുണ്യം ലഭിച്ചേക്കാം) അഅ്റാഫ് 204

നബി (ﷺ) പറഞ്ഞിരിക്കുന്നു.

«إنما جعل الإمام ليؤتم به فلا تختلفوا عليه فإذا كبر فكبروا وإذا قرأ فأنصتوا».

(നിശ്ചയം ഇമാമിനെ തീരുമാനിച്ചത് അദ്ദേഹത്തെ പിമ്പറ്റുന്നതിനു വേണ്ടിയാണ്.അതിനാൽ നിങ്ങൾ അദ്ദേഹത്തോട് എതിരാവരുത്. അദ്ദേഹം തക്ബീർ ചൊല്ലിയാൽ നിങ്ങളും തക്ബീർ ചൊല്ലുക. അദ്ദേഹം ഓതുമ്പോൾ നിങ്ങൾ മൗനം പാലിക്കുക.(മുസ്ലിം)

രണ്ടാമത്തെ ഉത്തരവും ഇതേ ആശയത്തിലുള്ളതായിരുന്നു.

## 73 ചുമരുകൾക്കിടയിൽ നമസ്കരിക്കൽ.

ഖുർറ(رضي الله عنه)വിൽ നിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു, നബി (ﷺ) യുടെ കാലഘട്ടങ്ങളിൽ രണ്ട് ചുമരുകൾക്കിടയിലായി സ്വഫു നിൽക്കുന്നത് അവിടുന്ന് വിലക്കാറുണ്ടായിരുന്നു. അത് കണ്ടാൽ അദ്ദേഹം അവരെ തടുക്കുകയും ചെയ്തിരുന്നു.(ഇബ്നു മാജ, ഇബ്നു ഹിബ്ബാൻ, ഹാകിം)

അബ്ദുൽ ഹമീദ് ബ്ൻ മഹമൂദ്(رضي الله عنه)വിൽ നിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു, അനസ്(رضي الله عنه)വിനോടൊപ്പം ഞാൻ ഒരിക്കൽ ജുമുഅ നമസ്കാരത്തിൽ പങ്കെടുത്തു, അപ്പോൾ ചുമരിനടുത്തേക്ക് ഞങ്ങളെ തള്ളുകയുണ്ടായി. അതു കണ്ടപ്പോൾ അനസ് (رضي الله عنه) പറഞ്ഞു. ഇങ്ങിനെ ചെയ്യു

ന്നത് ഞങ്ങൾ നബി(ﷺ)യുടെ കാലഘട്ടങ്ങളിൽ സൂക്ഷി ക്കാറുണ്ടായിരുന്നു. എന്ന് പറയുകയും ചെയ്തു. (ഇബ്നു മാജ, ഇബ്നു ഹിബ്ബാൻ, ഹാകിം)

ബൈഹഖി പറഞ്ഞിട്ടുള്ളതിപ്രകാരമാണ്. തൂണുകൾ സ്വഫുകൾ ചേർക്കുന്നതിൽ നിന്ന് തടസ്സമാകുന്നതു കൊ ണ്ടായിരിക്കാം അപ്രകാരം പറഞ്ഞിരിക്കുന്നത്. എന്നാൽ തനിച്ചു നമസ്കരിക്കുന്നവർക്ക് ഇത് ബാധകമല്ല. കാരണം നബി (ﷺ) കഅബയിൽ പ്രവേശിച്ചപ്പോൾ രണ്ട് തൂണുകൾ ക്കിടയിലായി നമസ്കരിക്കുകയുണ്ടായി. അപ്രകാരം തന്നെ തിരക്കുള്ള സന്ദർഭങ്ങളിലും പള്ളി നിറയുമ്പോഴും അതിന് വിരോധമില്ലെന്നാണ് ഇമാം മാലിക്കിന്റെ വീക്ഷണം.

## 74 ഖുർആൻ ചുംബിക്കൽ.

മുസ്ഹഫ് വീണു പോവുക, ഖുർആൻ ഓതി നിറു ത്തുക, പോലെയുള്ള സന്ദർഭങ്ങളിൽ ധാരാളം ആളുകൾ ഖുർആൻ ചുംബിക്കുന്നതയി കാണാറുണ്ട്.ഇപ്രകാരം ചെയ്യുന്നത് മുസ്ഹഫിനോടുള്ള അദബും, അതിനെ നിന്ദി ക്കാതിരിക്കുകയുമാണ് എന്ന സൽ വിചാരവുമാണ് അതി നുള്ള പ്രേരകം. എന്നാൽ ഇപ്രകാരമുള്ള ധാരണകൾ ഒരി ക്കലും ഒരു കർമ്മം ചെയ്യാനുള്ള തെളിവാകുന്നതല്ല.

ഇബ്നു തൈമിയ്യ (رحمه الله) യോട് ഈ വിഷയത്തെ കുറിച്ച് ചോദിച്ചപ്പോൾ അദ്ദേഹം നൽകിയ മറുപടി ഇപ്രകാ രമായിരുന്നു. മുസ്ഹഫിനെ ചുംബിക്കുന്നതിന് വല്ല തെളി വുകളും ഉള്ളതായി പൂർവ്വീകരായ സലഫീ പണ്ഡിതന്മാ രിൽ നിന്നും തെളിവുകൾ കാണാൻ സാധിച്ചിട്ടില്ല. ഇതിനെ കുറിച്ച് ഇമാം അഹ്മദി(رحمه الله)നോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് പൂർവ്വീകരുടെ മാതൃക ആ വിഷയത്തിൽ റി പ്പോർട്ടു ചെയ്തിട്ടില്ല എന്നാണ്. ഇക്രിമത്ത്ബ്നു അബീ ജഹൽ മുസ്ഹഫ് തുറക്കുമ്പോൾ അതിൽ മുഖം വെച്ചു കൊണ്ട് ഇത് എന്റെ രക്ഷിതാവിന്റെ വചനമാണ് എന്നു പറ

ഞ്ഞിരുന്നുപോലും! എന്നാൽ അത് മുൻകാലക്കാരുടെ ഒരു പതിവായിരുന്നില്ല. മാത്രമല്ല ഒരാൾ മറ്റൊരാൾക്ക് വേണ്ടി പോലും എഴുന്നേൽക്കുന്ന സ്വഭാവം അവർക്കുണ്ടായിരുന്നില്ല.

ഒരു ശുഭ ലക്ഷണം എന്ന നിലയിൽ കാര്യങ്ങളുടെ തുടക്കം മുസ്ഹഫ് തുറന്നു കൊണ്ടാവുന്നതിന് വിരോധമുണ്ടോ എന്ന വിഷയവും മുൻഗാമികളിൽ നിന്നും ഉദ്ധരിച്ചതായി കാണുന്നില്ല. ഖാളീ, അബൂയഅ്ലാ പോലുള്ള പിൻകാലക്കാർ ആ വിഷയത്തിൽ പരസ്പരം ചർച്ചക്കാർ നടത്തിയതായും കാണാം. ഇബ്നു ബത്വഃ പോലുള്ളവർ അതിന്ന് വിരോധമില്ല എന്ന പക്ഷക്കാരാണ്. എന്നാൽ മറ്റു ചിലർ അത് എതിർത്തതായി കാണുകയും ചെയ്യാം.

പൊതുവിൽ പക്ഷി ലക്ഷണം നോക്കുന്ന രീതി പ്രവാചകൻ (ﷺ) വിലക്കുകയും ശുഭലക്ഷണം അംഗീകരിക്കുകയും ചെയ്യാറുണ്ടായിരുന്നു. ശുഭലക്ഷണം എന്നതു കൊണ്ടുദ്ദേശിക്കുന്നത് അല്ലാഹുവിൽ ഭരമേൽപ്പിച്ചു കൊണ്ടു എന്തെങ്കിലും പ്രവർത്തനത്തിനു തുടക്കം കുറിക്കുമ്പോൾ പ്രശംസനീയമായ രൂപത്തിൽ അതിനെ കുറിച്ചു കേൾക്കുക എന്നതാണ്. ഉദാഹരണമായി സൗഭാഗ്യവാൻ, വിജയി എന്നിങ്ങനെ കേൾക്കുന്നതെല്ലാം അതിൽ പെടുന്നു.(മജ്മൂഅ് ഫതാവാ 23-65,66)

## 75 ഖുർആൻ പാരായണത്തിൽ കൃത്രിമത്വം കാണിക്കുക.

ചില ആളുകൾ ഖുർആൻ പാരായണം ചെയ്യുമ്പോൾ അക്ഷരങ്ങളുടെ ഉച്ചാരണങ്ങളിലും, ശബ്ദത്തിലും കൃത്രിമത്വം കാണിക്കാറുണ്ട്. അത് ചിലപ്പോൾ ശ്രോദ്ധാവിന് ഖുർആൻ കേൾക്കുന്നതിൽ നിന്ന് മടുപ്പുള്ളവാകുന്ന രീതിയിൽ കൂടിയാവുമ്പോൾ അതിന്റെ അലോസരത വർദ്ധിക്കുന്നു. അല്ലാഹു പറയുന്നു

﴿وَلَقَدْ يَسَّرْنَا ٱلْقُرْءَانَ لِلذِّكْرِ فَهَلْ مِن مُّدَّكِرٍ﴾ [القمر: ١٧]

(ഈ ഖുർആൻ ചിന്തിക്കുന്ന ആളുകൾക്ക് നാം എളുപ്പമാക്കിയിരിക്കുന്നു. ആരെങ്കിലും ചിന്തിക്കുന്നവരുണ്ടോ) ഖമർ:17

ഇബ്നു കസീർ പറഞ്ഞു. (അഥവാ പാരായണത്തിനു നാം സൗകര്യം ചെയ്തു തന്നിരിക്കുന്നു) സുദ്ദി പറഞ്ഞത് അത് പാരായണത്തിന് ആളുകൾക്ക് ലളിതമാക്കിയിരിക്കുന്നു എന്നാണ് ഇബ്നു അബ്ബാസിൽ നിന്ന് ഇമാം ളഹാക്ക് ഉദ്ധരിക്കുന്നത് കാണുക. (ഈ ഖുർആൻ അല്ലാഹു മനുഷ്യർക്ക് ലളിതമാക്കിയിട്ടില്ലായിരുന്നുവെങ്കിൽ അവർക്ക് അല്ലാഹുവിന്റെ വചനമായ ഖുർആൻ പാരായണം ചെയ്യാൻ കഴിയുമായിരുന്നില്ല.) തഫ്സീർ ഇബ്നുകസീർ 4-282)

**76** രണ്ടു സുജൂദുകൾക്കിടയിലുള്ള ഇരുത്തത്തിൽ സ്ഥിരപ്പെടാത്ത മറ്റു പ്രാർത്ഥനകൾ ചൊല്ലൽ. യഥാർത്ഥത്തിൽ പറയേണ്ടത്. (رب اغفر لي وارحمني واهدني وارزقني) എന്നാണ്.

**77** നമസ്കാരത്തിലുള്ള ഭക്തി നഷ്ടപ്പെടുന്ന രൂപത്തിൽ അങ്ങോട്ടുമിങ്ങോട്ടും ശരീരം ആട്ടുകയോ, മുമ്പോട്ടും പിന്നോട്ടും ചലിപ്പിക്കുകയോ ചെയ്യുക.

## 78 മറവിയുടെ സുജൂദിൽ സ്ഥിരപ്പെടാത്ത പ്രാർത്ഥനകളോ, ആയത്തുകളോ പറയൽ.

ചിലർ (سبحان من لا يسهو ولا ينسى) എന്നും മറ്റുചിലർ (رَبَّنَا لَا تُؤَاخِذْنَا إِن نَّسِينَا) എന്നോ പറയാറുണ്ട്. ഇത് ശരിയല്ല. അസ്സുനനു വൽ മുബ്തദിആത്ത് എന്ന ഗ്രന്ഥത്തിൽ കാണാം. മറവിയുടെ സുജൂദു ചെയ്യുമ്പോൾ പ്രത്യേകം എന്തെങ്കിലും പ്രാർത്ഥന നബി (ﷺ) ചൊല്ലിയതായി സ്ഥിരപ്പെട്ടിട്ടില്ല. എന്നാൽ മറ്റു സുജൂദിലുള്ള പ്രാർത്ഥനകളെല്ലാം പ്രാർത്ഥിക്കാവുന്നതാണ്.

(سبحان من لا يسهو ولا ينسى) എന്ന പ്രാർത്ഥന നബി (ﷺ) യോ, സഹാബികളോ, ചൊല്ലിയിരുന്നതിന് യാതൊരു രേഖയും സുന്നത്തിൽ കാണുകയില്ല. (അസ്സുനനു വൽമുബ്ത്തദിആത്ത് 76)

മറ്റെന്തെങ്കിലും ആയത്തുകൾ സുജൂദിലോ, റുകൂഇലോ അവിടുന്ന് പാരായണം ചെയ്തു എന്നതിന്നും രേഖയില്ല, മാത്രമല്ല വ്യക്തമായ രൂപത്തിൽ അത് വിലക്കുകയും ചെയ്തതായി കാണാം.

ഇബ്നു അബ്ബാസിൽ നിന്നു ഉദ്ധരിക്കുന്ന ഒരു ഹദീസിൽ ഇപ്രകാരം കാണാം. (ألا وإني نهيت أن أقرأ القرآن راكعا أو ساجدا) (നിങ്ങൾ സുജൂദിലായി കൊണ്ടും, റുകൂഉ് ചെയ്യുന്നവരായ നിലയിലും ഖുർആൻ ഓതുന്നത് ഞാൻ നിങ്ങളോട് വിലക്കുന്നു. (മുസ്ലിം)

**79** ചില വലിയ പള്ളികളിൽ പതിവായി കാണപ്പെടുന്ന കാര്യമാണിത്. പിന്തി വരുന്നവർ ആദ്യമുള്ള സ്വഫുകൾ പൂർത്തിയാവുന്നതിന് മുമ്പ് തന്നെ മറ്റു പുതിയ സ്വഫുകൾക്ക് രൂപം നൽകുന്നു. അങ്ങനെ മുമ്പിലുള്ള സ്വഫുകൾ മുറിയുകയും ചെയ്യുന്നു. ഇപ്രകാരം പിന്നീടു വരുന്നവരും ഇതേ രീതിയിൽ പ്രവർത്തിക്കുന്നു. ചിലപ്പോൾ വലിയതും, നീണ്ടതുമായ സ്വഫിലേക്ക് അതു പൂർത്തിയാക്കാനായി നടക്കുവാനുള്ള മടിയും റക്അത്ത് ലഭിക്കണമെന്ന താൽപര്യവുമാണ് ഇങ്ങനെ ചെയ്യാൻ പ്രേരിക്കുന്നത് ഇത് ഒട്ടും ശരിയല്ല. സ്വഫുകളെ രണ്ടു ഭാഗത്തുനിന്നും പൂർണ്ണമാക്കാതെ പുതിയ ഒരു സ്വഫിന് തുടക്കം കുറിച്ചു കൂടാ. നബി (ﷺ) പറയുന്നത് കാണുക. (ومن قطع صفا قطعه الله عز وجل) (ആരെങ്കിലും സ്വഫുകൾ മുറിച്ചു കളയുന്നുവെങ്കിൽ അല്ലാഹു അദ്ദേഹത്തെയും മുറിച്ചുകളയട്ടെ). (അഹ്മദ്, അബൂദാവൂദ്, നസാഇൗ)

മറ്റൊരു ഹദീസിൽ നബി (ﷺ) പറഞ്ഞു.

«أقيموا صفوفكم أو ليخالفن الله بين قلوبكم».

(നിങ്ങൾ സ്വഫുകൾ ശരിപ്പെടുത്തുക, അല്ലെങ്കിൽ അല്ലഹു നിങ്ങളുടെ ഹൃദയങ്ങളെ എതിരാക്കുമാറാകട്ടെ). (അബൂദാവൂദ്, ഇബ്നു ഹിബ്ബാൻ)

**80** ചില ഇമാമുമാർ സ്വഫുകൾ ശരിയാക്കുന്നതിനിടയിൽ അവ വളഞ്ഞതായി കാണുകയാണെങ്കിൽ ചിലപ്പോൾ നബി (ﷺ) പറഞ്ഞിരിക്കുന്നു എന്നു പറഞ്ഞുകൊണ്ട് (വളഞ്ഞ സ്വഫുകളിലേക്ക് അല്ലാഹു നോക്കുകയില്ല) എന്നു പറയാറുണ്ട്. ഇത് പൊതുവിൽ ജനങ്ങൾക്കിടയിൽ അറിയപ്പെട്ടതാണെങ്കിലും ഇതിന്റെ അടിസ്ഥാനം എവിടെ നിന്നാണെന്നോ ഏത് ഗ്രന്ഥത്തിലാണ് പരാമർശിച്ചതെന്നോ പണ്ഡിതന്മാർക്ക് കാണാൻ കഴിഞ്ഞിട്ടില്ല. അതിനാൽ തന്നെ ഇതും ഇതു പോലുള്ളതുമായ കാര്യങ്ങളും പറയുമ്പോൾ അതിന്റെ നിജസ്ഥിതി പഠിച്ച ശേഷം പറയലായിരിക്കും ഉത്തമം. മാത്രമല്ല, സ്വഫുകൾ ശരി യാക്കണം എന്ന് പഠിപ്പിക്കുവാനും പറയാനുമുള്ള സ്ഥിരപ്പെട്ട ഹദീസുകൾ നമ്മുടെ മുമ്പിലുണ്ട് താനും. നബി (ﷺ) പറഞ്ഞു.

سووا صفوفكم / أحسنوا إقامة الصفوف في الصلاة / رصوا صفوفكم وقاربوا بينها.

(നിങ്ങൾ നിങ്ങളുടെ സ്വഫുകൾ ശരിയാക്കുക)(ബുഖാരി, മുസ്ലിം) (നമസ്കാരത്തിൽ നിങ്ങൾ സ്വഫുകൾ ശരിപ്പെടുത്തുക) അഹ്മദ് (നിങ്ങൾ സ്വഫുകൾ അടുപ്പിച്ചു നല്ല പോലെ ക്രമപ്പെടുത്തുക) അഹ്മദ് അബൂദാവൂദ്. എന്നിവയെല്ലാം ചില ഉദാഹരണങ്ങൾ മാത്രമാണ്.

**81** ചിലർ റുകൂഇൽ നിന്നുയരുമ്പോൾ പ്രാർത്ഥിക്കുന്ന രൂപത്തിൽ കൈകൾ ഉയർത്താറുണ്ട്. ഇത് ശരിയല്ല. സുന്നത്തിൽ സ്ഥിരപ്പെട്ടത് നബി (ﷺ) തന്റെ കൈകൾ ചെവിയുടെ നേരെയോ, ചുമലിനു നേരെയോ ഉയർത്തുകയായിരുന്നു ചെയ്തിരുന്നത് എന്നാണ്.

**82** ചില രോഗികൾ തങ്ങൾക്ക് നഷ്ടപ്പെട്ട നമസ്കാരങ്ങൾ നിർവ്വഹിക്കുവാനായി അടുത്ത ദിവസം, അതേ നമസ്കാരത്തിന്റെ സമയമാവുന്നതും പ്രതീക്ഷിച്ചിരിക്കാറുണ്ട്. ഇത് ശരിയല്ല. നഷ്ടപ്പെട്ട നമസ്കാരം എത്രയും വേഗം അത് നിർവ്വഹിക്കേണ്ടതാണ്. നബി(ﷺ)യുടെ നിർദ്ദേശം അതാണ് സൂചിപ്പിക്കുന്നത്. അവിടുന്നു പറഞ്ഞു.

«من نسي صلاة أو نام عنها فكفارتها أن يصليها إذا ذكرها».

(ആർക്കെങ്കിലും നമസ്കാരം നഷ്ടപ്പെടുകയോ, മറന്നു പോവുകയോ ചെയ്താൽ അതിനുള്ള പ്രതിവിധി ഓർമ്മ വന്നാലുടൻ അത് നിർവ്വഹിക്കുക എന്നാകുന്നു.) ബുഖാരി, മുസ്ലിം അബൂദാവൂദ്, നസാഈ, തിർമുദി.

**83** സൂര്യഗ്രഹണമോ, ചന്ദ്രഗ്രഹണമോ ഉണ്ടായി അതിനുള്ള നമസ്കാരം നിർവ്വഹിക്കുമ്പോൾ ചിലർ പിന്തിയ രൂപത്തിൽ നമസ്കാരത്തിനെത്തുന്നു. പിന്നീട് ഇമാം ഒന്നാമത്തെ റുകൂഇൽ നിന്നും ഉയർന്ന ശേഷം ഇമാമിന്റെ കൂടെ തുടരുകയും രണ്ടാമത്തെ റുകൂഇൽ പങ്കെടുക്കുകും ചെയ്യുന്നു. ഇങ്ങനെ ചെയ്യുന്നവർ അവർക്ക് റക്അത്ത് പൂർണ്ണമായും ലഭിക്കുമെന്ന് വിശ്വസിക്കുന്നു. അതിനാൽ അവർ ഇമാമിന്റെ കൂടെ സലാം വീടുകയും ചെയ്യുന്നു.ഇത് ശരിയല്ല.കാരണം ഈ രണ്ടു നമസ്കാരങ്ങളും മറ്റു നമസ്കാരങ്ങളെ പോലെയല്ല. മറിച്ച് ഓരോ റക്അത്തിലും ഈരണ്ടു റുകൂഉകളുമുണ്ട്. അതിനാൽ തന്നെ റക്അത്ത് പൂർണ്ണമായി ലഭിക്കണമെങ്കിൽ രണ്ടു റുകൂഉകളും ലഭിച്ചിരിക്കണം. ഒരു റുകൂഅ് നഷ്ടപ്പെട്ടുണ്ടെങ്കിൽ ഇമാം സലാം വീട്ടിയ ശേഷം ഒരു റക്അത്ത് പിന്നീടു പൂർത്തിയാക്കി നമസ്കരിക്കേണ്ടതുമാണ്.

ഇതുമായി ബന്ധപ്പെട്ടു ഫത്വാ ബോഡ് നൽകിയ മറുപടി ഇപ്രകാരമായിരുന്നു. (ഗ്രഹണ നമസ്കാരത്തിലെ ആദ്യ റക്അത്തിലുള്ള ഒരു റുകൂഅ് നഷ്ടപ്പെട്ട വ്യക്തി

ബാക്കിയുള്ള ഒരു റുകൂഅ് ലഭിച്ചു എന്ന കാരണത്താൽ റക്അത്ത് ലഭിച്ചു എന്നു കരുതുന്നുവെങ്കിൽ അത് ശരിയല്ല. അയാൾ ഇമാം സലാം വീട്ടിയാൽ രണ്ടാമത്തെ റക്അത്ത് രണ്ടു റുകൂഅ് ചെയ്തു തന്നെ പൂർത്തീകരിക്കേണ്ടതാണ്. കാരണം ഗ്രഹണ നമസ്കാരം ഒരു ആരാധനയത്രെ. ആരാധനപരമായ കാര്യം നമുക്ക് യുക്തമായ രൂപത്തിൽ ചെയ്തുകൂടാ. അവ തെളിവുകളുടെ അടിസ്ഥാനത്തിൽ അനുഷ്ടിക്കേണ്ടതാണ്. (മുജല്ലത്തുൽ ബുഹൂസുൽ ഇസ്ലാമിയ്യ–13–98,23.93)

**84** ഇമാം ഒരു റക്അത്തിൽ നിന്നും മറ്റൊരു റക്അത്തിലേക്ക് ഉയർന്നു കഴിയുമ്പോൾ അദ്ദേഹത്തെ പിന്തുടർന്നു നമസ്കരിക്കുന്ന ചിലർ അവിടെ തന്നെ ഇരിക്കുന്നതായി കാണാറുണ്ട്. ഇത് ശരിയല്ല. യഥാർത്ഥത്തിൽ ഇമാമിനെ അനുധാവനം ചെയ്യലാണു നിർബന്ധം. നബി(ﷺ) യുടെ വചനവും പഠിപ്പിക്കുന്നത് അതാകുന്നു. അവിടുന്നു പറഞ്ഞു. (إنما جعل الإمام ليؤتم به) (നിശ്ചയം ഇമാമിനെ നിശ്ചയിച്ചിരിക്കുന്നത് അദ്ദേഹത്തെ തുടരുന്നതിനു വേണ്ടിയത്രെ.) (ബുഖാരി, മുസ്ലിം)

ശൈഖ് മുഹമ്മദ് ഇബ്നു ഇബ്റാഹിം പറയുന്നത് ഇപ്രകാരം ചെയ്യുന്നത് നമസ്കാരം പാഴായി പോകുന്നതിനു പോലും കാരണമാകും എന്നത്രെ. അജ്ഞരായ ചില ആളുകളാണ് ഇത് ചെയ്യുന്നതെന്നും അവരെ ഉത്ബുദ്ധരാക്കണമെന്നും അദ്ദേഹം പറയുന്നുണ്ട്.

**85** നമസ്കാരത്തിൽ ചിലർ ഇമാം ﴿غَيۡرِ ٱلۡمَغۡضُوبِ عَلَيۡهِمۡ وَلَا ٱلضَّآلِّينَ﴾ [الفاتحة: ٧] എന്ന് ഓതി യാൽ തന്റെ തല മുകളിലേക്ക് ഉയർത്തി ആമീൻ എന്നുപറ യുന്നതായി കാണുന്നു. ഇത് സുന്നത്തിന് വിരുദ്ധമാണ്. നമസ്കാര സമയങ്ങളിൽ സുജൂദിന്റെ സ്ഥാനത്തേക്കാ കുന്നു നോക്കേണ്ടത്.

**86** ഇമാമായിരുന്നാലും അല്ലെങ്കിലുമെല്ലാം ആദ്യം പറയുന്ന തക്ബീറത്തുൽ ഇഹ്റാം വളരെ വ്യക്തമായും ഉറക്കെയും പറയുക. എന്നാൽ മറ്റു തക്ബീറുകൾക്കൊന്നും ഈ പ്രത്യേകത കാണിക്കാതിരിക്കുകയും ചെയ്യുന്നു. ഇതിന് തെളിവുകളില്ല. നബി (ﷺ) പറയുന്നു.

(صلوا كما رأيتموني أصلي) (ഞാൻ എങ്ങനെ നമസ്കരിക്കുന്നതായി നിങ്ങൾ കണ്ടുവോ, അപ്രകാരം നിങ്ങൾ നമസ്കരിക്കുക) നബി(ﷺ)യുടെ നമസ്കാരത്തിന്റെ രൂപം റിപ്പോർട്ടു ചെയ്ത സഹാബികൾ ആരും തന്നെ തക്ബീർ ചൊല്ലുമ്പോൾ മുകളിൽ പറഞ്ഞ പ്രത്യേക സ്വഭാവം ഉള്ളതായി പഠിപ്പിച്ചിട്ടില്ല. അതിനാൽ തന്നെ അത് വർജിക്കേണ്ടതാണ്.

**87** ചില നാടുകളിൽ നമസ്കാരം കഴിഞ്ഞ ഉടനെ തന്നെ ഫാതിഹ ഓതി നബി(ﷺ)യുടെ ഹള്റത്തിലേക്ക് ഹദ്‌യ ചെയ്യുന്നു. ഇത് സംബന്ധമായി ശൈഖ് ഉസൈമീൻ നൽകിയ ഫത്‌വ കാണുക. (പ്രവാചകൻ(ﷺ)യുടെയോ, ഖുലഫാഉ റാശിദുകളുടെയോ കാലഘട്ടങ്ങളിൽ ഉണ്ടായിട്ടില്ലാത്ത ഒരു പുതിയ ദുരാചാരം(ബിദ്അത്താകുന്നു) ഇത്. മതത്തിൽ പുതുതായി നിർമ്മിച്ചുണ്ടാക്കുന്ന ദുരാചാരങ്ങൾ ഒന്നും അയാൾക്ക് ഉപകരിക്കില്ല എന്നു മാത്രമല്ല, ഉപദ്രവമാകുകയും ചെയ്യുന്നതാണ്. ഈ വിഷയം നബി (ﷺ) മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. (وإياكم ومحدثات الأمور فإن كل محدثة بدعة وكل بدعة ضلالة) പുതുതായി ഉണ്ടാവുന്നതിനെ നിങ്ങൾ സൂക്ഷിക്കണം. കാരണം(മതത്തിൽ പുതുതായി ഉണ്ടാകുന്നത് വഴികേടാകുന്നു).

നമസ്കാരം കഴിഞ്ഞ ഉടനെ ഒരാൾ ഫാതിഹയോ, ആയത്തുൽ കുർസിയോ ഓതുകയും അത് മറ്റുള്ളവരെ കേൾപ്പിക്കുകയും ചെയ്യുക എന്ന ബിദ്അത്തായ ദുരാചാരം വിരോധിക്കപ്പെടേണ്ടതാണ്. മാത്രമല്ല, അതിന് പകരം

നബി (ﷺ) യിൽ നിന്ന് സ്ഥിരപ്പെട്ടു വന്നതും നമസ്കാരാനന്തരം സുന്നത്തുള്ളതുമായ ദിക്റുകളും പ്രാർത്ഥനകളും ചൊല്ലുവാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്യേണ്ടതാണ്) (നൂറുൽ അലദ്ദർബ്–ഫതാവാ പേജ് 40)

**88** ഒരാൾ നമസ്കരിച്ചു കൊണ്ടിരിക്കുന്നതിനിടയിലായി മറ്റൊരു വ്യക്തി പള്ളിയിൽ വരികയും അയാളെ തുടരാനായി ശ്രമിക്കുകയും ചെയ്താൽ ചിലപ്പോൾ അയാളെ അതിനു സമ്മതിക്കാതെ തടയുന്നതായി കാണാറുണ്ട്. സുന്നത്തു നമസ്കാമാണ് അയാൾ നിർവ്വഹിക്കുന്നതെങ്കിൽ പ്രത്യേകിച്ചും ഇത് കാണപ്പെടുന്നു. കാരണം ഫറള് നമസ്കരിക്കുന്നവർക്ക് സുന്നത്തു നമസ്കരിക്കുന്ന വ്യക്തിയെ തുടരാൻ പാടില്ല എന്ന തെറ്റിദ്ധാരണയാണ് ഇതിനാധാരം. എന്നാൽ ഈ ധാരണ ശരിയല്ല.

ഈ വിഷയത്തെ കുറിച്ചു പണ്ഡിത സഭയിലേക്ക് വന്ന ചോദ്യത്തിന് അവർ നൽകിയ മറുപടി ഇപ്രകാരമായിരുന്നു.

**ചോദ്യം–** ഒരാൾ നമസ്കരിച്ചു കൊണ്ടിരിക്കുന്നതിനിടയിൽ മറ്റൊരാൾ വരികയും അയാൾ തുടർന്നു കൊണ്ടു നമസ്കരിക്കുകയും ചെയ്യുന്നത് അനുവദനീയമാണോ? ഇപ്രകാരം ചെയ്യുമ്പോൾ സുന്നത്ത് നമസ്കാരമാണോ, ഫറളാണോ എന്ന് പ്രത്യേകം വേർതിരിച്ചു മനസ്സിലാക്കിയിരിക്കേണ്ടതുണ്ടോ?

**ഉത്തരം–** ഫറളാണെങ്കിലും, സുന്നത്താണെങ്കിലും അപ്രകാരം ചെയ്യുന്നതിന് വിരോധമില്ല.(മജല്ലത്തുൽ ബുഹൂസുൽ ഇസ്ലാമിയ്യ) 23–94

ഫത്വാ ബോഡിന്റെ മറ്റൊരു മറുപടി കൂടി കാണുക. സുന്നത്ത് നമസ്കരിച്ചു കൊണ്ടിരിക്കുന്ന വ്യക്തിയെ ഫറള് നമസ്കരിക്കുന്നവർക്ക് തുടരുന്നതിന് വിരോധമില്ല കാരണം. മുആദ്(رضي الله عنه) നബി(ﷺ) യോടൊപ്പം നമസ്കരിക്കു

ത്

കയും, തിരിച്ചുപോയ ശേഷം അതേ നമസ്കാരം തന്നെ തന്റെ ജനങ്ങളെയും കൂട്ടി നമസ്കരിച്ചിരുന്നു എന്നത് സ്ഥിരപ്പെട്ടുവന്നിരിക്കുന്നു. (ബുഖാരി,മുസ്ലിം)

**89** മയ്യത്ത് നമസ്കാരം നിർവ്വഹിക്കുമ്പോൾ ചിലർ ഇമാമിന്റെ വലതു ഭാഗത്ത് മാത്രമായി സ്വഫുകൾ ഉണ്ടാക്കുകയും മറുഭാഗം മുഴുവനായി പൂർത്തിയാക്കാതെ തന്നെ മറ്റു സ്വഫുണ്ടാക്കുകയും ചെയ്യുന്നു. ഇങ്ങിനെ ചെയ്യുന്നവരിലധികവും മയ്യത്തുമായി കുടുംബ ബന്ധമുള്ളവരാവുകയും ചെയ്യുന്നു. എന്നാൽ ഈ രൂപത്തിൽ പ്രവർത്തിക്കുവാൻ യാതൊരു രേഖയും കാണുന്നില്ല. തെളിവുകളില്ലാത്ത ഇത്തരം പ്രവർത്തനങ്ങൾ വർജ്ജിക്കേണ്ടതാണ്.

നമസ്കാരങ്ങളിൽ സ്വഫുകൾ പൂർത്തിയാക്കുവാനും ശരിപ്പെടുത്തുവാനും നബി (ﷺ) കൽപിച്ചിരിക്കുന്നു. എന്നാൽ അതിലൊന്നും ഏതെങ്കിലും പ്രത്യേകം നമസ്കാരത്തിൽ മാത്രമാണ് അങ്ങനെ ചെയ്യേണ്ടത് എന്ന് കൽപ്പിച്ചിട്ടില്ല. അതിനാൽ തന്നെ ഏതു നമസ്കാരത്തിന് വേണ്ടിയാണെങ്കിലും ഇമാമിന്റെ പിന്നിൽ നിന്ന് നമസ്കരിക്കുമ്പോൾ സ്വഫുകൾ ശരിയാക്കുക എന്നത് നിർബന്ധമാകുന്നു എന്നു മനസ്സിലാക്കണം. ഒരു ഹദീസിൽ അവിടുന്നു പറഞ്ഞു. (لتسون صفوفكم أو ليخالفن الله بين وجوهكم) (നിങ്ങൾ സ്വഫുകൾ ശരിയാക്കുക തന്നെ ചെയ്തിരിക്കണം. അല്ലെങ്കിൽ അല്ലാഹു നിങ്ങളെ മുഖം തിരിച്ചു കളയും) എന്നും (നിങ്ങൾ അണികൾ ശരിയാക്കുക, നിശ്ചയം അത് നമസ്കരാത്തിന്റെ പൂർണ്ണതയിൽ പെട്ടതത്രെ) എന്നും അവിടുന്നു പറഞ്ഞിട്ടുണ്ട്.

**90** ചില ഇമാമുകൾ നമസ്കാരത്തിൽ ഖുർആൻ പാരായണം ചെയ്യുന്നത് ഖുർആനിൽ കാണുന്ന ക്രമത്തിലല്ലെങ്കിൽ തുടർന്നു നമസ്കരിക്കുന്നവർ അതിൽ അസ്വ

സ്ഥത കാണിക്കാറുണ്ട്. ചിലരുടെ സമീപനം ഇമാം വല്ല നിഷിദ്ധമായ കാര്യവും ചെയ്തിട്ടുണ്ട് എന്ന് തോന്നിപ്പിക്കുന്നത്ര പരുഷമായിട്ടായിരിക്കും. ഇത് അജ്ഞതയാണ്. അപ്രകാരം ഓതുന്നതിന് വിരോധമില്ല. കാരണം, ഖുർആനിൽ കാണുന്ന സൂറത്തുകളുടെ ക്രമീകരണത്തെ കുറിച്ചു തന്നെ പണ്ഡിതൻമാർ ഏകാഭിപ്രായക്കാരല്ല. അത് സ്വഹാബികളുടെ ഇജ്തിഹാദിപരമായ കാര്യമായിരുന്നു എന്നും അല്ലാഹുവിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ക്രോഡീകരണം നടന്നെതന്നും പണ്ഡിതന്മാർ ഏകോപിച്ചു പറഞ്ഞിട്ടില്ല. ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ(ﷺ)യുടെ വീക്ഷണം അത് സ്വഹാബികളും ഇജ്തിഹാദ്പരമായ വീക്ഷണത്തിന്റെ അടിസ്ഥാനത്തിലായിരുന്നു എന്നാണ്. സൗദ്യറേബ്യയിലെ പണ്ഡിത സഭയിലേക്ക് വന്ന ഒരു ചോദ്യം ശ്രദ്ധിക്കുക.

**ചോദ്യം–** ഒരാൾ ജമാഅത്ത് നമസ്കാരത്തിന് ഇമാമായി നിൽക്കുക യും, ആദ്യ റക്അത്തിന്റെ ഫാതിഹാക്ക് ശേഷം സൂറത്ത് (തബ്ബത്ത്) ഓതുകയും രണ്ടാം റക്അത്തിൽ സൂറത്തുൽ(ഫീലും) പാരായണം ചെയ്തു. ഇപ്രകാരം ക്രമാനുഗതമായി കൊണ്ടല്ലാതെ ഓതുന്നതിനു വിരോധമുണ്ടോ?

**ഉത്തരം–** ഈ പറഞ്ഞ രൂപത്തിൽ നമസ്കാരത്തിൽ ഖുർആൻ ഓതുന്നതിന് വിരോധമില്ല, എന്നാൽ മുസ്ഹഫിലുള്ള ക്രമം പാലിച്ചു കൊണ്ടുള്ള പാരായണം തന്നെയാണ് ഏറ്റവും നല്ലത്. (മജല്ലത്തുൽ ബുഹൂസുൽ ഇസ്ലാമിയ്യ 19–148)

**91** രണ്ടാളുകൾ മാത്രം നമസ്കരിക്കുകയാണെങ്കിൽ ഇമാമായി നിൽക്കുന്ന വ്യക്തിയേക്കാൾ തുടർന്നു നിൽക്കുന്ന വ്യക്തി ഒരടി പിന്നിലായി നിൽക്കാറുണ്ട്. ഇത് ശരിയല്ല. യഥാർത്ഥത്തിൽ മുന്തിക്കലും, പിന്തിക്കലും കൂടാതെ തന്നെ ഒരേ ലൈനിലായി കൊണ്ട് വലതു ഭാഗത്താണ് നിൽക്കേണ്ടത്.

ബുഖാരിയിൽ ഒരു അദ്ധ്യായം തന്നെ ഈ കാര്യം പഠിപ്പിക്കുന്നുണ്ട്. (രണ്ടാളുകൾ ഉണ്ടായിരുന്നാലും ഇമാമിന്റെ വലതു ഭാഗത്ത് നേരെ നിൽക്കുന്ന അദ്ധ്യായം)

ഈ അദ്ധ്യായത്തിൽ ഇബ്നു അബ്ബാസ്(ﷺ)വിന്റെ ഒരു ഹദീസ് ഉദ്ധരിക്കുന്നു. അദ്ദേഹം തന്റെ അമ്മായിയായിരുന്ന മൈമൂന(ﷺ)യുടെ വീട്ടിൽ ഒരു ദിവസം രാത്രി കഴിച്ചു കൂട്ടി. പ്രവാചകൻ (ﷺ) രാത്രിയിൽ ഉറങ്ങിയ ശേഷം നമസ്കരിക്കാനായി എഴുന്നേൽക്കുകയുണ്ടായി. ഇബ്നു അബ്ബാസ് (ﷺ) നബി (ﷺ) യുടെ ഇടതു ഭാഗത്തായി നിൽക്കുകയും ചെയ്തു. എന്നാൽ അദ്ദേഹം ഇബ്നു അബ്ബാസിനെ വലതു ഭാഗത്തേക്ക് മാറ്റി നിർത്തുകയുണ്ടായി.) ഇബ്നു ഹജർ പറയുന്നു. (പരസ്പരം മുന്തി നിൽക്കുകയോ, പിന്തുകയോ ചെയ്തിരുന്നില്ല.) ഇബ്നു ജുറൈജ് പറയുന്നു. അദ്ദേഹം പറഞ്ഞു. ഞാൻ അത്വാഇനോട് ഇതിനെ കുറിച്ചു ചോദിച്ചു. രണ്ടാളുകൾ ഒരുമിച്ചു നമസ്കരിക്കുമ്പോൾ പിന്തുടരുന്ന വ്യക്തി എവിടെയായിട്ടാണ് നിൽക്കേണ്ടത്? അപ്പോൾ അദ്ദേഹം പറഞ്ഞു. ഇമാമായി നിൽക്കുന്നവരുടെ വലതു ഭാഗത്തായിരിക്കണം. അപ്പോൾ അദ്ദേഹം ചോദിച്ചു. രണ്ടു പേരും ഒരേ വരിയിലാവുന്ന രൂപത്തിലാണോ നിൽക്കേണ്ടത്.? അതോ രണ്ടാമൻ സ്വൽപം പിന്തിനിൽക്കണോ? അദ്ദേഹം പറഞ്ഞു. നേരെയാണു നിൽക്കേണ്ടത്. അവർ രണ്ടാളുകൾക്കിടയിൽ സ്വൽപം അകലം ഉണ്ടാവാത്ത രൂപത്തിലാണോ നിൽക്കേണ്ടത്? അദ്ദേഹം പറഞ്ഞു. അതെ. (ഫതുഹുൽ ബാരി–2–190–191–)

**92** ചിലർ നമസ്കരിക്കാനായി വരുന്ന സന്ദർഭങ്ങളിൽ ഇമാം റുകൂഇലായിരിക്കും. എന്നാൽ അവർ തക്ബീറത്തുൽ ഇഹ്റാമിൽ പ്രവേശിക്കുന്നതോടു കൂടി തന്നെ ഇമാം (سمع الله لمن حمده) എന്ന് പറഞ്ഞ് റുകൂഇൽ നിന്ന് ഉയർന്നിട്ടുണ്ടായിരിക്കും. അപ്പോൾ പിന്തിയെത്തിയവർ ഇമാമിനോടു കൂടിയല്ലാതെ റുകൂഅ് ചെയ്ത് റക്അത്ത്

കിട്ടിയതായി കണക്കാക്കുന്നു. ഇത് അജ്ഞതയാണ്. അയാൾക്ക് റക്അത്ത് ലഭിക്കുകയില്ല. കാരണം ഇമാമിന്റെ കൂടെ അയാൾക്ക് റുകൂഅ് ഒട്ടും ലഭിച്ചിട്ടില്ലല്ലോ? ഈ വിഷയത്തെ കുറിച്ചു പണ്ഡിത സഭയുടെ വീക്ഷണം ഇപ്രകാരമാണ്. (ഇമാം റുകൂഇൽ നിന്ന് ഉയരുവാൻ തുടങ്ങുമ്പോൾ മറ്റൊരാൾ നമസ്കാരത്തിനെത്തുകയും തക്ബീറത്തുൽ ഇഹ്റാമിൽ പ്രവേശിക്കുകയും ചെയ്യുന്നുവെങ്കിൽ അയാൾക്ക് ആ റക്അത്ത് ലഭിക്കുകയില്ല. അപ്രകാരം തന്നെയാണ് ഇമാം റുകൂഇൽ നിന്നുയരുന്ന സന്ദർഭത്തിൽ ഒരാൾ വരികയും തക്ബീർ ചൊല്ലി റുകൂഅ് ചെയ്തു നമസ്കരിച്ചാലും റക്അത്ത് ലഭിക്കുകയില്ല. കാരണം റുകൂഅ് പൂർണ്ണമായ രൂപത്തിലെങ്കിലും ഇമാമിന്റെ കൂടെ ലഭിച്ചെങ്കിൽ മാത്രമേ അയാൾക്ക് റക്അത്ത് ലഭിക്കുകയുള്ളൂ.അതിനാൽ തന്നെ ഇമാം സലാം വീട്ടിയ ശേഷം അയാൾ ഒരു റക്അത്ത് കൂടി നമസ്ക്കരിക്കേണ്ടതാണ്. എന്നാൽ പിന്തി വന്നവർ തക്ബീറത്തുൽ ഇഹ്റാമിനു ശേഷം ഇമാം റുകൂഇൽ ആയിരിക്കെ അത് തുടരുകയും പൂർണ്ണമായ അടങ്ങി താമസിക്കാൻ ശാന്തത(തുമഅ്നീനത്ത്) ലഭിക്കുകയും ചെയ്യുന്ന രൂപത്തിൽ റുകൂഅ് ചെയ്യാൻ സാധിക്കുകയുമാണെങ്കിൽ അയാൾക്ക് റക്അത്ത് ലഭിക്കുമെന്നാണ് ഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായം. അവർ അതിന് തെളിവായി പറയുന്ന ഹദീസ് അബൂ ദാവൂദും, ഇബ്നു ഖുസൈമയും ഉദ്ധരിച്ച ഹദീസാകുന്നു. നബി (ﷺ) പറഞ്ഞു.

«إذا جئتم إلى الصلاة ونحن سجود فاسجدوا ولا تعدوها شيئا ومن أدرك الركعة فقد أدرك الصلاة».

(ഞങ്ങൾ (ഇമാം) സുജൂദിലായിരിക്കെ നിങ്ങൾ നമസ്കരിക്കാൻ വന്നാൽ നിങ്ങൾ സുജൂദിൽ തന്നെ തുടരുക. എന്നാൽ അത് ഒരു റക്അത്തായി പരിഗണിക്കുകയില്ല. എന്നാൽ ആർക്കെങ്കിലും റുകൂഅ് ലഭിക്കുന്നുവെങ്കിൽ അയാൾക്ക് റക്അത്ത് ലഭിക്കുന്നതാണ്.മറ്റൊരു ഹദീസിൽ

(من أدرك ركعة من الصلاة فقد أدرك الصلاة) (ആർക്കെങ്കിലും നമസ് കാരത്തിൽ നിന്ന് ഒരു റക്അത്ത് ലഭിച്ചാൽ അയാൾക്ക് ആ നമസ്കാരം ലഭിക്കും എന്നും കാണാവുന്നതാണ്) (ബുഖാരി, മുസ്ലിം)

**93** നമസ്കരിച്ചു കൊണ്ടിരിക്കെ വുളൂഅ് നഷ്ടപ്പെടുകയോ, അല്ലെങ്കിൽ നമസ്കാരത്തിൽ വെച്ച് വുളൂഅ് ഇല്ലാതെയാണ് നമസ്കരിക്കുന്നത് എന്ന് ഓർമ്മ വരികയോ ചെയ്താൽ അയാൾ ഏതവസ്ഥയിലാണോ അവിടെ വെച്ച് വലത്തോട്ടും ഇടത്തോട്ടും രണ്ടു സലാം വീട്ടുന്നതായി കാണപ്പെടാറുണ്ട്. ഇപ്രകാരം സലാം വീട്ടുന്ന രീതി ശരിയല്ല, കാരണം സലാം വീട്ടുക എന്നത് നമസ്കാരത്തിന്റെ അവസാനം ചെയ്യേണ്ടതാണ്. മുകളിൽ പറഞ്ഞ പോലെയുള്ള അവസ്ഥകൾ ഉണ്ടാകുന്നുവെങ്കിൽ അവർ നമസ്കാരത്തിൽ നിന്ന് സലാം കൂടാതെ തന്നെ പിരിഞ്ഞു പോയാൽ മതിയായിരിക്കും. കാരണം ഒരു ഹദീസിൽ പറഞ്ഞതനുസരിച്ച് സലാം എന്നത് നമസ്കാരത്തിൽ നിന്ന് അവസാനമായി വിരമിക്കുവാനുള്ളതാകുന്നു. നബി (ﷺ) പറഞ്ഞു. (تحريمها التكبير وتحليلها التسليم) (നമസ്കാരത്തിൽ മറ്റു കാര്യങ്ങളിൽ നിന്ന് തടസമാക്കുന്നത് തക്ബീറത്തുൽ ഇഹ്റാം കൊണ്ടും, അവ അനുവദനീയമാക്കുന്നത് സലാമു കൊണ്ടുമാകുന്നു.) അഹ്മദ്, അബൂദാവൂദ്, തിർമുദി, ഇബ്നുമാജ.

**94** അവസാന റക്അത്തുകളിലെ രണ്ടാമത്തെ സുജൂദ് വളരെയധികം ദീർഘിപ്പിച്ചു കൊണ്ടിരിക്കുന്ന പതിവു ചിലരിൽ കാണാറുണ്ട്. ഇത് സുന്നത്തിന് എതിരാകുന്നു. നബി (ﷺ) യിൽ നിന്ന് സ്ഥിരപ്പെട്ടു വന്ന രീതി റുകൂഉം, സുജൂദുകളുമെല്ലാം ഏകദേശം ഒരേ പോലെ സമയമായിരുന്നു എന്നാണ്.എന്നാൽ പ്രത്യേകമായി വല്ല കാര്യങ്ങളും ഉണ്ടാവുകയാണെങ്കിൽ അവിടുന്ന് ദീർഘിപ്പിച്ചിരുന്നു

എന്ന് കാണാവുന്നതാണ്. ചില സഹാബികളിൽ നിന്നും ഉദ്ധരിക്കുന്ന ഒരു ഹദീസിൽ കാണാം,

خرج علينا رسول الله صلى الله عليه وسلم في إحدى صلاتي العشاء، وهو حامل حسنا أو حسينا فتقدم رسول الله صلى الله عليه وسلم فوضعه ثم كبر للصلاة فصلى فسجد بين ظهراني صلاته سجدة أطالها، قال أبي: فرفعت رأسي وإذا الصبي على ظهر رسول الله صلى الله عليه وسلم وهو ساجد فرجعت إلى سجودي فلما قضى رسول الله صلى الله عليه وسلم الصلاة قال الناس: يا رسول الله إنك سجدت بين ظهراني صلاتك سجدة أطلتها حتى ظننا أنه قد حدث أمر أو أنه يوحى إليك. قال: **كل ذلك لم يكن ولكن ابني ارتحلني فكرهت أن أعجله حتى يقضي حاجته**».

(ഒരിക്കൽ നബി (ﷺ) നമസ്കാരം നിർവ്വഹിക്കെ സുജൂദ് വളരെയധികം ദീർഘിപ്പിച്ചു. അപ്പോൾ ജനങ്ങൾ അദ്ദേഹത്തോട് ചോദിച്ചു. നബിയേ താങ്കൾ സാധാരണ ചെയ്യാറുള്ള നമസ്കാരങ്ങളെ അപേക്ഷിച്ച് ഈ നമസ്കാരത്തിൽ സുജൂദ് വളരെയധികം ദീർഘിപ്പിച്ചല്ലോ? അതിനാൽ താങ്കൾക്ക് എന്തെങ്കിലും സംഭവിച്ചതാണോ, അതല്ലാ താങ്കൾക്ക് അപ്പോൾ വഹ്യ് ഉണ്ടായിരിക്കുമോ എന്നും ഞങ്ങളിൽ പലരും സംശയിച്ചു.അപ്പോൾ അദ്ദേഹം പറഞ്ഞു. അങ്ങനെയൊന്നും തന്നെ സംഭവിച്ചിട്ടില്ല. എന്നാൽ എന്റെ മോൻ ഞാൻ സുജൂദിലായിരിക്കെ എന്റെ പുറത്ത് കയറുകയുണ്ടായി. അപ്പോൾ അവനെ പെട്ടെന്നു തന്നെ ഇറക്കി വിടുന്നത് ഞാൻ ഇഷ്ടപ്പെട്ടില്ല. മറിച്ച് അവൻ സ്വമേധയാ ഇറങ്ങുന്നത് ഞാൻ കാത്തിരിക്കുകയായിരുന്നു.)(സിഫത്തുസ്വലാത്തുന്നബി എന്ന ഗ്രന്ഥം കാണുക.) ഇപ്രകാരം വല്ല കാരണങ്ങളും ഉണ്ടെങ്കിൽ സുജൂദ് ദീർഘിപ്പിക്കുന്നതിന് വിരോധമില്ല. എന്നാൽ കാരണമില്ലാതെ ചെയ്യുന്ന പതിവ് സുന്നത്തിൽ എതിരാകുന്നു എന്നാണ് നാം മനസിലാക്കേണ്ടത്.

**95** പിന്തി വരികയും പിന്നീടു ഇമാമിനെ തുടരുകയും ചെയ്യുന്നവർ ഇമാം സലാം വീട്ടിയ ശേഷം തന്റെ നമസ്കാ

രത്തിൽ നഷ്ടപെട്ട റക്അത്തുകൾ വീണ്ടെടുക്കുവാനായി എഴുന്നേൽക്കുന്ന സന്ദർഭങ്ങളിൽ രണ്ടാമതായി പുതിയ ഒരാൾ വരുന്നു എന്നുകരുതുക, അയാൾ നമസ്കാരം പൂർത്തിയാക്കുന്ന വ്യക്തിയെ തുടരാൻ ഉദ്ദേശിച്ചാൽ ചിലർ അത് പാടില്ല എന്ന ധാരണയോടെ തട്ടി മാറ്റുന്നതായി കാണാറുണ്ട്. ഇത് ശരിയല്ല. ഈ വിഷയത്തെ കുറിച്ചു ഫത്വാ സമിതിക്ക് കിട്ടിയ ചോദ്യത്തിന് അവർ നൽകിയ മറുപടി ഇപ്രകാരമായിരുന്നു.

(സംഘടിത നമസ്കാരത്തിൽ താമസിച്ചെത്തിയ വ്യക്തി ഇമാം സലാം വീട്ടിയ ശേഷം തനിക്ക് നഷ്ടപ്പെട്ട റക്അത്തുകൾ വീണ്ടെടുക്കാനായി എഴുന്നേറ്റ് നമസ്കരിക്കുന്നതിനിടയിൽ മറ്റൊരാൾ എത്തുകയും അയാളെ ഇമാമായി തുടരുന്നതിന്നും വിരോധമില്ല. ഇബ്നു ഖുസൈമയും തിർമുദി, അബൂദാവൂദ് എന്നിവരും ഉദ്ധരിച്ച ഒരു സംഭവമാണ് ഇതിനുള്ള തെളിവ്. തനിച്ചു നമസ്കരിച്ചു കൊണ്ടിരിക്കുന്ന ഒരാളെ നബി (ﷺ) കാണുകയുണ്ടായി. അപ്പോൾ അദ്ദേഹം ചോദിച്ചു. ഇയാൾക്ക് ധർമ്മം നൽകാൻ (പിന്തുടർന്ന് കൊടുത്ത് പുണ്യം നേടികൊടുക്കാൻ) ആരെങ്കിലുമുണ്ടോ? ഇബ്നു അബ്ബാസ് പറയുന്ന മറ്റൊരു സംഭവം ഞാനെന്റെ അമ്മായി (മൈമൂന (رضي الله عنها)) യുടെ വീട്ടിൽ ഒരു രാത്രി കഴിയുകയായിരുന്നു. അതിനിടയിൽ രാത്രി നമസ്കരിക്കാനായി നബി (ﷺ) എഴുന്നേറ്റു. ആ സന്ദർഭത്തിൽ ഞാൻ അദ്ദേഹത്തെ തുടരുവാനായി ഇടതു ഭാഗത്തു നിന്നു നമസ്കരിക്കാൻ ശ്രമിച്ചു. അപ്പോൾ അദ്ദേഹം എന്നെ പിടിച്ച് വലതു ഭാഗത്തേക്ക് നിർ ത്തുകയുണ്ടായി. ഒരു സംഘം റിപ്പോർട്ടർമാർ.

ഇതേ സംഭവം തനിച്ചു നമസ്കരിക്കുന്നതിനിടയിൽ തന്നെ ഒരാൾക്ക് ഇമാം ആയി മാറാം എന്ന തത്വവും പഠിപ്പിക്കുന്നു. ഇങ്ങനെ തുടരുന്ന വിഷയത്തിൽ ഫറള്, സുന്ന

ത്ത് എന്ന് വേർതിരിക്കണമെങ്കിൽ പ്രത്യേകം തെളിവുകൾ ഉണ്ടായിരിക്കണം എന്നാണ് പണ്ഡിതന്മാർ പറയുന്നത്.

**96** നമസ്കാരത്തിനിടയിൽ ഇമാമുമാർക്ക് മറവി സംഭവിക്കുകയും ഒരു റക്അത്ത് കൂടുതലായി നമസ്കരിക്കുവാനായി എഴുന്നേൽക്കുകയും ചെയ്യുകയാണെങ്കിൽ തുടർന്നു നമസ്കരിക്കുന്നവരിൽ കാണപ്പെടുന്ന വ്യത്യസ്ഥ അവസ്ഥകളാണ്.

ചിലർ ഇത്തരം സന്ദർഭങ്ങളിൽ ഇമാം ചെയ്യുന്നത് അധികമായുള്ള റക്അത്താണ് എന്ന ബോധത്തോടെ തന്നെ ഇമാമിനെ പിന്തുടർന്നു കൊണ്ടു എഴുന്നേൽക്കുന്നു. ഇത് ശരിയല്ല. ഇത്തരം കാര്യങ്ങളിൽ ഇമാമിനെ പിന്തുടരേണ്ട ആവശ്യമില്ല. ചിലർ ഇമാമിന്റെ പ്രവർത്തനം തന്നെയാണ് ശരി എന്ന ധാരണയോടെ ഇമാമിനെ അനുധാവനം ചെയ്യാറുണ്ട്. അവരുടെമേൽ കുറ്റമില്ല. മറ്റുള്ള ചിലരാവട്ടെ. ഇമാമിന് പിഴവാണ് സംഭവിച്ചത് എന്നറിഞ്ഞു കൊണ്ട് അത് ഓർമ്മപ്പെടുത്തുവാൻ തസ്ബീഹ് ചൊല്ലിയേക്കാം. എന്നാൽ ഇമാം അത് കേൾക്കാത്ത പോലെയോ, തെറ്റാണെന്ന് മനസിലാക്കി മടങ്ങാതിരിക്കുകയോ ചെയ്താൽ അദ്ദേഹത്തെ പിന്തുടരാതെ ഇരിക്കുകയാണു ചെയ്യാറുള്ളത്. അവർ ഇമാം സലാം വീട്ടുന്നവരെയും അതേ ഇരുത്തത്തിൽ തന്നെ ഇമാമിനെ പ്രതീക്ഷിച്ച് ഇരിക്കുകയും ചെയ്യുന്നു. ഇങ്ങനെയുള്ള നമസ്കാരവും സ്വീകാര്യമായ നമസ്കാരമത്രെ.

മൂന്നാമതൊരു വിഭാഗമാവട്ടെ, മുകളിൽ പറഞ്ഞ രൂപത്തിൽ തന്നെ പ്രവർത്തിക്കുമെങ്കിലും സലാം വീട്ടാനായി ഇമാമിനെയും പ്രതീക്ഷിച്ചിരിക്കാറില്ല. മറിച്ച് അവർ സലാം വീട്ടി നമസ്കാരം അവസാനിപ്പിക്കും. ഇതിനെക്കാൾ ഉത്തമം സലാം വീട്ടുന്നതിനായി ഇമാമിനെ പ്രതീക്ഷിച്ചിരിക്കുന്നതാണ്.

നാലാമത്തെ വിഭാഗമാവട്ടെ, ഇമാമിന്റെ നമസ്കാരം

ഒരു റക്അത്ത് അധികം തന്നെയാണ് എന്ന് അിറഞ്ഞു കൊണ്ട് ഇമാമിനെ പിന്തുടരുന്നവർ. ഇത് തെറ്റാകുന്നു. ഈ വിഷയത്തെ കുറിച്ച് പണ്ഡിതസഭയുടെ അഭിപ്രായം കാണുക.

നാലു റക്അത്തുള്ള നമസ്കാരത്തിനിടയിൽ ഇമാം മറന്ന നിലയിൽ അഞ്ചാമത്തെ റക്അത്ത് നമസ്കരിക്കുവാനായി എഴുന്നേൽക്കുന്നുവെങ്കിൽ അദ്ദേഹത്തെ അത് ഉണർത്തേണ്ടതാണ്. വീണ്ടും ഇമാം അത് തന്നെ ചെയ്യുന്നുവെങ്കിൽ തെറ്റാണെന്ന് മനസിലാക്കിയവർ ഇമാമിനെ ഒഴിവാക്കുകയുമായിരുന്നുവെങ്കിൽ സ്വയം പൂർത്തി യാക്കി സലാം പറഞ്ഞു നമസ്കാരത്തിൽ നിന്ന് വിരമിക്കുകയും ചെയ്യണം. അല്ലെങ്കിൽ ഇമാം സലാം വീട്ടുന്നതു വരെ കാത്തിരിക്കണം.) ഇത് അവർക്ക് നിർബന്ധമാണ്.

ഇബ്നു തൈമിയ്യ (ﷺ) ഈ വിഷയത്തിൽ നൽകിയ മറുപടി ഇപ്രകാരമായിരുന്നു. മുകളിൽ പറഞ്ഞ പോലുള്ള സന്ദർഭങ്ങളിൽ ഇമാമിനെ പിന്തുടരേണ്ടതില്ല. എന്നാൽ അവർ സലാം വീട്ടാൻ വേണ്ടി ഇമാമിനെ പ്രതീക്ഷിച്ചിരിക്കുന്നതാണ് ഏറ്റവും ഗുണകരം. അതില്ലാതെ തന്നെ അവർക്ക് സ്വയം സലാം വീട്ടി നമസ്കാരം അവസാനിപ്പിക്കാവുന്നതുമാണ്. (ഫതാവാസമാഹാരം 23–53)

ഇതിന്റെ മതപരമായ വിധി എന്താണെന്നറിയാതെ ഒരാൾ ഇമാമിനെ പിന്തുടരുന്നുവെങ്കിൽ അതുകൊണ്ട് നമസ്കാരം അസാധുവാകുന്നതല്ല. കാരണം അത് ഒരു വർദ്ധനവു മാത്രമല്ലേ? അല്ലാഹുവിന്റെ സ്വലാത്തും സലാമും നബി (ﷺ) ക്ക് ഉണ്ടാവട്ടെ.(ഫതാവാ സമാഹാരം 15–187)

**97** ചിലർ തോട്ടം പോലുള്ള പൊതു സ്ഥലങ്ങളിലും ആയിരിക്കുമ്പോൾ നമസ്കാര സമയമായാൽ പള്ളിയിൽ പോയി നമസ്കരിക്കാതെ അവിടെ വെച്ചു തന്നെ നമസ്കരിക്കാറുണ്ട്.

ഇതുമായി ബന്ധപ്പെട്ടു ഇബ്നുബാസ് (ﷺ) നൽകിയ മറുപടി കാണുക. (ശുദ്ധമായ പ്രദേശങ്ങളിലാണെങ്കിൽ തന്നെ നമസ്കാര ത്തിനുള്ള സമയമായാൽ പള്ളിയിൽ പോകാതെ തോട്ടം പോലുള്ള സ്ഥലങ്ങളിൽ വെച്ചു നമ സ്കാരം നിർവ്വഹിക്കൽ അനുവദനീയമല്ല. മറിച്ചു അല്ലാഹു വിന്റെ ഭവനങ്ങളായ പള്ളികളിൽ വെച്ച് മുസ്ലിംകളുടെ കൂടെ സംഘടിത നമസ്കാരത്തിൽ തന്നെ അവർ പങ്കാളിക ളാവണം. അല്ലാഹു പറയുന്നു.

﴿بُيُوتٍ أَذِنَ ٱللَّهُ أَن تُرْفَعَ وَيُذْكَرَ فِيهَا ٱسْمُهُۥ يُسَبِّحُ لَهُۥ فِيهَا بِٱلْغُدُوِّ وَٱلْءَاصَالِ ﴿٣٦﴾ رِجَالٌ لَّا تُلْهِيهِمْ تِجَٰرَةٌ وَلَا بَيْعٌ عَن ذِكْرِ ٱللَّهِ وَإِقَامِ ٱلصَّلَوٰةِ وَإِيتَآءِ ٱلزَّكَوٰةِ يَخَافُونَ يَوْمًا تَتَقَلَّبُ فِيهِ ٱلْقُلُوبُ وَٱلْأَبْصَٰرُ ﴿٣٧﴾ لِيَجْزِيَهُمُ ٱللَّهُ أَحْسَنَ مَا عَمِلُوا۟ وَيَزِيدَهُم مِّن فَضْلِهِۦ وَٱللَّهُ يَرْزُقُ مَن يَشَآءُ بِغَيْرِ حِسَابٍ﴾ [المائدة: ٦٠]

(ചില ഭവനങ്ങളിലത്രെ (ആ വെളിച്ചമുള്ളത്) അവ ഉയർത്തപ്പെടാനും അവയിൽ തന്റെ നാമം സ്മരിക്കപ്പെ ടാനും അല്ലാഹു ഉത്തരവ് നൽകിയിരിക്കുന്നു.അവയിൽ രാവിലെയും സന്ധ്യാ സമയങ്ങളിലും ചില ആളുകൾ അവന്റെ മഹത്വം പ്രകീർത്തിച്ചു കൊണ്ടിരിക്കുന്നു.അല്ലാ ഹുവെ സ്മരിക്കുന്നതിൽ നിന്നും നമസ്കാരം മുറ പോലെ നിർവ്വഹിക്കുന്നതിൽ നിന്നും സകാത്ത് നൽകുന്നതിൽ നിന്നും കച്ചവടമോ, ക്രയ വിക്രയമോ അവരുടെ ശ്രദ്ധ തിരിച്ചു വിടുകയില്ല. ഹൃദയങ്ങളും, കണ്ണുകളും ഇളകി മറി യുന്ന ഒരു ദിവസത്തെ അവർ ഭയപ്പെട്ടു കൊണ്ടിരിക്കു ന്നു.) സൂറത്തു നൂർ -35-37

നബി (ﷺ) പറഞ്ഞിരിക്കുന്നു. (من سمع النداء فلم يأته فلا صلاة له إلا من عذر) (നമസ്കാരത്തി നുള്ള വിളി കേട്ടിട്ട് അതിന് വരാത്തവർക്ക് (മതപരമായ) കാരണം കൂടാതെ നമസ്കാരം ശരിയാവുകയില്ല.) ഇബ്നു മാജ ദാറുഖ്ത്വനി, ഇബ്നുഹിബ്ബാൻ, ഹാകിം)

يا رسول الله ليس لي قائد يلازمني إلى المسجد فهل لي رخصة أن أصلي في بيتي؟
**فقال له النبي صلى الله عليه وسلم: هل تسمع النداء بالصلاة؟** قال: نعم. **قال: فأجب.**

(അന്ധനായ ഒരാൾ വന്ന് നബി(ﷺ)യോട് ചോദിച്ചു. അല്ലാഹുവിന്റെ റസൂലേ, എന്നെ പള്ളിയിലേക്ക് കൊണ്ടു പോകാൻ പറ്റുന്ന ഒരു സഹായിയില്ല, അതിനാൽ ഞാൻ വീട്ടിൽ വെച്ചു നമസ്കരിക്കട്ടെയോ? അപ്പോൾ നബി (ﷺ) ചോദിച്ചു. നീ നമസ്കാരത്തിനുള്ള വിളി(ബാങ്ക്) കേൾക്കുമോ? ആഗതൻ പറഞ്ഞു. അതെ. അപ്പോൾ അവിടുന്നു പറഞ്ഞു. എങ്കിൽ നിർബന്ധമായും ഉത്തരം നൽകണം.(മുസ്ലിം)

**98** ചിലർ നമസ്കാരത്തിൽ സലാം വീട്ടുന്ന സന്ദർഭത്തിൽ ഇടത്തോട്ടും വലത്തോട്ടുമെല്ലാം വളരെ കൂടുതൽ നീട്ടിപ്പറയുന്നതായികാണാറുണ്ട്. അത് ചിലപ്പോൾ പിന്നിൽ നിന്നു നമസ്കരിക്കുന്നവർക്ക് ബുദ്ധിമുട്ടായി അനുഭവപ്പെടാറുണ്ട്. ഈ വിഷയത്തെ കുറിച്ച് ഫത്വാ സമിതിക്ക് കിട്ടിയ ചോദ്യത്തിന് അവർ നൽകിയ മറുപടികാണുക.

**ചോദ്യം-** രണ്ടു സലാമിന്റെയും സന്ദർഭങ്ങളിൽ പിന്തുടർന്നു നമസ്കരിക്കുന്നവർ ഇമാമിനെ പിന്തുടരേണ്ടതിന്റെ വിധി എന്താണ്? അതല്ല, ഇമാം രണ്ടാമത്തെ സലാം പറഞ്ഞ് അവസാനിക്കുന്നവരെയും കാത്തിരിക്കേണ്ടതുണ്ടോ?

**ഉത്തരം-** ബുഖാരിയും, മുസ്ലിമും ഉദ്ധരിക്കുന്ന ഒരു ഹദീസിൽ ഇപ്രകാരം കാണാം. നബി (ﷺ) പറഞ്ഞിരിക്കുന്നു.

«إنما جعل الإمام ليؤتم به فإذا كبر فكبروا وإذا ركع فاركعوا وإذا سجد فاسجدوا».

(നിശ്ചയം ഇമാമിനെ നിശ്ചയിച്ചിരിക്കുന്നത് അദ്ദേഹത്തെ പിന്തുടരുന്നതിനു വേണ്ടിയാണ്. അതിനാൽ തന്നെ അദ്ദേഹം തക്ബീർ ചൊല്ലിയാൽ നിങ്ങളും തക്ബീർ ചൊല്ലുക. റുകൂഅ് ചെയ്താൽ നിങ്ങളും റുകൂഅ് ചെയ്യുക. അദ്ദേഹം സുജൂദ് ചെയ്താൽ നിങ്ങളും സുജൂദു ചെയ്യുക.)

സലാം വീട്ടുക എന്നത് നിസ്കാരത്തിന്റെ നിർബന്ധ ഘടകമാണെന്നതിനാൽ ഇമാം രണ്ടാമത്തെ സലാം വീട്ടു

ന്നതിന് മുമ്പായി തുടർന്നു നമസ്കരിക്കുന്നവർ ഒന്നാമത്തെ സലാം വീട്ടാൻ പാടില്ല. അത് അനുവദനീയവുമല്ല.(മജത്തുൽ ബുഹൂസുൽ ഇസ്ലാമിയ്യ 12-91)

## 99 നമസ്കാര ശേഷം കൂട്ടു പ്രാർത്ഥന നടത്തൽ.

ശൈഖ് മുഹമ്മദ് ബ്നു ഉസൈമീൻ (ﷺ) യോട് ഇതിനെ കുറിച്ചു ചോദിച്ചപ്പോൾ അദ്ദേഹം നൽകിയ മറുപടിയുടെ സംക്ഷിപ്തം.

**ചോദ്യം**- നമസ്കാര ശേഷം നടത്തപ്പെടുന്ന കൂട്ടു പ്രാർത്ഥന അനുവദനീയമാണോ ?

**ഉത്തരം**- നബി (ﷺ) യിൽ നിന്നോ സഹാബത്തിൽ നിന്നോ റിപ്പോർട്ടു ചെയ്തിട്ടില്ലാത്ത ബിദ്അത്താകുന്നു അത്. നമസ്കാര ശേഷം ഓരോരുത്തരും സ്വയം ദിക്റുകൾ ചൊല്ലുന്നതാണ് നബി (ﷺ) യിൽ നിന്നും റിപ്പോർട്ട് ചെയ്ത സുന്നത്ത്. അത് ശബ്ദത്തോടെ ആയിരുന്നു എന്നു കാണാം. ബുഖാരിയിൽ ഇപ്രകാരം റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ഇബ്നു അബ്ബാസി(ﷺ)ൽ നിന്ന് നിവേദനം.

كان رفع الصوت بالذكر حين ينصرف الناس من المكتوبة على عهد النبي صلى الله عليه وسلم.

(നബി (ﷺ) യുടെ കാലഘട്ടത്തിൽ ഫറള് നമസ്കാരത്തിൽ നിന്ന് വിരമിച്ചാൽ അദ്ദേഹം ജനങ്ങളുടെ നേരെ തിരിഞ്ഞിരിക്കുകയും ഉറക്കെ ദിക്റുകൾ ചൊല്ലുകയും ചെയ്തിരുന്നു.)

## 100 അല്ലാഹുവിന്റെ ഗുണ വിശേഷങ്ങൾ പരാമർശിക്കപ്പെടുന്ന

﴿هُوَ ٱللَّهُ ٱلَّذِى لَآ إِلَٰهَ إِلَّا هُوَ ۖ عَٰلِمُ ٱلْغَيْبِ وَٱلشَّهَٰدَةِ ۖ هُوَ ٱلرَّحْمَٰنُ ٱلرَّحِيمُ﴾ [الحشر: ٢٢]

ഇതു പോലുള്ള ആയത്തുകൾ ഓതുമ്പോൾ ചിലർ വിരൽ കൊണ്ട് ആംഗ്യം കാണിക്കുന്നു. നമസ്കാരത്തിൽ പെടാ

ത്ത ഇതു പോലുള്ള പ്രവർത്തനങ്ങൾ ചെയ്യാൻ തെളിവുകൾ ഉണ്ടായിരിക്കൽ നിർബന്ധമാണ്. നബി(ﷺ) യുടെ നമസ്കാരം റിപ്പോർട്ടു ചെയ്തവരാരും ഇതുപോലുള്ള കാര്യം പറഞ്ഞിട്ടില്ല. ഇപ്രകാരം നബി (ﷺ) വിരൽ ഇളക്കിയതായി ഏതെങ്കിലും പണ്ഡിതന്മാർ അവരുടെ ഗവേഷണങ്ങളിലോ, ചോദ്യോത്തരങ്ങളിലോ പരാമർശിച്ചതായും നമുക്ക് കാണാൻ സാധ്യമല്ല.

**101** ഇമാം നിൽക്കുന്ന വ്യക്തി തക്ബീറത്തുൽ ഇഹ്റാം ചൊല്ലിയാൽ പിന്നിൽ നിൽക്കുന്ന ചിലർ (عزوجل) 'അസവ ജല്ല' എന്നു പറയുകയും പിന്നീട് തക്ബീർ ചൊല്ലുന്നതായും കേൾക്കാറുണ്ട്. ഇത് നബി (ﷺ) യുടെ ചര്യയല്ലാത്തതും മതത്തിൽ പുതുതായി നിർമ്മിക്കപ്പെട്ട ദുരാചാരവുമാണ്. അപ്രകാരം ചെയ്യൽ നബി (ﷺ) കൽപ്പിച്ചിട്ടുമില്ല. മറിച്ച് അവിടുന്നു പറഞ്ഞത്.

«إنما جعل الإمام ليؤتم به فإذا كبر فكبروا وإذا ركع فاركعوا وإذا سجد فاسجدوا».

(നിശ്ചയം ഇമാമിനെ നിശ്ചയിച്ചത് നിങ്ങൾക്ക് അദ്ദേഹത്തെ പിന്തുടരുവാനാണ്. അതിനാൽ അദ്ദേഹം തക്ബീർ ചൊല്ലിയാൽ നിങ്ങളും തക്ബീർ ചൊല്ലുക........ എന്നായിരുന്നു.) (ബുഖാരി, മുസ്ലിം)

**102** ചില പള്ളികളിൽ മറ്റു സ്വഫുകളുടെ തുടർച്ചയായിട്ടല്ലാതെ കുട്ടികൾക്കായി ഏറ്റവും പിന്നിലായി പ്രത്യേകം സ്വഫുകൾ ഉണ്ടാക്കാറുണ്ട്. ഇത് രണ്ട് കാരണത്താൽ അറിവില്ലായ്മ കൊണ്ടാണ് ഇപ്രകാരം ചെയ്യുന്നത്. കാരണം കുട്ടികൾക്ക് മാത്രം പ്രത്യേകം സ്വഫുകളുണ്ടാക്കുന്നതിന്ന് തെളിവുകൾ കാണാൻ സാധ്യമല്ല. എന്നാൽ കുട്ടികൾ നമസ്കരിക്കുന്നത് മറ്റുള്ളവർക്ക് ശല്യമാകും എന്ന ധാരണ കൊണ്ടാണ് ഇപ്രകാരം ചെയ്യുന്നത്. എങ്കിൽ അവരെ പരസ്പരം വേർപിരിക്കാതെ ഒന്നിച്ച് എല്ലാവരെയും ഒരേ സ്വ

ഫിൽ നിർത്തുമ്പോഴായിരിക്കും കൂടുതൽ ശല്യമുണ്ടാക്കാൻ അവർക്ക് സൗകര്യമാവുക. മറ്റൊരു രൂപത്തിൽ നോക്കിയാൽ സ്വഫുകൾ ക്രമപ്പെടുത്തണം എന്ന നിർദ്ദേശത്തിനും ഈ പ്രത്യേക രീതി എതിരാവുന്നതായി കാണാം.

**103** ചിലർ സുജൂദിന്റെ സന്ദർഭത്തിൽ കൈ വിരലുകൾ മടക്കിപ്പിടിക്കുന്നു. ഇത് ശരിയായ രീതിയല്ല. ഹദീസുകൾക്ക് എതിരാണ്. ഒരു ഹദീസിൽ നബി (ﷺ) പറഞ്ഞു.

(أمرت أن أسجد على سبعة أعظم) (ഏഴ് അംഗങ്ങളിൽ (എല്ലുകളിൽ) ആയി കൊണ്ട് സുജൂദ് ചെയ്യാൻ എന്നോട് കൽപിച്ചിട്ടുണ്ട്.)

ഇബ്നു അബ്ബാസ് (رضي الله عنه) യിൽ നിന്നുദ്ധരിക്കുന്ന ഈ ഹദീസ് ബുഖാരിയിലും മുസ്ലിമിലും റിപ്പോർട്ടു ചെയ്തിട്ടുണ്ട്. സുജൂദിന്റെ സന്ദർഭത്തിൽ കൈപത്തികൾ പരത്തിവെച്ച് അതിൻമേൽ ഊന്നിയിരുന്നു എന്ന് അബൂ ദാവൂദും, ഹാകിമും ഉദ്ധരിച്ച മറ്റൊരു ഹദീസിൽ പരാമർശിക്കുന്നുണ്ട്. ബൈഹഖിയുടെ ഒരു ഹദീസിൽ വിരലിന്റെ അറ്റങ്ങൾ ഖിബ്‌ലയുടെ നേരെ ആയിരുന്നു എന്നും കാണാവുന്നതാണ്. (നബി (ﷺ) യുടെ നമസ്കാര എന്ന ഗ്രന്ഥം കാണുക.–123)

**104** ധൃതി, അറിവില്ലായ്മ, ഇമാമിനെ പിന്തുടരേണ്ടതിന്റെ അനിവാര്യതയെ കുറിച്ചുള്ള അശ്രദ്ധ എന്നീ കാരണങ്ങളാൽ ചിലപ്പോൾ വലിയ പിഴവുകൾ സംഭവിക്കാറുണ്ട്. ചിലർ ഇമാം തക്ബീർ ചൊല്ലുന്നതിന്നു മുമ്പായിതന്നെ തക്ബീറത്തുൽ ഇഹ്റാമിൽ പ്രവേശിക്കുന്നു. ഇതിന്റെ പേരിൽ ഉണ്ടാവുന്ന ശിക്ഷയെക്കാൾ നാം ഗൗനിക്കേണ്ടത്, അതിലൂടെ നമസ്കാരം തന്നെ പാഴായി പോകുമെന്ന കാര്യമാണ്. നമസ്കാരത്തിൽ ഇമാമിനെക്കാൾ മുൻകടന്നു പ്രവർത്തിക്കൽ ഹറാം (നിഷിദ്ധം) ആകുന്നു. ഈ വിഷയ

ത്തിൽ ധാരാളം തെളിവുകൾ കാണാവുന്നതാണ്. ശൈഖ് ഉസൈമിനോട് ഇതിനെ കുറിച്ചു ചോദിക്കുകയുണ്ടായി. അപ്പോൾ അദ്ദേഹം ഇപ്രകാരം പറഞ്ഞു.

(തക്ബീറത്തുൽ ഇഹ്റാം ഇമാം ചെയ്യുന്നതിന് മുമ്പായി പിന്തുടരുന്നവർ ഇമാമിനെ മുൻകടന്ന് ചെയ്യുന്നുവെങ്കിൽ നിശ്ചയം അവർ നമസ്കാരം തന്നെ മടക്കി നിർവ്വഹിക്കേണ്ടതാണ്. കാരണം നബി (ﷺ) പറഞ്ഞിരിക്കുന്നു.

(നിശ്ചയം ഇമാമിനെ നിശ്ചയിച്ചിരിക്കുന്നത് അദ്ദേഹത്തെ പിന്തുടരുവാനാകുന്നു. അതിനാൽ അദ്ദേഹത്തോട് (ഇമാമിന്റെ പ്രവർത്തനത്തോട്) നിങ്ങൾ എതിരിടരുത്. അദ്ദേഹം തക്ബീർ ചൊല്ലിയാൽ നിങ്ങളും തക്ബീർ ചൊല്ലുവീൻ). ഈ വചനത്തിൽ ഇമാം തക്ബീർ ചൊല്ലി കഴിഞ്ഞാൽ നിങ്ങൾ തക്ബീർ ചൊല്ലണം എന്നാണ് പറയുന്നത്. അതിനാൽ തന്നെ ഇമാമിന് മുമ്പ് ആരെങ്കിലും തക്ബീർ ചൊല്ലിയാൽ അയാൾ നബി(ﷺ)യുടേയും അല്ലാഹുവിന്റേയും കൽപനക്ക് എതിരാണ് ചെയ്യുന്നത്. മറ്റൊരു ഹദീസിൽ അവിടുന്നു പറഞ്ഞു. (നമ്മുടെ കൽപനയില്ലാത്ത വല്ല കാര്യവും ആരെങ്കിലും ചെയ്താൽ അത് തള്ളപ്പെടേണ്ടതാണ്). ഇനി തക്ബീറത്തുൽ ഇഹ്റാം അല്ലാത്ത മറ്റ് വല്ല കർമ്മങ്ങളിലുമാണ് ഇമാമിനെ മറി കടന്ന് ചെയ്യുന്നത് എന്ന് സങ്കൽപിക്കുക. ഉദാഹരണത്തിന് ഇമാം റുകൂഇലേക്ക് പോകുന്നതിന് മുമ്പായി ഒരാൾ റുകൂഅ് ചെയ്താൽ അയാൾ നിർത്തത്തിലേക്ക് തന്നെ മടങ്ങുകയും പിന്നീട് ഇമാം റുകൂഅ് നിർവ്വഹിച്ചു എന്ന് ഉറപ്പായ ശേഷം റുകൂഅ് ചെയ്യേണ്ടതുമാണ്. ഇനി ഒരാൾ അപ്രകാരം മടങ്ങാതിരിക്കുകയും, നിർബന്ധമായ ഘടങ്ങളിൽ ഇമാമിനെ മുൻകടന്നു പ്രവർത്തിക്കൽ ഹറാമാണെന്ന് അറിയാതിരിക്കുകയും ചെയ്താൽ അത്തരം ആളുകളെ കുറിച്ച് പണ്ഡിതൻമാർ പറയുന്നത് രണ്ടു അഭിപ്രായമാണ്. ചിലരുടെ അഭിപ്രായം അയാളുടെ നമസ്കാരം ശരിയാവുകയി

ല്ല എന്നാണ് കാരണം. നമസ്കാരത്തിൽ നിശിദ്ധമായ കാര്യമാണ് അയാൾ ചെയ്തത്. അതിനാൽ തന്നെ മറ്റു ആ രാധനകളിൽ നിഷിദ്ധമായ കാര്യങ്ങൾ വന്നാൽ സംഭവി ക്കുന്നപോലെ ഇവിടെയും സംഭവിക്കും എന്നാണ് അരുടെ അഭിപ്രായം. മറ്റൊരു അഭിപ്രായം അയാളുടെ നമസ്കാരം ശരിയാകുമെന്നും അത് മടക്കേണ്ടതില്ല എന്നുമാണ്. എങ്കി ലും ഒരു കുറ്റം ചെയ്തു എന്ന കാരണത്താൽ അയാൾ ശിക്ഷക്ക് അർഹനായി തീരുകയും ചെയ്തിരിക്കുന്നു. (നൂ റുൽ അലദ്ദർബ്–ഫതാവാ, പേ –16)

**105** ഫാതിഹ പോലും അക്ഷരത്തെറ്റോടും, ഹർകത്തുകൾ തെറ്റിച്ചും നമസ്കാരത്തിൽ ഖുർആൻ ഓതുന്നു. ഇത് വളരെ സൂക്ഷിക്കേണ്ടതാകുന്നു. ചിലർ (സ്വിറാത്തല്ലദീന അൻ അംത എന്നതിന് അൻഅംതു) എന്നും (ഇയ്യാക്ക നഅ്ബുദു)എന്നതിന് പകരം (ഇയ്യാക്ക നഅ്ബുദ്) എന്നും ഓതാറുണ്ട്. ഇതും ശരിയല്ല..

**106** നമസ്കാരത്തിൽ നാവു ചലിപ്പിക്കാതെ ചുണ്ടുകൾ കൂട്ടിപ്പിടിച്ച് ഫാതിഹായും മറ്റു സൂറത്തുകളുമെല്ലാം മൗന മായി മനസിൽ ചൊല്ലാറുണ്ട്. ഇത് ശരിയല്ല. ബുഖാരി റിപ്പോർട്ടു ചെയ്ത ഒരു ഹദീസു കാണുക.

മഅ്മറിൽ നിന്ന് നിവേദനം അദ്ദേഹം പറഞ്ഞു. (ഞങ്ങൾ നബി(ﷺ)യുടെ നമസ്കാരത്തെ കുറിച്ചു ഖബ്ബാ ബ്(ؓ)നോട് ചോദിച്ചു. നിങ്ങൾ നബി(ﷺ)യുടെ പാരാ യണം എങ്ങനെയായിരുന്നു കണ്ടിരുന്നത്. അദ്ദേഹം പറ ഞ്ഞു.(അദ്ദേഹത്തിന്റെ താടി അനങ്ങുന്നതിൽ നിന്നും) ഞ ങ്ങൾ മനസിലാക്കിയിരുന്നു. (ഫത്ഹുൽ ബാരിഃ244,245)

കഴിവുള്ള ആളുകൾ നമസ്കാരത്തിൽ ഖുർആൻ ഓതുക പോലുള്ള നിർബന്ധമായ ദിക്റുകളും, പ്രാർ ത്ഥനകളും നിർവ്വഹിക്കുമ്പോൾ ചുണ്ടും നാവും താടിയും

അനങ്ങുക എന്നത് നിർബന്ധമാണ്. ഇതാണ് ഇബ്നു തൈമിയ്യ (ﷺ) യുടെ അഭിപ്രായം.

**107** ചിലർ നമസ്കാരത്തിൽ കൈ കെട്ടുമ്പോൾ ഇടതു കൈയ്യിൻ മേൽ വലതു കൈ വെക്കുകയും അവ തന്റെ ഹൃദയത്തിന്റെ കൃത്യമായ സ്ഥാനത്താവുന്ന രീതിയിൽ ഇടതു ഭാഗത്തായി നെഞ്ചിൽ വെക്കുകയും ചെയ്യാറുണ്ട്. മനുഷ്യശരീരത്തിലെ മുഴുവൻ ചലനങ്ങളുടെയും അടിസ്ഥാനം ഹൃദയമാണെന്നും അതിന്ന് മുകളിൽ കൈ വെച്ചു നിൽക്കുമ്പോൾ കൂടുതൽ ഏകാഗ്രതയും ഭക്തിയും വർദ്ധിക്കുമെന്നും ചിലർ പറയാറുണ്ട്. മാത്രമല്ല അല്ലാഹുവിന്റെ മുമ്പിൽ തന്റെ വിനയം പ്രകടിപ്പിക്കൽ കൂടിയാവും എന്നും വിശ്വസിക്കുന്നു. എന്താണ് ഇതിന്റെ യാഥാർത്ഥ്യം?

ഏറ്റവും നല്ല മതൃക നബി(ﷺ)യുടെ മാതൃകയാണ്. നബി(ﷺ)യുടെ ചര്യ അനുധാവനം ചെയ്തല്ലാതെ ഒരാൾക്കും തന്നെ പൂർണ്ണ ഭക്തി നേടാനും സാധ്യമല്ല. നമസ്കാരത്തിലും അവിടുത്തെ ചര്യയാണ് നാം പിന്തുടരേണ്ടത് എന്ന് അവിടുന്ന് പഠിപ്പിച്ചിട്ടുണ്ട്. നബി (ﷺ) പറഞ്ഞു. (ഞാൻ ഏതു രീതിയിൽ നമസ്കരിക്കുന്നതായി നിങ്ങൾ കണ്ടുവോ, അപ്രകാരം തന്നെ നിങ്ങൾ നമസ്കരിക്കുക) ബുഖാരി.

നബി (ﷺ) നമസ്കരിക്കുമ്പോൾ തന്റെ ഇടതു കൈയ്യിന്റെ മണിഖണ്ഡത്തിൽ വലതു കൈ കൊണ്ട് പിടിക്കുകയും ശേഷം അത് നെഞ്ചിൽ വെക്കുകയും ചെയ്യാറായിരുന്നു ചെയ്തിരുന്നത്.(അബുദാവൂദ്, നബി(ﷺ) യുടെ നമസ്കാരത്തിന്റെ രൂപം–പേ–79)

**108** സംഘ നമസ്കാരം ആരംഭിച്ച ശേഷം പള്ളിയിലേക്ക് വരുന്നവർ അയാൾക്ക് നിൽക്കാൻ സ്വഫിൽ സ്ഥലം കാതിരിക്കുകയാണെങ്കിൽ മുന്നിലെ സ്വഫിൽ നിന്ന് ഒരാളെ പിറകിലേക്ക് വലിക്കുകയും തന്റെ കൂടെ നിർത്തുകയും

ചെയ്യാറുണ്ട്. ഇപ്രകാരം ചെയ്യാൻ കാരണം. സ്വഫുകൾക്ക് പിന്നിലായി തനിച്ചു നമസ്കരിക്കുന്നവർക്ക് നമസ്കാരമില്ല എന്ന നബി വചനം കൊണ്ടാണ്. എന്നാൽ ഇയാൾ ചെയ്യുന്നത് പല രൂപത്തിലുള്ള തെറ്റുകളിലാണ് അകപ്പെടുന്ന ത്.

1- സ്വഫുകളിൽ അപൂർണ്ണതയുണ്ടാക്കുന്നു. അവർ നബി (ﷺ) യുടെ വചനത്തിൽ നിന്നും പാഠമുൾകൊള്ളേണ്ടതാണ്. അവിടുന്ന് പറഞ്ഞു. ആരെങ്കിലും സ്വഫുകൾ ചേർത്തി നിൽക്കുന്നുവെങ്കിൽ അല്ലാഹു അവനുമായി ബന്ധം ചേർക്കുന്നതാണ്. ആരെങ്കിലും സ്വഫുകൾ മുറിച്ചു കളയുന്നുവെങ്കിൽ അല്ലാഹു അയാളുമായിയുള്ള ബന്ധവും മുറിച്ചുകളയുന്നതാണ്.

2- സ്വഫിലുള്ള മുഴുവൻ നമസ്കാരങ്ങൾക്കും അയാൾ ബുദ്ധിമുട്ടുണ്ടാക്കുന്നു. കാരണം സ്വഫിൽ നിന്നും പിന്നിലേക്ക് വലിച്ചാലുണ്ടാകുന്ന സ്വഫിലെ ആ ഒഴിവ് നികത്തുവാനായി എല്ലാവരും സ്വൽപാല്പം നീങ്ങേണ്ടി വരുന്നു.

3- ഒരാളെ പിന്നോട്ടു വലിക്കുന്ന കാരണത്താൽ അയാളുടെ നമസ്കാരത്തിലുള്ള സൂക്ഷമതക്ക് ഭംഗം വരുത്തുന്നു. അതോടൊപ്പം മുൻ സ്വഫിൽ നിൽക്കുന്നവർക്കുള്ള ശ്രേഷ്ഠതയും പിന്നിലേക്ക് വലിക്കുന്നതോടെ ഇല്ലാതാക്കുന്നു.

മുകളിൽ പറഞ്ഞ പോലുള്ള സന്ദർഭങ്ങളിൽ എന്തു ചെയ്യണമെന്നതിന് മഹാനായ ഇബ്നു തൈമിയ്യ (رحمه الله) നൽകുന്ന നിർദ്ദേശം അഥവാ സ്വഫിൽ ചേർന്നു നമസ്കരിക്കാൻ സ്ഥലമില്ലാതിരിക്കുന്നുവെങ്കിൽ അയാൾ അതിന്നു പിന്നിൽ സ്വന്തമായിതന്നെ നമസ്കരിക്കലാണുത്തമം എന്നാണ് ശൈഖ് ഉസൈമീനും ഇതേ അഭിപ്രായം തന്നെയാണുള്ളത്.

**109** ഇമാമിന്റെ കൂടെ നമസ്കരിക്കുന്നവർക്ക് (പിന്തുട

രുന്ന മഅ്മൂമുകൾക്ക്) ഫാതിഹ ഒതുവാൻ നിർബന്ധമില്ല എന്ന ധാരണ ചിലർ ഇമാം ഫാതിഹ ഒതി തീരുന്നതു വരെ അതിനു കാത്തിരിക്കുകയും ചെയ്യുന്നു. ഇത് വ്യക്തമായ തെളിവുകൾ ഇല്ലാത്ത കാര്യമാകുന്നു. ഈ വിഷയത്തെ കുറിച്ചുള്ള പഠനങ്ങൾ മനസ്സിലാക്കിതരുന്നത് മഅ്മൂമുമിന് ഫാതിഹ ഒതാൻ കൃത്യമായ സമയം നിശ്ചയിക്കപ്പെട്ടിട്ടില്ല എന്നാകുന്നു. മറിച്ച് മഅ്മൂമും ഫാതിഹ ഓതിയിരിക്കൽ നിർബന്ധവുമാണ്. കാരണം നബി (ﷺ) പറഞ്ഞിരിക്കുന്നു. (لا صلاة لمن لم يقرأ بفاتحة الكتاب) (ഫാതിഹ ഓതാത്തവന് നമസ്കാരമില്ല.) ബുഖാരി ,മുസ്ലിം.

മറ്റൊരു വചനത്തിൽ കാണുന്നത്

«من صلى صلاة لم يقرأ فيها بأم القرآن فهي خداج فهي خداج فهي خداج غير تمامٍ».

(ഫാതിഹ ഓതാതെ ആരെങ്കിലും നമസ്കരിച്ചിട്ടുണ്ടെങ്കിൽ അത് അപൂർണ്ണമാണ് അത് അപൂർണ്ണമാണ്. അത് അപൂർണ്ണമാണ്.)–മുസ്ലിം.

ഒരിക്കൽ അദ്ദേഹം പറഞ്ഞു. (لاتنازعوني إلا بأم القرآن) ഫാതിഹ അല്ലാത്തതിലൊന്നും (ഞാൻ ഇമാം ആയിരിക്കെ നിങ്ങൾ എന്നോട് മത്സരിച്ച് (ഒപ്പം) ചൊല്ലാതിരിക്കട്ടെ.)

ഇമാം ഫാതിഹ ഓതി പൂർണ്ണമാക്കുന്നതിന് മുമ്പായി പിന്തുടരുന്നവർക്ക് അത് പാരായണം ചെയ്യാമോ എന്ന് മഹാനായ ശൈഖ് ഇബ്നുബാസ് (رحمه الله) യോടു ചോദിച്ചു. അപ്പോൾ അദേഹം പറഞ്ഞത് (അതിന് വിരോധമില്ല) എന്നായിരുന്നു.

**110** ഇമാം രണ്ടാമത്തേയോ, മൂന്നാമത്തേയോ റക്അത്തിലേക്ക് വരുന്നതിനിടയിൽ ഇമാം നിർത്തത്തിലേക്ക് പൂർണ്ണമായി എത്തിയിട്ടുണ്ടായിരിക്കില്ല, പിന്നിൽ താമസിച്ചെത്തുന്നവർ തക്ബീറത്തുൽ ഇഹ്റാമിൽ പ്രവേശിക്കുകയും ഫാതിഹ ഓതാൻ ആരംഭിക്കുകയും ചെയ്തിരിക്കും. ഇത്

ശരിയല്ല, യഥാർത്ഥത്തിൽ ഇമാം ഒരു റക്അത്തിന് തുടക്കം കുറിക്കുന്നതിന്നു മുമ്പ് തന്നെ അയാൾ റക്അത്ത് ആരംഭിക്കുകയാണ്. ഇത് പാടില്ലെന്ന് ഹദീസുകൾ സൂചി പ്പിക്കുന്നു.

«وعن سهل بن سعد قال كان الناس يؤمرون أن يضع الرجل اليد اليمنى على ذراعه اليسرى في الصلاة».

(ജനങ്ങളെ, ഞാൻ നിങ്ങളുടെ ഇമാമായിരിക്കുകയാണ് അതിനാൽ നിങ്ങൾ എന്നെ മുൻ കടന്നു കൊണ്ട് ഒന്നും പ്രവർത്തിക്കരുത്. റുകൂഇലോ, സുജൂദിലോ, ഇരുത്തത്തി ലോ, നിർത്തത്തിലോ, സലാം വീട്ടി പിരിയുന്നതിലോ ഒന്നും തന്നെ നിങ്ങൾ എന്നെ മുൻകടന്നു പ്രവർത്തിക്കരു ത്) മുസ്ലിം, അഹ്മദ്

ഇപ്രകാരം തന്നെയാണ് ഇമാം ഏതെങ്കിലും കർമ്മ ങ്ങൾ ചെയ്യുകയാണെങ്കിൽ അതിൽ ഇമാമിനെ തുടരാതെ ഇമാം നിർത്തത്തിലേക്കു വരുന്നതും പ്രതീക്ഷിച്ചു നിൽക്കുന്നതും ശരിയല്ല.

**111** ചില രോഗികൾ കിടന്നു നമസ്കരിക്കുവാൻ പ്രയാസ മുള്ളതായി തോന്നുമ്പോൾ ആംഗ്യം വിരൽ കൊണ്ടു കാണിച്ചു കൊണ്ടു നമസ്കരിക്കുന്നു. ഇതിനെ കുറിച്ച് ശൈഖ് ഉസൈമീൻ പറഞ്ഞത്. രോഗികൾ ഇങ്ങനെ ആംഗ്യ ഭാഷയിലൂടെ നമസ്കാരം നിർവ്വഹിക്കുന്നത് ശരി യല്ല. എന്നാണ് ഖുർആനിൽ നിന്നോ, ഹദീസിൽ നിന്നോ, പണ്ഡിതന്മാരുടെ അഭിപ്രായങ്ങളോ അത് ചെയ്യുവാനുള്ള തെളിവുകൾ കണ്ടിട്ടില്ല. (രോഗിയുടെ ശുദ്ധീകരണവും നമ സ്കാരവും എന്ന ഗ്രന്ഥം കാണുക.)

**112** റമളാൻ മാസങ്ങളിൽ പള്ളിയിൽ സംഘമായി തറാ വീഹ് നമസ്കാരം നടന്നു കൊണ്ടിരിക്കെ ഇഷാ നമ സ്കാരം നിർവ്വഹിച്ചിട്ടില്ലാത്തവർ പള്ളിയിൽ എത്തുകയും

പ്രസ്തുത സംഘത്തിൽ ഇമാമിനോടൊപ്പം ചേർന്ന് നമസ്കാരം നിർവ്വഹിക്കാതിരിക്കുകയും ചെയ്യുന്നു. അവർ പള്ളിയിൽ മറ്റേതെങ്കിലും മൂലകളിൽ മാറി നിന്ന് ഇശാ നമസ്കാരത്തിനായി പ്രത്യേക ജമാഅത്ത് സംഘടിപ്പിക്കുകയും ചെയ്യാറുണ്ട്.അവരുടെ ധാരണ സുന്നത്തായ തറാവീഹിന്റെ ജമാഅത്തിനോടൊപ്പം ഫറളായ ഇശാനമസ്കരിക്കുന്നവന്ന് തുടരാൻ പാടില്ല എന്നതാകുന്നു. ഇത് ശരിയല്ല. തെറ്റായ വിശ്വാസമാണിത്. പണ്ഡിത സഭയിലേക്ക് ഈ വിഷയത്തിൽ വന്ന ചോദ്യം ഇതായിരുന്നു.

**ചോദ്യം-** തറാവീഹ് നമസ്കരിക്കുന്നവരുടെ പിന്നിൽ നിന്ന് ഫറള് നമസ്കരിക്കൽ അനുവദനീയമാണോ?

**ഉത്തരം-** വിരോധമില്ല അനുവദനീയമാണ്. അനുവദനീയമാണ്. സു ന്നത്ത് നമസ്കരിക്കുന്നവരെ ഫറള് നമസ്കാരിക്കുന്നവർക്ക് തുടരൽ അനുവദനീയമാണെന്ന് പഠിപ്പിക്കുന്ന തെളിവുകൾ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. ബുഖാരിയും, മുസ്ലിമും ഉദ്ധരിച്ച ഒരു സംഭവം കാണുക. ജാബിർ (ﷺ) ൽ നിന്നു നിവേദനം മുആദ് (ﷺ) നബി (ﷺ) യുടെ കൂടെ ഇശാ നമസ്കാരം നിർവ്വഹിക്കുകയും പിന്നീട് തന്റെ ജനങ്ങൾക്ക് ഇമാമായി നിന്ന് അതേ നമസ്കാരം തന്നെ വീണ്ടും നിർവ്വക്കാറുണ്ടായിരുന്നു.) എന്ന് സ്ഥിരപ്പെട്ടു വന്നിരിക്കുന്നു.(മജല്ലത്തുൽ ബുഹൂസുൽ ഇസ്ലാമിയ്യ:15-79-)

**113** മരണപ്പെട്ടവർക്ക് വേണ്ടി ഹജ്ജും, ഉംറയും പ്രാർത്ഥനയും ചെയ്യുന്നതു പോലെ തന്നെ ചിലർ മയ്യിത്തിനു വേണ്ടി നിർണ്ണിത റക്അത്ത് നമസ്കാരം നിർവ്വഹിക്കുന്നതായി കാണപ്പെടുന്നു. ചിലർ ഒരു ദിവസവും ഒരാഴ്ചയുമൊക്കെ ഇപ്രകാരം ചെയ്യാറുണ്ട്.

മരണപ്പെട്ടവർക്കു വേണ്ടി ഹജ്ജും ഉംറയും, പ്രാർത്ഥനയും ചെയ്യുന്നതിന് ഹദീസുകളിൽ തെളിവുകൾ കൊണ്ട് സ്ഥിരപ്പെട്ടിരിക്കുന്നു. എന്നാൽ നിർണ്ണയിക്ക

പ്പെട്ട റക്അത്തുകളായി ഒരു ദിവസമോ, ഒരാഴ്ച ചെയ്യുന്നതിന് പ്രമാണങ്ങളുടെ പിമ്പലമില്ല.

സന്താനം മരണപ്പെട്ട ഒരു മാതാവ് ആ കുട്ടിക്ക് വേണ്ടി എല്ലാ വെള്ളിയാഴ്ചകളിലും രണ്ടു റക്അത്ത് നമസ്കരിക്കുന്നതുമായി ബന്ധപ്പെട്ടു ഫത്‌വാ സമിതിക്ക് വന്ന ചോദ്യത്തിന് പണ്ഡിത സഭ നൽകിയ ഉത്തരം കാണുക.

**ഉത്തരം–** മരിച്ച മകനു വേണ്ടി മാതാവ് ജുമുഅ നമസ്കാര ശേഷം രണ്ടു റക്അത്ത് നമസ്കരിക്കുന്ന പതിവ് ശരിയല്ല. അത് അല്ലാഹു നിയമമാക്കാത്ത ബിദ്അത്താകുന്നു. മരണപ്പെട്ടവർക്ക് വേണ്ടി പ്രാർത്ഥിക്കലാണ് സുന്നത്ത്.

**114** ഉറക്കെ ഓതേണ്ട നമസ്കാരങ്ങളിൽ പോലും ധാരാളം സ്ത്രീകൾ പതുക്കെ ഖുർആൻ പാരായണം ചെയ്യാറുണ്ട്. ചിലപ്പോൾ സ്വന്തത്തെ പോലും കേൾപിക്കാത്തത്ര പതുക്കെ ആയിരിക്കും ഇത് സുന്നത്തിന് എതിരാണ്. ഉറക്കെ ഓതേണ്ട നമസ്കാരങ്ങളിൽ ഉറക്കെത്തന്നെ ഓതുക എന്നതായിരിന്നു നബി(ﷺ)യിൽ നിന്നും സ്ഥിരപ്പെട്ടുവന്നിട്ടുള്ളത്.

ശൈഖ് സ്വാലിഹ് ഫൗസാൻ ഈ വിഷയത്തെ കുറിച്ച് പറഞ്ഞത് കാണുക. നമസ്കാരങ്ങളിൽ ഉറക്കെയും പതുക്കെയും ഖുർആൻ പാരായണം ചെയ്യുന്നതിൽ സ്ത്രീ പുരഷ വ്യത്യാസം കാണിക്കപ്പെട്ടിട്ടില്ല. രാത്രി നമസ്കാരങ്ങളിൽ ഉറക്കെയും പകലിൽ പതുക്കെയുമായിരുന്നു നബി (ﷺ) ഖുർആൻ ഓതാറുണ്ടായിരുന്നത്. എന്നാൽ സ്ത്രീകളെ സംബന്ധിച്ചിടത്തോളം അവരുടെ സമീപത്തായി പുരുഷന്മാർ ഉണ്ടെങ്കിൽ അവർ പതുക്കെ പാരായണം ചെയ്താൽ മതി. അവരുടെ സമീപത്തായി പുരുഷന്മാരില്ലാത്ത സന്ദർഭങ്ങളിൽ സ്ത്രീകൾക്കും ഉറക്കെ ഖുർആൻ ഓതുന്നതിന്നു വിരോധമില്ല.(നൂറുൽ അലദ്ദർബ് ഫതാവ പേജ് 20)

**115** ഇഖാമത്ത് വിളിച്ച ശേഷം മറ്റ് വല്ല കാര്യത്തിലും വ്യാപൃതരാവുകയും കുറച്ചു സമയം കഴിയുകയും ചെയ്താൽ ഇഖാമത്ത് വീണ്ടും ആവർത്തിക്കുന്നതായി കാണാം. എന്നാൽ ഇതിന്റെ ആവശ്യമില്ല. ബുഖാരിയിലെ തന്നെ ഒരു അദ്ധ്യായം ഇപ്രകാരം കാണാം. (ഇഖാമത്ത് കൊടുത്ത ശേഷം ഇമാമിന് വല്ല ആവശ്യവും നേരിട്ടാൽ) പിന്നീട് ഒരു ഹദീസ് ഉദ്ധരിക്കുന്നു. അനസ്(ﷺ)വിൽ നിന്നു നിവേദനം അദ്ദേഹം പറഞ്ഞു. നമസ്കാരത്തിനുള്ള ഇഖാമത്ത് വിളിക്കപ്പെട്ടു. നബി (ﷺ) പള്ളിയുടെ ചാരത്ത് ഒരാളോട് സംസാരിച്ചു കൊണ്ടിരിക്കുകയായിരുന്നു. അങ്ങനെ ജനങ്ങളെല്ലാവരും നമസ്കരിക്കാനായി എഴുന്നേൽക്കുകയും ശേഷം അദ്ദേഹം എഴുന്നേൽക്കുകയും ചെയ്തു. (ഫത്ഹുൽ ബാരി 2–124)

**116** മയ്യിത്ത് നമസ്കാരവേളയിൽ നാലാമത്തെ തക്ബീറിനു ശേഷം ഒന്നും പ്രാർത്ഥിക്കാതെ മൗനം പാലിക്കൽ ഇതാണ് ശരിയെന്ന് ചിലർ വിചാരിക്കുകയും ചെയ്യുന്നു.

എന്നാൽ നാലാമത്തെ തക്ബീറിനു ശേഷം മയ്യിത്തിനു വേണ്ടി പ്രാർത്ഥിക്കലാണ് ഏറ്റവും ശരിയായ രീതി. അബ്ദുല്ല ഇബ്നു അബീഔഫാ (ﷺ) ൽ നിന്നു നിവേദനം ചെയ്യുന്ന ഹദീസിൽ കാണാം. അദ്ദേഹം പുത്രിക്ക് വേണ്ടി ജനാസ നമസ്കരിച്ചു. നാലാമത്തെ തക്ബീറിനു ശേഷം മറ്റു രണ്ടു തക്ബീറുകളിലുള്ളത്ര സമയം അദ്ദേഹം നിൽക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. പിന്നീട് അദ്ദേഹം പറഞ്ഞു. ജനാസ നമസ്കാരങ്ങളിൽ നബി (ﷺ) ഇപ്രകാരം ചെയ്യാറുണ്ടായിരുന്നു.) അഹ്മദ്, ബൈഹഖി.

മറ്റൊരു റിപ്പോർട്ടിൽ നാലാമത്തെ തക്ബീറിന്നു ശേഷം സ്വൽപം നിന്നു എന്നു കാണാം. (ശൈഖ് അൽബാനിയുടെ അഹ്കാമുൽ ജനാഇസ് പേജ് 126 കാണുക)

അബ്ദുല്ല ഇബ്നു അബീഔഫ്(ﷺ)യുടെ മുസ്നദ് പേ :129 കാണുക.

**117** സ്വഫുകൾ ശരിയാക്കേണ്ടത് കാൽവിരലുകളുടെ അറ്റം കൊണ്ടാണ് എന്ന ധാരണ.

ഇത് ശരിയല്ല, മറിച്ച് കാൽപാദങ്ങളുടെ മടമ്പ്, ചുമലുകൾ എന്നിവ നോക്കി നേരയാക്കിയായിരിക്കണം സ്വഫുകൾ ശരിയാക്കേണ്ടത്. ഇങ്ങനെയാണ് സുന്നത്തും.

നുഅ്മാൻ ഇബ്നു ബഷീർ(ﷺ)വിൽ നിന്ന് നിവേദനം അദ്ദേഹം പറഞ്ഞു.നബി (ﷺ) ജനങ്ങളിലേക്ക് അഭിമുഖമായി തിരിഞ്ഞു നിന്നു. എന്നിട്ട് അദ്ദേഹം പറഞ്ഞു. നിങ്ങൾ സ്വഫുകൾ ശരിപ്പെടുത്തുക. (മൂന്നു വട്ടം) അല്ലാഹുവാണ് സത്യം നിങ്ങൾ സ്വഫുകൾ ശരിയാക്കണം, അല്ലെങ്കിൽ നിങ്ങളുടെ മനസുകളെ അല്ലാഹു പരസ്പരം എതിരാക്കുന്നതാണ്. (അഹ്മദ്, അബൂദാവൂദ്, ഇബ്നു ഹിബ്ബാൻ)

നുഅ്മാൻ (ﷺ) പറയുന്നു. നബി (ﷺ) ഇത് പറഞ്ഞപ്പോൾ ജനങ്ങൾ അവരുടെ തോളുകളും, കാൽമുട്ടുകളും, മടമ്പിൻ കാലുകളും പരസ്പരം ചേർത്തു വെച്ച് സ്വഫുകൾ ശരിയാക്കുന്നതായി ഞാൻ കാണുകയുണ്ടായി.)

ശൈഖ് ഉസൈമീൻ(ﷺ)നോട് ഒരിക്കൽ ചോദിക്കുകയുണ്ടായി. നമസ്കാരത്തിൽ സ്വഫുകൾ ശരിയാക്കുമ്പോൾ കാൽ വിരലുകളുടെ അറ്റങ്ങൾ കൊണ്ടാണോ, അതല്ല ചുമലുകൾ കൊണ്ടാണോ ശരിയാക്കേണ്ടത്.?

**അദ്ദേഹം നൽകിയ മറുപടി:** (സ്വഫുകൾ ശരിയാക്കേണ്ടത് കാൽ മടമ്പുകൾ നേരെ വരുന്ന രൂപത്തിൽ ശ്രദ്ധിച്ചു കൊണ്ടായിരിക്കണം. കാരണം ശരീരം ഊന്നിനിൽക്കുന്നത് മടമ്പിൻമേലാണ്. അതിനാൽ സ്വഫുകൾ ശരിയാക്കാനുള്ള മാനദണ്ഡം കാൽ വിരലുകളുടെ അറ്റങ്ങളല്ല. മാത്രവുമല്ല

കൽപാദനങ്ങളുടെ വിരലുകൾ പരസ്പരം ചെറുതും വലുതുമായിരിക്കും അതിനാൽ തന്നെ സ്വഫുകളും വളരെ കൃത്യമായ രൂപത്തിൽ ആകണമെങ്കിലും മടമ്പുകാലുകളാണ് പരിഗണിക്കേണ്ടത് എന്നു മനസിലാക്കാം. അപ്രകാരം തന്നെ കാൽപാദങ്ങൾ പരസ്പരം ചേർത്തു കൊണ്ടായിരിക്കണം സ്വഫുകൾ ഉണ്ടാക്കേണ്ടത്. സ്വഹാബികൾ അപ്രകാരമായിരുന്നു ചെയ്തിരുന്നത്. ഇപ്രകാരം ചെയ്താൽ മാത്രമേ സ്വഫുകൾ കൃത്യമായും ശരിയാവുകയുള്ളൂ. എന്നാൽ നമസ്കരാത്തിനിടയിൽ എപ്പോഴും ഇപ്രകാരം ചേർന്നു കൊണ്ടിരിക്കണമെന്ന് ഇതിൽ നിന്നും മനസിലാക്കാവതല്ല. (ദാറു സുൻവ ഫതാവാ ഫിൽ ഹറമ്മിൽ മക്കീ–ഉസൈമീൻ പേ 7)

**118** റവാനത്ത്ബ്നു ഫറളു നമസ്കാരങ്ങൾക്ക് മുമ്പും ശേഷവുമുള്ള സുന്നത്ത് നമസ്കാരങ്ങളിൽ ഉറക്കെ ഖുർആൻ പാരായണം ചെയ്യൽ. ഇപ്രകാരം ചെയ്യണമെങ്കിൽ അതിന്ന് തെളിവുകളുണ്ടായിരിക്കണം. പക്ഷെ അത് കാണുകയില്ല.

**119** നമസ്കാരത്തിലെ അത്തഹിയ്യാത്തിന്നിടയിൽ സ്വലാത്ത് ചൊല്ലുമ്പോൾ (സയ്യിദിനാ) എന്ന പദം കൂടുത ലായി കൂട്ടി ചേർക്കാറുണ്ട്. ഇത് ശരിയല്ല.

നബി (ﷺ) നമ്മുടെ നേതാവു തന്നെയാണ്. അതിൽ നാം അഭിമാനിക്കുകയും ചെയ്യുന്നു. മാത്രമല്ല, സർവ്വ മനുഷ്യരുടെയും നേതാവു തന്നെയാണ് അദ്ദേഹം. അവിടുന്ന് പറഞ്ഞു. (أنا سيد الناس يوم القيامة) (ഞാൻ അന്ത്യനാളിൽ സർവ്വ മനുഷ്യരുടെയും സയ്യിദ് (നേതാവായിരിക്കും) ബു ഖാരി.

മുസ്ലിന്റെ റിപ്പോർട്ടിൽ (أنا سيد ولد آدم يوم القيامة) (അന്ത്യനാളിൽ ഞാൻ ആദം സന്തതികളുടെ മുഴുവൻ നേതാവായിരിക്കും) എന്നും കാണാം. വസ്തുത എന്തായിരു

ന്നാലും നമസ്കാരം അത് നാം നബി (ﷺ) ചെയ്ത പോലെ തന്നെയായിരിക്കണം അനുഷ്ഠിക്കേണ്ടത്. അവിടുന്ന് അത് കൽപിച്ചിട്ടുണ്ട്. (ഞാൻ ഏതുപോലെ നമസ്കരിക്കുന്ന തായി നിങ്ങൾ കണ്ടുവോ, നിങ്ങളും അതുപോലെ തന്നെ നമസ്കരിക്കുവീൻ) –ബുഖാരി–

ഈ വിഷയം സൂക്ഷ്മ പഠനവിധേയമാക്കിയ മഹാ പണ്ഡിതൻമാർ പറയുന്നത് അത്തഹിയ്യാത്തിൽ സയ്യിദുനാ എന്ന പദം പറയുന്നത് ഹദീസുകളിൽ സ്ഥിരപ്പെടാത്ത കാര്യമാണ് എന്നാകുന്നു. അതോടൊപ്പം തശഹുദിന്റെ ധാരാളം വ്യത്യസ്ഥമായ പദങ്ങൾ നമുക്ക് കാണാൻ സാധി ക്കുകയും ചെയ്യും. എങ്കിലും ഒരു റിപ്പോർട്ടിലും ഈ പദം സ്ഥിരപ്പെട്ടു വന്നതായി കാണുകയില്ല.

ശൈഖ് സ്വാലിഹ് ഫൗസാൻ ഈ വിഷയത്തിൽ നൽകിയ ഉത്തരം കാണുക.

ബുദ്ധിമാനായ ഒരാളും നിഷേധിക്കാത്ത ഒരു സത്യ മാണ് മുഹമ്മദ് (ﷺ) മാനവരാശിയുടെ നേതാവാണെന്ന വസ്തുത. ശ്രേഷ്ഠനായ മഹാ നേതാവാണ് അദ്ദേഹം. അതുകൊണ്ട് തന്നെയാണ് അദ്ദേഹത്തിന്റെ കൽപനകൾ നാം അനുസരിക്കുന്നതും. തിരുദൂതനെ അനുസരിക്കുന്നത് തന്നെ അല്ലാഹുവിനുള്ള അനുസരണമായി വിശുദ്ധഖുർ ആൻ പറയുന്നുമുണ്ട്. (ومن يطع الرسول فقد أطاع) (ആര് ദൂതനെ അനുസരിച്ചുവോ, അയാൾ അല്ലാഹുവിനെ അനു സരിച്ചിരിക്കുന്നു.) നിസാഅ് :80

നമുക്കോ,മറ്റേതെങ്കിലും ഒരു സത്യവിശ്വാസിക്കു ത ന്നെയോ സംശയമില്ലാത്ത കാര്യമാണ്, അല്ലാഹുവിന്റെ അടുക്കൽ ഏറ്റവും ശ്രേഷ്ഠതയുള്ളതും നമ്മിൽ ഏറ്റവും മഹാനും നേതാവുമാണ് മുഹമ്മദ്(ﷺ) എന്ന കാര്യം. അപ്ര കാരം തന്നെ അവിടുന്ന് പറയുന്ന കാര്യങ്ങൾ മുഴുവൻ നാം അനുസരിക്കേണ്ടതാണെന്നും. വിശ്വാസവും, കർമ്മ പ

രവും,അനുഷ്ഠാനപരവുമായ മുഴുവൻ കാര്യങ്ങളും അദ്ദേഹം സമ്പൂർണ്ണമായി നമ്മെ പഠിപ്പിച്ചിരിക്കുന്നു എന്നും നാം വിശ്വസിക്കുന്നു. അപ്രകാരം നമസ്കാരത്തിന്റെ രൂപവും അതിൽ ചൊല്ലേണ്ട പ്രാർത്ഥനകളും അത്തഹിയ്യാത്തുമെല്ലാം അവിടുന്ന് നമ്മെ പഠിപ്പിച്ചു. അതിന്റെ ശരിയായ രൂപം ഇപ്രകാരമാണെന്ന് സ്ഥിരപ്പെട്ടു വരികയും ചെയ്തിരിക്കുന്നു.എന്നാൽ ആ റിപ്പോർട്ടുകളിൽ ഏതിലെങ്കിലുമൊന്നിൽ (സയ്യിദിനാ) എന്ന പദമുള്ളതായി മനസിലാക്കാൻ എനിക്കു സാധിച്ചിട്ടില്ല. പ്രവാചകനിൽ നിന്ന് റിപ്പോർട്ടു ചെയ്തു വരാത്ത ഒരു പദം നമ്മുടെ അത്തഹിയ്യാത്തിലില്ലാതിരിക്കൽ തന്നെയാണ് ഏറ്റവും ശരിയായ രീതി. അവിടുന്ന് പഠിപ്പിച്ച അതേ പദ പ്രയോഗങ്ങൾ ഉപയോഗിച്ചു പ്രാർത്ഥിക്കുന്നതാണ് ശരിയായ സുന്നത്തും. (നൂറുൽ അലദ്ദർബ്ബ് , ഫതാവാ ഫൗസാൻ –പേജ് 13,14–)

## 120 നമസ്കാരം നിർവ്വഹിക്കാത്തവർ നോമ്പനുഷ്ഠിക്കാൻ താൽപര്യം കാണിക്കൽ.

ശൈഖ് ഉസൈമീൻ പറയുന്നു. (നമസ്കാരത്തിനു ഒട്ടും താൽപര്യം കാണിക്കാത്ത ചിലർ നോമ്പനുഷ്ഠിക്കൽ അമിതമായ താൽപര്യം പ്രകടിപ്പിക്കുന്നതായി കാണാറുണ്ട്. ഇത്തരം ആളുകളുടെ പ്രവർത്തനങ്ങളുടെ അവസ്ഥ എന്തായിരിക്കും എന്ന് ചിലർ ചോദിക്കാറുമുണ്ട്. അല്ലാഹുവിനെ സാക്ഷിയാക്കി എനിക്കവരോടു പറയാനുള്ള കാര്യം ഇതാകുന്നു. നമസ്കാരം നിർവ്വഹിക്കാതിരിക്കുന്നവർ നോമ്പെടുക്കുന്നുവെങ്കിൽ അവരുടെ നോമ്പ് നിഷ്ഫലമാകുന്നു. അത് അസ്വീകാര്യവുമാണ്. ഖുർആനും സുന്നത്തും പഠിപ്പിക്കുന്നതും വ്യക്തമായി ചിന്തിക്കുന്നുവെങ്കിലും മനസിലാവുന്നതും അതാണ്. കാരണം നമസ്കാരം ഉപേക്ഷിക്കുക എന്നത് മതത്തിൽ നിന്ന് പുറത്തു പോകുന്നതും സത്യ നിഷേധിയായിത്തീരുന്നതുമായ കാര്യമാണ്. സത്യനിഷേധിയാവുകയും മതത്തിൽ നിന്ന് പുറത്തു പോവുകയും

ചെയ്ത വ്യക്തിയിൽ നിന്ന് നോമ്പോ, സകാത്തോ, ഹജ്ജോ മറ്റെന്തെങ്കിലും പുണ്യകർമ്മമോ സ്വീകരിക്കുകയില്ല. അല്ലാഹു പറയുന്നത് കാണുക.

﴿ وَقَدِمْنَآ إِلَىٰ مَا عَمِلُواْ مِنْ عَمَلٍ فَجَعَلْنَٰهُ هَبَآءً مَّنثُورًا ﴾ [الفرقان: ٢٣]

(അവർ പ്രവർത്തിച്ച കർമ്മങ്ങളുടെ നേരെ നാം തിരിയുകയും നാം അതിനെ ധൂളി പോലെ ആക്കിതീർക്കുകയും ചെയ്യും)ഫുർഖാൻ :23

﴿ وَمَا مَنَعَهُمْ أَن تُقْبَلَ مِنْهُمْ نَفَقَٰتُهُمْ إِلَّآ أَنَّهُمْ كَفَرُواْ بِٱللَّهِ وَبِرَسُولِهِۦ ﴾ [التوبة: ٥٤]

അവർ അല്ലാഹുവിലും അവന്റെ ദൂതനിലും അവിശ്വസിച്ചിരിക്കുന്നു എന്നതും മടിയൻമാരായി കൊണ്ടല്ലാതെ അവർ നമസ്കാരത്തിന് ചെല്ലുകയില്ലാ എന്നതും വെറുപ്പുള്ളവരായി കൊണ്ടല്ലാതെ അവർ ചെലവഴിക്കുകയില്ല എന്നതും മാത്രമാണ് അവരുടെ പക്കൽ നിന്ന് അവരുടെ ദാനങ്ങൾ സ്വീകരിക്കപ്പെടുന്നതിന് തടസമായിട്ടുള്ളത്.) തൌബ: 54

ധർമ്മം പോലുള്ളതിന്റെ പ്രയോജനം മറ്റുള്ളവരിലേക്ക് വിട്ടുകടക്കുന്നതായിട്ടു പോലും അത് ഫലപ്പെടില്ല എന്നാണ് അല്ലാഹു പറയുന്നത് എങ്കിൽ പ്രവർത്തിക്കുന്നവരിൽ മാത്രം പരിമിതമായി നിൽക്കുന്ന നോമ്പു പോലുള്ള കാര്യങ്ങൾ ഒട്ടും തന്നെ ഫലപ്പെടില്ല എന്നതിൽ സംശയിക്കേണ്ടതേയില്ല.

**121** ചിലർ വിമാനയാത്രയിലായിരിക്കുമ്പോൾ നമസ്കാരം നഷ്ടപ്പെടുത്താറുണ്ട്. പരസ്പരം ഒരുമിച്ച് നമസ്കരിക്കാവുന്ന നമസ്കരാങ്ങളുടെ സമയം ആവുകയും അത് കഴിയുകയും ചെയ്യാറുണ്ട്. ഇതിന്ന് കാരണം യാത്രയുടെ ദൈർഘ്യമോ,സുബ്ഹി പോലുള്ള നമസ്കാരങ്ങൾക്കുള്ള സമയക്കുവോ ആയേക്കാം. അപ്രകാരം നമസ്കരങ്ങൾ നഷ്ടപ്പെടുത്തുന്നു.

ഇതു പോലുള്ള സന്ദർഭങ്ങളിൽ നമസ്കരിക്കൽ അനിവാര്യമല്ലെന്നാണ് ചിലരുടെ ധാരണ. ഇത് ശരിയല്ല,

ഇത്തരം വേളകളിലാണെങ്കിലും കഴിയുന്ന രൂപത്തിൽ നമസ്കരിക്കൽ നിർബന്ധമാണ്.

ഫത്‌വാ സമിതിയിലേക്ക് വന്ന ഒരു ചോദ്യവും ഉത്തരവും കാണുക.

**ചോദ്യം-** ഞാൻ വിമാനയാത്രയിൽ ആയിരിക്കെ നമസ്കാരത്തിന്റെ സമയമായാൽ വിമാനത്തിൽ വെച്ച് അത് നിർവ്വഹിക്കേണ്ടതുണ്ടോ?

**ഉത്തരം:** അൽ ഹംദുലില്ലാ. ഒരാൾ വീമാന യാത്രയിൽ ആയിരിക്കുകയും ഏതെങ്കിലും ഒരു നമസ്കാരത്തിന്റെ സമയം ആവുകയും ചെയ്തു എന്ന് സങ്കൽപ്പിക്കുക. ആ സമയം അവസാനിക്കുന്നതിന്ന് മുമ്പായി വിമാനം ഒരു താവളത്തിൽ ഇറങ്ങുകയില്ലെന്ന് ഉറപ്പാവുകയും ചെയ്താൽ അയാളെ കൊണ്ടു സാധിക്കുന്ന രുപത്തിൽ എങ്ങനെയാണോ അപ്രകാരം വിമാനത്തിൽ വെച്ചുതന്നെ അയാൾ നമസ്കരിക്കണം എന്നാണ് പണ്ഡിതന്മാർ ഏകോപിച്ചു പറഞ്ഞിട്ടുള്ളത്. റുകൂഅ്, സുജൂദ്, ഖിബ്‌ലക്ക് അഭിമുഖമായിരിക്കൽ എന്നിവയൊക്കെ സാധിക്കുന്ന രൂപത്തിൽ ചെയ്താൽ മതിയായിരിക്കും കാരണം. അല്ലാഹു പറഞ്ഞിട്ടുണ്ട്

﴿فَٱتَّقُوا۟ ٱللَّهَ مَا ٱسْتَطَعْتُمْ﴾ [التغابن: ١٦]

(നിങ്ങൾ കഴിവനുസരിച്ചു അല്ലാഹുവിനെ സൂക്ഷിക്കുക) തഗാബുൻ: 16)

ഒരു ഹദീസിലും ഇക്കാര്യം പരാമർശിച്ചിട്ടുണ്ട്. അവിടുന്ന് പറഞ്ഞു. (ഞാൻ ഒരു കാര്യം ചെയ്യാൻ നിങ്ങളോട് നിർദ്ദേശിച്ചാൽ കഴിവനുസരിച്ച് നിങ്ങൾ അത് പ്രാർവർത്തികമാക്കുവീൻ)

നമസ്കാര സമയം അവസാനിക്കുന്നതിന്നു മുമ്പ് ഒരു പക്ഷേ വിമാനം വിമാനത്താവളത്തിൽ ഇറങ്ങിയേക്കാമെങ്കിലും സമയമായ നമസ്കാരം അതോടു കൂടി നിർബന്ധമാവുമെന്നതിനാൽ വിമാനത്തിൽ വെച്ചു തന്നെ നിർവ്വഹിക്കാമെന്നാണ് പണ്ഡിതന്മാർ പറയുന്നത്.

**122** ഉറക്കെ ഓതേണ്ട ഒരു നമസ്കാരം വല്ല കാരണത്താലും നഷ്ടപ്പെട്ടു കഴിഞ്ഞാൽ പിന്നീടു ഓർമ്മ വരുമ്പോൾ അതു നിർവ്വഹിക്കുന്നവർ അപ്പോൾ പതുക്കെ ഓതാറുണ്ട്. അങ്ങനെയാണ് ചെയ്യേണ്ടതെന്ന് അവർ കരുതുകയും ചെയ്യുന്നു. എന്നാൽ അത് ശരിയല്ല. മറിച്ച് ഉറക്കം, മറവി പോലുള്ള കാരണത്താൽ ഉറക്കെ ഓതേണ്ട ഏതെങ്കിലും നമസ്കാരം നഷ്ടപ്പെടുന്നവർ, പകലിൽ തന്നെയാണ് ആ നമസ്കാരം വീണ്ടെടുക്കുന്നതെങ്കിലും ഉറക്കെ തന്നെയാണ് ഖുർആൻ പാരായണം ചെയ്യേണ്ടത്. അപ്രകാരം തന്നെയാണ് പകലിൽ ചെയ്യേണ്ട നമസ്കാരം രാത്രിയിൽ നിർവ്വഹിക്കുന്നുവെങ്കിൽ അപ്പോൾ അതിൽ പതുക്കെ തന്നെ ആയിരിക്കണം പാരായണം ചെയ്യേണ്ടത്. ഒരു ഹദീസു കാണുക. (ആരെങ്കിലും ഒരു നമസ്കാരം നിർവ്വഹിക്കുന്നതിനെ തൊട്ട് മറന്നുപോയാൽ ഓർമ്മവന്ന ഉടനെ തന്നെ അത് നിർവ്വഹിക്കലല്ലാതെ അതിന്ന് മറ്റ് പരിഹാരമില്ല.)

**123** നമസ്കാരത്തിന് വേണ്ട പരിഗണന നൽകാതെ നിസാര ഭാവത്തോടെ അതിന്റെ സമയത്തു നിന്ന് പിന്തിപ്പിക്കുകയും, സമയം കഴിഞ്ഞ ശേഷം അത് നിർവ്വഹിച്ചാൽ തന്നെ കുറ്റത്തിൽ നിന്ന് രക്ഷപ്പെടുമെന്ന് കരുതുകയും ചെയ്യുന്നു. ഇത് അജ്ഞതയും മഹാതെറ്റുമത്രെ.

ശൈഖ് ഉസൈമീൻ (ﷺ) പറയുന്നത് കാണുക. (മതപരമായ കാരണങ്ങളില്ലാതെ നമസ്കാരത്തെ അതിന്റെ സമയത്തെ തൊട്ടു വല്ലവനും പിന്തിപ്പിക്കുന്നുവെങ്കിൽ അവന്റെ നമസ്കാരം സ്വീകരിക്കപ്പെടുകയില്ല. സുബ്ഹി നമസ്കാരത്തെ ബോധപൂർവ്വം സൂര്യോദയം വരെ ആരെങ്കിലും പിന്തിപ്പിക്കുകയും സൂര്യോദയ ശേഷം അത് നിർവ്വഹിക്കുകയും ചെയ്താൽ അത് സ്വീകരിക്കപ്പെടുകയില്ല. പിന്നീട് അയാൾ അത് നമസ്കരിക്കേണ്ടതുമില്ല. കാരണം

അത് പ്രയോജനകരമല്ല തന്നെ. അയാൾ അല്ലാഹുവിനോട് പശ്ചാതപിക്കേണ്ടതാണ്. അത് കഴിഞ്ഞ പാപങ്ങൾ മായ്ക്ക പ്പെടുന്നതാകുന്നു. ഇതേ വീക്ഷണമാണ് ഇബ്നു തൈമിയ്യ (ﷺ)ക്കുമുള്ളത്. മതപരമായ കാരണങ്ങളില്ലാതെ ബോധ പൂർവ്വം സമയത്തിൽ നിന്ന് പിന്തിപ്പിച്ച നമസ്കാരം ആയിരം പ്രാവശ്യം ആവർത്തിച്ചാലും അത് സ്വീകാര്യമല്ല.) (ഫതാവാ ഉസൈമീൻ ഔഫിൽ ഹറമിൽ മക്കി പേ 37,38)

**124** പള്ളികൾ അടുത്തുണ്ടായിരിക്കെ ഓഫീസുകളിൽ വെച്ച് നമസ്കരിക്കൽ.

ഈ വിഷയത്തെ കുറിച്ച് പണ്ഡിതസഭയിലേക്ക് വന്ന ചോദ്യവും അതിന്ന് അവർ നൽകിയ ഫത്വയും കാണുക.

**ചോദ്യം–** ളുഹർ നമസ്കാരത്തിന്റെ സമയമായാൽ ചില ഓഫീസുകളിലെ ഉദ്യോഗസ്ഥർ അവരിൽ കൂടുതൽ നന്നായി ഓതാൻ അറിയുകയും നല്ലതായറിയപ്പെടുകയും ചെയ്യുന്ന ഒരാളെ ഇമാമായി നിശ്ചയിക്കുകയും, ഇഖാമത്ത് കൊടുത്ത് നമസ്കാരം സംഘമായി നിർവ്വഹിക്കുകയും ചെയ്യാറുണ്ട്. ഓഫീസ് കാര്യങ്ങൾ പൂർത്തിയാക്കാ നെത്തിയ മറ്റു ജനങ്ങളും ഈ നമസ്കാരത്തിൽ പങ്കെടു ക്കുന്നു. പള്ളി അടുത്തുതന്നെ ഉണ്ടെങ്കിലും ഇപ്രകാരം ചെയ്യുന്നതാണ് സൗകര്യമെന്ന് അവർ കരുതുകയും ചെയ്യുന്നു. ജമാഅത്ത് നമസ്കാരം നഷ്ടപ്പെടുന്ന പലരും ഇപ്രകാരം പ്രവർത്തിക്കാറുണ്ട്. ഇങ്ങനെ ചെയ്യുമ്പോൾ സംഘടിത രൂപത്തിലാണ് എല്ലാവരും നമസ്കരിക്കുന്ന തും ഇതിന്റെ വിധയെന്ത് ?

**ഉത്തരം–** പള്ളി ഓഫീസുകൾക്ക് സമീപത്ത് തന്നെ ഉണ്ടാ യിരിക്കെ ചോദ്യത്തിൽ പറഞ്ഞ രൂപത്തിൽ നമസ്കരി ക്കൽ ശരിയല്ല എന്നാണ് തെളിവുകളിൽ നിന്നും മനസിലാ വുന്നത്. സംഘടിത നമസ്കാരങ്ങൾ പള്ളികളിൽ വെച്ചു നിർവ്വഹിക്കേണ്ടതിന്റെ അനിവാര്യതയെ കുറിച്ചും, അതിൽ

നിന്ന് പിന്തുന്നതിനെ സംബന്ധിച്ചു വന്ന താക്കീതുകളുള്ള ഹദീസുകളും അക്കാര്യം നമ്മെ പഠിപ്പിക്കുന്നതും അതു തന്നെയാണ്.ഓഫീസുകളിൽ വെച്ചുള്ള സംഘ നമസ്കാരം കൊണ്ട് ജോലി സംബന്ധമായ ധാരാളം നേട്ടങ്ങളുണ്ടെന്നത് ശരിയാണ്. എന്നാൽ അത് മതപരമായ ഒരു കാരണമായി പരിഗണിക്കാൻ പറ്റുന്ന കാര്യമല്ല. (ഫത്‌വാ നമ്പർ 3383–11–1–1401–)

**125** യാത്രയിലല്ലാത്ത സന്ദർഭങ്ങളിൽ മാത്രമേ സംഘടിത നമസ്കാരം നിർബന്ധമുള്ളൂ എന്നും യാത്രയിൽ സംഘടിത നമസ്കാരം നിർബന്ധമില്ലെന്നും വിശ്വസിക്കൽ.

ശൈഖ് മുഹമ്മദ് ബ്നു ഇബ്റാഹീം ഈ വിഷയത്തെ കുറിച്ചു പറഞ്ഞത് കാണുക. സംഘടിത നമസ്കാരം എന്നത് യാത്രയുമായി ബന്ധപ്പെട്ട ഒരു കാര്യമേയല്ല. യാത്രയിലും അല്ലാത്തപ്പോഴും നമസ്കാരം സംഘടിതമായി തന്നെയാണ് നിർവ്വഹിക്കേണ്ടത്. നബി (ﷺ) യാത്രയിലും അല്ലാത്തപ്പോഴും ഒരിക്കലും ഈ വ്യത്യാസം കാണിച്ചിട്ടുമില്ല. അപ്രകാരം തന്നെ സംഘടിത നമസ്കാരത്തെ കുറിച്ചു പരാമർശിക്കുന്ന തെളിവുകളിലൊരിടത്തും ആ വ്യത്യാസം നമുക്ക് കാണാൻ സാധ്യമല്ല. സഹാബികൾ രണ്ടാളുകളെങ്കിലും ഒരുമിച്ചു യാത്ര ചെയ്യുകയാണെങ്കിൽ അവർ സംഘടിതമായിട്ടില്ലാതെ ഒരാൾ മറ്റൊരാളെ തനിച്ചാക്കിയോ, സംഘത്തിൽ നിന്ന് ഒറ്റപ്പെട്ടു കൊണ്ടോ നമസ്കരിച്ചിരുന്നുമില്ല.

അപ്രകാരം തന്നെ യാത്രക്കാരനെ സംബന്ധിച്ചിടത്തോളം അയാൾക്ക് രണ്ട് റക്അത്തായി (ഖസ്റായി) നമസ്കരിക്കാവുന്നതാണെങ്കിലും നമസ്കാരം നിർവ്വഹിക്കാനായി ഒരു പള്ളിയിൽ പോവുകയും അവിടെ നമസ്കാരം സംഘമായി നിർവ്വഹിക്കപ്പെടുകയും ചെയ്യുന്നുവെങ്കിൽ ആ ജമാഅത്തിൽ നിന്നും വിട്ട് നിൽക്കാതെ അവരോടൊ

ന്നിച്ചു നമസ്കരിക്കുകയാണ് വേണ്ടത്.അല്ലാതെ തനിച്ചു രണ്ടു റക്അത്ത് നമസ്കരിക്കലല്ല സുന്നത്ത്. കാരണം ഫറളായ കാര്യത്തിനാണ് സുന്നത്തിനേക്കാൾ മുൻതൂക്കം കൊടുക്കേണ്ടത്. സംഘടിത നമസ്കാരം എന്നത് യാത്രയിലും അല്ലാത്തപ്പോഴുമെല്ലാം നിർബന്ധവുമാണ്. അതിനാൽ പള്ളിയിലെ ജമാഅത്തിൽ അയാൾ പങ്കെടുക്കുകയാണ് ചെയ്യേണ്ടത്.

**126** ഭാര്യ ഭർത്താക്കൻമാരിൽ ഒരാൾ നമസ്കാരം പാടെ ഉപേക്ഷിക്കുകയും കാരണമില്ലാതെ തന്നെ അത് തുടരുകയും നമസ്കാരത്തെ കുറിച്ചു അശ്രദ്ധ കാണിക്കുകയും ചെയ്യുന്നു.

ശൈഖ് ഇബ്നു ബാസ് (ﷺ) ഇതിനെ കുറിച്ച് പറഞ്ഞത് ഇപ്രകാരമായിരുന്നു. നമസ്കാരത്തിന്റെ നിർബന്ധത്തെ അംഗീകരിച്ചു കൊണ്ടാണ് മനഃപൂർവ്വം നമസ്കാരം ഉപേക്ഷിക്കുന്നതെങ്കിൽ സത്യനിഷേധിയാകുമെന്നാണ് പണ്ഡിതന്മാരുടെ രണ്ടിലൊരു അഭിപ്രായം. എന്നാൽ അതിന്റെ നിർബന്ധത്തെ നിഷേധിച്ചു കൊണ്ടാണ് അത് നിഷേധിക്കുന്നതെങ്കിൽ അവൻ സാക്ഷാൽ സത്യനിഷേധി തന്നെ എന്നതിൽ പണ്ഡിതന്മാർ ഏകോപിച്ചിരിക്കുന്നു. നബി (ﷺ) യുടെ ഹദീസുകളും അതാണ് പറയുന്നത്. അവിടുന്ന് പറഞ്ഞു.

«رأس الأمر الإسلام وعموده الصلاة وذروة سنامه الجهاد سبيل الله».

(ഇസ്ലാമിന്റെ ശിരസ് നമസ്കാരമാകുന്നു. അതിന്റെ സ്തംഭമാണു നമസ്കാരം. ഇസ്ലാമിന്റെ പൂഞ്ഞയാണ് അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള ധർമ്മസമരം) അഹ്മദ്, തിർമുദി.

മറ്റൊരു ഹദീസിൽ (العهد الذي بيننا وبينهم الصلاة فمن تركها فقد كفر) (നമുക്കും അവർക്കുമിടയിലുള്ള ഉടമ്പടി നമസ്കാരമാണ് ആരെങ്കിലും അത് ഉപേക്ഷിച്ചാൽ അവൻ സത്യനിഷേധിയായി.) അഹ്മദ്

നിശ്ചയം നമസ്കാരത്തിന്റെ നിർബന്ധത്തെ നിഷേധിക്കുന്നവൻ അല്ലാഹുവിനേയും അവന്റെ ദൂതനെയും ഇജ്മാമഇനെ(പണ്ഡി തന്മാരുടെ ഏകോപിച്ച അഭിപ്രായ)ത്തെയും എല്ലാം നിഷേധിക്കുകയാണ് ചെയ്യുന്നത്. അതിനാൽതന്നെ നമസ്കാരത്തിന്റെ കാര്യത്തിൽ അശ്രദ്ധ കാണിക്കുന്നവനേക്കാൾ മഹാകുറ്റവും പാപവുമാണ് അയാൾ ചെയ്യുന്നത്. അതിനാൽ തന്നെ കൈകാര്യകർത്താക്കൾ അത്തരം ആളുകളോട് പശ്ചാതപിച്ചു മടങ്ങാൻ ആവശ്യപ്പെടണം. അതിന്നയാൾ സന്നദ്ധമാകാതിരിക്കുന്നുവെങ്കിൽ അയാളെ വധിക്കേണ്ടതാണ് എന്നാണ് തെളിവുകൾ സൂചിപ്പിക്കുന്നത്. ബോധപൂർവ്വം നമസ്കാരം ഉപേക്ഷിക്കുന്നവരുമായി ബന്ധം സ്ഥാപിക്കാതിരിക്കലും അവർക്ക് ഉത്തരം ചെയ്യാതിരിക്കലും നിർബന്ധമാണ്. സത്യത്തിലേക്ക് അയാളെ തിരിച്ചു കൊണ്ടുവരാൻ ഉപദേശിക്കലും, പശ്ചാതപിക്കുവാൻ ആവശ്യപ്പെടലും അനിവാര്യമാണ്. അതിനൊന്നും സന്നദ്ധമാകാതിരിക്കുന്നുവെങ്കിൽ ഉണ്ടായേക്കാവുന്ന ശിക്ഷയെ കുറിച്ചു മുന്നറിയിപ്പു നൽകുകയും ചെയ്തിരിക്കണം. പരലോകത്തുള്ള ശിക്ഷയെകുറിച്ച് ബോധ്യപ്പെടുത്തുകയും പശ്ചാതപിക്കുന്നുവെങ്കിൽ അല്ലാഹു അത് സ്വീകരിക്കുമെന്ന് ഉണർത്തുകയും ചെയ്തിരിക്കണം. (കിതാബുദ്ദഅവ പേജ് 93)

**127** (അസ്വലാത്ത് ഖൈറുൻ മിനന്നൗം) എന്ന് സുബ ഹിന്റെ ബാങ്കിൽ പറയുമ്പോൾ കേൾക്കുന്നവർ (സ്വദഖ്ത വബരിർത്ത) എന്നുപറയൽ.

നബി(ﷺ)യുടെ സുന്നത്ത് ബാങ്ക് കൊടുക്കുന്നവർ പറയുന്നത് പോലെ തന്നെ കേൾക്കുന്നവരും പറയണം എന്നാണ്. എന്നാൽ (حي على الصلاة؛ حي على الفلاح) എന്നീ വചനങ്ങൾ കേൾക്കുമ്പോൾ ലാ ഹൗ ല വലാ ഖുവ്വത്ത ഇല്ലാബില്ലാഹ് എന്നാണ് പറയേണ്ടത് എന്നും സ്ഥിരപ്പെട്ടു വന്നിട്ടുണ്ട്. മറ്റൊന്നും തന്നെ ശരിയായി റിപ്പോർട്ടു ചെയ്യ

പ്പെടാതിരിക്കുന്നതിനാൽ (അസ്വലാത്തു ഖൈറുൻ മിന ന്നൗം) എന്നു പറയുമ്പോഴും അത് കേൾക്കുന്നവർ അങ്ങനെ തന്നെ പറയുന്നതാണ് ഏറ്റവും ശരിയായ രീതി.

**128** ചിലർ ഇഖാമത്ത് കേട്ട് നമസ്കരിക്കാനായി നിന്നാൽ (قائمين لله طائعين) (അനുസരണ സജ്ജരായി അല്ലാഹുവി ന്നായി എഴുന്നേൽക്കുന്നു) എന്നു പറയാറുണ്ട്. ഇത് സുന്ന ത്തിൽ സ്ഥിരപ്പെടാത്തതും ഉപേക്ഷിക്കേണ്ടതുമാണ്. അതു പോലെ ഇഖാമത്തിനെ കുറിച്ചും നബി (ﷺ) ബാങ്ക് എന്ന് പ്രയോഗിച്ചതിനാൽ, ഇഖാമത്ത് കേൾക്കുന്നവരും ബാങ്ക് കേൾക്കുന്നവർ പറയുന്ന പോലെ പറയുകയും അവസാനം പ്രാർത്ഥിക്കുകയും ചെയ്യുക എന്നതാണ് സുന്നത്തിനോട് ഏറ്റവും യോജിക്കുന്നത്. അവിടുന്ന് പറ ഞ്ഞു. എല്ലാ രണ്ട് ബാങ്കിനും ഇടയിൽ ഒരു നമസ്കാരമു ണ്ട്.

**129** ബാങ്കിന്റെ ശബ്ദം ആദ്യമായി കേൾക്കുന്നവർ (حي الله ذكر الله) എന്നു പറയാറുണ്ട്. ഇത് സുന്നത്തിന് എതി രാണ്. ബാങ്ക് കേൾക്കുന്നവർ രണ്ട് (حي على الصلاة حي على الفلاح) എന്നതുകളിലൊഴികെ മറ്റെല്ലാ സന്ദർഭങ്ങളിലും അതേപോലെ തന്നെ പറയേണ്ടതും അവസാനം പ്രാർത്ഥി ക്കേണ്ടതുമാണ്.

**130** ചിലർ ബാങ്ക് കൊടുക്കുമ്പോൾ രണ്ട് ഹയ്യ അലകൾ ക്കു ശേഷം (حي على خير العمل، حي على خير العمل) എന്ന് രണ്ട് പ്രാവശ്യം പറയുന്നതായി കേൾക്കാറുണ്ട്. ഇത് സുന്നത്തു കൾക്ക് എതിരും തെളിവുകളില്ലാത്ത ബിദ്അത്തുമാകുന്നു.

ഇമാം ബൈഹഖി ഇതിനെ കുറിച്ചു പറഞ്ഞത് നബി (ﷺ) ബിലാലിനും, അബൂ മഹ്ദൂറത്തിനും ബാങ്ക് പഠിപ്പിച്ച പ്പോൾ ഇത് പഠിപ്പിച്ചിട്ടില്ലെന്നും അതിനാൽ തന്നെ ഒഴിവാ ക്കേണ്ട പുതിയ ആചാരണമാണെന്നുമാണ്. (സുന്നനു ബൈഹഖി അൽകുബ്റ 1–425)

131 ചിലർ ഇഖാമത്തിനിടയിലായി.(അല്ലാഹുവേ നിന്റെ മുമ്പിൽ നേരെ നിൽക്കാൻ നീ സഹായിക്കണെ) എന്നു പറയാറുണ്ട്. അതിനുസാധിക്കാത്തവർ തക്ബീറത്തുൽ ഇഹ്റാം ചൊല്ലുന്നതിന് മുമ്പായി അപ്രകാരം പറയുന്നു. എന്നാൽ ഇത് സുന്നത്തിന് എതിരാവുന്നു. ബാങ്കിനും, ഇഖാമത്തിനും ചൊല്ലേണ്ട പ്രാർത്ഥനകൾ അല്ലാതെ മറ്റൊന്നും നബി (ﷺ) സുന്നത്താക്കി പഠിപ്പിച്ചിട്ടില്ല.

132 ബാങ്കിനു ശേഷം: «اللهم رب هذه الدعوة التامة والصلاة القائمة آت محمدا الوسيلة والفضيلة وابعثه مقاما محمودا الذي وعدته». എന്ന പ്രാർത്ഥന ചൊല്ലൽ സുന്നത്താണ്. കാരണം, അങ്ങനെ പറയുന്നവർക്ക് അന്ത്യനാളിൽ നബി(ﷺ)യുടെ ശഫാഅത്ത് ലഭിക്കുമെന്ന് നബി (ﷺ) പറഞ്ഞിട്ടുണ്ട്. എന്നാൽ ചിലർ ഈ പ്രാർത്ഥനയിൽ. (آت سيدنا محمد) (ബൈഹഖി ഉദ്ധരിച്ച ഒറ്റപ്പെട്ട ഈ രൂപം –ഇർവ്വാഉൽ ഗലീൽ–1–261)

ഇപ്രകാരം (آت محمد) നിന്നും അധികമുള്ള വാചകം ഹദീസുകളിൽ സ്ഥിരപ്പെടാത്തതാകുന്നു. അപ്രകാരം തന്നെ (والدرجة العالية الرفيع) എന്നും കൂടുതലായി ചൊല്ലുന്നത് ഹദീസുകൾക്ക് എതിരാകുന്നു. ഇതെല്ലാം ബിദ്അത്തും സ്ഥിരപ്പെട്ട സുന്നത്തുകൾക്ക് എതിരുമാകുന്നു. ചിലപ്പോൾ പ്രാർത്ഥനയുടെ അവസാനം (إنك لا تخلف الميعاد) എന്നും കൂട്ടിച്ചേർക്കുന്നു. ഇത്തരം സ്ഥിരപ്പെടാത്ത പ്രാർത്ഥനാ വചനങ്ങൾ മറ്റു പ്രാർത്ഥനകളോടൊപ്പം ചൊല്ലുന്നത് ശരിയല്ല. വർജ്ജിക്കേണ്ടതാണ്.

133 ചിലർ ബാങ്ക് കൊടുത്തു കഴിഞ്ഞാലുള്ള പ്രാർത്ഥനക്ക് ശേഷമായി ഉച്ചഭാഷിണിയിലൂടെ (صلوا هداكم الله) എന്ന് പറയുന്നു. ഇതിനെ കുറിച്ച് ഫത്വാ ബോഡ് നൽകിയ ഫത്വ കാണുക.

ബാങ്കു കൊടുക്കുന്നവർ അതിന് ശേഷം മറ്റെന്തെങ്കിലും കൂട്ടിച്ചേർക്കാതെ കേവലം ബാങ്കിന്റെ പദങ്ങളിൽ മാത്രം അവ പരിമിതപ്പെടുത്തുക എന്നത് നിർബന്ധമാണ്. അതിൽ വർദ്ധിപ്പിക്കുന്നത് ബിദ്അത്തിലേക്ക് വഴി വെക്കുമെന്നതിനാൽ ഉപേക്ഷിക്കുന്നത് തന്നെ യാണ് ഉത്തമം. (മജല്ലത്തുൽ ബുഹൂസുൽ -17-57,58,)

**134** ഇഖാമത്തിന്റെ അവസാനം ചിലർ (حقا لا إله إلا الله) എന്നു പറയുന്നു. എന്നാൽ ഇത് വെടിയേണ്ടതാണ്. സുന്നത്തിലുള്ളത് ബാങ്കായിരുന്നാലും ഇഖാമത്തായിരുന്നാലും അതിന് ശേഷം അറിയപ്പെട്ട ആ പ്രാർത്ഥന ചൊല്ലലാകുന്നു. അതിപ്രകാരമാണ് «اللهم رب هذه الدعوة التامة والصلاة القائمة آت محمدا الوسيلة والفضيلة وابعثه مقاما محمودا الذي وعدته» ഈ വിഷയത്തെ കുറിച്ച് ഫത്വാ ബോർഡ് നൽകിയ മറുപടി കാണുക. ഇഖാമത്ത് കേൾക്കുന്നവർ അയാൾ പറയുന്ന പോലെ തന്നെ പറയേണ്ടതാണ് എന്നും രണ്ട് ഹയ്യ അലാത്തുകളിൽ 'ലാഹൗല വലാ ഖുവ്വത്ത ഇല്ലാ ബില്ലാഹ്' എന്നുമാണു പറയേണ്ടത്.'ഖദ്ഖാമതി സ്വലാ' എന്ന് കേൾക്കുമ്പോഴും അപ്രകാരം തന്നെ പറയേണ്ടതാണ്. അപ്പോൾ ചിലർ '**അഖാമഹല്ലാഹു വ അദാമഹാ**' എന്നു പറയുന്നത് ശരിയല്ല. പ്രസ്തുത ഹദീസു ദുർബലമാണ്. എന്നാൽ ബാങ്ക് കേട്ടാൽ നിങ്ങൾ ബാങ്കുകാരൻ പറയുന്ന പോലെ തന്നെ പറയുക എന്ന ഹദീസിന്റെ അടിസ്ഥാനത്തിൽ ഇഖാമത്തിന്റെ പദം കേൾക്കുമ്പോൾ അതു തന്നെയാണ് പറയേണ്ടത് എന്നാണ് പണ്ഡിതന്മാരുടെ വീക്ഷണം. കാരണം ഇഖാമത്തിനും നബി (ﷺ) ബാങ്ക് എന്ന് പ്രയോഗിച്ചതായി കാണാം. ബാങ്കിനു ശേഷം നബി(ﷺ)ക്ക് സ്വലാത്ത് ചൊല്ലുകയും ബാങ്കിനു ശേഷമുള്ള പ്രാർത്ഥന ചൊല്ലുകയും വേണം. അതല്ലാതെ മറ്റെന്തെങ്കിലും ദിക്റുകൾ ചൊല്ലി എന്നതിനു തെളിവുകൾ കാണാം സാധ്യമല്ല.

**135** നമസ്കാരത്തിലെ പ്രാർത്ഥനകളിൽ ചില സന്ദർഭങ്ങ

ളിൽ ശബ്ദം ഉയർത്തുകയും മറ്റു ചിലപ്പോൾ കുറക്കുകയും ചെയ്യൽ.

ഇത് സുന്നത്തിനോടു യോജിക്കുന്നതല്ല. മറിച്ച് പ്രാർത്ഥനയുടെ മര്യാദയായി അല്ലാഹു പറയുന്നു.

﴿ٱدۡعُواْ رَبَّكُمۡ تَضَرُّعٗا وَخُفۡيَةًۚ إِنَّهُۥ لَا يُحِبُّ ٱلۡمُعۡتَدِينَ﴾ [الأعراف: ٥٥]

(നിങ്ങളുടെ രക്ഷിതാവിനോട് നിങ്ങൾ വിനയാന്വിതരായും താഴ്മയോടു കൂടി പ്രാർത്ഥിക്കുക. നിശ്ചയം അതിര് കടക്കുന്നവരെ അവൻ ഇഷ്ടപ്പെടുകയില്ല.) (അഹ്റാഫ് : 55)

ഈ വിഷയത്തിന്റെ വ്യാഖ്യാനത്തിൽ ഇബ്നു കസീർ (ﷺ) പറയുന്നു. ജുറൈജ് പറഞ്ഞിരിക്കുന്നു. പ്രാർത്ഥനകളിൽ ശബ്ദം ഉയർത്തലും അട്ടഹസിക്കലും, ഉച്ചത്തിൽ വിളിക്കലുമെല്ലാം പാടില്ല എന്ന് ഈ വചനം പഠിപ്പിക്കുന്നു. എന്നാൽ വിനയത്തോടും താഴ്മയോടും കൂടിയായിരിക്കണം പ്രാർത്ഥിക്കേണ്ടത് എന്ന് ഉണർത്തുകയും ചെയ്യുന്നു. ഈ വചനത്തിൽ (അതിര് കവിയുന്നവരെ) എന്ന് പറഞ്ഞത് പ്രാർത്ഥനയെ സൂചിപ്പിച്ചു മാത്രമാണ് എന്ന് അത്വാഉൽ ഖുറാസിനിയും പറഞ്ഞിട്ടുണ്ട്. (തഫ്സീർ ഇബ്നു കസീർ .2-239)

അബൂമൂസൽ അശ്അരി (رضي الله عنه) പറയുന്നു. ഞങ്ങൾ നബി (ﷺ) യോടൊപ്പം ഒരു യാത്രലായിരുന്നു.അങ്ങനെ കുന്നുകൾ കയറുമ്പോഴും ഇറങ്ങുമ്പോഴും ഞങ്ങൾ ഉറക്കെ തക്ബീറുകളും, തഹ്‌ലീലുകളും ചൊല്ലികൊണ്ടിരിന്നു. അപ്പോൾ നബി (ﷺ) ഞങ്ങളോട് പറഞ്ഞു.

«يا أيها الناس اربعوا على أنفسكم فإنكم لا تدعون أصم ولا غائبا إنه معكم سميع قريب».

(മനുഷ്യരേ, നിങ്ങൾ നിയന്ത്രണം പാലിക്കുക, നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുന്നവൻ ബധിരനോ, മൂകനോ അല്ല. അവൻ മറഞ്ഞവനല്ല, മറിച്ച് നിങ്ങളുടെ സമീപസ്ഥനാ

കുന്നു.നിങ്ങളോടൊപ്പമുള്ളവൻ എല്ലാം കേൾക്കുന്നവനാകുന്നു.) ബുഖാരി

ഈ സംഭവത്തെ കുറിച്ചു ഹാഫിള് ഇബ്നു ഹജറുൽ അസ്ഖലാനി പറയുന്നു. ത്വബ്രി പറഞ്ഞിട്ടുണ്ട്. (പ്രാർത്ഥിക്കുമ്പോഴും ദിക്റു ചൊല്ലുമ്പോഴും ശബ്ദം ഉയർത്തൽ കറാഹത്താകുന്നു. ഈ അഭിപ്രായമാണ് പൂർവ്വീക മഹാത്തുക്കളായ സ്വഹാബികൾക്കും താബിഉകൾക്കുമുള്ളത്. 6-135)

**136** രാത്രി നമസ്കാരത്തിലെ പ്രാർത്ഥനകളിൽ ചില ഇമാമുമാർ സ്വന്തത്തിന് വേണ്ടി പ്രത്യേകം വ്യക്തമായോ, വ്യംഗ്യമായോ പ്രാർത്ഥിക്കുന്നു. ചില പ്രാർത്ഥനകളിൽ മറ്റുള്ളവരെ ഉൾപെടുത്താതിരിക്കുകയും ചെയ്യാറുണ്ട്. ഇതിനെ കുറിച്ച് ഇമാം ബഗവി(ﷺ) പറയുന്നത് കാണുക. ഇമാമായി പ്രാർത്ഥിക്കുന്നവർ പ്രാർത്ഥന വചനങ്ങളിൽ ബഹു വചനത്തിന്റെ പദങ്ങളായിരിക്കണം പ്രയോഗിക്കേണ്ടത്. ഉദാഹരണത്തിന് (അല്ലാഹുവേ, **ഞങ്ങളെ** സന്മാർഗ്ഗത്തിലാക്കണേ, **ഞങ്ങൾക്ക്** സൗഖ്യമേകണേ, **ഞങ്ങളുടെ** കാര്യം ഏറ്റെടുക്കണേ, **ഞങ്ങൾക്ക്** അനുഗ്രഹം നൽകണേ, **ഞങ്ങൾക്ക്** രക്ഷയേകണേ.)

പ്രാർത്ഥനക്ക് നേതൃത്വം കൊടുക്കുന്നവർ സ്വന്തത്തിനായി പ്രത്യേകം പ്രാർത്ഥിക്കുവാൻ പാടില്ല. (ശർഹുസുന്ന-3-129)

ഇബ്നു ബാസ്(ﷺ) പറയുന്നു. ബഹുമാനത്തിന്റെ പദപ്രയോഗങ്ങൾ പറഞ്ഞു കൊണ്ടായിരിക്കണം അയാൾ പ്രാർത്ഥിക്കേണ്ടത്. അപ്പോൾ അതിൽ ഇമാമും മഅ്മൂമുമെല്ലാം ഉൾപ്പെടും. (രിസാലത്തു സ്വലാത്തു ത്തറാവീഹ്-41)

## 137 ചില ഇമാമുമാർ രാത്രി നമസ്കാരങ്ങളിലെ പ്രാർത്ഥനകളിൽ അമിതമായി ദീർഘിപ്പിക്കൽ.

ഇത് നമസ്കാരം ഭാരമുള്ളതായി തോന്നുവാൻ കാരണമാകും അതോടൊപ്പം ആളുകൾക്ക് പ്രയാസമാവുകയും

പിന്നിൽ നിന്ന് നമസ്കരിക്കുന്നവരുടെ അവസ്ഥകൾ ഇമാം പരിഗണിക്കണമെന്ന് നബി (ﷺ) നിർദ്ദേശിച്ചിട്ടുണ്ട്. അവിടുന്നു പറഞ്ഞു.

(നിങ്ങൾ ജനങ്ങൾക്ക് ഇമാമായി നിന്നു നമസ്കരിക്കുമ്പോൾ നിങ്ങൾ ലഘുവായി അത് നിർവ്വഹിക്കണം. കാരണം അവരിൽ ദുർബലന്മാരും, രോഗികളും പ്രായം ചെന്നവരും ഉണ്ടായേക്കാം. എന്നാൽ നിങ്ങൾ തനിച്ചാണ് നമസ്കരിക്കുന്നങ്കിൽ ഉദ്ദേശിച്ചത്ര ദീർഘിപ്പിക്കുകയും ചെയ്യാം. (ബുഖാരി, മുസ്ലിം)

«إذا صلى أحدكم للناس فليخفف فإن فيهم الضعيف والسقيم والكبير وإذا صلى لنفسه فليطول ما شاء».

മറ്റൊരു ഹദീസിൽ കാണാം.

«إني لأدخل في الصلاة وأنا أريد إطالتها فأسمع بكاء الصبي فأتجوز في صلاتي مما أعلم من شدة وجد أمه من بكائه». رواه البخاري.

(ഞാൻ നമസ്കരിക്കുമ്പോൾ ചില സന്ദർഭങ്ങളിൽ സ്വൽപം ദീർഘമായി നമസ്കരിക്കണം എന്നുദ്ദേശിക്കും, എന്നാൽ അതിനിടയിലായി കുട്ടികളുടെ കരച്ചിൽ ഞാൻ കേൾക്കാൻ ഇടവരും. അത് ആ കുട്ടിയുടെ മാതാവിന് പ്രയാസമാക്കുമെന്ന് മനസിലാക്കി ഞാൻ നമസ്കാരം ലഘുവാക്കും) ബുഖാരി, മുസ്ലിം

ഇവിടെ ലഘുവാക്കുക എന്നതിന്റെ മാനദണ്ഡം നബി(ﷺ)യുടെ നമസ്കാരമായിരിക്കണം. അദ്ദേഹം നമസ്കാരം അതിന്റേതായ രൂപങ്ങളിൽ പൂർണ്ണമായിട്ടായിരുന്നു നിർവ്വഹിച്ചിരുന്നത്. ഇമാം ബഗവി തന്നെ പറയുന്നു. അമിതമായ രൂപത്തിൽ ഖുനൂത്ത് ദീർഘിപ്പിക്കൽ കറാഹത്താകുന്നു) (മദ്മൂഅ്-3-441)

**138** ചിലർ പ്രാർത്ഥനകൾക്ക് ശേഷം കൈകൾ കൂട്ടിപ്പിടിച്ചു അത് കൊണ്ട് മുഖം തടവുന്നതായി കാണാറുണ്ട്. ഇത്

തെളിവുകൾ കൊണ്ട് സ്ഥിരപ്പെടേണ്ടതാകുന്നു. എന്നാൽ നബി(ﷺ)ൽ നിന്ന് വ്യക്തമായ ഒന്നും ഈ വിഷയത്തിൽ ഉദ്ധരിക്കുന്നില്ല.

ഇതുമായി ബന്ധപ്പെട്ട് ഇബ്നു തൈമിയ്യ (رحمه الله) പറയുന്നത് കാണുക. പ്രാർത്ഥനക്ക് നബി (ﷺ) കൈകൾ ഉയർത്തി എന്ന് ധാരാളം ഹദീസുകളിൽ വന്നിട്ടുണ്ട്. എന്നാൽ ആ കൈകൾ കൊണ്ട് അവിടുന്ന് മുഖം തടവി എന്നതിന്ന് രേഖ കാണുന്നില്ല. ഒന്നും രണ്ടും ഹദീസുകൾ ഈ കാര്യം പറയുന്ന രൂപത്തിൽ ഉദ്ധരിച്ചിട്ടുണ്ട്. പക്ഷെ അത് തെളിവു പിടിക്കാൻ മാത്രം പ്രബലവുമല്ല.

**139** ചിലർ നമസ്കാര സമയത്ത് റുകൂഇൽ ആയിരിക്കുമ്പോൾ തന്റെ കാൽ പാദങ്ങളിലേക്കും, ഇരിക്കുന്ന സന്ദർഭങ്ങളിൽ തന്റെ മടിയിലേക്കും നോക്കാറുണ്ട്. ഇത് സുന്നത്തിന് എതിരാകുന്നു നമസ്കാരത്തിൽ നബി (ﷺ) സുജൂദിന്റെ സ്ഥാനത്തേക്കായിരുന്നു നോക്കിയിരുന്നത്. എന്നാൽ അത്തഹിയ്യാത്തിന്റെ വേളകളിൽ അവർക്ക് സുജൂദിന്റെ സ്ഥാനത്തേക്കോ, തന്റെ ചുണ്ടുവിരലിലേക്കോ നോക്കാവുന്നതാണ്.

**140** നമസ്കാരത്തിലെ സലാമിന്ന് ശേഷമുള്ള ദിക്റുകളിൽ (وتعاليت) എന്ന പദം കൂടുതലായി വർദ്ധിപ്പിച്ചു ചൊല്ലാറുണ്ട്. എന്നാൽ അത് ഹദീസുകളിൽ സ്ഥിരപ്പെടാത്ത കാര്യമാണ്. മറിച്ച് (تباركت ياذا الجلال والإكرام) എന്നാണ് പറയേണ്ടത്.

**141** നമസ്കാര ശേഷം ആയത്തുൽ കുർസി ഓതുമ്പോൾ, അതിന് ശേഷമുള്ള രണ്ട് ആയത്തുകൾ കൂടി ഓതുന്നതായി കാണാറുണ്ട്. അപ്രകാരം ചെയ്യലാണ് സുന്നത്ത് എന്നാണവർ വിചാരിക്കുന്നത്. എന്നാൽ ആയത്തുൽ

കുർസി മാത്രമേ നമസ്കാരാനന്തരം ഓതേണ്ടതുള്ളൂ. അതിനോടു ചേർന്നുള്ള ആയത്തുകൾ ഓതാൻ സുന്നത്താക്കപ്പെട്ടിട്ടില്ല. അബൂ ഉമാമത്തുൽ റഹിലി (ﷺ) വിൽ നിന്ന് നിവേദനം ചെയ്യുന്ന ഹദീസിൽ കാണാം അദ്ദേഹം പറഞ്ഞു. നബി (ﷺ) പറഞ്ഞി രിക്കുന്നു.

«من قرأ آية الكرسي في دبر كل صلاة لم يمنعه من دخول الجنة إلا الموت».

(എല്ലാ നമസ്കാര ശേഷവും ആരെങ്കിലും ആയത്തുൽ കുർസി ഓതുന്നുവെങ്കിൽ സ്വർഗ്ഗ പ്രവേശനത്തിന് അയാൾക്ക് മറയായി നിൽക്കുന്നത് മരണം മാത്രമാകുന്നു.) ത്വബ്റാനി, ഇബ്നു ഹിബ്ബാൻ.

**142** ചിലർ നമസ്കാരശേഷം (أستغفر الله) എന്ന് അഞ്ചു പ്രാവശ്യവും പിന്നീട് അതിനോടനുബന്ധിച്ച് (أستغفر الله العظيم الجليل التواب الرحيم) എന്നു കൂടി വർദ്ധിപ്പിച്ചു ചൊല്ലുന്നു. ഇത് അവരുടെ മുഴുവൻ ജീവിതത്തിലും അവർ തുടരുകയും ചെയ്യുന്നു. ഇവരോട് നമുക്ക് പറയാനുള്ളത് ദിക്റുകൾ ചൊല്ലുക എന്ന പതിവ് സ്തുത്യർഹവും പ്രതിഫലാർഹവുമാണ് എന്നാകുന്നു. അത് മനസമാധാനത്തിനു കാരണമാവുകയും ചെയ്യും. കാരണം അല്ലാഹു പറയുന്നു.

﴿ ٱلَّذِينَ ءَامَنُواْ وَتَطْمَئِنُّ قُلُوبُهُم بِذِكْرِ ٱللَّهِ ۗ أَلَا بِذِكْرِ ٱللَّهِ تَطْمَئِنُّ ٱلْقُلُوبُ ﴾ [الرعد: ٢٨]

(സത്യവിശ്വാസികൾ,അവരുടെ മനസുകൾക്ക് ദൈവസ്മരണ കൊണ്ട് ശാന്തതയുണ്ടാവുന്നു. അറിയുക അല്ലാഹുവിനെ കുറിച്ചുള്ള ഓർമ്മ (സ്മരണ) കൊണ്ട് മാത്രമേ മനസുകൾ ശാന്തമാകൂ) റഅ്ദ് :26.

അപ്രകാരം തന്നെ ദൈവസ്മരണ നിലനിർത്താൻ പ്രവാചകൻ (ﷺ) നമ്മോട് നിർദ്ദേശിക്കുകയും ചെയ്തിരിക്കുന്നു. അവിടുന്നു പറഞ്ഞു (لا يزال لسانك رطبا من ذكر الله) (അല്ലാഹുവിനെ കുറിച്ചുള്ള സ്മരണ കൊണ്ട് നിന്റെ നാവ് സദാസമയവും പച്ചപിടിച്ചതാവട്ടെ) അഹ്മദ്, തിർമുദി

എങ്കിൽ തന്നെയും ഏറ്റവും ശ്രേഷ്ഠമായ ദിക്റ് എന്നാൽ നബി(ﷺ)യുടെ മാതൃകയുള്ളതായിരിക്കണം. കാരണം അതാണ് ഖുർആൻ പറയുന്നത്.

﴿ لَّقَدْ كَانَ لَكُمْ فِي رَسُولِ ٱللَّهِ أُسْوَةٌ حَسَنَةٌ لِّمَن كَانَ يَرْجُواْ ٱللَّهَ وَٱلْيَوْمَ ٱلْآخِرَ وَذَكَرَ ٱللَّهَ كَثِيرًا ﴾
[الأحزاب: ٢١]

(തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്. അതായത് അല്ലാഹുവെയും അന്ത്യദിനത്തെയും പ്രതീക്ഷിച്ചു കൊണ്ടിരിക്കുകയും, അല്ലാഹുവെ ധാരാളമായി ഓർമ്മിക്കുകയും ചെയ്യുന്നവർക്ക്) അഹ്സാബ്:21.

ഇതിന്റെ അടിസ്ഥാനത്തിൽ നാം പരിശോധിച്ചാൽ നമസ്കാരങ്ങളിൽ നിന്ന് സലാം വീട്ടിക്കഴിഞ്ഞ ഉടനെ നബി(ﷺ) മൂന്നു പ്രാവശ്യം (أستغفر الله) എന്നു പറയുകയും പിന്നീട് (اللهم أنت السلام ومنك السلام تباركت يا ذا الجلال والإكرام) എന്ന ദിക്ർ ചൊല്ലുകയുമായിരുന്നു ചെയ്യാറുണ്ടായിരുന്നത് എന്ന് കാണാം. ഇമാം ഔസാനിയുടെ റിപ്പോർട്ടനുസരിച്ച് (أستغفر الله، أستغفر الله) എന്നിപ്രകാരവും (മുസ്ലിം) അവിടുന്ന് ദിക്ർ ചൊല്ലാറുണ്ടായിരുന്നു.

**143** സലാം വീട്ടിയ ശേഷം ചൊല്ലുന്ന ദിക്ർ ആയ

«اللهم أنت السلام ومنك السلام تباركت يا ذا الجلال والإكرام».

എന്നതിന് ശേഷം (السلام وإليك يعود) എന്നോ (وإليك السلام) എന്നോ വർദ്ധിപ്പിക്കൽ.

ഈ വിഷയത്തിൽ പണ്ഡിതസഭ നൽകിയ ഫത്വ കാണുക. ആരാധനകളിലും, ദിക്റുകളിലുമെല്ലാം റിപ്പോർട്ടു ചെയ്യപ്പെട്ട അതേ പ്രകാരം തന്നെ നാം സ്വീകരിക്കലാണ് സത്യത്തോടു ഏറ്റവും യോജിക്കുന്നത്. അതിന്റെ രൂപങ്ങളിലും ഭാവങ്ങളിലും മാറ്റമുണ്ടാക്കാനോ വർദ്ധിപ്പിക്കുവാനോ നമുക്കു പാടില്ല. പ്രസ്തുത ദിക്റിന്റെ ശരിയായ

രൂപം ഹദീസുഗ്രന്ഥങ്ങളിൽ റിപ്പോർട്ടു ചെയ്തിട്ടുള്ളത് കാണാം.

«اللهم أنت السلام ومنك السلام تباركت يا ذا الجلال والإكرام».

**144** ചിലർ സുന്നത്തു നമസ്കാരമായാലും ഫറളു നമസ്കാരമായാലും സലാം വീട്ടിക്കഴിഞ്ഞാൽ ഉറക്കെ നബി (ﷺ) യുടെ പേരിൽ സ്വലാത്ത് ചൊല്ലാറുണ്ട്.പ്രത്യേകിച്ച് സുബഹ് നമസ്കാരത്തിൽ ഇത് കാണപ്പെടുന്നു. ഇതിനെ കുറിച്ച് ഫത്വാ സമിതി നൽകിയ ഫത്വാ കാണുക. മതപരമായ ആരാധനകൾ മുഴുവനും അല്ലാഹുവിന്റെ നിർദ്ദേശമനുസരിച്ച് മാത്രമേ ചെയ്യാൻ പാടുള്ളൂ. അല്ലാഹു പറയുന്നു.

﴿أَمْ لَهُمْ شُرَكَـٰٓؤُا۟ شَرَعُوا۟ لَهُم مِّنَ ٱلدِّينِ مَا لَمْ يَأْذَنۢ بِهِ ٱللَّهُ﴾ [المائدة: ٦٠]

(അതല്ല അല്ലാഹു അനുവദിച്ചിട്ടില്ലാത്ത കാര്യം മതമായി അവർക്ക് നിശ്ചയിച്ചു കൊടുത്ത വല്ല പങ്കാളികളും അവർക്കുണ്ടോ?) ശൂറ :21

നബി (ﷺ) പറഞ്ഞു. (നമ്മുടെ ഈ കാര്യത്തിൽ അതിൽ ഇല്ലാത്ത വല്ല കാര്യവും ആരെങ്കിലും പുതുതായി ഉണ്ടാക്കിയാൽ അത് തള്ളപ്പെടേണ്ടതാണ്.) ബുഖാരി, മുസ്ലിം

മറ്റൊരു ഹദീസിൽ (നമ്മുടെ കൽപന ഇല്ലാത്ത ഒരു കാര്യം ആരെങ്കിലും ചെയ്താൽ അത് തള്ളപ്പെടേണ്ടതാണ്) എന്നും കാണാം. നബി (ﷺ) ക്ക് സ്വലാത്തും, സലാമും പറയൽ ഏറ്റവും ശ്രേഷ്ഠമായ ആരാധനതന്നെ, എന്നതിൽ യാതൊരു സംശയവുമില്ല. പക്ഷെ അത് അല്ലാഹുവും, റസൂലും പഠിപ്പിച്ച രൂപത്തിലായിരിക്കണം. മുകളിൽ പറഞ്ഞ പോലുള്ള സ്വലാത്ത് ചൊല്ലാൻ നബി (ﷺ) പഠിപ്പിച്ചിട്ടില്ല. മാത്രമല്ല ഖുലാഫാഉ റാഷിദുകളോ, സ്വഹാബികളോ അങ്ങിനെ പഠിപ്പിച്ചിട്ടില്ല. നമസ്കാരങ്ങൾക്ക്

ശേഷം അങ്ങനെ ഒരു സുന്നത്തുണ്ടായിരുന്നുവെങ്കിൽ അവർതന്നെ അതു പഠിപ്പിക്കുമായിരുന്നു. അതില്ലാത്തതിനാൽ പ്രസ്തുത കാര്യം ബിദ്അത്താണെന്നാണ് നമുക്ക് മനസിലാവുന്നത്. അതിനാൽ തന്നെ അത് ഉപേക്ഷിക്കേണ്ടതാണ്.(മജല്ലത്തുൽ ബുഹൂസുൽ ഇസ്ലാമിയ്യ -17-70)

**145** ചില രോഗികൾ അവർക്ക് വുളൂഅ് ചെയ്യാനും, തയമ്മം ചെയ്യാനും കഴിയാതിരുന്നാൽ നമസ്കാരം ഉപേക്ഷിക്കുന്നു.അവർ വിചാരിക്കുന്നത് അത്തരം സന്ദർഭങ്ങളിൽ നമസ്കരിക്കേണ്ടതില്ല എന്നും സുഖമായ ശേഷം നമസ്കരിക്കാം എന്നുമാണ്. എന്നാൽ ശൈഖ് ഉസൈമീൻ (ﷺ) പറയുന്നത് കാണുക.(ചില രോഗികൾക്ക് വുളൂഅ് ചെയ്യാൻ സാധിക്കാതിരിക്കുകയും, തയമ്മം ചെയ്യാനുള്ള കഴിവില്ലാതിരിക്കുകയും ചെയ്തേക്കാം. അപ്രകാരം ചിലപ്പോൾ അവരുടെ വസ്ത്രത്തിൽ അഴുക്കുണ്ടാവുകയും ചെയ്തേക്കാം. അങ്ങനെ രോഗം സുഖപ്പെടുമ്പോൾ വുളൂഅ് ചെയ്ത് ശുദ്ധിവരുത്തി നമസ്കരിക്കാം എന്ന് അവർ വിചാരിക്കുകയും ചെയ്യാറുണ്ട്. ഇതിനെ കുറിച്ച് എനിക്ക് പറയാനുള്ളത് ഇപ്രകാരം നമസ്കാരത്തെ പിന്തിപ്പിക്കൽ ഹറാമാകുന്നു എന്നാണ്.മാത്രമല്ല, ഒരു പക്ഷേ രോഗം സുഖപ്പെടുന്നതിനു മുമ്പു തന്നെ അയാൾ മരണപ്പെടില്ല എന്നതിന്ന് യാതൊരു ഉറപ്പും നമുക്ക് ലഭിച്ചിട്ടുമില്ലല്ലോ ? അതിനാൽ തന്നെ ഇതുപോലുള്ള സന്ദർഭങ്ങളിൽ നമസ്കാരം ഉപേക്ഷിക്കുവാൻ പാടില്ല. മാലിന്യത്തിൽ നിന്ന് ശുദ്ധിയാക്കാൻ കഴിയില്ലെങ്കിലും തയമ്മവും വുളൂഉം ചെയ്യാൻ കഴിയുന്നില്ലെങ്കിലും അയാൾ നമസ്കാരം നിർവ്വഹിക്കണം.(ദുറൂസുൽ ഫതാവാ ഫിൽഹറമിമക്കി. പേജ് 41)

**146** ധാരാളം ആളുകളെയും പിടി കൂട്ടുന്ന ഒരു രോഗമാണ് വസ്വാസ്(സംശയം). നമസ്കരിക്കുന്നവരുടെ മനസിലുണ്ടാവുന്ന ഇത് പലപ്പോഴും അപകടം വരുത്തിവെ

ക്കാറുണ്ട്. അതിനാൽ തന്നെ ശൈഖ് മുഹമ്മദ് ഇബ്നു ഇബ്റാഹീം(ﷺ) ഈ വിഷയത്തിൽ നൽകിയ വിശദീകരണം ഇവിടെ ഉദ്ധരിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നു. വസ്വാസിന്റെ പിടിയിൽ നിന്ന് രക്ഷപ്പെടുവാൻ ഒരു പക്ഷേ അത് ഉപകരിച്ചേ ക്കാം.

**ചോദ്യം**– നമസ്കാരത്തിലുള്ള വസ്വാസ് നബി(ﷺ)യുടെ കാലഘട്ട ത്തിൽ ഉണ്ടായിരുന്നോ? അതുകൊണ്ട് നമസ്കാരത്തെ ബാധിക്കുമോ? ചിലപ്പോൾ പള്ളിയിൽ പോകുന്നത് തന്നെ ഒരു രിയാഅ് (ലോക മാന്യത)യാണെന്നും അതിനാൽ അതിൽ നിന്നകന്നു നിൽക്കണമെന്നും പിശാച് തോന്നിപ്പിക്കാറുണ്ട്. അതിനാൽ തന്നെ ജമാഅത്തിൽ നിന്നു പിന്തി നിൽക്കാൻ അത് കാരണമാവുന്നു. ഇത് ശരിയാണോ? ഈ വസ്വാസിന്റെ പിടിയിൽ നിന്ന് രക്ഷപ്പെടാനുള്ള മാർഗ്ഗം എന്താണ്?

**ഉത്തരം**– വസ്വാസ് എന്ന രോഗം നബി (ﷺ) യുടേയോ സഹാബത്തിന്റെയോ കാലഘട്ടത്തിൽ ഉണ്ടായിരുന്നില്ല എന്നാണ് ഇബ്നു ഖുദാമ, ഇബ്നു തൈമിയ്യ പോലുള്ള മഹാ പണ്ഡിതന്മാർ പറയുന്നത്. (ദുമ്മുൽ മുവസ്വിസീൻ എന്ന ഗ്രന്ഥം കാണുക.)

വസ്വാസ് കൊണ്ട് നമസ്കാരം നിഷ്ഫലമാകുമോ എന്നതിനുള്ള മറുപടി.

ചില വസ്വാസുകൾ നമസ്കാരത്തെ നഷ്ടപ്പെടുത്തുന്നതാണ്. (ദമ്മുൽ മുവസ്വിസീൻ) എന്ന ഗ്രന്ഥത്തിൽ ഇബ്നുനു ഖുദാമ വസ്വാസിനെ പലതായി തരം തിരിച്ചിരിക്കുന്നു.

അതിൽ ചിലത് നമസ്കാരം തന്നെ ദുർബലമാകുന്നതാണെ ന്നും അദ്ദേഹം പറയുന്നുണ്ട്. ചില ഉദാഹരണം കാണുക. ചില ദിക്റുകൾ അനാവശ്യമായി ആവർത്തിച്ചുച്ചരിക്കുമ്പോൾ അതിന്റെ ആശയത്തിന് മാറ്റം സംഭവിക്കും.

അപ്രകാരം തന്നെ നിശ്ചയിക്കപ്പെട്ട പദമല്ലാതെ മറ്റെന്തെങ്കിലുമായി മാറാനും അത് കാരണമാകും. ഉദാഹരണമായി അത്തഹിയ്യാത്തിൽ (അത്ത് .... അത്ത്. .. അത്തഹിയ്യാ) എന്നും സലാമിൽ അസ്സ് അസ്സ് ... അസ്സലാ. .എന്നും തക്ബീറിൽ അകക് .. അകക് ..അ..എന്നും മറ്റും ആവർത്തിക്കുന്ന പതിവ് കാരണം നമസ്കാരം നിഷ്ഫലമാകുന്നതാണ്.

ഇപ്രകാരം വസ്വാസുള്ളവരാണ് ഇമാമ് നിൽക്കുന്നതെങ്കിൽ മറ്റുള്ളവരുടെ നമസ്കാരവും അയാൾ ദുർബലമാക്കുന്നു. അങ്ങനെ ഏറ്റവും മഹത്തായ ആരാധനയായ നമസ്കാരം തന്നെ അല്ലാഹുവിൽ നിന്ന് അയാളെ അകറ്റുന്ന ഒരു പാപമായി പരിണമിക്കുന്നു.

ചില വസ്വാസുകൾ നമസ്കാരത്തെ ദുർബലമാക്കില്ല. എന്നാൽ അവയും കറാഹത്താകുന്നു. ഉദാഹരണത്തിന് ഖുർആൻ ഓതുന്ന സന്ദർഭങ്ങളിൽ അറിയപ്പെടുന്ന ശൈലിയിൽ നിന്നും, സുന്നത്തായ രൂപത്തിലുമല്ലാതെ ഖുർആൻ പ്രത്യേക രീതിയിലോ, ശബ്ദത്തിലോ പാരായണം ചെയ്യൽ ഈ ഗണത്തിൽ വരുന്നു. അത് സ്വന്തത്തിനും കൃത്രിമത്വവും മറ്റുള്ളവർക്ക് ബുദ്ധിമുട്ടുമായി മാറുന്നു. അതിനാൽ അതിൽ നിന്നും അകന്നിരിക്കലാണുത്തമം.

അവ ഇബ്ലീസിന്റെ ദുർമന്ത്രമാണ്. സുന്നത്തിന് എതിരും, ചീത്തയായ ദുരാചാരവുമാണ്. സ്വന്തത്തിനും, മറ്റു നമസ്കാരക്കാർക്കും ബുദ്ധിമുട്ടാക്കലും സമയം പാഴാക്കലുമാണ്. ജമാഅത്തിൽ പങ്കെടുക്കാൻ പള്ളിയിൽ പോകുന്നത് റിയാഅ് (ലോകമാന്യം) ആയി കാണില്ലേ എന്ന ദുർവിചാരം ശരിയാണോ എന്നാണ് ഒരു ചോദ്യമുള്ളത്.

ആ ധാരണ ഒട്ടും ശരിയല്ല. അത് ഉപേക്ഷിക്കേണ്ടതുമാണ്. നബിചര്യയിൽ നിന്നും മനുഷ്യരെ തെറ്റിക്കാനായി പിശാച് നടത്തുന്ന ദുർമന്ത്രം മാത്രമാണ്.

വസ്വാസിൽ നിന്ന് രക്ഷപ്പെടാനുള്ള മാർഗ്ഗം നബി (ﷺ) യുടെ ചര്യയിൽ നമുക്ക് കാണാവുന്നതാണ്. മുസ്ലിം, റിപ്പോർട്ടു ചെയ്ത (കിതാബു ത്വിബ്ബ്) ലെ ഒരു സംഭവം കാണുക.

(ഉസ്മാൻ ഇബ്നു അബ്ദുൽ അസ്വ(ﷺ)വിൽ നിന്ന് ഉദ്ധരിക്കുന്നു. അദ്ദേഹം നബി(ﷺ) യുടെ അടുക്കൽ ചെന്നു കൊണ്ടു ചോദിച്ചു. അല്ലാഹുവിന്റെ റസൂലേ, നമസ്കാരത്തിൽ ഞാൻ ഖുർആൻ പാരായണം ചെയ്യുമ്പോഴും മറ്റും പിശാച് വന്ന് എന്നെ സംശയാലുവാക്കി മാറ്റുകയാണ്. (എന്ന് പരാതി പറഞ്ഞു.) അപ്പോൾ നബി (ﷺ) പറഞ്ഞു. അത് (ഖൻസബ്) എന്ന പിശാചാണ്. നിനക്ക് അങ്ങനെ അനുഭവപ്പെട്ടാൽ നീ പിശാചിൽ നിന്ന് ശരണം തേടണം. ഇടത് ഭാഗത്തേക്ക് മൂന്നു പ്രാവശ്യം തുപ്പണം എന്നും നിർദ്ദേശിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു. നബിയേ, ഞാൻ അങ്ങനെ ചെയ്തു. അപ്പോൾ അല്ലാഹു എന്നെ രക്ഷപ്പെടുത്തി എന്നും പറഞ്ഞു.)

(ഫതാവാ ശൈഖ് മുഹമ്മദ് ഇബ്നു ഇബ്റാഹീം.2–191–195)



# ജുമുഅയുമായി ബന്ധപ്പെട്ട പിഴവുകൾ

## 1 കുളിക്കാതിരിക്കുക.

അബൂസഈദിൽ ഖുദ്‌രിയ്യി (﵁) ൽ നിന്നു നിവേദനം. നബി (ﷺ) പറഞ്ഞു.

«غسل يوم الجمعة واجب على كل محتلم».

(വെള്ളിയാഴ്ച കുളിക്കൽ വിവേകമുള്ളവർക്കെല്ലാം നിർബന്ധമാണ്.) അബ്ദുല്ല ഇബ്നു ഉമർ (﵁) ൽ നിന്നു നിവേദനം ചെയ്യുന്ന മറ്റൊരു ഹദീസിൽ അദ്ദേഹം പറഞ്ഞു. നബി (ﷺ) പറഞ്ഞിരിക്കുന്നു.

«إذا جاء أحدكم الجمعة فليغتسل».

(നിങ്ങൾ വെള്ളിയാഴ്ചയായാൽ കുളിക്കുക.) -മുസ്ലിം-

മറ്റൊരു റിപ്പോർട്ടിൽ

«من أراد أحدكم أن يأتي الجمعة فليغتسل».

(വെള്ളിയാഴ്ച പള്ളിയിൽ വരാൻ ഉദ്ദേശിക്കുന്നവർ കുളിക്കട്ടെ.) എന്നും കാണാം.

അബൂഹുറൈറ (﵁) ൽ നിന്ന് നിവേദനം നബി (ﷺ) പറ ഞ്ഞു.

«حق لله على كل مسلم أن يغتسل في كل سبعة أيام يوما يغسل فيه رأسه وجسده».

(ഏഴു ദിവസത്തിൽ ഒരിക്കൽ കുളിക്കുക എന്നത് ഓരോ മുസ്ലിമിനും നിർബന്ധമാണ്. അന്ന് അവൻ പൂർണ്ണമായി കുളിക്കട്ടെ.) ബുഖാരി, മുസ്ലിം.

## 2 ആളുകളുടെ പിരടിക്ക് മുകളിലൂടെ കവച്ചു വെച്ച് മുന്നിലേക്ക് നടന്നു പോകൽ

അബ്ദുല്ലബ്നു ബിസ്റ (ﷺ) ൽ നിന്ന് നിവേദനം അദ്ദേഹം പറഞ്ഞു. നബി (ﷺ) പ്രസംഗിച്ചു കൊണ്ടിരിക്കെ ഒരാൾ വന്ന് സ്വഫിൽ ഇരിക്കുന്നവരുടെ പിരടിക്കു മുകളിലൂടെ കവച്ചു വെച്ചു മുന്നിലേക്ക് പോവുകയുണ്ടായി. അപ്പോൾ നബി (ﷺ) പറഞ്ഞു.

«اجلس فقد آذيت وآنيت».

(അവിടെ ഇരിക്കുക, നീ മറ്റുള്ളവരെ ഉപദ്രവിക്കുകയാണു ചെയ്യുന്നത്.)

ഇപ്രകാരം പിരടിക്കു മുകളിലൂടെ കവച്ചു വെച്ചു മുന്നോട്ടു പോകുന്നതിനെ കുറിച്ച് തിർമുദി റിപ്പോർട്ട് ചെയ്യുന്നത് കറാഹത്താണ് എന്നാകുന്നു. എന്നാൽ അബൂ ഹാമിദിന്റെ റിപ്പോർട്ട് അനുസരിച്ചുകൊണ്ട് അത് ഖണ്ഡിതമായ ഹറാമാകുന്നു എന്നാണ്. ഇമാം നവവിയുടെയും അബുൽ മആലിയുടെയും, ഇബ്നു തൈമിയ (ﷺ) യുടെയും വീക്ഷണം ഹറാമാകുന്നു എന്നത്രെ. തനിക്കിരിക്കാൻ സ്ഥലം ഇല്ലാതിരുന്നാൽ ഒഴികെ ആളുകളെ കവച്ചുവെച്ചു മുന്നോട്ടുനീങ്ങുന്നത് വെള്ളിയാഴ്ചയും അല്ലാത്ത ദിവസങ്ങളിലുമെല്ലാം നിഷിദ്ധമാകുന്നു. കാരണം ജനങ്ങൾക്ക് ശല്ല്യം ചെയ്യലും അല്ലാഹു പറഞ്ഞ പരിധികളെ അതിലംഘിക്കലുമാണതിലൂടെ ചെയ്യുന്നത്.(ശറഹ് ഹാഷിയത്ത് റൗളുൽ മുറബ-2-480-)

## 3 മുട്ടു കെട്ടിയിരിക്കൽ

ഖുതുബ നിർവ്വഹിച്ചു കൊണ്ടിരിക്കെ കാൽമുട്ടുകളിൽ കൈ കെട്ടിയിരിക്കൽ നബി (ﷺ) വിരോധിച്ചിരിക്കുന്നു.

മുആദ് ബ്നു അനസി (ﷺ) ൽ നിന്നു നിവേദനം.

അദ്ദേഹം പറഞ്ഞു. (ഖുതുബ നിർവ്വഹിച്ചു കൊണ്ടിരിക്കെ പള്ളിയിൽ മുട്ടു കെട്ടിയിരിക്കുന്നത് നബി (ﷺ) വിരോധിച്ചിരിക്കുന്നു.) (അഹ്മദ്, അബൂദാവൂദ്, തിർമുദി)

ഈ ഹദീസ് സ്വഹീഹ് ആണെന്ന് ഇമാം ദഹബി, ഹാകിം, തിർമുദി എന്നിവർ പറയുകയും ചെയ്തിരിക്കുന്നു. ഇബ്നു അസീർ അദ്ദേഹത്തിന്റെ (നിഹായ) എന്ന ഗ്രന്ഥത്തിൽ പറയുന്നത് കാണുക. മുട്ടുകെട്ടി ഇരിക്കുക എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് ഒരാൾ തന്റെ രണ്ടുകാൽ മുട്ടുകൾ വയറിലേക്ക് നാട്ടിവെച്ച് അവ പുറം ഭാഗത്തേക്ക് തുണി കൊണ്ടു ബന്ധിക്കുകയോ, അല്ലെങ്കിൽ രണ്ട് കൈകൾ കൊണ്ട് പിടിക്കുകയോ ചെയ്തു കൊണ്ട് ഇരിക്കുന്നതാകുന്നു. ഇത് പ്രവാചകൻ (ﷺ) വിരോധിച്ചിട്ടുണ്ട്. ഇത് വിരോധിക്കാൻ കാരണം ഉറക്കം വരാനും, ഖുതുബ വേണ്ട പോലെ ശ്രദ്ധിക്കാതിരിക്കാനും അത് കാരണമാകുമെന്നതിനാലാണ്. വുളു മുറിയുക, നഗ്നത വെളിവാകുക എന്നതിനും അത് കാരണമായേക്കാം.

## 4 വെള്ളിയാഴ്ച സുബഹ് നമസ്കാരത്തിൽ സൂറത്തു സജദയും, സൂറത്തു ഇൻസാനും ഓതൽ നിർബന്ധമാകുന്നു എന്ന ധാരണ.

നബി(ﷺ)വെള്ളിയാഴ്ച സുബഹ് നമസ്കാരത്തിൽ സൂറത്തു സജദയും, ഇൻസാനും ഓതിയിരുന്നു എന്നതിനാൽ അപ്രകാരം തന്നെ ഓതൽ നിർബന്ധമാണെന്ന് വിചാരിക്കൽ ശരിയല്ല.

ഇബ്നു ദഖീഖ് അൽ ഈദ് പറയുന്നു. (പ്രസ്തുത ഹദീസ് അബുഹുറൈറ(رضي الله عنه) ഉദ്ധരിച്ചതും ബുഖാരി റിപ്പോർട്ടു ചെയ്തതുമാണ്. പക്ഷെ, അതു കൊണ്ട് പ്രസ്തുത സൂറത്തുകൾ തന്നെയാണ് ഓതേണ്ടതെന്നും, അത് പതിവാക്കൽ നിർബന്ധമാണെന്നും വിചാരിക്കുന്നത് ശരിയല്ല. സുന്നത്തു മാത്രമാണ്.)ഉംദത്തുൽ അഹ്കാം.2-120

വെള്ളിയാഴ്ച സുബഹ് നമസ്കാരം നിർവ്വഹിക്കുമ്പോൾ സൂറത്തു സജദയും, സൂറത്തു ഇൻസാനും പതിവായി ഓതൽ നിർബന്ധമാണോ എന്ന് ഇബ്നു തൈമിയ (ﷺ) യോട് ചോദിച്ചതിന് നൽകിയ മറുപടി കാണുക.

**ഉത്തരം–** സുറത്തു സജദയോ മറ്റേതെങ്കിലും സൂറത്തുകളോ വെള്ളിയാഴ്ച സുബഹ് നമസ്കാരത്തിൽ പതിവായി പാരായണം ചെയ്യൽ നിർബന്ധമില്ല എന്നാണ് ഇമാമുമാരുടെ ഏകോപിച്ച അഭിപ്രായം. അപ്രകാരം ഓതൽ നിർബന്ധമാണെന്നോ അങ്ങനെ ചെയ്യാത്തവർ ആക്ഷേപാർഹരാണെന്നോ ആരെങ്കിലും വിശ്വസിച്ചാൽ അയാൾ വഴി പിഴച്ചവനും അതിൽ നിന്ന് തൗബ ചെയ്ത് മടങ്ങേണ്ടതുമാണ്. അതിനാൽ തന്നെ അത് പതിവാക്കാതിരിക്കലാ ണുത്തമം. കാരണം ചില അൽപജ്ഞരായവർ തെറ്റിദ്ധരിക്കുകയും നിർബന്ധമാണെന്ന് കരുതുകയും ചെയ്തേക്കാം. പതിവാക്കൽ നിർബന്ധവുമില്ലല്ലോ. (ഫതാവാ ഇബ്നുതൈമിയ്യ 24–,205)

നബി (ﷺ) ആ സൂറത്തുകൾ മുഴുവനായി ഓതാറുണ്ടായിരുന്നു.

**5** വെള്ളിയാഴ്ചകളിൽ ഇമാം പ്രസംഗിച്ചു കൊണ്ടിരിക്കെ ചിലർ ഉറക്കെ നബി (ﷺ) യുടെ പേരിൽ സ്വലാത്തു ചൊല്ലുകയും സ്വഹാബത്തിനു വേണ്ടി തർളിയ്യത്ത് പറഞ്ഞ് കൊണ്ടിരിക്കുകയും ചെയ്യുന്നു. ശൈഖ് അബ്ദുറഹ്മാൻബ്നു ഹസൻ ആലു ശൈഖിനോട് ഇതിനെ കുറിച്ചു ചോദിക്കുകയുണ്ടായി. അതിന് നൽകിയ മറുപടി ഇപ്രകാരമായി രുന്നു.

**ഉത്തരം–** വെള്ളിയാഴ്ച ഇമാം ഖുതുബ നിർവ്വഹിച്ചു കൊണ്ടിരിക്കെ പള്ളിയിലുള്ളവർ നബി(ﷺ)ക്ക് ഉറക്കെ സ്വലാത്ത് ചൊല്ലലും സഹാബികൾക്കു വേണ്ടി തർളിയത്ത്

ചൊല്ലലും മത നിയമങ്ങൾക്ക് വിരുദ്ധമാണെന്നാണ് പൂർവ്വീ കരും പിൻകാലക്കാരായ പണ്ഡിതന്മാരും പറഞ്ഞത്. അതിന് അവർക്ക് രണ്ട് മാനദണ്ഡങ്ങളുണ്ടായിരുന്നു.

**ഒന്ന്–** അതൊരു നല്ല കാര്യമായിരുന്നുവെങ്കിൽ സഹാബി കളും താബിഉകളും ആ കാര്യം ചെയ്യുകയുമായിരുന്നു. എ ന്നാൽ അപ്രകാരം സ്ഥിരപ്പെട്ടിട്ടില്ല, അതിനാൽ തന്നെ അ ത് ബിദ്അത്ത് (മതത്തിലെ പുതിയ സമ്പ്രദായം) ആകുന്നു.

**രണ്ട്–** ഖുതുബ നടന്നു കൊണ്ടിരിക്കുമ്പോൾ മൗനം പാലി ക്കണം എന്നതാണ് നബി(ﷺ)യുടെ കൽപന. അബുഹു റൈറ (رضي الله عنه) യിൽ നിന്നു നിവേദനം നബി (ﷺ) പറഞ്ഞു. വെള്ളിയാഴ്ച ഖുതുബ നടന്നു കൊണ്ടിരിക്കെ നിങ്ങളുടെ സുഹൃത്തിനോട് നീ മിണ്ടാതിരിക്കൂ എന്ന് പോലും ആരെ ങ്കിലും പറഞ്ഞാൽ അവൻ ആനാവശ്യം പറഞ്ഞു.

(കിതാബു അൽ ബാഇസ് അലാ ഇൻകാരിൽ ബിദ ഇ വൽ ഹവാദിസി) എന്ന ഗ്രന്ഥത്തിൽ പറയുന്നത് കാണു ക. നബി (ﷺ) യുടെ മേൽ സ്വലാത്ത് ചൊല്ലുക എന്നത് പ്രാർത്ഥനയാണ്. പ്രാർത്ഥനകൾ ഉറക്കെയല്ലാതെ പതുക്കെ ചൊല്ലുകയുമാണു മര്യാദ. അതിനാൽ തന്നെ ഖുതുബ നട ന്നു കൊണ്ടിരിക്കുമ്പോൾ സ്വലാത്തോ, തർളിയ്യത്തോ ശബ്ദം ഉയർത്തി പറയാതിരിക്കലാണ് ഉത്തമം.

**6** ചിലർ ജുമുഅ നമസ്കാരത്തിനായി പള്ളിയിൽ പ്രവേ ശിക്കുന്നത് ബാങ്ക് വിളിക്കുന്ന സന്ദർഭത്തിലാണെങ്കിൽ ബാങ്കിന് പ്രത്യുത്തരം പറയാനായി കാത്തിരിക്കും. ബാങ്കി നു ശേഷം ഇമാം ഖുതുബ നിർവ്വഹിക്കാൻ തുടങ്ങിയാൽ അയാൾ തഹിയ്യത്ത് നമസ്കരിക്കാൻ തുടങ്ങും.

ഇപ്രകാരം ചെയ്യുന്നവർ സുന്നത്ത് കൈപ്പറ്റുവാ നുള്ള താൽപര്യം കൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. എന്നാൽ അതേയവസരത്തിൽ അയാൾ നിർബന്ധമായ കാ ര്യം ഒഴിവാക്കികൊണ്ടാണ് അങ്ങനെ ചെയ്യുന്നതെന്നു

അയാൾ മനസിലാക്കുന്നില്ല. കാരണം ഖുതുബ ശ്രദ്ധാപൂർവ്വം കേൾക്കുക എന്നത് നിർബന്ധവും, ബാങ്കിനു പ്രത്യുത്തരമേകൽ സുന്നത്തുമാകുന്നു.

വെള്ളിയാഴ്ച പള്ളിയിൽ പ്രവേശിക്കുന്നവരോടായ് നബി (ﷺ) നൽകിയ ശാസന കാണുക.

«إذا جاء أحدكم يوم الجمعة والإمام يخطب فليصل ركعتين وليتجوز فيهما».

(ഇമാം വെള്ളിയാഴ്ച ഖുതുബ നിർവ്വഹിക്കുമ്പോൾ നിങ്ങൾ പള്ളിയിൽ പ്രവേശിക്കുന്നുവെങ്കിൽ വളരെ ലഘുവായ രൂപത്തിൽ രണ്ടു റക്അത്ത് നമസ്കരിക്കുകയും ഖുതുബ ശ്രദ്ധയോടെ കേൾക്കുകയും ചെയ്യട്ടെ) മുസ്ലിം, അഹ്മദ്, അബൂദാവൂദ്.

**7** ജുമുഅ നമസ്കരിച്ച ഉടനെ തന്നെ (പിന്നീട് അതിനിടയിൽ സംസാരമോ, മറ്റെന്തെങ്കിലും ചെയ്തു കൊണ്ടോ വേർപിരിയാതെ തന്നെ) മറ്റൊരു നമസ്കാരം നിർവ്വഹിക്കൽ സാഇബ് ഇബ്നു അഷീത നമിർ പറഞ്ഞു. ഞാൻ മുആവിയയുടെ കൂടെ ജുമുഅ നമസ്കരിച്ചു. ഇമാം സലാം വീട്ടിയ ഉടൻ തന്നെ ഞാൻ എഴുന്നേറ്റു,അവിടെ നിന്നു നമസ്കരിക്കാൻ തുടങ്ങി അപ്പോൾ അദ്ദേഹം എന്റെ അടുക്കലേക്ക് ഒരാളെ പറഞ്ഞയച്ചു കൊണ്ടു പറഞ്ഞു.

(ജുമുഅ നമസ്കാരം നിർവ്വഹിച്ചാൽ പിന്നീട് എന്തെങ്കിലും പറയുകയോ അവിടെ നിന്ന് മാറുകയോ ചെയ്യാതെ അവിടെ തന്നെ മറ്റൊരു നമസ്കാരം ചേർത്തി ചെയ്യരുത്) എന്ന് നബി (ﷺ) ഞങ്ങളോട് കൽപിച്ചിട്ടുണ്ട്) മുസ്ലിം.

ഈ വിഷയത്തെ കുറിച്ചു ഇബ്നു തൈമിയ്യ പറഞ്ഞത് കാണുക. (ഒരു ഫറള് നമസ്കാരം നിർവ്വഹിച്ച ഉടൻ അതിനോട് ചേർത്തി അതിനിടയിൽ സംസാരം കൊണ്ടോ അവിടെ നിന്നു മാറി നിന്നോ വേർപിരിക്കാതെ മറ്റൊരു നമ

സ്കാരം നിർവ്വഹിക്കുന്നത് നബി (ﷺ) വിരോധിച്ചിട്ടുണ്ട് എന്നത് സ്ഥിരപ്പെട്ടിട്ടുണ്ട്. അതിനാൽ തന്നെ ഫറളു നമസ്കാരങ്ങൾക്കും സുന്നത്തു നമസ്കാരങ്ങൾക്കും ഇടയിൽ വേർപിരിക്കൽ തന്നെയാകുന്നു സുന്നത്ത്. അത് ജുമുഅ നമസ്കാരമാണെങ്കിലും ശരി. എന്നാൽ ഇതിനെതിരായി ട്ടാണ് ഇന്ന് ധാരാളം ആളുകളും ചെയ്യുന്നത്. ഫറളുകളിൽ നിന്ന് സലാം വീട്ടിയാൽ ഉടൻ തന്നെ അവിടെ നിന്നു കൊണ്ടു സുന്നത്തു നമസ്കരിക്കുന്നത് നബി (ﷺ) യുടെ സുന്നത്തിന് വിരുദ്ധമത്രെ.ഫറളുകളെയും അല്ലാത്തതിനെ യും വേർതിരിക്കണമെന്നാണ് ഇത് പഠിപ്പിക്കുന്നതും. (ഫ താവാ സമാഹാരം –24–202,203)

## 8 ആദ്യ ബാങ്കിനു ശേഷം രണ്ടു റക്അത്ത് സുന്നത്ത് നമസ്കരിക്കൽ.

മുഅദ്ദിൻ ഒന്നാം ബാങ്ക് കൊടുത്ത് കഴിയുന്നതോടെ എഴുന്നേറ്റു നിന്ന് ജനങ്ങൾ രണ്ടു റക്അത്ത് സുന്നത്ത് നമ സ്കരിക്കുന്ന പതിവ് കാണപ്പെടാറുണ്ട്. രണ്ടു ഹറമുകളി ലും ഈ കാഴ്ച ധാരാളമാണ്. മാത്രമല്ല, അപ്രകാരം ചെയ്യാ ത്തവരെ കുറിച്ച് മോശമായി കാണുകയും ചെയ്യാറുണ്ട്. ഇബ്നു ഹജർ ഇതിനെ കുറിച്ചു പറഞ്ഞത് ശ്രദ്ധിക്കുക.

പൂർവ്വീകരായ മഹാത്മാക്കൾ ചെയ്തു വന്നതിനെതി രായി ഇന്ന് പൊതുവെ ജനങ്ങൾ ചെയ്തു വരുന്ന ഒരു ദുരാചാരമാണ് വെള്ളിയാഴ്ച ആദ്യ ബാങ്കിനു ശേഷം രണ്ടു റക്അത്ത് സുന്നത്തു നമസ്കരിക്കുന്ന പതിവ്. അത വർ വെടിയേണ്ടതുണ്ട്. പൂർവ്വീകരായ മഹാത്മാക്കൾ പള്ളി യിൽ വെള്ളിയാഴ്ചകളിൽ രണ്ടു രൂപത്തിൽ കാണപ്പെട്ടിരു ന്നു. ചിലർ പള്ളിയിൽ എത്തിയാൽ ഇമാം മിമ്പറിൽ കയറു ന്നതു വരെയും സുന്നത്തുകളായി നമസ്കരിച്ചു കൊണ്ടിരി ക്കാറുണ്ടായിരുന്നു. ഇമാം ഖുതുബക്കായി മിമ്പറിൽ കയറി യാൽ ഉടൻ നമസ്കാരം നിർത്തുന്നു.

# പള്ളികളുമായി ബന്ധപ്പെട്ടവ

1 പള്ളികളുടെ ആത്മീയ ചൈതന്യം നഷ്ടപ്പെടുത്തുന്ന രൂപത്തിൽ പണം മുടക്കി വ്യത്യസ്തമായ മോഡലുകളാലും, അലങ്കാരങ്ങളാലും, കൊത്തു പണികളാലും പള്ളികളെ അലങ്കാരമാക്കൽ.

ഇമാം അൽബാനി (ﷺ) സ്വഹീഹാണെന്ന് പറഞ്ഞതും അബൂ ദർദാഇൽ നിന്നും നിവേദനം ചെയ്യുന്നതുമായ ഒരു ഹദീസ് തിർമുദി റിപ്പോർട്ടു ചെയ്യുന്നു.അദ്ദേഹം പറഞ്ഞു. നബി (ﷺ) പറഞ്ഞിരിക്കുന്നു.

«إذا زخرفتم مساجدكم وحليتم مصاحفكم فالدمار عليكم».

(നിങ്ങൾ പള്ളികളിൽ അലങ്കരിക്കുകയും മുസ്ഹഫുകൾ ഭംഗിയാ ക്കുകയും ചെയ്യുന്നകാലം എത്തിയാൽ (നിങ്ങൾ) നിങ്ങളുടെ നാശം പ്രദീക്ഷിക്കുക.)

(അഅ്ലാമുൽ മസ്സാജിദി എന്ന ഗ്രന്ഥത്തിൽ (ശർകസി) പറഞ്ഞു. ഇരുപത്തി ഒമ്പതാമത്തെ പ്രശ്നം ഇപ്രകാരമാണ്. പള്ളികൾ മോടി പിടിപ്പിക്കൽ കറാഹത്താകുന്നു. കാരണം (ഇബ്നു അബ്ബാസിൽ നിന്നും നിവേദനം ചെയ്യുന്ന ഹദീസിൽ അദ്ദേഹം പറഞ്ഞു. നബി (ﷺ) പറഞ്ഞു. (ما أمرت بتشييد المساجد) (പള്ളികൾ പടുത്തു യർത്തണം എന്ന് എന്നോട് കൽപ്പിക്കപ്പെട്ടിട്ടില്ല.)

ഇബ്നു അബ്ബാസ്(رضي الله عنه) പറഞ്ഞിരിക്കുന്നു.(കൃസ്ത്യാനികളും യഹൂദികളും അവരുടെ ആരാധനാലയങ്ങൾ മോടിപിടിപ്പിച്ച പോലെ നിങ്ങളും മോടിപിടിപ്പിക്കുക തന്നെ ചെയ്യും.)

അനസ്(ﷺ)വിൽ നിവേദനം ചെയ്യുന്ന ഒരു ഹദീസിൽ നബി (ﷺ) പറഞ്ഞു. (പള്ളികളുടെ കാര്യത്തിൽ ജനങ്ങൾ പരസ്പരം മാത്സര്യം കാണിക്കുന്നവരെ അന്ത്യനാൾ ഉണ്ടാവുകയില്ല.)

ഉമർ(ﷺ) പള്ളി നിർമ്മിക്കുവാൻ കൽപിക്കുന്ന സന്ദർഭങ്ങളിൽ നൽകാറുണ്ടായിരുന്ന നിർദ്ദേശം (ജനങ്ങളെ മഴയിൽ നിന്ന് സംരക്ഷിക്കുന്നതായിരുന്നാൽ മതി, അത് ജനങ്ങളെ കുഴപ്പത്തിലകപ്പെടുത്തുന്ന രൂപത്തിൽ അലങ്കാരമാക്കരുത്.)

അബൂദർദാഇ(ﷺ)ൽ നിന്ന് നിവേദനം അലി (ﷺ) പറഞ്ഞിട്ടുണ്ട്. (ജനങ്ങൾ പള്ളികൾ പടുത്തുയർത്തുന്ന കാലം സമാഗതമായാൽ അവരുടെ കർമ്മങ്ങൾ നശിച്ചതായി മാറും.) പേജ് :337

## 2 ഒരേ ഗ്രാമങ്ങളിൽ ഒന്നിലധികം പള്ളികൾ നിർമ്മിക്കൽ.

(സുന്നത്ത് പിമ്പറ്റുക ബിദ്അത്തുകൾ വെടിയുക) എന്ന ഗ്രന്ഥത്തിൽ സ്വുയൂത്വി പറഞ്ഞു. ബിദ്അത്തുകളിൽ പെട്ട കാര്യമാണ് ഒരേ സ്ഥലത്ത് ഒന്നിലധികം പള്ളികൾ നിർമ്മിക്കുക എന്നത്. എന്തുകൊണ്ടെന്നാൽ അതിലൂടെ മുസ്ലിം സമൂഹത്തിൽ ഭിന്നിപ്പും നമസ്കാരം നിർവ്വഹിക്കുന്നവർക്കിടയിൽ തന്നെ ഛിദ്രതയും ഉടലെടുക്കാൻ കാരണമാകുന്നു. ആരാധനകളിൽ ഉണ്ടായിരിക്കേണ്ട ഐക്യം നഷ്ടപ്പെടുകയും ചൈതന്യവും സൗന്ദര്യവും ഇല്ലാതാവുകയും വെറുപ്പും മുറുമുറുപ്പും ഉടലെടുക്കുകയും ചെയ്യുന്നു. അതോടൊപ്പം ആരാധനകൾ നിർവ്വഹിക്കപ്പെടുമ്പോഴുണ്ടാവുന്ന ശബ്ദങ്ങളുടെ ഏകീഭാവം എന്നതില്ലാതാവുന്നു. പരസ്പരം അസ്വസ്ഥതകളുണ്ടാവുന്ന രീതിയിലേക്ക് അത് പരിവർത്തിക്കപ്പെടുന്നു. ചിലപ്പോൾ അത്യാവശ്യമില്ലാതിക്കെ തന്നെ പള്ളികൾ പെരുകന്നത് പെരുമയുടെയും പ്രശ

സ്തിയുടെയും പണം ദുർവിനിയോഗം ചെയ്യുന്നതിന്റെയും രംഗമായി മാറുകയും ചെയ്യുന്നു.

3 ഭക്തി നഷ്ടപ്പെടുത്തുവാനും അശ്രദ്ധയുണ്ടാവാനും കാരണമായേക്കാവുന്ന രൂപത്തിലും അലങ്കാരങ്ങളും ചിത്രപ്പണികളുമുള്ള മുസ്വല്ലകളും വിരിപ്പുകളും വിരിച്ചു നമസ്കരിക്കൽ.

ഇതിനെ കുറിച്ച് ഫത്‌വ ബോർഡ്യ നൽകിയ മറുപടി കാണുക.

**ചോദ്യം–** മിനാരങ്ങളും, ഖബറുകളുടെ മുകളിലുള്ള ഖുബ്ബകളും പള്ളികളുടെ രൂപങ്ങളുമുള്ള മുസ്വല്ലകളിൽ നമസ്കരിക്കുന്നതിന്റെ വിധി എന്ത് ?

**ഉത്തരം–** (ആത്മാവില്ലാത്ത വസ്തുകളുടെ ചിത്രങ്ങൾ ഉണ്ടാക്കുന്നതിന് പൊതുവെ വിലക്കു കാണുകയില്ല. എന്നാൽ അതു പോലുള്ള ചിത്രങ്ങളായിരുന്നാലും അവയുള്ള വിരുപ്പുകളിലും മുസ്വല്ലകളിലും നമസ്കരിക്കൽ അനുവദനീയമല്ല. കാരണം അവന്റെ നമസ്കാരത്തിൽ നിന്ന് ശ്രദ്ധതെറ്റിക്കാൻ അത് ഇടയായേക്കാം. എന്നാൽ അപ്രകാരം മുസ്വല്ലകളിൽ നമസ്കരിച്ചാൽ നമസ്കാരം ശരിതന്നെ ആയിരിക്കും എന്നാണ് ഉസ്മാൻ ഇബ്നു ത്വൽഹയിൽ നിന്നും ഉദ്ധരിക്കുന്നതും, അഹ്മദ്, അബൂദാവൂദും റിപ്പോർട്ടു ചെയ്തതുമായ ഒരു സംഭവം പഠിപ്പിക്കുന്നത്. നബി (ﷺ) കഅ്ബയിൽ പ്രവേശിച്ചപ്പോൾ ഉസ്മാൻ ഇബ്നു ത്വൽഹയെ വിളിച്ചുകൊണ്ടു പറഞ്ഞു.

(ഞാൻ കഅബയിൽ പ്രവേശിച്ചപ്പോൾ രണ്ട് ആട്ടിൻ കൊമ്പുകൾ കാണുകയുണ്ടായി. അപ്പോൾ അത് മറച്ചുവെക്കാൻ പറയാൻ ഞാൻ മറന്നു. എന്നാൽ താങ്കൾ അത് മറച്ചുവെക്കുക. നിശ്ചയം നമസ്കാരത്തിൽ നിന്ന് ശ്രദ്ധതെറ്റിക്കുന്ന യാതൊന്നും ഖിബ്‌ലയുടെ ഭാഗത്ത് ഉണ്ടാകാൻ പാടില്ല..)

ഇമാം അഹ്മദും ബുഖാരിയും റിപ്പോർട്ടു ചെയ്ത ഒരു ഹദീസ് അനസ് (ﷺ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു. (തന്റെ വീട്ടിൽ വിരിയായി തൂക്കിയിട്ട ഒരു വിരിപ്പ് ആയിശ(ﷺ)വിന്റെ അടുക്കൽ ഉണ്ടായിരുന്നു. അതു കണ്ട പ്പോൾ നബി (ﷺ) പറഞ്ഞു. (നീ നിന്റെ ഈ വിരി മാറ്റി വെക്കുക, കാരണം അതെന്റെ നമസ്കാരത്തിൽ എന്റെ ശ്രദ്ധ തെറ്റിക്കുന്നു.)

### 4 വ്യാവസായികാവശ്യങ്ങളുടെ പരസ്യങ്ങൾ പള്ളി യിൽ പ്രദർശിപ്പിക്കൽ.

സ്കൂളുകൾക്ക് വേണ്ടിയോ ആശുപത്രികൾക്ക് വേണ്ടിയോ കെട്ടിടങ്ങൾ ആവശ്യപ്പെട്ടു കൊണ്ടും, ഗുണ നിലവാരമുള്ള ഹജ്ജ് യാത്രകളെയും അവയുടെ വിശേഷ ണങ്ങളെ കുറിച്ചുള്ള നോട്ടീസുകളും പള്ളികളിൽ പ്രദർശി പ്പിക്കുന്നു. ഇത് പള്ളിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് വിഘാ തമാണ്.

### 5 പള്ളികളെ കേവല വഴികളായി മാത്രം കാണു കയും കടന്നു പോവുകയും ചെയ്യൽ.

ഇത് നബി (ﷺ) വിരോധിച്ചിരിക്കുന്നു. ഇബ്നു ഉമർ (ﷺ) വിൽ നിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു. നബി (ﷺ) പറഞ്ഞിരിക്കുന്നു. (നമസ്കാരവും അല്ലാഹുവിനെ കുറിച്ചു ള്ള സ്മരണയും കൂടാതെ പള്ളികളെ നിങ്ങൾ വഴികാ ളായി സ്വീകരിക്കരുത്.)

**6** ചർച്ചുകളിൽ ഉപയോഗിക്കുന്ന ബെല്ലുകൾക്ക് സമാന മായ രൂപത്തിൽ മണിയടി ശബ്ദമുള്ള ഘടികാരങ്ങൾ പള്ളികളിൽ ഉപയോഗിക്കൽ.

**7** പള്ളികളിൽ നമസ്കരിക്കുന്നവർക്കും ഖുർആൻ പാരാ

യണം ചെയ്യുന്നവർക്കും സംശയങ്ങൾ ഉണ്ടാവുന്ന രീതിയിൽ പള്ളികളിൽ വെച്ച് ഖുർആൻ ഉറക്കെ ഓതുക.

ഇതിനെ കുറിച്ചു ഇബ്നു തൈമിയ്യ(ﷺ)യോട് ചോദിച്ചതിന് അദ്ദേഹം നൽകിയ മറുപടി ഇപ്രകാരമായിരുന്നു.

**ചോദ്യം-** പള്ളികളിൽ വെച്ചു ഖുർആൻ ഓതുന്നവർക്ക് ശല്ല്യമാവുന്ന രൂപത്തിൽ ഉറക്കെ ചിലർ ഖുർആൻ പാരായണം ചെയ്യുന്നു.മറ്റു ചിലർ വാതിലുകൾക്കടുക്കൽ വെച്ചു ഉറക്കെ സംസാരിക്കുന്നു. ഇതെല്ലാം അനുവദനീയമാണോ?

**ഉത്തരം-** പള്ളികളിൽ നമസ്കരിക്കുകയോ, ഖുർആൻ പാരായണം ചെയ്യുന്നവർക്ക് ശല്യമാകുന്ന വിധം ഖുർആൻ ഓതലും സംസാരിക്കലും പാടില്ലാത്തതാണ്. മാത്രമല്ല, നമസ്കരിക്കുന്നതിനിടയിൽ തന്റെ ഉറക്കെ ഓതികൊണ്ടിരിക്കുന്ന അനുചരരോട് നബി (ﷺ) പറഞ്ഞത് (ജനങ്ങളേ, നിങ്ങളെല്ലാവരും, അവന്റെ രക്ഷിതാവുമായി രഹസ്യ സംസാരം നടത്തിക്കൊണ്ടിരിക്കുന്നു. നിങ്ങൾ പരസ്പരം ഖുർആൻ ഉറക്കെ പാരായണം ചെയ്യരുത്.) നമസ്കരിക്കുന്ന വ്യക്തികളോടുപോലും പരസ്പരം മറ്റുള്ളവർക്ക് ശല്യമാകുന്ന രൂപത്തിൽ ഉറക്കെ ഖുർആൻ പാരായണം ചെയ്യുന്നത് നബി (ﷺ) വിലക്കിയെങ്കിൽ മറ്റു സന്ദർഭങ്ങളിലും അത് പാടില്ലാത്ത കാര്യം തന്നെയാകുന്നു എന്നു മനസ്സിലാക്കാം.

## 8 പള്ളികളിൽ തുപ്പുക.

ബുഖാരിയിൽ റിപ്പോർട്ട് ചെയ്ത ഒരു ഹദീസിൽ അനസി (رضي الله عنه)ൽ നിന്നു നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു. നബി (ﷺ) പറഞ്ഞു.

(പള്ളിയിൽ തുപ്പൽ പാപമാണ്. അപ്രകാരം സംഭവിച്ചാൽ അതു മൂടലാണ് അതിനുള്ള പരിഹാരം)

മുസ്ലിമിൽ (തഫ്ൽ) എന്ന പദമാണുള്ളത് തഫ്ൽ എന്നാൽ തുപ്പുക എന്നതിനേക്കാൾ ലഘുവായതാകുന്നു.

ഖാളീ ഇയാള് പറഞ്ഞു. തുപ്പിയാൽ അതു മൂടാതിരിക്കുമ്പോഴാണ് തെറ്റാവുന്നത്.

ശൈഖ് ജിബ്രീൻ (ﷺ) പറഞ്ഞു. ഈ കാലഘട്ടത്തിൽ ഇതിനു പ്രസക്തിയില്ല. കാരണം, പള്ളികളെല്ലാം സിമന്റു പൂശിയതോ, മാർബിളിട്ടതോ കാർപ്പെറ്റു വിരിച്ചതോ ആകുന്നു. അത്തരം പള്ളികളിൽ (ടിഷ്യു പേപ്പറുകളും ലഭ്യമാണ്) പള്ളികളുടെ പവിത്രതയും പരിശുദ്ധിയും ജനങ്ങൾ മനസിലാക്കുകയും ചെയ്തിരിക്കുന്നു.

ഇമാം നവവി രിയാളു സ്വാലീഹീനിൽ പറയുന്നു.

ഇതു കൊണ്ടുദ്ദേശിക്കുന്നത് മണൽ വിരിച്ചതോ, മണ്ണുള്ളതോ ആയ പള്ളിയാണ്. അപ്പോൾ തുപ്പുനീർ അതു കൊണ്ടു മറക്കാൻ സാധിക്കും. അല്ലെങ്കിൽ അത് പള്ളിയിൽ നിന്നും ഒഴിവാക്കുകയാണ്. എന്നാൽ ചിലർ മൊസൈക്കിട്ട പള്ളികളിൽ തുപ്പുകയും അവ ചവിട്ടിത്തേക്കുകയും ചെയ്യുന്നത് കാണപ്പെടാറുണ്ട്. അത് ശരിയല്ല അപ്രകാരം ചെയ്യൽ കൂടുതൽ വൃത്തികേട് വരുത്തി വെക്കുകയാണ് ചെയ്യുക. ആരെങ്കിലും അങ്ങനെ ചെയ്താൽ അവ വെള്ളമോ ട്രിഷ്യുകളോ ഉപയോഗിച്ച് നല്ല പോലെ വൃത്തിയാക്കേണ്ടതുമാണ്.

## 9 തഹിയ്യത്ത് നമസ്കാരം നിർവ്വഹിക്കാതെ പള്ളിയിൽ ഇരിക്കൽ.

അബൂഖതാദ (ﷺ) യിൽ നിന്നും നിവേദനം. (അദ്ദേഹം ഒരിക്കൽ പള്ളിയിൽ പ്രവേശിച്ചു. അവിടെ തന്റെ അനുചരന്മാരോടൊപ്പം ഇരിക്കുന്ന പ്രവാചക(ﷺ)നെ കണ്ടപ്പോൾ, അദ്ദേഹം അവരോടൊപ്പം ഒന്നിച്ചു ഇരിക്കുകയുണ്ടായി. അപ്പോൾ നബി (ﷺ) ചോദിച്ചു. നീ എന്തുകൊ

ണ്ടാണ് നമസ്കരിക്കാതിരിക്കുന്നത് ? നിങ്ങളെല്ലാവരും ഇരിക്കുന്നതായി കണ്ടപ്പോൾ ഞാനും ഇരിക്കുകയാണു ണ്ടായതെന്ന് അദ്ദേഹം മറുപടി പറഞ്ഞു. അപ്പോൾ അവി ടുന്നു പറഞ്ഞു.

«إذا دخل أحدكم المسجد فلا يجلس حتى يصلي ركعتين».

(നിങ്ങളാരെങ്കിലും പള്ളിയിൽ പ്രവേശിച്ചാൽ രണ്ടു റക്അത്ത് നമസ്കരിക്കാതെ അവിടെ ഇരിക്കരുത്.) ബുഖാരി.

ഇവിടെ നാം മനസിലാക്കേണ്ടത്.

1– തഹിയ്യത്ത് നമസ്കാരം നിർവ്വഹിക്കാൻ മറന്നു കൊണ്ട് ഒരാൾ ഇ രുന്നാൽ അവർ എഴുന്നേറ്റ് നമസ്കരിക്കേണ്ടതാ ണ്.

ജാബിർ ഇബ്നു അബ്ദുല്ല(ﷺ)ൽ നിന്നു നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു. (ഒരു വെള്ളിയാഴ്ച നബി (ﷺ) മിമ്പറിൽ വെച്ചു ഖുതുബ നിർവ്വഹിച്ചു കൊണ്ടിരിക്കെ, സലീകുൽ ഗത്വഫാനി പള്ളിയിലേക്കു വരികയും തഹി യ്യത്ത് നമസ്കരിക്കാതെ ഇരിക്കുകയും ചെയ്തു. അപ്പോൾ നബി (ﷺ) അദ്ദേഹത്തോട് ചോദിച്ചു. നീ രണ്ടു റക്അത്ത് നമസ്കരിച്ചുവോ? ഇല്ല എന്ന് അദ്ദേഹം മറുപടി പറഞ്ഞു. അപ്പോൾ എഴുന്നേറ്റ് നമസ്കരിക്കാൻ കൽപിച്ചു.) ബുഖാ രി, മുസ്ലിം.

അബുദർ (ﷺ) വിൽ നിന്ന് നിവേദനം ഒരിക്കൽ നബി (ﷺ) പള്ളിയിൽ ഇരിക്കെ, അദ്ദേഹം അവിടേക്ക് വരി കയും തഹിയ്യത്ത് നമസ്കരിക്കാതെ അവിടെ ഇരിക്കു കയും ചെയ്തു. അപ്പോൾ നബി (ﷺ) അദ്ദേഹത്തോട് പറ ഞ്ഞു. നീ രണ്ടു റക്അത്ത് നമസ്കരിച്ചുവോ? അദ്ദേഹം പറഞ്ഞു ഇല്ല. നബി (ﷺ) പറഞ്ഞു. (എങ്കിൽ നമസ്കരിക്കു ക.) ഇബ്നു ഹിബ്ബാൻ.

ഇരുന്നു എന്ന കാരണത്താൽ തഹിയ്യത്ത് നമസ്കാരം ഇല്ലാതാവില്ലഎന്നാണ് ഇതിൽ നിന്ന് മനസ്സിലാവുന്നത്.

**2–** നമസ്കാരം വിലക്കപ്പെട്ട സമയങ്ങളിൽ പള്ളിയിൽ പ്രവേശിക്കുന്നവർ തഹിയ്യത്ത് നമസ്കാരം നിർവ്വഹിക്കേണ്ടതുണ്ടോ ?

ഈ വിഷയത്തിലെ ശരിയായ വീക്ഷണം തഹിയ്യത് നമസ്കാരം നിർവ്വഹിക്കണമെന്നാണ്. ഇബ്നുബാസ് (ﷺ) നോട് ഇതിനെ കുറിച്ചു ചോദിച്ചപ്പോൾ അദ്ദേഹം നൽകിയ മറുപടി ഇപ്രകാരമായിരുന്നു.

(ഈ വിഷയത്തിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ടെങ്കിലും ശരിയായ വീക്ഷണമായി എനിക്ക് തോന്നുന്നത് തഹിയ്യത്ത് നമസ്കാരം ഏതു സമയത്തും നിർവ്വഹിക്കാം എന്നാണ്. അത് സുബഹി നമസ്കാരത്തിനും അസർ നമസ്കാരത്തിനും ശേഷമാണെങ്കിൽ പോലും. ഇതാണ് ഈ വിഷയത്തിൽ വന്ന പൊതുവായ ഹദീസിൽ നിന്നും നമുക്ക് മനസ്സിലാവുന്നത്. നബി (ﷺ) പറയുകയുണ്ടായി (നിങ്ങൾ ആരെങ്കിലും പള്ളിയിൽ പ്രവേശിച്ചാൽ രണ്ടു റക്അത്ത് നമസ്കരിക്കാതെ അവിടെ ഇരിക്കരുത്.) ബുഖാരി, മുസ്ലിം.

അപ്രകാരം കാരണമുള്ള നമസ്കാരങ്ങളെല്ലാം ഏതു സമയത്തും നിർവ്വഹിക്കാവുന്നതാണ്.തവാഫിനോടു അനുബന്ധിച്ചുള്ള നമസ്കാരത്തെ കുറിച്ചു നബി(ﷺ) പറഞ്ഞു.

«يا بني عبد مناف لا تمنعوا أحدا طاف بهذا البيت وصلى أية ساعة شاء من ليل أو نهار».

(അബ്ദുമനാഫിന്റെ സന്തതികളേ,രാത്രിയിലോ പകലിലോ ഏതു സമയങ്ങളിലും ഒരാൾ ഈ കഅ്ബയെ തവാഫ് ചെയ്യാനോ അതിൽ നമസ്കരിക്കാനോ ഉദ്ദേശിക്കുന്നുവെങ്കിൽ നിങ്ങൾ അവരെ തടയരുത്) ഇമാം അഹ്മദ്

അപ്രകാരം തന്നെയാണ് ഗ്രഹണ നമസ്കാരവും.ഗ്ര ഹണ നമസ്കാരത്തെ കുറിച്ച് നബി (ﷺ) പറഞ്ഞു.

«إن الشمس والقمر آيتان من آيات الله لا يخسفان لموت أحد ولا لحياته فإذا رأيتم ذلك فصلوا وادعوا حتى يكشف ما بكم».

(സൂര്യനും ചന്ദ്രനും അല്ലാഹുവിന്റെ രണ്ട് ദൃഷ്ടാന്തങ്ങളാണ്. ആരെങ്കിലും ജനിച്ചതു കൊണ്ടോ മരിച്ചതു കൊണ്ടോ അതിന് ഗ്രഹണം ബാധിക്കുകയില്ല. ഗ്രഹണം സംഭവിച്ചതായി നിങ്ങൾ കണ്ടാൽ അതു നീങ്ങുന്നതു വരെയും നിങ്ങൾ നമസ്കരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുക.) ബുഖാരി,മുസ്ലിം.

മറ്റൊരിക്കൽ നബി (ﷺ) പറഞ്ഞു.

«من نام عن الصلاة أو نسيها فليصليها إذا ذكرها لا كفارة لها إلا ذلك».

(നമസ്കാരം നിർവ്വഹിക്കാൻ ആരെങ്കിലും മറക്കുകയോ അതിനെ തൊട്ട് ഉറങ്ങി പോവുകയോ ചെയ്താൽ ഓർമ്മ വന്ന ഉടൻ അതു നിർവ്വഹിക്കട്ടെ. അങ്ങിനെ ചെയ്യല്ലാതെ അതിന് പരിഹാരമില്ല.)

ഈ ഹദീസുകളിലെല്ലാം വിലക്കപ്പെട്ട സമയത്തെ അതിൽ നിന്ന് മുക്തമാക്കിയിട്ടില്ല. അതിനാൽ തന്നെ കാരണങ്ങൾ ഉണ്ടെങ്കിൽ ആ സമയങ്ങളിലും നമസ്കരിക്കുന്നതിന് വിരോധമില്ല എന്നാണ് ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയയ്യും അദ്ദേഹത്തിന്റെ ശിഷ്യനായ അല്ലാമ ഇബ്നു ഖയ്യിമും അഭിപ്രായപ്പെട്ടിരിക്കുന്നത്.

## 10 നഷ്ടപ്പെട്ട വസ്തുക്കൾ പള്ളികളിൽ വെച്ച് അന്വേഷിക്കൽ.

മുസ്ലിം ബുറൈദ(رضي الله عنه)വിൽ നിന്നും നിവേദനം ചെയ്ത ഹദീസിൽ കാണാം. ഒരാൾ പള്ളിയിൽ വെച്ച് തനിക്ക് നഷ്ടപ്പെട്ട ഒട്ടകത്തെ അന്വേഷിക്കുന്നത് നബി(ﷺ) കേൾക്കുകയുണ്ടായി. അപ്പോൾ അവിടുന്നു പറഞ്ഞു.

«لا وجدته إنما بنيت هذه المساجد لما بنيت له».

(അതു തനിക്ക് തിരിച്ചു നൽകാതിരിക്കട്ടെ. നിശ്ചയം പള്ളികൾ നിർമ്മിക്കപ്പെട്ടിരിക്കുന്നത് ഏത് ലക്ഷ്യത്തിനാണോ അതു പ്രാവർത്തികമാക്കുക.)

അബൂഹുറൈറ(ﷺ)വിൽ നിന്ന് ഉദ്ദരിക്കുന്ന മറ്റൊരു ഹദീസു കാണുക. നബി (ﷺ) പറഞ്ഞു.

«من سمع رجلا ينشد ضالة في المسجد فليقل لا أداها الله إليك فإن المساجد لم تبن لهذا».

(പള്ളിയിൽ വെച്ചു തനിക്ക് നഷ്ടപ്പെട്ട വസ്തുകൾ ആരെങ്കിലും അന്വേഷിക്കുന്നതായി നിങ്ങൾ കണ്ടാൽ നിങ്ങൾ അവരോട് പറയുക. നിങ്ങൾക്ക് അതു തിരിച്ചു കിട്ടാതിരിക്കട്ടെ. നിശ്ചയം പള്ളികൾ ഉണ്ടാക്കിരിക്കുന്നത് ഈ ഉദ്ദേശത്തിനല്ല.) മുസ്ലിം

## 11 പള്ളിയിൽ വെച്ച് കച്ചവടം നടത്തൽ.

അബൂഹുറൈറ(ﷺ)യിൽ നിന്ന് നിവേദനം അദ്ദേഹം പറഞ്ഞു. നബി (ﷺ) പറഞ്ഞിരിക്കുന്നു.

«إذا رأيتم من يبيع أو يبتاع في المسجد فقولوا لا أربح الله تجارتك».

(നിങ്ങൾ പള്ളിയിൽവെച്ച് കച്ചവടം നടത്തുന്നവരെ കണ്ടാൽ നിങ്ങൾ പറയുക.നിങ്ങളുടെ കച്ചവടത്തിൽ ലാഭം ലഭിക്കാതിരിക്കട്ടെ.) തിർമുദി,ദാരിമി.

## 12 പള്ളിയിൽ ഒരു പ്രത്യേകം സ്ഥലം തനിക്ക് നമസ്കരിക്കാനായി നിശ്ചയിക്കലും അവിടെ മറ്റാരെങ്കിലും നമസ്കരിക്കാൻ അനുവദിക്കാതിരിക്കലും.

ഇപ്രകാരം ചെയ്യുന്നത് നബി (ﷺ) വിരോധിച്ചതായി അഹ്മദ്, അബൂ ദാവൂദ്, ഇബ്നു മാജ ഹാകിം എന്നിവർ അബ്ദുറഹിമാൻ ഇബ്നു ശിബ്ലിയിൽ നിന്നും റിപ്പോർട്ടു

ചെയ്തിട്ടുണ്ട്. ഇബ്നു ഖയ്യിം അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽ പറയുന്നു. അബൂ അബ്ദുല്ല പതിവായി ഇമാമിന്റെ തൊട്ടു പിന്നിലായിരുന്നു നമസ്കരിക്കാറുണ്ടായിരുന്നത്. ഒരിക്കൽ അദ്ദേഹം വരാൻ താമസിച്ചപ്പോൾ ജനങ്ങൾ അദ്ദേഹത്തിനായി ആ സ്ഥലം ഒഴിച്ചിട്ടത് ശ്രദ്ധയിൽപ്പെട്ടു. അപ്പോൾ അദ്ദേഹം സ്വഫിന്റെ ഒരു അറ്റത്ത് നിൽക്കുകയും ഇപ്രകാരം പറയുകയും ചെയ്തു. പള്ളിയിൽ നമസ്കരിക്കാനായി പ്രത്യേകസ്ഥലം മാത്രം തീരുമാനിക്കുന്നത് നബി(ﷺ)വിരോധിച്ചിരിക്കുന്നു. അൽബദാഇഹ്, 8–82

**13** പള്ളിയിൽ വിരിയോ, മുസല്ലയോ വിരിച്ച് ആദ്യം സ്ഥലം ഉറപ്പിക്കുകയും പിന്നീട് പള്ളിയിലേക്ക് പുറപ്പെടുകയും ചെയ്യുക. ഇതിനെ കുറിച്ച് ഇബ്നുതൈമിയ്യ (رحمه الله) പറഞ്ഞത് കാണുക. ഇന്ന് പലപ്പോഴും വെള്ളിയാഴ്ച പോലെയുള്ള ദിവസങ്ങളിൽ വിരികളോ മുസല്ലകളോ കൊണ്ട് പള്ളികളിൽ മുൻകൂട്ടി സ്ഥലം ഉറപ്പിക്കുന്നതായി കാണപ്പെടുന്നു. ഇത് പാടില്ലാത്തതും നിഷിദ്ധവും ആണെന്നതിൽ മുസ്ലിം പണ്ഡിതന്മാർക്കിടയിൽ ഏകോപിച്ച അഭിപ്രായമാണുള്ളത്. ഒരു വിരി കൊണ്ട് പള്ളിയിലെ സ്ഥലം തന്റെ പേരിൽ സ്വന്തമാക്കുന്നതു പോലെയാണിത്. മാത്രമല്ല അവരെക്കാൾ മുൻകൂട്ടി പള്ളിയിൽ എത്തുന്നവരെ ആ സ്ഥലത്തു നിന്ന് തടയുകയുമാണ് ചെയ്യുന്നത്. യഥാർത്ഥത്തിൽ പള്ളിയിലേക്ക് നേരെത്തെത്തന്നെ പുറപ്പെടുക എന്നതാണ് സുന്നത്ത് മുസ്വല്ലകൾ വിരിച്ച് സ്ഥലം ഉറപ്പുവരുത്തി പിന്നീട് താമസിച്ച് പള്ളിയിലേക്ക് പുറപ്പെടുന്നവർ പല രൂപത്തിലുള്ള തെറ്റുകൾ ചെയ്യുന്നു.

പള്ളിയിലേക്ക് അവർ വൈകി മാത്രമേ പുറപ്പെടുകയുള്ളൂ. മാത്രമല്ല. വിരിപ്പു കൊണ്ട് പള്ളിയിലെ സ്ഥലം തട്ടിഎടുക്കുകയും നേരെത്തെ പള്ളിയിൽ എത്തുന്നവർക്ക് മുന്നിൽ ഇരിക്കുവാനുള്ള അവസരം നഷ്ടപ്പെടുത്തുകയും

സ്വഫുകൾ പൂർത്തീകരിക്കുന്നതിന് തടസമുണ്ടാക്കുകയും ചെയ്യുന്നു. അതോടൊപ്പം ജനങ്ങളുടെ പിരടിക്കു മുകളിലൂടെ കവച്ചു വെച്ചു പോവുക എന്ന തെറ്റും അവർക്ക് ചെയ്യേണ്ടി വരും.

**14** ബാങ്കിന്റെയും ഇഖാമത്തിന്റെയും ഇടയിലുള്ള സമയങ്ങളിൽ പള്ളികളിൽ ഇരുന്ന് തന്റെ ചുറ്റിലുള്ളവരോട് അനാവശ്യമായി സംസാരിച്ചു കൊണ്ടിരിക്കുക.അങ്ങനെ വിശിഷ്ഠമായ സമയം അവർ നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. മറ്റു ചിലർ ഭൗതിക കാര്യങ്ങളിൽ വ്യാപൃതരായിട്ടുണ്ടായിരിക്കും അതിലൂടെ ഖുർആൻ ഓതുന്നവർക്കും ദിക്ർ ദുആകളിൽ വ്യാപ്തരാകുന്നവർക്കും നമസ്കരിക്കുന്നവർക്കുമെല്ലാം അവർ ശല്യമായി മാറുകയും ചെയ്യുന്നു. അപ്രകാരം ചെയ്യുന്നവർ പാപികളാണ്. ഉറക്കെ ഖുർആൻ പാരായണം ചെയ്തുകൊണ്ട് ആരാധനകൾ ചെയ്യുന്നത് മറ്റുള്ളവർക്ക് ബുദ്ധിമുട്ടാകുന്നതു പോലും ശിക്ഷാർഹമാണെങ്കിൽ ഇവർക്കെങ്ങിനെയാണ് ശിക്ഷ ലഭിക്കാതിരിക്കുക.

ഒരു ഹദീസിൽ ഇപ്രകാരം കാണാം. (അന്ത്യനാളിനോടനുബന്ധിച്ച് ഒരു ജനതയുണ്ടായിരിക്കും അവർ പള്ളികളിൽ വട്ടമിട്ടിരിക്കും ഭൗതിക കാര്യങ്ങൾക്ക് വേണ്ടി സംസാരിക്കും എന്നാൽ നിങ്ങൾ അവരോടൊന്നിച്ചിരിക്കരുത്. കാരണം അല്ലാഹുവിന് അവരെ ആവശ്യമില്ല)

പള്ളിയിൽ കാണിക്കുന്ന അബദ്ധങ്ങൾ സൂചിപ്പിച്ചപ്പോൾ ഇബ്നു ബാസ്(رحمه الله) പറഞ്ഞിരിക്കുന്നു.

കേവല ഭൗതിക കാര്യങ്ങൾ പറയാനായി പള്ളികളിൽ ഇരിക്കുക എന്നത് ബിദ്അത്താകുന്നു. മത പ്രബോധനം ആരാധന പോലുള്ള കാര്യങ്ങൾക്കായ് പണിതുയർത്തിയ പള്ളികളിൽ ആ രണ്ടു കാര്യങ്ങൾക്കായിരുന്നു മഹാന്മാരായി പൂർവ്വീകർ ഒരുമിച്ചിരിക്കാറുണ്ടായിരുന്നത്. ഭൗതിക കാര്യങ്ങൾ പറയാനായി അവർ അങ്ങിനെ ചെയ്യാ

റുണ്ടായിരുന്നില്ല. ശൈഖ് ഇബ്നു സഅദി ഈ വിഷയ ത്തിൽ നൽകിയ ഫത്വ കൂടി കാണുക.

**ചോദ്യം–** പള്ളികളിൽ സ്വന്തമായി സ്ഥലം ഉറപ്പുവരുത്താനായി വല്ലതും ചെയ്യുന്നതിന്റെ വിധി എന്താണ്.?

**ഉത്തരം–** പള്ളികളിൽ സ്ഥലം ഉറപ്പുവരുത്തുവാനായി കല്ല്, വടി മറ്റുവല്ല വസ്തുക്കളുമെല്ലാം വെക്കുക എന്നതും പിന്നീട് വൈകി പള്ളിയിലേക്ക് പുറപ്പെടലും അനുവദനീയ മല്ല. അത് മത നിയമങ്ങൾക്ക് വിരുദ്ധമാണ്. സഹാബി കളോ താബിഉകളോ അപ്രകാരം ചെയ്തിരുന്നില്ല. കാരണം നബി (ﷺ) യുടെ കൽപനയും പ്രേരണയുമെല്ലാം പള്ളിയി ലേക്ക് നേരത്തെ പുറപ്പെടണമെന്നും ആദ്യ സ്വഫിൽ ഇമാ മിന്നടുത്തായി അണി ചേരണമെന്നാണ്. അവിടുന്നു പറ ഞ്ഞു.

«لو يعلم الناس ما في النداء والصف الأول ثم لم يجدوا إلا أن يستهموا عليه لا ستهموا».

(ബാങ്ക് വിളിയുടേയും ഒന്നാമത്തെ സ്വഫിന്റെയും മഹത്വം മനുഷ്യർ അറിഞ്ഞിരുന്നുവെങ്കിൽ നറുക്കെടുത്തു കൊണ്ടെങ്കിലും അവർക്കതിന് കഴിഞ്ഞാലും അവർ അങ്ങനെ ചെയ്യുമായിരുന്നു.)

ഇത്രയും മഹത്തായ പ്രതിഫലം സ്വന്തമായും ആദ്യ മായും പള്ളിയിൽ എത്തിയാലല്ലാതെ ലഭിക്കുകയില്ല. എന്നാൽ അതിനായി വല്ല വസ്തുക്കളും വെച്ചു സ്ഥലം ഉറപ്പു വരുത്തുകയും എന്നിട്ട് വളരെ വൈകി പള്ളിയി ലെത്തി അവിടെ സ്ഥലം ഉറപ്പു വരുത്തുകയും എന്നിട്ട് വളരെ വൈകി പള്ളിയിലെത്തുകയും ചെയ്യുക എന്നത് മത നിയമങ്ങൾക്ക് വിരുദ്ധമാണ്. അപ്രകാരം ആരെങ്കിലും വിശ്വസിക്കു ന്നുവെങ്കിൽ അയാൾക്ക് പ്രതിഫലം ലഭിക്കി ല്ലെന്നു മാത്രമല്ല ശിക്ഷലഭിക്കുകയും കളവ് കെട്ടിച്ചമച്ചവ നിൽ ഉൾപ്പെടുകയും ചെയ്യും.) ഫതാവാ സഅദിയ്യ പേജ് 128

**15** പള്ളിയുടെ ഉപയോഗ വസ്തുക്കളായ ഫാൻ, മൈക്രോഫോൺ മറ്റു വസ്തുക്കൾ എന്നിവ പൊതു ആവശ്യങ്ങൾക്കായി പള്ളിയിൽ നിന്നും പുറത്തു കൊണ്ടു പോയി ഉപയോഗിക്കുക. ഇമാം ഇബ്നു ബാസ് (ﷺ) പറയുന്നു. പള്ളിയിലെ വിളക്കുകളോ, വിരിപ്പുകളോ പൊതു ആവശ്യത്തിനായി ഉപയോഗിക്കുവാൻ പാടില്ല.

**16** മത പരമായ ആഘോഷങ്ങളോടനുബന്ധിച്ച് പള്ളിയും മിനാരങ്ങളും ദീപാലങ്കാരം നടത്തലും പാടില്ലാത്തകാര്യമാണ്.

സൗദ്യ അറേബ്യയിലെ ഫത്വാ സമിതിയിലേക്ക് വന്ന ഒരു ചോദ്യത്തിന് ഉത്തരമായി സമിതി നൽകിയ മറുപടി ഇപ്രകാരമായിരുന്നു.

ഭൂമുഖത്ത് വെച്ച് ഏറ്റവും പവിത്രമായ സ്ഥലങ്ങളാണ് അല്ലാഹുവിന്റെ ഭവനങ്ങളായ പള്ളികൾ. അത് അല്ലാഹുവിനെ മഹത്വപെടുത്തുവാനും നമസ്കാരം നിർവ്വഹിക്കാനുമുള്ളതാണ്. ആരാധനയിലൂടെയാണതിന്റെ മഹത്വം വർദ്ധിപ്പിക്കേണ്ടത്. ഏതെങ്കിലും ആഘോഷങ്ങളിലോ പ്രത്യേക സന്ദർഭങ്ങളിലോ പുഷ്പങ്ങളും ദീപങ്ങളും കൊണ്ട് പള്ളികൾ നബി (ﷺ) അലങ്കരിച്ചിരുന്നു എന്ന് സ്ഥിരപ്പെട്ടിട്ടില്ല. ഖുലഫാഉറാഷിദുകളോ മഹാന്മാരായ ആദ്യ നൂറ്റാണ്ടിലെ മഹത്തുക്കളോ അപ്രകാരം ചെയ്തിരുന്നു എന്നതിന്നും രേഖയില്ല. നബി (ﷺ) പ്രശംസിച്ച ആദ്യകാല നൂറ്റാണ്ടിലുള്ളവർക്കും സമ്പത്തും ആധുനിക നാഗരിതയും മറ്റ് അലങ്കാര വസ്തുക്കളും ലഭിച്ചിരുന്നു. പക്ഷെ, അവർ അപ്രകാരം ചെയ്തില്ല. നബി(ﷺ)യെയും ഖുലാഫാഉറാഷിദുകളേയും അവരെ അനുധാവനം ചെയ്ത മഹാന്മരായ നേതാക്കളെയും പിമ്പറ്റലാണല്ലോ ഏറ്റവും ശരിയായതും ഗുണമായതും. അവർ നമുക്ക് കാണിച്ചു തരാത്ത മാർഗ്ഗം നാം വെടിയുകയും ചെയ്യുക.

അതിനാൽ തന്നെ മത പരമായ ആഘോഷങ്ങളോടനുബന്ധിച്ചും പ്രത്യേക സന്ദർഭങ്ങളിലും പള്ളികളും മിനാരങ്ങളും ദീപങ്ങളാലും പുഷ്പങ്ങളാലും അലങ്കരിക്കുന്നത് പള്ളികളുടെ മഹത്വം വർദ്ധിപ്പിക്കുകയല്ല ചെയ്യുന്നത് മറിച്ച് സത്യനിഷേധികളും വേദഗ്രന്ഥത്തിന്റെ ആളുകളും അവരുടെ ആരാധനാലയങ്ങളിൽ ചെയ്യുന്നതിന്ന് സമാനമായ പ്രവർത്തനത്തിൽ മുസ്ലിംകളും പങ്കാളിയാവുക എന്നതാണ് ഇതിലൂടെ സംഭവിക്കുന്നത്.ആഘോഷങ്ങളിലാവട്ടെ ആരാധനകളിലാവട്ടെ അവരോട് സാദൃശ്യം കാണിക്കുന്നത് നബി (ﷺ) വിലക്കുകയും ചെയ്തിരിക്കുന്നു.

IslamHouse.com

@IslamHouseMl islamhouseml islamhouse.com/ml/

Malayalam.IslamHouse user/IslamHouseml

For more details visit
www.GuideToIslam.com

GUIDE TO ISLAM

contact us :Books@guidetoislam.com

Guidetolslam.org Guidetoislam1 Guidetoislam www.Guidetoislam.com

المكتب التعاوني للدعوة وتوعية الجاليات بالربوة
هاتف: ٩٦٦١١٤٤٥٤٩٠٠+ فاكس: ٩٦٦١١٤٩٧٠١٢٦+ ص ب: ٢٩٤٦٥ الرياض: ١١٤٥٧
ISLAMIC PROPAGATION OFFICE IN RABWAH
P.O.BOX 29465 RIYADH 11457 TEL: +966 11 4454900 FAX: +966 11 4970126

# ആരാധനകളും അബദ്ധങ്ങളും

ചില മുസ്ലിം സഹോദരി സഹോദരന്മാർ ആരാധന കാര്യങ്ങളിലും ശുദ്ധീകരണ വേളകളിലും ചെയ്തു കൊണ്ടിരിക്കുന്ന അബദ്ധങ്ങൾ ചൂണ്ടിക്കാണിക്കുകയും അവ പ്രമാണങ്ങളുടെ പിന്തുണയില്ലാത്തതാണ് എന്ന് സവിസ്തരം വിവരിക്കുകയും ചെയ്യുന്ന വിജ്ഞാനപ്രദമായ പുസ്തകം.




IslamHouse.com

OsoulCenter
www.osoulcenter.com